KOTTAYAM PUBLIC LIBRARY

Call No. M൯൨൦ Acc. No. ൪൪൨൬

Author [illegible]

Title [illegible]

1149

×

Revolution Series Booklet No. 3.

# KAMALIST TURKEY

BY

P. M. ANANDAN, B. A., L. T.

---

*Published By*

P. K. BROTHERS, CALICUT.

1949

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

*Copy-right to publishers.*] [*Price Re. 1.*

M 900

*Second Edition* *Copies 1000*

PRINTED AT
THE ARUNODAYAM PRESS
WADAKANCHERI

No. 4426

# അനുക്രമണിക.


| | | ഭാഗം. |
|---|---|---|
| | മുഖവുര ... ... ... | i—v |
| 1. | പൂർവ്വചരിത്രസംക്ഷേപം തുർക്കിസാമ്രാജ്യത്തിന്റെ ഉച്ചസ്ഥിതി, അധോഗതി, റഷ്യാ തുർക്കി യുദ്ധം, ക്രിമിയാ യുദ്ധം, ബാൾക്കാൻ യുദ്ധം, ഈജിപ്ത് ബ്രിട്ടൻ കൈവശപ്പെടുത്തുന്നു. ... ... ... | 1—10 |
| 2. | യുവതുർക്കിവിപ്ലവം. അർമീനിയായിലെ സ്വാതന്ത്ര്യപ്രക്ഷോഭം, ഐക്യപുരോഗമനകക്ഷി, മുസ്തഫാ കമാൽ, യുവതുർക്കിവിപ്ലവം ... ... ... | 10-18 |
| 3. | ട്രിപ്പോളി ആക്രമവും, ബാൾക്കാൻ യുദ്ധവും. ... | 18-24 |
| 4. | തുർക്കിയും ലോകമഹായുദ്ധവും. തുർക്കി-ജർമ്മനി സഖ്യം, ഗാലിപ്പോലി യുദ്ധം, ഇറാക്ക് സിറിയാ യുദ്ധം ... | 24-34 |
| 5. | യുവകമാൽ. ചില കഥകൾ. ... ... | 34-41 |
| 6. | കമാൽപാഷ ഗവർമ്മെണ്ടിനെ എതിർക്കുന്നു. സ്വാതന്ത്ര്യസമരം, സിവാർസ് കോൺഗ്രസ്സ്. ദേശീയകരാർ ... | 41-55 |
| 7. | നവതുർക്കി സ്വാതന്ത്ര്യപ്രസ്ഥാനം. ബ്രിട്ടനും ഐക്യകക്ഷിയും എതിർ, അങ്കോറാ ഗവർമ്മെണ്ട് സ്ഥാപിക്കുന്നു. | 55-65 |
| 8. | സെവർസ് സന്ധി. കമാലിസ്റ്റ്കാരുമായി യുദ്ധം, കമാലിസ്റ്റ് വിജയങ്ങൾ, ഫ്രാൻസും ഇററലിയും അങ്കോറാഗവർമ്മെണ്ടിനെ അംഗീകരിക്കുന്നു, ഗ്രീക്കുകാരെ ഓടിക്കുന്നു, ബ്രിട്ടൻ തുർക്കിവിട്ടൊഴിയുന്നു. ... | 65-83 |

9 സുൽത്താൻഭരണം അസ്തമിക്കുന്നു. കമാൽപാഷയുടെ വിവാഹം ... ... ... 83-91

10. കമാൽപാഷ റിപ്പബ്ളിക്ക് സ്ഥാപിക്കുന്നു. ജനകീയകക്ഷി പുതിയസന്ധി, റിപ്പബ്ളിക്ക് സ്ഥാപനം. ... 91-101

11. ഖിലാഫത്ത് അവസാനിപ്പിക്കുന്നു. ഖിലാഫത്ത് സമരം, ആഗാഖാൻെറ കത്ത്, മർദ്ദനങ്ങൾ കാലീഫിനെ നാടുകടത്തുന്നു, ലഹളകൾ അടക്കുന്നു, ത്രിമൂർത്തികളുടെ കോടതി വിസ്താരം ... ... ... 101-116

12. സർവ്വാധികാരിയും നിയമപരിഷ്കാരവും. സർവ്വാധിപത്യം നീതീകരിക്കാമോ? ഭരണപരിഷ്കാരം, വസ്ത്രപരിഷ്കാരം, മതത്തെ രാഷ്ട്രത്തിൽനിന്നു വേർതിരിക്കുന്നു, വനിതാസ്വാതന്ത്ര്യം, നിയമപരിഷ്കാരം, ഭാഷാപരിഷ്കാരം, വിദ്യാഭ്യാസം, സാമ്പത്തികപരിഷ്കാരം, മററുവിവിധപരിഷ്കാരങ്ങൾ, അങ്കോറാപട്ടണം. ... ... 116-140

# മുഖവുര.

---

വിപ്ലവഗ്രന്ഥങ്ങൾ ഞാൻ പ്രസിദ്ധപ്പെടുത്തുന്നതി
ന്റെ ഉദ്ദേശം, വിപ്ലവബുദ്ധി ജനങ്ങളിൽ അങ്കുരിപ്പിക്കാ
നാണ്. ദുരധികാരം, മൂഢവിശ്വാസം, തൊഴിലാളിമർദ്ദനം,
ദുരാചാരം, സ്വേച്ഛാഭരണം, അസമത്വം, ദാരിദ്ര്യം
മുതലായവയെ കാണുമ്പോൾ മനസ്സിന്നു സ്വസ്ഥതയില്ലാ
തെ അവയെ ഉടനടി നീക്കി ഗുണകരമായ പരിവർത്തന
മുണ്ടാക്കണമെന്ന സാത്വികബുദ്ധിയാണ് വിപ്ലവബുദ്ധി.
ചുരുക്കത്തിൽ അധികാരകേന്ദ്രത്തോട് എതിക്കുന്ന മന
സ്ഥിതിയാണ് വിപ്ലവബുദ്ധി എന്നു പറയാം. എൻ
സൈക്ലോപീഡിയാ ബ്രിട്ടാനിക്കയിലെ "കവിത" എ
ന്ന ഉപന്യാസത്തിന്റെ കർത്താവ് പൂർവ്വികകവിതകളെ
പ്പററി നിരൂപണംചെയ്തതിൽ പൌരസ്ത്യകവികളുടെയും
പാശ്ചാത്യകവികളുടെയും ഉൽകൃഷ്ടമനോഭാവത്തെപ്പററി
താരതമ്യപ്പെടുത്തീട്ടുണ്ട്. "അധികാരകേന്ദ്രങ്ങളോട് എതി
ക്കുന്ന മനോഭാവം ഉത്തരപാശ്ചാത്യരുടെ (യൂറോപ്പിലെ
ആര്യന്മാരുടെ) പ്രത്യേകസ്വഭാവമാകുന്നു" എന്നും, ജീവസ
ന്ധാരണത്തിന്നായുള്ള കഠിനവർഗ്ഗീയമത്സരങ്ങളിൽ ആധു
നികകാലത്തു വിജയപ്രാപ്തി ഉണ്ടാക്കിയിരിക്കുന്ന കർമ്മം ആ
മനോഭാവത്തോടു സംബന്ധിച്ചിരിക്കുന്നെന്നു തോന്നുന്നു എ
ന്നും പൌരസ്ത്യകവിതകളിലും പാശ്ചാത്യകവിതകളിലും
വിവരിച്ചിരിക്കുന്ന വിവിധപോരാട്ടശക്തികൾ തമ്മിലുള്ള
സമരങ്ങളുടെ ഉദ്ദേശം സൂക്ഷ്മത്തിൽ ഒന്നായിരുന്നില്ലെന്നും,

പൌരസ്ത്യരാജ്യം ദൈവീകശക്തിക്കു കീഴമർന്നുകിടക്കുന്ന മനഃസ്ഥിതിയാണു് പ്രദർശിപ്പിച്ചതെന്നും, പാശ്ചാത്യരാജ്യത്തേക്കു പോയ ആര്യന്മാർ കാക്കസസ്സ് പർവ്വതം കടന്നു പുരോഗമനം ചെയ്യുന്തോറും അധികാരകേന്ദ്രങ്ങളോട് എതിർക്കുന്ന വിപ്ലവബുദ്ധി ചൈതന്യത്തോടെ അവരിൽ വർദ്ധിച്ചുവരികയും, ദേവന്മാരുടെ നേരെയുള്ള സ്വഭാവത്തിൽ അവരുടെ അഭിമാനം അധികരിച്ചുവരികയും ചെയ്തിരിക്കുന്നുവെന്നും ഈ ഉപന്യാസത്തിൽനിന്നു ഗ്രഹിക്കാം. പ്രസ്തുത ഗ്രന്ഥത്തിലേക്കു് എൻെറ ദൃഷ്ടി പതിപ്പിച്ചതു്, സഹോദരൻ പത്രാധിപരായ ശ്രീമാൻ കെ. അയ്യപ്പൻ, ബി. ഏ. യുടെ "പദ്യകൃതികൾ" എന്ന ഗ്രന്ഥത്തിലെ അവതാരികയാണു്. "നമ്മുടെ മഹാകാവ്യങ്ങളിൽ വിപ്ലവബുദ്ധി പ്രകാശിക്കുന്നില്ല" എന്നും, "മനുഷ്യക്കറിഞ്ഞിട്ടു വലിയ കാര്യമൊന്നുമില്ലാത്ത സുരാസുരയുദ്ധങ്ങളുടെ അതിദീർഘമായ വിവരണങ്ങൾ, പൌരുഷഹീനമായ സ്തുതിമാലാവലികൾ, അത്യധികമായ അതിശയോക്തികൾ, അപരിഷ്കൃതമായ വിംവാദങ്ങൾ, ഗതാനുഗതികങ്ങളായ ഉപമാദ്യലങ്കാരങ്ങൾ, മൃഗീയമായ വികാരങ്ങളെ ഉത്തേജിപ്പിക്കുന്ന പ്രയോഗങ്ങൾ, കേവലം ബാലിശവും അപകൃഷ്ടവും ആയ വൃത്തക്കസർത്തുകൾ എന്നിവകൊണ്ടു കുറച്ചൊ അധികമൊ അലങ്കോലപ്പെടുത്താത്ത കവിതകൾ ഭാരതത്തിൽ പ്രായേണ ഉണ്ടായിട്ടില്ല" എന്നും അവതാരികകർത്താവായ "കുസുമം" രേഖപ്പെടുത്തുന്നു. വിപ്ലവബുദ്ധിശൂന്യമായ ഇന്ത്യയിൽ അടിമമനഃസ്ഥിതി ജനങ്ങളിൽ പരന്നതുകൊണ്ടാണു് ബ്രിട്ടീഷുകാർ ഇന്ത്യയെ കരസ്ഥമാക്കിയതു്. അധി

കാരകേന്ദ്രങ്ങളോട്ട് എതിക്കുന്ന ഒരു മനഃസ്ഥിതി 2000വഷ്ങ്ങൾക്കു മുമ്പെ ഗ്രീസ്സിലും, റോമിലും, കഴിഞ്ഞ മൂന്നു നൂററാണ്ടിനുള്ളിൽ യൂറോപ്പിലെ സവ്വ രാജ്യങ്ങളിലും ജനിപ്പിച്ചതു് പാശ്ചാത്യസാഹിത്യങ്ങളാണെന്നു ചരിത്രം തെളിയിക്കുന്നു. സാഹിത്യത്തിൻെറ പ്രേരണാശക്തികൊണ്ടാണ് ഇന്നു യൂറോപ്പിലൊരേടത്തും ഒരൊററ സ്വേച്ഛാഭരണരാഷ്ട്രത്തിന്നും ജനങ്ങൾ ഇടംകൊടുക്കാതിരുന്നതെന്നു ചരിത്രത്തിൽനിന്നു ഗ്രഹിക്കാം. യൂറോപ്പിലെ ഒരു ദേശീയവഗ്ഗത്തെ മറെറാരു ദേശീയവഗ്ഗത്തിന്നടക്കിഭരിക്കാൻ സാധിക്കയില്ല. അതാണു് അവിടെ ചെറിയ രാഷ്ട്രങ്ങൾ നിലനിന്നുവരുന്നതു്.

വിദേശരാജ്യങ്ങളിലെ ദേശാഭിമാനികൾ പൌരാവകാശങ്ങളെ സ്ഥാപിക്കുവാൻവേണ്ടി എന്തെല്ലാം ത്യാഗങ്ങൾ ചെയ്തുവെന്നും, എത്രയോക്കെ മദ്ദനങ്ങൾ സഹിച്ചുവെന്നും, ഏതെല്ലാംതരത്തിലുള്ള സമരങ്ങൾ നടത്തിയെന്നും, എങ്ങിനെ പ്രജകൾക്കുത്തരവാദപ്പെട്ട രാജഭരണരാഷ്ട്രങ്ങളേയൊ, പൂണ്ണജനകീയഭരണരാഷ്ട്രങ്ങളേയൊ സ്ഥാപിച്ചുവെന്നും മററും ഇംഗ്ലീഷുപരിജ്ഞാനമില്ലാത്ത കേരളീയരെ ധരിപ്പിക്കേണ്ടതും, അവരിൽ മേൽപറഞ്ഞ തരത്തിലുള്ള വിപ്ലവമനഃസ്ഥിതി ജനിപ്പിക്കേണ്ടതും പൌരസ്വാതന്ത്ര്യകാംക്ഷികളുടെ കടമയാണെന്നു കരുതി മാത്രമാണ് ഞാൻ വിപ്ലവഗ്രന്ഥാവലി തുടന്നെഴുതുന്നതു്. യൂറോപ്പിലെയും തുക്കിയിലെയും ദേശീയരിലുള്ളപോലെ മാതൃഭൂമിസ്നേഹം കേരളീയരിലും ഉളവാക്കുവാൻ ഈ ഗ്രന്ഥത്തിന്നു പങ്കുണ്ടായ്വരുന്നതയാൽ ഞാൻ കൃതാത്ഥനാകും.

വിദേശരാജ്യങ്ങളിൽ വ്യതിഫലിച്ച വിപ്ലവബുദ്ധി ഉണ്ടാക്കിത്തീൎത്ത ഹിംസയേയും കാപട്യത്തേയും അനുകരിക്കാതെ നമ്മുടെ ഉള്ളിലുറങ്ങിക്കിടക്കുന്ന സാത്വികശക്തിയേ സധൈര്യം ഉദ്ധരിച്ച് തക്കസമയത്ത് ഹൎത്താൽ, നിസ്സഹകരണം, സത്യാഗ്രഹം, നിയമലംഘനം മുതലായ ആയുധങ്ങളെ ഉപയോഗപ്പെടുത്തി സ്വാതന്ത്ര്യസമരം തുടരുന്നതായാൽ, വിദേശരാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങളിലുണ്ടായത്ര ജീവനാശങ്ങൾ കൂടാതെ സമരം വിജയപ്രദമാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

1789-ലെ ഫ്രഞ്ചുവിപ്ലവം രാജ്യാധികാരം ഇടത്തരമുതലാളികളിലും, 1917 സപ്തെംബറിലെ റഷ്യൻവിപ്ലവം സൎവ്വാധികാരത്തെ സാമാന്യജനതയിലുൾപ്പെടുന്ന തൊഴിലാളി—കൃഷകസംഘങ്ങളിലും സമൎപ്പിച്ചുവെന്നു് എൻെറ ഒന്നും രണ്ടും ഗ്രന്ഥങ്ങളിൽ വിശദമാക്കീട്ടുണ്ടു്. മുസ്ലിംലോകം ആരാധിച്ചുവന്ന കാലിഫിനെ ബ്രിട്ടൻ സ്വാധീനപ്പെടുത്തി, തുൎക്കിയെ സാമ്രാജ്യാധിപതികളുടെ അടിമരാജ്യമാക്കിവെക്കാൻവേണ്ടി സംരംഭങ്ങൾ ചെയ്തുവന്നപ്പോൾ, തുൎക്കിവിപ്ലവം സുൽത്താൻെറ രാഷ്ട്രാധിപത്യത്തേയും മതാധിപത്യത്തേയും അവസാനിപ്പിച്ചുവെന്നു് എൻെറ ഈ മൂന്നാംപുസ്തകത്തിൽ വിവരിച്ചിട്ടുണ്ടു്. രാജ്യാധികാരം പ്രാപ്തനായ ഒരു വ്യക്തിമുഖാന്തിരം നടത്തിക്കപ്പെട്ടാൽ മാത്രമെ തുൎക്കിയിൽ ഫലപ്രദമാകയുള്ളുവെന്നു കരുതി, വിപ്ലവകൎത്താവായ കമാൽപാഷയെ പാർലിമെൻറ് സൎവ്വാധിപതിയാക്കി. തുൎക്കിത്തൊപ്പിയും മതവും തമ്മിൽ ബന്ധിച്ചി

രിക്കുന്നു എന്ന മൂഢവിശ്വാസം, സ്ത്രീകൾ മൂടുപടമില്ലാതെ പുരുഷദൃഷ്ടിയിൽ വരാൻപാടില്ലെന്ന മൌഢ്യം, മതത്തെ അടിസ്ഥാനമാക്കിയ സമ്പ്രദായങ്ങളും നിയമങ്ങളും മാത്രമേ മുസ്ലിമീങ്ങൾക്കു പാടുള്ളു എന്ന ദുർവ്വിശ്വാസം എന്നിവയെ ഉല്പതിഷ്ണുവായ ഒരു ഉൽകൃഷ്ടവിപ്ലവകാരിക്കല്ലാതെ, ഒരു നിയമസഭക്കും വേരോടെ പറിച്ചുനീക്കിക്കളയുവാൻ സാധിക്കയില്ലെന്ന് ഈ നവതുർക്കിചരിത്രം വെളിപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തെ രചിക്കുന്നതിന്നു താഴെ കാണിച്ച ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു.


1. 'Mustapha Kamal' by H. C. Wortham.
2. 'Grey Wolf' by H. C. Armstrong.
3. Every man's Encyclopedia.
4. The following books published by the Ministry of the Interior, Ankara.
   - i Turkey on the way of Industrialization.
   - ii Public Instruction in the Republic of Turkey.
   - iii The Turkish women in History.
5. The Financial Times, Republic of Turkey Supplement 1st Feb. 1937.


ഗ്രന്ഥകർത്താ.

# കമാലിസ്റ്റ് തുൎക്കി

അഥവാ

## കമാൽപാഷായും തുൎക്കി വിപ്ലവവും.

### 1. പൂൎവ്വചരിത്രസംക്ഷേപം.

പതിനൊന്നാം നൂററാണ്ടുവരേയുള്ള തുൎക്കിചരിത്രം
ക്ലിപ്തമായി രേഖപ്പെടുത്തിക്കാണുന്നില്ല. തുൎക്കികൾ മദ്ധ്യ
ഏഷ്യയിലെ തുറേനിയൻ വൎഗ്ഗക്കാരാണ്. ഏഴാം നൂററാ
ണ്ടിൽ സാരസൻ തുൎക്കികൾ എന്ന ഒരു വൎഗ്ഗം ഉസ്ലാംമതം
സ്വീകരിച്ചതോടുകൂടി തുറേനിയൻ വംശത്തിൽനിന്നു വേർ
തിരിഞ്ഞു. അവർ ക്രമേണ റോമൻസാമ്രാജ്യത്തിൽനിന്നാ
വിൎഭവിച്ച "ബൈസൻടൈൻ" എന്നും അല്ലെങ്കിൽ പൌ
രസ്ത്യസാമ്രാജ്യം എന്നും പേരായ ക്രിസ്തീയകോയ്മയോടു
പൊരുതി ഏഷ്യാ മൈനർ, പലസ്തീനം, യരുശലേം മുത
ലായ സ്ഥലങ്ങളെ കരസ്ഥമാക്കി. യരുശലേം വീണ്ടെടുക്കു
വാനും, ഇസ്ലാം മതത്തേയും തുൎക്കിയേയും നശിപ്പിക്കുവാനും
വേണ്ടി പതിനൊന്നാം നൂററാണ്ടുമുതൽ രണ്ടു മൂന്നു നൂററാ
ണ്ടോളംകാലം യൂറോപ്പിലെ ക്രിസ്തീയവൎഗ്ഗങ്ങൾ കുരിശുയുദ്ധ
ങ്ങൾ നടത്തി. യുദ്ധംനിമിത്തം ക്ഷയിച്ച സാരസൻകാർ
തുറേനിയൻ വംശത്തിൽപെട്ട മറെറാരു വൎഗ്ഗമായ സാല്യൂ
ജിക്കു തുൎക്കികളുടെ ആക്രമത്തിന്നു വഴങ്ങേണ്ടിവന്നു. പതി

നാലാം നൂററാണ്ടുവരെ ഏഷ്യാമൈനർ, ബാഗ്ദാദ് മുതലായ സ്ഥലങ്ങൾ സാല്യൂജിക്കുകാരുടെ അധീനത്തിലായി. അവർ ബൈസൻടൈൻ സാമ്രാജ്യത്തോടും ക്രൂസെയിഡുകാരോടും യുദ്ധംചെയ്തു. ചില പരാജയങ്ങൾ വന്നുകൂടിയെങ്കിലും അവർ യരുശലേമും പാലസ്തീനയും ക്രിസ്തീയർക്കു വിട്ടുകൊടുത്തില്ല. പതിനാലാം നൂററാണ്ടിൽ ഓത്തമൻ എന്നു പേരായ ഒരു യുദ്ധപരാക്രമി ഒരു പുതിയ വർഗ്ഗത്തെ നയിച്ചുകൊണ്ടു് സെല്യൂജിക്കുകാരെ തോല്പിച്ചു് ഏഷ്യാമൈനറും മെസൊപൊട്ടേമിയയും മററും കൈവശപ്പെടുത്തി. ഈ വർഗ്ഗത്തെ ഒട്ടോമൻ തുക്കികൾ എന്നു വിളിച്ചുവന്നു. സുൽത്താൻ അമുറാത്ത്, ജാനസറീം എന്നു പേരായ ചരിത്രവിശ്രുതമായ ഒരു പട്ടാളത്തെ രൂപീകരിച്ചു. ജാനസറീം പട്ടാളത്തെ അച്ചടക്കത്തിലും ധീരതയിലും റോമൻ ഫ്രിട്ടോറിയ പട്ടാളത്തോടും പ്രഷ്യൻ പട്ടാളത്തോടും ചരിത്രകാരന്മാർ സാമ്യതപ്പെടുത്തീട്ടുണ്ടു്. ഈ നൂതനപട്ടാളം മാർമോറ ഉൾക്കടൽ കടന്നു ബൈസൻടൈൻ സാമ്രാജ്യത്തിലുൾപ്പെട്ട ബാൾക്കാൻ പ്രദേശത്തിൽ പ്രവേശിച്ചു് അദ്രിയാനോപൾ എന്ന പട്ടണം വീരയുദ്ധംചെയ്തു കൈവശപ്പെടുത്തി. 1453-ൽ സുൽത്താൻ മുഹമ്മദ് രണ്ടാമൻ (1430-81) രണ്ടു ലക്ഷം പടയാളികളെ നയിച്ചുകൊണ്ടു ബൈസൻടൈൻ തലസ്ഥാനമായ കോൺസ്റ്റാൻറിനോപൾ ആക്രമിച്ചു കരസ്ഥമാക്കി. കോൺസ്റ്റാൻറിനോപൾ നഷ്ടമായതോടുകൂടി ബൈസൻടൈൻ സാമ്രാജ്യവും നശിച്ചു. സുൽത്താൻ ഗ്രീസ്സിനേയും ഗ്രീസ്സിന്നുണ്ടായ ദ്വീപുകളേയും പിടിച്ചു് ഒട്ടോമൻ സാമ്രാജ്യത്തിൻകീഴിലാക്കി. കോൺസ്റ്റാൻറിനോപൾ ഒട്ടോമൻ സാമ്രാജ്യത്തിൻെറ തലസ്ഥാനമായി.

**തുർക്കിസാമ്രാജ്യത്തിൻെറ ഉച്ചസ്ഥിതി—** സുൽത്താൻസെലിം (1512-20) ഈജിപ്തിലെ കാലീഫിൻെറ കീഴിലായിരുന്ന സിറിയയെ ആക്രമിച്ചു; പിന്നീട് കൈറോവും പിടിച്ചു. കൈറോ ആയിരുന്നു കാലീഫിൻെറ തലസ്ഥാനം. കാലീഫ് എന്നുവെച്ചാൽ മുഹമ്മദ്നബിയുടെ പിൻതുടച്ചക്കാരൻ എന്നത്ഥം. ആ സ്ഥാനം ഒരേസമയത്ത് ഒരാൾക്കു മാത്രമെ പാടുണ്ടായിരുന്നുള്ളു. കാലീഫ് തൻെറ സ്ഥാനം വിജയിയായ സെലീമിന്നു വിട്ടുകൊടുക്കേണ്ടിവന്നു. ഇങ്ങിനെ കോൺസ്റ്റാൻറിനോപ്പിളിലെ സുൽത്താൻ കാലീഫാകുകയും മുസ്ലിംലോകത്തിൻെറ മതാധിപനായിത്തീരുകയുംചെയ്തു.

സുലൈമാൻ സുൽത്താൻെറ (1520-60) യുദ്ധപരാക്രമംനിമിത്തം ഒട്ടോമൻ സാമ്രാജ്യം ഉന്നതസ്ഥിതിയിലെത്തി. സുലൈമാൻ ഹങ്കേറിയയെ ആക്രമിച്ച് ആസ്ത്രിയയുടെ തലസ്ഥാനമായ വിയന്നക്കുട്ടുത്തുവരെ നീണ്ടുകിടക്കുന്ന വടക്കൻരാജ്യങ്ങൾ പിടിച്ചടക്കി. ഇങ്ങിനെ സുലൈമാൻെറ വാഴ്ചക്കാലത്തു തുർക്കിസാമ്രാജ്യം തെക്ക് അറബിക്കടൽ വരെയും വടക്ക് വിയന്നവരെയും നീണ്ടുകിടന്നു. തുർക്കിസാമ്രാജ്യത്തിൻെറ കിഴക്കെ അതിര് കാക്കസസ്സും പടിഞ്ഞാറെ അതിര് ഏജിയൻ കടലുമായിരുന്നെന്നു കണക്കാക്കാം. ആഫ്രിക്കയിൽ കൈറോവും, ഈജിപ്തും മദ്ധ്യധരണി കടൽതീരവും തുർക്കിസാമ്രാജ്യത്തിൽ ഉൾപ്പെട്ടു.

**അധോഗതി—** പതിനാറാംനൂററാണ്ടിൻെറ അന്ത്യഘട്ടത്തിലാണ് തുർക്കിസാമ്രാജ്യം അധോഗതി പ്രാപിക്കു

വാൻ തുടങ്ങിയതു്. 1571-ൽ സ്പെയിൻനാവികസേനകളും വ്യാപാരംകൊണ്ടു് ഉന്നതസ്ഥിതിയിലെത്തിയ വെനീസ്കോയ്മയുടെ പടക്കപ്പലുകളും തുക്കിക്കപ്പലുകളെ എതിത്തു നശിപ്പിച്ചതോടുകൂടി മദ്ധ്യധരണ്യാഴിയിൽ തുക്കിസാമ്രാജ്യത്തിൻെറ ആധിപത്യം അവസാനിച്ചു. എന്നാൽ കരയിൽ തുക്കിക്കുണ്ടായ യുദ്ധവൈദഗ്ദ്ധ്യപ്രശസ്തി ഒട്ടുംകുറഞ്ഞിരുന്നില്ല. 1683-ൽ തുക്കിസേനകൾ ജയഘോഷത്തോടെ വിയന്നവരെക്കു് രണ്ടാമത്തും എത്തി. ഹങ്കേറിയയെ ആസ്ത്രീയയുടെ ആധിപത്യത്തിൽനിന്നു വീണ്ടെടുത്തു. വിയന്നാപട്ടണം ഒരാണ്ടിലധികം കാലം തുക്കിസേനകളാൽ നിരോധിക്കപ്പെട്ടുവെങ്കിലും പോളണ്ടു് രാജാവിൻെറ സഹായത്താൽ ആസ്ത്രീയ രക്ഷപ്പെട്ടു. പിന്നീടു പോളണ്ടും ആസ്ത്രീയയും വെനീസ് റിപ്പബ്ളിക്കിനെ സഹായിച്ചുകൊണ്ടു് പൊരുതി. തുക്കിയുടെ അധീനത്തിലായിരുന്ന ഗ്രീസിൻെറ തലസ്ഥാനമായ ഏതൻസും മാറും കൈവശപ്പെടുത്തി. സുൽത്താൻ ഹംഗറിയയെ ആസ്ത്രീയൻ ചക്രവത്തിക്കുതന്നെ മടക്കിക്കൊടുക്കേണ്ടിവന്നു. ഇതിൻെറ ശേഷവും ആസ്ത്രീയയും തുക്കിയുമായി പല യുദ്ധങ്ങൾ ഉണ്ടാകുകയും തുക്കിക്കു് അധികം തോൽവി പററുകയും ചെയ്തു. എങ്കിലും 1716-ൽ ഗ്രീസ് വീണ്ടും തുക്കിയുടെ അധീനത്തിൽ വന്നു. 1718-ലെ സന്ധിപ്രകാരം ബോസ്സ്നിയാ-വാളേച്ചിയ എന്നീ രാജ്യങ്ങളുടെ ചിലഭാഗങ്ങൾ ആസ്ത്രീയക്കു വിട്ടുകൊടുക്കേണ്ടിവന്നു. എന്നാൽ ബൾഗേറിയ, മൊൺടനീഗ്രൊ, അൽബേനിയ, രുമേനിയ, മാസിഡോണിയ, തെക്കെ റഷ്യൻ രാജ്യമായ യുക്രേനിയ, കൊക്കേഷ്യ, ക്രിമിയ മുതലായ യൂറോപ്യൻരാജ്യ

ങ്ങൾ പിന്നെയും ഒരു നൂററാണ്ടിലധികം കാലം ഒട്ടോമൻ സാമ്രാജ്യത്തിൽതന്നെ സ്ഥിതിചെയ്തു.

**റഷ്യ തുർക്കി യുദ്ധം**— പതിനെട്ടാം നൂററാണ്ടിൽ തുർക്കിസാമ്രാജ്യത്തിന്റെ വമ്പിച്ച ശത്രു റഷ്യയായിരുന്നു. ഈ നൂററാണ്ടിന്റെ ആദ്യകാലത്തു റഷ്യയുമായുണ്ടായ യുദ്ധങ്ങളിൽ തുർക്കിക്കു വിജയം ലഭിച്ചുവെങ്കിലും കാദറയിൻ സാറിനയുടെ വാഴ്ചക്കാലത്തു് (1729-96) തുർക്കിക്കു ഭാഗ്യം ക്ഷയിച്ചിരുന്നു. റഷ്യയിലെ സ്ലാവ് നിവാസികളും ബൾഗേറിയ, സർവ്വിയ എന്നീ രാജ്യങ്ങളിലെ സ്ലാവ് നിവാസികളും ഒരു വംശക്കാരായതുകൊണ്ടു ബൾഗേറിയക്കും സർബിയക്കും റഷ്യയോടു പ്രകൃത്യാ ഒരടുപ്പമുണ്ടായിരുന്നു. മതവിഷയത്തിൽ റഷ്യയുടെ നേതൃത്വം സ്വീകരിക്കുവാനും ബൈസൻടൈൻ ക്രിസ്തീയമേധാവിത്വം പുനരുദ്ധരിപ്പിക്കുവാനുംവേണ്ടി സാറിനാ കാദറയിൻ കോൺസ്റ്റാൻറിനോപ്പിളിലെ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചു. 1730 മുതൽ റഷ്യയും തുർക്കിയും പലതവണ യുദ്ധത്തിലേർപ്പെട്ടു. 1774-ൽ തുർക്കിയും റഷ്യയുമായുണ്ടായ ഒരു സന്ധി പ്രകാരം കരിങ്കടലിൽ തള്ളിനില്ക്കുന്ന കൃമിയദ്വീപായതത്തിലെ ടാർടാർ ഖാന്മാരുടെ മേലുണ്ടായ സാമ്രാജ്യാധികാരം സുൽത്താൻ റഷ്യക്കു വിട്ടുകൊടുത്തു. 1807-ൽ തുർക്കിസാമ്രാജ്യത്തിലെ പ്രൂത്ത് എന്ന പട്ടണംവരെയുള്ള കിഴക്കൻരാജ്യവും റഷ്യക്കു വിട്ടുകൊടുക്കേണ്ടിവന്നു.

1829-ൽ റഷ്യയും തുർക്കിയുമായി നാലാമതൊരു യുദ്ധമുണ്ടായി. ഇതിൽ സാർ നിക്കോളസ് ഒന്നാമൻ അഡ്രിയാ

നോപ്പളിനെ ആക്രമിച്ചു. ഈ ആക്രമം ആസ്ത്രിയയേയും ബ്രിട്ടനേയും ഭയപ്പെടുത്തി. റഷ്യയുടെ പടിഞ്ഞാറേക്കണ്ടായ പുരോഗമനം ഈ രണ്ടു രാഷ്ട്രങ്ങളുടേയും അഭിലാഷങ്ങൾക്കു വിഘാതമായിരുന്നു. കോൺസ്റ്റാൻറിനോപ്പിൾ റഷ്യയുടെ അധീനത്തിലകപ്പെടുന്നതായാൽ റഷ്യൻ നാവികസേന മദ്ധ്യധരണ്യാഴിയിൽ താവളം ഉറപ്പിക്കുന്നതായിരിക്കും. അങ്ങിനെ ഒരു സ്ഥിതി വന്നുകൂടുന്നത് ബ്രിട്ടൻെറ നാവികബലത്തിന്നു ഹാനികരമായിത്തീരും. റഷ്യയുടെ ആധിപത്യത്തിലുള്ള സ്ലാവ് വർഗ്ഗക്കാരുടെ രക്ഷയെ മുൻനിർത്തി ആസ്ത്രിയയുമായി വീണ്ടും യുദ്ധം റഷ്യ ചെയ്യുമെന്നു വന്നേക്കാം. അതുകൊണ്ടു ബ്രിട്ടനും ആസ്ത്രിയയും തുക്കിക്കെതിരെന്ന ഭാവത്തിൽ റഷ്യയോടു ചേൎന്നു. പക്ഷെ യുദ്ധം തുടൎന്നുപോകുവാൻ സമ്മതിച്ചില്ല. അതുകൊണ്ടു റഷ്യക്കു കോൺസ്റ്റാൻറിനോപ്പിൾ ആക്രമിക്കുവാൻ ഇടവന്നില്ല. 1830-ൽ റഷ്യയും തുക്കിയും സന്ധിച്ചു. ഇതിന്നു മൂന്നവഷം മുമ്പ് ഗ്രീസ്സും തുക്കിയുമായുണ്ടായ യുദ്ധത്തിൽ ബ്രിട്ടനും റഷ്യയും ഗ്രീസ്സിനെ സഹായിച്ചുകൊണ്ടു് തുക്കി നാവികസേനയെ നവാനറിനൊ എന്ന തുറമുഖത്തുവെച്ചു തോല്പിച്ചു നശിപ്പിച്ചിരുന്നു. 1830-ൽ സന്ധിപ്രകാരം തുക്കിസുൽത്താൻ ഗ്രീസ്സിന്നു പരിപൂൎണ്ണസ്വാതന്ത്ര്യം കൊടുക്കേണ്ടിവന്നു. ഇങ്ങിനെ ഗ്രീസ് തുക്കിയുടെ അധീനത്തിൽനിന്നു വിമുക്തയായി.

**ക്രൂമിയയുദ്ധം—** 1853–56 റഷ്യൻ പടക്കപ്പലുകൾ ഒരു കുപ്പിയിലടക്കപ്പെട്ടപോലെ കരിങ്കടലിൽ സ്ഥിതിചെയ്തിരുന്നു. അവക്കു മദ്ധ്യധരണ്യാഴിയിൽ പ്രവേശനം കിട്ടേ

ണമെങ്കിൽ കോൺസ്റ്റാൻറിനോപ്പിൾ തുറമുഖവും ഡാർഡനൽസ്സ് കടലിടുക്കും റഷ്യയുടെ അധീനത്തിലായിരിക്കണം. ഈ ഉദ്ദേശം പ്രസ്താവിക്കാതെ തുൎക്കി സാമ്രാജ്യത്തിലെ ഒരു കോടി ക്രിസ്ത്യാനികളുടെ രക്ഷാധികാരിയെന്ന നിലയിൽ അവരെ സ്വതന്ത്രരാക്കുവാനെന്ന വ്യാജേന തുൎക്കിസാമ്രാജ്യത്തെ ആക്രമിക്കുവാൻ റഷ്യ ആരംഭിച്ചു. എന്നാൽ തുൎക്കിസുൽത്താൻ ഒരു വിളംബരപ്രകാരം ക്രിസ്തീയപ്രജകൾക്കു പൂൎണ്ണസ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ക്രിസ്ത്യാനികളെ പ്രത്യേകമായി രക്ഷിക്കുവാൻ ഉദ്യോഗസ്ഥന്മാൎക്കു കല്പന കൊടുക്കുകയും ചെയ്തിരുന്നു. റഷ്യയുടെ പ്രശസ്തിക്കു ഹാനികരമാക്കുവാൻ ഈ വിളംബരം ബ്രിട്ടന്നു ഒരു ഒഴികഴിവായി. ബ്രിട്ടനും ഫ്രാൻസും തുൎക്കിയുടെ ഭാഗത്തുചേൎന്നു. ബ്രിട്ടീഷിൻെറയും ഫ്രാൻസിൻെറയും പടക്കപ്പലുകൾ ഡാർഡനൽസ്സും കോൺസ്റ്റാൻറിനോപ്പിളും കടന്നു കരിങ്കടലിലെ സബാസ്റ്റപോൾ തുറമുഖത്തിലെത്തി, റഷ്യൻ പടക്കപ്പലുകളെ നശിപ്പിച്ചു്, കരയിലെ റഷ്യൻപട്ടാളത്തെ തോല്പിച്ചു. തുൎക്കിസാമ്രാജ്യത്തിൻെറ പരിപൂൎണ്ണാധികാരം നീതീകരിച്ചുകൊണ്ടു 1856-ൽ പാരീസിൽവെച്ചു സമാധാന ഉടമ്പടി ഉണ്ടാക്കി. തുൎക്കിരാജ്യങ്ങളിലെ ക്രിസ്തീയവൎഗ്ഗങ്ങളെ സംരക്ഷിക്കുന്ന ധൎമ്മം യൂറോപ്പിലെ മഹൽശക്തികളുടെ അധീനത്തിലാക്കി. ഈ അധികാരം റഷ്യക്കു മാത്രമായി വിട്ടുകൊടുത്തില്ല.

**ബാൾക്കാൻ യുദ്ധം**— (1877–8) ക്രിമിയാ യുദ്ധാശേഷം ബാൾക്കാൻ പ്രദേശങ്ങളിൽ പലേടങ്ങളിലും ലഹളകളുണ്ടായി. ലഹളകൾക്കു പ്രേരകമായതു് ഇററലിയിലും

പോർത്തുഗലിലും, ജർമ്മനിയിലുമുണ്ടായ സ്വാതന്ത്ര്യപ്രക്ഷോഭങ്ങളും വിപ്ലവങ്ങളുമാണ്. ബൾഗേറിയ, ബോസ്നിയ, മൊൺടനീഗ്രോ, സർബിയ, ഹെർസെഗോവിന എന്നീ രാജ്യങ്ങളിൽ സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ ഉൽഭൂതമായി വളരെ കലാപങ്ങൾ വന്നുകൂടി. തുർക്കിസുൽത്താന്റെ പിടിയിൽ നിന്നു വിമുക്തി നേടി സ്വതന്ത്രരാഷ്ട്രങ്ങൾ സ്ഥാപിക്കുവാനായിരുന്നു അവരുടെ വാഞ്ഛ. സുൽത്താൻകോയ്മ ലഹളകളെ അമർത്തുവാൻ മർദ്ദനങ്ങൾ നടത്തി. ഈ ചെറു രാജ്യങ്ങളെ സംഘടിപ്പിച്ച് ഒരു മഹാ സ്ലാവ്വർഗ്ഗരാഷ്ട്രം സ്ഥാപിക്കേണമെന്നു സാർ പ്രഖ്യാപിക്കുകയും 1877-ൽ ഇവയുടെ സ്വാതന്ത്ര്യാർത്ഥം യുദ്ധത്തിന്നു പുറപ്പെടുകയും ചെയ്തു. ബ്രിട്ടനും ഫ്രാൻസും റഷ്യയുടെ സഹായികളെന്നു നടിച്ച് ഈ യുദ്ധത്തിൽ ചേർന്നു. "തുർക്കി യൂറോപ്പിലെ ഒരു രോഗിയാണെന്നും അതിന്റെ ശവക്കല്ലറ നാം തെയ്യാറാക്കേണ"മെന്നും റഷ്യൻ സാർ ബ്രിട്ടീഷ് പ്രതിനിധിയോടു ഒരവസരത്തിൽ പറകയുണ്ടായിട്ടുണ്ട്. ആ താളത്തിന്നു തുള്ളിക്കൊണ്ടു ബ്രിട്ടീഷ്മന്ത്രി ഗ്ലാഡ്സ്റ്റൻ പറഞ്ഞത് "തുർക്കിയെ കെട്ടും മാറാപ്പും എടുപ്പിച്ച് യൂറോപ്പിൽനിന്നു പുറത്താക്കേണമെന്നായിരുന്നു. എന്നാൽ ദീർഘദർശിയായ പ്രധാനമന്ത്രി ഡിസ്രയെൽ തുർക്കിയെ യൂറോപ്പിൽനിന്നു പുറത്താക്കുന്നതല്ല ബ്രിട്ടന്നു ഗുണകരമായിട്ടുള്ളതെന്നു കണ്ടു. അതുപ്രകാരം 1878-ലെ ബർലിൻ സന്ധിപ്രകാരം കോൺസ്റ്റാന്റിനോപ്പിളും ഡാർഡനൽസ്സും പരിസരങ്ങളും തുർക്കിസാമ്രാജ്യത്തിൽതന്നെ നിറുത്തിക്കൊണ്ടു ബൾഗേറിയ, സെർബിയ, റുമേനിയ, മൊണ്ടിനീഗ്രോ എന്നീ രാജ്യങ്ങളെ

ത്തുൎക്കിയുടെ ആധിപത്യത്തിൽനിന്നു സ്വാതന്ത്ര്യമാക്കി. ഇവയെല്ലാം സ്വതന്ത്രരാഷ്ട്രങ്ങളായിത്തീൎന്നു. ബോസ്നിയാ, ഹെർസഗോവിനാ എന്നീ രാജ്യങ്ങളെ ആസ്ത്രിയക്കു വിട്ടുകൊടുത്തു. തുൎക്കിസാമ്രാജ്യം യൂറോപ്പിൽ നാമാവശേഷമായി.

**ഈജിപ്തിനെ ബ്രിട്ടൻ കൈവശപ്പെടുത്തുന്നു—** തോളിൽ ഇരുന്നു ചെവി തിന്നുന്നപോലെയാണു് ബ്രിട്ടൻ ഈജിപ്തിനെ കൈവശപ്പെടുത്തിയതു്. 1856-ൽ സുയസ്സ് തോടു് കീറുവാൻവേണ്ടി ഒരു ഫ്രഞ്ചു് ലിമിററഡ് കമ്പനി സ്ഥാപിക്കപ്പെട്ടിരുന്നു. ഈ കമ്പനിയുടെ ഒരു വലിയഭാഗം ഷേറുകൾ ഈജിപ്തിലെ ഖദീവായിരുന്നു എടുത്തതു് 1878-ൽ ഈ ഷേറുകൾ ബ്രിട്ടൻ വാങ്ങി. ഈജിപ്തിൽ സ്ഥാപിച്ച ബ്രിട്ടീഷ് വ്യാപാരക്കമ്പനികളും ഫ്രഞ്ചു കമ്പനികളും സാമാനങ്ങൾ കടം കൊടുത്തു ഖദീവിനെ വലിയ കടത്തിൽ മുക്കി. ഈജിപ്തിലെ വ്യാപാരത്തിന്നും സാമ്പത്തികോന്നതിക്കും വേണ്ടിയെന്ന വ്യാജേന ബ്രിട്ടനും ഫ്രാൻസും ഖദീവുമായി ചില കാപ്പിട്ടുലേഷൻ (Capitulation) വ്യവസ്ഥകൾ ചെയ്തു. അതുപ്രകാരം വെള്ളക്കാൎക്കു് ചുങ്കവും നികുതിയും കൊടുക്കാതെ ചരക്കുകൾ ഈജിപ്തിൽ വരുത്തുകയും വില്ക്കുകയും ചെയ്യാം. അവരുടെ കോയ്മകളുടെ കോൺസൽമാരുടെ കോടതിയിൽ മാത്രമെ കുററം ചുമത്തപ്പെട്ട യാതൊരു വെള്ളക്കാരനെയും വിസ്തരിക്കുവാൻ പാടുള്ളു. ക്ലൈവ് മിർജാഫറിനെ ചതിച്ചു ബങ്കാൾ ഈസ്റ്റിന്ത്യാ കമ്പനിയുടെ അധീനത്തിലാക്കിയപോലെ കാപ്പിട്ടുലേഷൻ വ്യവസ്ഥകൾ

ഈജിപ്റ്റിനെ ബ്രിട്ടന്റെ അടിമശൃംഖലയിൽ കെണിച്ചു. ഖദീവ് തുക്കിസുൽത്താന്നു കപ്പം കൊടുത്തുവന്ന ഉപരാജാവായിരുന്നു. 1914-ലെ മഹായുദ്ധത്തിൽ തുക്കി ജർമ്മനിയുടെ ഭാഗത്തു ചേൎന്നതുകൊണ്ടു ഈജിപ്റ്റിനെ പൂൎണ്ണമായി ബ്രിട്ടീഷ്സാമ്രാജ്യത്തിലുൾപ്പെടുത്തി.

## 2 യുവതുക്കിവിപ്ലവം

**അൎമിന്ന്യായിലെ സ്വാതന്ത്ര്യപ്രസ്ഥാനവും മറ്റുനവും**— 1878-ലെ ബർലിൻ ഉടമ്പടിപ്രകാരം തുക്കിയിൽ ഭരണപരിഷ്കാരങ്ങൾ നിൎമ്മിക്കുവാൻ തുക്കിസുൽത്താൻ ബാദ്ധ്യസ്ഥനായിരുന്നു. സ്വേച്ഛാധികാരിയായ സുൽത്താൻ ഇക്കാൎയ്യത്തിൽ ഉദാസീനത കാണിച്ചു. ബാൾക്കാൻ രാജ്യങ്ങൾ സ്വതന്ത്രമായതു് ജനങ്ങളുടെ പ്രക്ഷോഭണങ്ങൾകൊണ്ടാണെന്നും, മഹൽശക്തികളുടെ സഹായംകൊണ്ടാണെന്നും ക്രിസ്തീയരായ അർമിന്ന്യക്കാർ നല്ലപോലെ അറിഞ്ഞിരുന്നു. അർമന്ന്യക്കാർ തുക്കികളിൽനിന്നു വ്യത്യസ്തപ്പെട്ട ആൎയ്യവംശജാതന്മാരാണു്. തുക്കികൾ ഏഷ്യാമൈനറിൽ 7-ാംനൂററാണ്ടിൽ പ്രവേശിക്കുന്നതിന്നു മുമ്പെ ഏതാണ്ടു് 400 നാഴിക സമചതുരമായ മലപ്രദേശത്തു കുടിയേറിപ്പാൎത്തു ഭരണം നയിച്ചുവന്നവരാണു് ഈവൎഗ്ഗം. പ്രക്ഷോഭണം നടത്തിയാൽ മഹൽശക്തികളുടെ സഹായം ലഭിക്കുമെന്നു കരുതി അർമിന്ന്യായിൽ സ്ഥാപിച്ച ഒരു രാഷ്ട്രീയ പുരോഗമനസംഘം പ്രജായത്തഭരണം സ്ഥാപിച്ചുകിട്ടേണ്ടതിലേ

ക്കായി പല ഗുഢസംഘങ്ങളും നിൎമ്മിച്ചു പലേടങ്ങളിലും ലഹളകളുണ്ടാക്കി. സ്വേച്ഛാഭരണത്തിന്നെതിരായി പ്രക്ഷോഭണങ്ങളും ലഹളകളും ഉണ്ടാക്കിയാൽ ഭരണകൎത്താക്കന്മാർ കൂട്ടക്കൊലകൾ നടത്തുന്നതു ചരിത്രങ്ങളിൽ സാധാരണ കാണുന്ന വാൎത്തകളാണല്ലോ. ഇന്ത്യയിലെ അടിമശൃംഖല പൊട്ടിക്കുവാൻവേണ്ടിയുണ്ടായ സിപ്പായി ലഹളകൾനിമിത്തം എന്തൊക്കെ നഷ്ടകഷ്ടങ്ങളും മൎദ്ദനങ്ങളും ഇന്ത്യ സഹിച്ചു. നാഗരീകവും വിജ്ഞാനവും സംസ്കാരവും നിറഞ്ഞ വെള്ളക്കാർ അവരുടെ രാജ്യങ്ങളിൽ ചെയ്ത മൎദ്ദനങ്ങൾ ഓൎക്കുമ്പോൾ പഠിപ്പും പരിഷ്കാരവും ഇല്ലാത്ത പഴയലോകത്തെ സുൽത്താൻ തൻെറ സ്വേച്ഛാധികാരത്തിന്നെതിരായി ഒരു പ്രസ്ഥാനത്തേയും തല ഉയൎത്താൻ സമ്മതിക്കാതിരുന്നതിനെപ്പററി വിസ്മയിക്കാനില്ല അൎമിന്ന്യായിൽ മാത്രമല്ല ട്രെബിസോണ്ടിലും കോൺസ്റ്റാൻറിനോപ്പളിലും വമ്പിച്ച ലഹളകൾ ഉണ്ടാകുകയും 1894-96-ലിടക്ക് അനവധി അൎമിന്ന്യക്കാരെ മുസ്ലിംപട്ടാളങ്ങൾ കൊന്നൊടുക്കുകയും ചെയ്തു. കൂട്ടക്കൊല നടത്തിയ ഉദ്യോഗസ്ഥന്മാൎക്കു സുൽത്താൻ വലിയ സമ്മാനങ്ങൾ കൊടുക്കയുമുണ്ടായി. ജാലിയൻവാലബാഗ് കൂട്ടക്കൊല നടത്തിയ ജനറൽ ഡയറിന്നു ബ്രിട്ടീഷ് പ്രഭുക്കന്മാരും ജനങ്ങളും വലിയ സമ്മാനങ്ങൾ നല്കിയതും കൊലപാതകികളെ ഇണ്ടമനററി ബില്ൽകൊണ്ടു ഗവൎമ്മെണ്ടു രക്ഷപ്പെടുത്തിയതും ഓൎക്കുമ്പോൾ സുൽത്താൻെറ അവിവേകത്തെപ്പററി അതിശയിക്കാനുണ്ടോ?

ഐക്യ പുരോഗമന കക്ഷി— The Committee of Union and Progress. അൎമിന്ന്യായിലെ വിപ്ലവപ്ര

ക്ഷോഭണങ്ങൾ തുർക്കി യുവാക്കളുടെയിടയിൽ ഉണർവുണ്ടാക്കി. സുൽത്താൻെറ സ്വേച്ഛാഭരണം അവസാനിക്കേണ്ടതാണെന്നും പാശ്ചാത്യരാജ്യങ്ങളിലെ പ്രജായത്തഭരണരീതി തുർക്കിയിലും സ്ഥാപിച്ചുകിട്ടണമെന്നും അവർ ആഗ്രഹിച്ചു. രാജാവിൻെറ അധികാരം പാർലിമെൻ്റ് അല്ലെങ്കിൽ നിയമസഭമുഖേന ഒരു പരിധിയിൽ നിറുത്താത്ത സ്വേച്ഛാഭരണം ഇക്കാലത്തു റഷ്യയിലും തുർക്കിയിലും ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലും മാത്രമെ തുറിച്ചു പ്രത്യക്ഷമായിട്ടുള്ളു എന്നോർക്കണം. തുർക്കിയിൽ റഷ്യയിലെപ്പോലെതന്നെ സ്വേച്ഛാഭരണത്തിന്നെതിരായി പരസ്യമായി പ്രചാരവേല ചെയ്യാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. പത്രസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും തുർക്കിയിലുണ്ടായിരുന്നില്ല. തുർക്കിയിൽ സുൽത്താൻെറ ചാരന്മാർ നിറഞ്ഞിരുന്നതിനാൽ തുർക്കിയുവാക്കൾ വിപ്ലവപ്രസ്ഥാനം മറവിൽവെച്ചു ഐക്യപുരോഗമനകക്ഷി എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ച് കമ്മററി പലേടങ്ങളിലും ശാഖാകമ്മററികളെനിർമ്മിച്ചു സ്വേച്ഛാഭരണത്തിന്നെതിരായ ഗൂഢപ്രചാരവേലകൾ നടത്തി. കമ്മററിയിലെ പ്രധാനമെമ്പർമാർ അൻവർബെഗ്, മുസ്തഫാ കമാൽബെഗ് താലആത്ത് മുതലായ യുവാക്കളായിരുന്നു. കമ്മററിയുടെ നേതാവ് അൻവർ ബെഗ് (പിന്നീട്ട അൻവർ പാഷ) ആയിരുന്നു. വിപ്ലവത്തിൻെറ ജീവനാഡി കമാൽ ബെഗ് ആണ്. കമാൽബെഗ് (പിന്നീട്ട കമാൻ പാഷ) ഇന്നു തുർക്കി റിപ്പബ്ലിക്കിൻെറ പ്രസിഡണ്ടാണ്. അദ്ദേഹം ഇന്നു കമാൽ അത്താ തുർക്ക് എന്ന വെറും പേരാൽ അറിയപ്പെടുന്നു

**മുസ്റ്റാഫാ കമാൽ**— മുസ്റ്റാഫാ 1881-ൽ സിലോണിക്കായിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ആലിറിസ്സാ സിലോണിക്കാ ചുങ്കത്ത് ഒരു ഉദ്യോഗസ്ഥനായിരുന്നു. മുസ്റ്റാഫാ ജാതനായശേഷം ആലിറിസ്സാ ഉദ്യോഗം രാജിവെച്ചു മരക്കച്ചവടത്തിൽ പ്രവേശിച്ചു. മുസ്റ്റാഫായുടെ മാതാവ് സുബൈദയ്ക്കു് ഒരു മകളും ജനിച്ചിരുന്നു. പിതാവിന്റെ വ്യാപാരത്തിൽ നഷ്ടംവന്നതോടുകൂടി മുസ്റ്റാഫാ തന്റെ മാതുലനൊന്നിച്ചു കൃഷിപ്പണിയിൽ ഏർപ്പെട്ടു. അക്കാലം അദ്ദേഹം കൃഷിയിൽ പ്രദർശിപ്പിച്ച ഉന്മേഷം തുർക്കി റിപ്പബ്ലിക്കധിപനായ കാലത്ത് മാതൃകാ കൃഷിഭൂമികൾ നടത്തിക്കുന്നതിൽ വീണ്ടും പ്രത്യക്ഷമായി. ഒമ്പതു വയസ്സു പ്രായമായപ്പോൾ മുസ്റ്റാഫാ ഒരു വിദ്യാശാലയിൽ പഠിച്ചുവന്നു. മതപരമായ വിഷയത്തിൽ മുസ്റ്റാഫാക്കു വലിയ തൃഷ്ണയുണ്ടായിരുന്നില്ല. അറബിയും ഖുറാനും പഠിക്കാത്തതുകൊണ്ടു ഗുരുനാഥൻ അവനെ ചൂരൽകൊണ്ടു പ്രഹരിച്ചു. അതുനിമിത്തം മാതാവിനെ അറിയിക്കാതെ കുട്ടി സ്കൂൾവിട്ടു ഒരു പട്ടാളകോളേജിൽ ചേർന്നു. അവിടെ പഠിപ്പിച്ചിരുന്ന വിഷയങ്ങളിൽ ഗണിതശാസ്ത്രത്തിലും പട്ടാളശാസ്ത്രത്തിലും പ്രത്യേകവൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചു. കോളേജിലെ മുസ്റ്റാഫാ എന്നു പേരായ ഒരു വാദ്ധ്യാർ തന്റെ ഈ ഓമനയായ വിദ്യാർത്ഥിയെ "കമാൽ" എന്നു വിളിച്ചു. "കമാൽ" എന്നുവെച്ചാൽ സമ്പൂർണ്ണമായവൻ എന്നർത്ഥം. ഇങ്ങിനെ വിളിക്കുവാൻ കാരണം മുസ്റ്റാഫാ അസാധാരണസാമർത്ഥ്യം തന്റെ പഠിപ്പിൽ കാണിച്ചതുകൊണ്ടാണ്. ഇങ്ങിനെ മുസ്റ്റാഫാ "മുസ്റ്റാഫാ കമാൽ" ആയി.

16-ാംവയസ്സിൽ മുസ്റ്റാഫാ കമാൽ ഒരു വിദ്യാൎത്ഥിയും ഉപദ്ധ്യായനുമായിത്തീൎന്നു. വിപ്ലവപരമായ ചിന്തകളും ആദൎശങ്ങളും മുസ്റ്റാഫയിൽ ഇക്കാലത്തു പൊടിച്ചുവളൎന്നു വന്നു. കാരണം, റൂസ്സോ (Rousseau), വോൾടെയർ (Voltaire) മുതലായ ഫ്രഞ്ച് തത്വജ്ഞാനികളുടെ ഉല്പതിഷ്ണുഗ്രന്ഥങ്ങൾ അദ്ദേഹം ചെറുപ്പകാലത്തിൽ വായിച്ചുവന്നിരുന്നു. ക്രമേണ കോൺസ്റ്റാൻറിനോപളിലെ യുദ്ധശാസ്ത്ര കോളേജിൽ ചേൎന്നു. നെപ്പോളിയൻ—മോൾക്കി മുതലായവരുടെ യുദ്ധശാസ്ത്രങ്ങൾ പഠിച്ചു്, കോളേജിലെ വിദ്യാൎത്ഥികളുടെയിടയിൽ മുസ്റ്റാഫാ കമാൽ അഗ്രഗണ്യനായി. ഈ പ്രാധാന്യത്തെ ആധാരമാക്കി കമാൽ വിദ്യാൎത്ഥികളുടെയിടയിൽ ഒരു ഗൂഢവിപ്ലവകമ്മററിയെ രൂപീകരിച്ചു. കമ്മററി ഒരു വൎത്തമാനപത്രം ആരംഭിച്ചു് നൂതനാശയങ്ങൾ വിദ്യാൎത്ഥികളിൽ ഉളവാക്കി. മുസ്റ്റാഫാ കമാലിൽ വളൎന്നുവന്ന വിപ്ലവാശയങ്ങളേയും ഉന്മേഷത്തേയുംപററി കോളേജധിപതിക്കു വിവരം ലഭിച്ചിരുന്നുവെങ്കിലും മുസ്റ്റാഫാക്കു വിദ്യാൎത്ഥികളുടെയിടയിൽ വളരെ സ്വാധീനമുണ്ടായതുനിമിത്തം അദ്ദേഹത്തെ യാതൊരു ശിക്ഷയിലും ഉൾപ്പെടുത്തിയില്ല. യുദ്ധശാസ്ത്രവിദ്യാഭ്യാസം പൂൎത്തിയാക്കിയശേഷം ഒരു ക്യാപ്റ്റൻ സ്ഥാനം അദ്ദേഹത്തിന്നു കിട്ടി.

യുവതുൎക്കികക്ഷിയിൽ ഗൂഢമായി പ്രബലപ്പെട്ടവരും വളരെ സ്വാധീനമുള്ളവരുമുണ്ടായിരുന്നു. കക്ഷിയെ ഗവൎമ്മെണ്ടു മൎദ്ദിച്ചമൎത്തുവാൻ ശ്രമിച്ചപ്പോൾ മുസ്റ്റാഫാ കമാലിൻെറ ഗൂഢപ്രചാരവേല പൂൎവ്വാധികം ഊൎജ്ജിതമായി നടന്നുവന്നു. 1905 ജനുവരി 11-ാംനു രഹസ്യപ്പോലീസ്

മുസ്തഫായെ പിടിച്ചു കോടതിവിസ്താരത്തിന്നുശേഷം കാരാഗൃഹത്തിലിട്ടു. തടവിൽനിന്നു വിമുക്തനായശേഷം ഒരു ശിക്ഷയായി അദ്ദേഹം ഡെമസ്കസ്സിലെ കുതിരപ്പട്ടാളത്തിൽ ഒരു താണ ഉദ്യോഗസ്ഥനായി താഴ്ത്തപ്പെട്ടു. കമാൽ അവിടെ ഒരു ഗൂഢസംഘത്തെ ഏൎപ്പെടുത്തി. അതിൻെറ അധീനത്തിൽ ശാഖകളെ യരുശലേം, ബെയിരൂട്ട്, ജാഫാ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചു. മാസിഡോണിയാ വിപ്ലവത്തിന്നു പററിയ സ്ഥലമാണെന്നു മുസ്തഫക്കു ബോദ്ധ്യമായതിനാൽ അതിലെ മുഖ്യസ്ഥലങ്ങളിലും തൻെറ ജനനസ്ഥലമായ സിലോണിക്കയിലും ഗൂഢസംഘങ്ങളെ രൂപീകരിച്ചു. അവിടത്തെ സേനാപതിയായ ജനറൽ ഷുക്രിയുടെ അനുമതി വാങ്ങി സംഘത്തെ പ്രബലപ്പെടുത്തി. ഈജിപ്തിലും ഗൂഢസംഘങ്ങളെ ക്രമപ്പെടുത്തി. സംഘങ്ങളെല്ലാം ഐക്യപുരോഗമനകമ്മിററിയുടെ അധീനത്തിലായിരുന്നു ഗൂഢപ്രചാരവേലകൾ ചെയ്തത്. കമാലിൻെറ പ്രവൎത്തനങ്ങളെ ഗൂഢപോലീസ് ഉററുനോക്കി വന്നതിനാൽ അദ്ദേഹത്തെ പിടിച്ചു ബന്തോവസ്തിൽ വെക്കുവാൻ മാസിഡോണിയാ പട്ടാള അധിപനായ ജമാൽപാഷക്കു (Djemal Pasha) കല്പന ലഭിച്ചു. പട്ടാളാധിപനിൽനിന്നു ഗൂഢമായി വിവരം അറികയാൽ മുസ്തഫാ വേഷംമാറി ജാഫയിലേക്കു പോയി രക്ഷപ്രാപിച്ചു. അവിടത്തെ പട്ടാളനായകനായ അഹമ്മദ് ബെഗ് വിപ്ലവസംഘത്തിന്നനുകൂലിയായതിനാൽ കമാൽ രക്ഷപ്പെട്ടു. മുസ്തഫാ അടുത്ത കാലത്തൊന്നും ജാഫാ വിട്ടുപോയിട്ടില്ലെന്നു റിപ്പോർട്ടുചെയ്കയാൽ സിലോണിക്കാപോലീസിന്നു ആളെ തെററിപ്പോയതാണെന്നു

ഗവൎമ്മെണ്ടിന്നു തോന്നി. ജാഫാ സേനാനായകൻെറ അനുഭാവാധിക്യത്താൽ കമാൽ ഡെമസ്കസ് പട്ടാളത്തിൽ അഡ്ജുട്ടൻറ് (Adjutant) ആയി. അവിടെനിന്നു കമാലിന്നു സിലോണിക്കയിലേക്ക് ഒരു സ്ഥലമാററം കിട്ടി. ഇങ്ങിനെ അഞ്ചാറുവൎഷത്തിന്നിടയിൽ ഐക്യപുരോഗമനകക്ഷിയുടെ പ്രവൎത്തികൾ 1908-ൽ ഉച്ചസ്ഥിതിയിലെത്തി. പട്ടാള ഉദ്യോഗസ്ഥന്മാരുടെ ഇടയിലും അഭ്യസ്തവിദ്യരുടെ ഇടയിലും സ്വേച്ഛാഭരണത്തിന്നെതിരായ ഒരു വിപ്ലവമനസ്ഥിതി ഉൽഭൂതമായി.

**യുവതുക്കി വിപ്ലവം**— 1908-ൽ ഐക്യപുരോഗമനകക്ഷിയുടെ ആജ്ഞപ്രകാരം അൻവർ ബെഗിൻെറ നേതൃത്വത്തിൽ 300 ആയുധധാരികളായ ഭടന്മാർ മാസിഡോണിയാഗവൎമ്മെണ്ടിനെ പെട്ടെന്നാക്രമിച്ചു. ലഹളക്കാരുടെനേരെ ഗവമ്മേണ്ടയച്ച പട്ടാളം ലഹളക്കാൎക്കനുകൂലമായി പ്രവൎത്തിച്ചു. സുൽത്താൻ ഭയന്നു പരവശനായി വിപ്ലവക്കാരുടെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തു. പ്രജായത്തഭരണരീതിയിൽ പാർലിമെണ്ടു് വിളിച്ചുകൂട്ടുവാനും, അതിലെ ഭൂരിപക്ഷത്തിന്നു ബോദ്ധ്യമായ മന്ത്രിമാരെ നിയമിക്കുവാനും സുൽത്താൻ തീരുമാനിച്ചു. പാർലിമെണ്ടിൻെറ പ്രസിഡണ്ടായി അൻവർ കക്ഷിയിലെ അഹമ്മദ് റിസ്സയെ നിശ്ചയിച്ചു.

യുവതുക്കിയുടെ താല്ക്കാലികവിജയത്തിന്നു കാരണം പട്ടാളസഹകരണമാണ്. ഏതു രാജ്യത്തിലെയും സ്വേച്ഛാധിപതികളുടെ പിൻബലം പട്ടാളമാണ്. സ്വാൎത്ഥലാഭാ

ത്ഥം ഇത്തരം സ്വേച്ഛാധിപതികളുടെ അടിമകളായി പ്രവൎത്തിക്കുന്ന പട്ടാളനായകന്മാർ ജനകീയകക്ഷിക്കനുകൂലമായി സഹകരിക്കുമ്പോൾ സ്വേച്ഛാഭരണം തകരുന്നു. 1878-ലെ ഫ്രഞ്ച് വിപ്ലവവും 1917-ലെ റഷ്യൻ വിപ്ലവവും സഫലമായതു പട്ടാളസഹായംകൊണ്ടാണ്. ഇംഗ്ലണ്ടിൽ ആദ്യത്തെ പൂൎണ്ണജനകീയഭരണം ക്രോംവൽ (Cromwell) സ്ഥാപിച്ചതു പട്ടാളാധിപത്യംകൊണ്ടാണ്. ഗാറിബോൾഡി വിക്ടർ ഇമ്മാനുവെലിനെ ഇററലിയിലെ രാജാവാക്കിയതും പാർലിമെണ്ടു ഭരണം നടപ്പിൽ വരുത്തിയതും പട്ടാളബലമാണ്.

സുൽത്താൻെറ തീരുമാനപ്രകാരം ചില വ്യവസ്ഥകൾ ചെയ്തശേഷം മുസ്ററാഫാകമാലിനെ ഒരു പട്ടാളത്തിൻെറ മേധാവിയായി ട്രിപ്പോളിയിലേക്കും അൻവർ ബെഗിനെ മിലിട്ടറി അററാച്ചിയായി ബർലിനിലേക്കും അയച്ചു. വിപ്ലവത്തിനു മുമ്പായി 20 വൎഷങ്ങളിലിടക്ക് ജയിലിലടയ്ക്കപ്പെട്ട സ്വരാജ്യസ്നേഹികളെ സുൽത്താൻ സ്വതന്ത്രരാക്കേണ്ടിവന്നു. ഇവരിൽ ചിലർ പുരോഗമനകക്ഷിക്കെതിരായി സുൽത്താനുമായി ഗൂഢാലോചനകൾ ചെയ്തു. വിവരം അൻവരുടെ ചെവിയിൽ എത്തിയ ഉടനെ അദ്ദേഹം ബർലിൻ വിട്ടു കോൺസ്ററാൻറിനോപ്പിളിലേക്കു പുറപ്പെട്ടു. സിലോണിക്കായിൽനിന്നു ഒരു പട്ടാളത്തെ കോൺസ്ററാൻറിനോപ്പിളിലേക്കയച്ച് സുൽത്താൻ അബ്ദുൾ ഹമീദിനെ സ്ഥാനഭ്രഷ്ടനാക്കി (1909). സുൽത്താൻെറ സഹോദരനായ മുഹമ്മദ് റഷീദ്, മുഹമ്മദ് അഞ്ചാമൻ എന്ന നാമധേയത്തിൽ സിംഹാസനാരൂഢനായി. ട്രിപ്പോ

ളിയിൽനിന്നു കമാൽബെഗ് മടങ്ങിവന്നശേഷം കമാലിന്റെ മാസിഡോണിയാ പട്ടാളനായകനാക്കി. അൻവർ ബെഗി ന്നു മന്ത്രിമാരിൽ വളരെ സ്വാധീനമുണ്ടായതുകൊണ്ടു കമാലിനെ കോൺസ്ററാൻറിനോപ്പളിലേക്കു മടക്കി വിളിപ്പിച്ചു; കാരണം കമാൽബെഗ് പടയാളികൾക്ക് ഒരു കണ്ണിലുണ്ണിയായിത്തീൎന്നിരുന്നു; കമാലിൻെറ സ്വാധീനശക്തി കണ്ടിട്ടു അൻവർബെഗിന്നു കണ്ണുകടിയായി. കമാൽ ഉദ്യോഗമില്ലാതെ സ്വസ്ഥനായി ഇരിക്കേണ്ടിവന്നു.

## 3. ട്രിപ്പോളി ആക്രമവും ബാൾക്കാൻ യുദ്ധവും.

---

**ട്രിപ്പോളി ആക്രമം—** 1911 ഒക്ടോബർ മാസത്തിൽ ഇററലി ട്രിപ്പോളിയെ ആക്രമിച്ചു. അൻവർപാഷ പട്ടാളത്തെ നയിച്ചുകൊണ്ടു ട്രിപ്പോളിയിലേക്കു പോയി. മുസ്തഫാ കമാൽ സിറിയായിൽക്കൂടി രണ്ടു സ്നേഹിതന്മാരോടൊപ്പം ട്രിപ്പോളിയിലേക്കു പുറപ്പെട്ടു. ഈജിപ്തിൽക്കൂടിയാണ് പോകേണ്ടത്. ഈജിപ്തിലെ ബ്രിട്ടീഷ്പട്ടാളം അദ്ദേഹത്തെ അതിലേക്കൂടി പോകുവാൻ അനുവദിച്ചില്ല. ഈജിപ്തിലെ ഖദീവ് സുൽത്താന്നു കപ്പംകൊടുത്തുവരുന്ന ഇക്കാലത്തു ബ്രിട്ടീഷുദ്യോഗസ്ഥന്മാർ കമാലിനെ തടഞ്ഞുനിൎത്തിയത് വെറും ധിക്കാരമായിരുന്നു. മുസ്തഫാ നിശ്ചയിച്ച കാൎയ്യം നിറവേററുന്നതിൽ ഹൃദയദാർഢ്യമുള്ളവനായതുകൊണ്ടു് ഒരു അറബിയുടെ വേഷംധരിച്ചു ഈജിപ്തിൽക്കൂടി കടന്നുപോയി. വിവരം ഈജിപ്തിലെ ഷെയിക്കുമാർ

അറിഞ്ഞതപ്പോറം അവർ പട്ടാളങ്ങളെ ശേഖരിച്ചു കമാലിന്നു സഹായമായി ട്രിപ്പോളിയിൽ പ്രവേശിച്ചു. അൻവർ പട്ടാളാധിപനും കമാൽ ഒരു മേജരുമായി, രണ്ടുപേരും യോജിച്ചു ഐക്യതയിൽ ഇററലിപട്ടാളത്തോടു പടവെട്ടി. യുദ്ധം ഒരാണ്ടോളം നിലനിന്നു. അൻവരുടെ യുദ്ധനടത്തിപ്പിലും സൂത്രത്തിലും പല വീഴ്ചകളുണ്ടായിരുന്നു. കമാൽ ഇവയൊക്കെ ചൂണ്ടിക്കാണിച്ചു. ഇതുനിമിത്തം അൻവറിന്നു കമാലിനോടു മുമ്പുതന്നെ ഉണ്ടായ അസൂയ വദ്ധിച്ചുവന്നു. 1912 ഒക്ടോബറിൽ ബാറംക്കൻ യുദ്ധമുണ്ടായി. അതുനിമിത്തം അൻവരേയും കമാലിനേയും സുൽത്താൻ കോൺസ്റ്റാൻറിനോപോളിലേക്കു മടക്കിവിളിപ്പിച്ചു. ബാറംക്കാൻ യുദ്ധംനിമിത്തം സുൽത്താൻ ഇററലിയുമായി സന്ധിചെയ്തു ട്രിപ്പോളിയയെ ഇററലിക്കു വിട്ടുകൊടുത്തു.

**ബാറംക്കാൻ യുദ്ധം—** ബാറംക്കാൻ രാഷ്ട്രങ്ങളായ മോൺടനീഗ്രൊ, സർബിയാ, ബംഗേറിയ, ഗ്രീസ്സ് എന്നിവ തമ്മിൽ അന്യോന്യം ഒരു സഹകാര്യ്യകരാർ ചെയ്തു ഒരു ലീഗു രൂപീകരിച്ചു (1912). തുക്കിയെ യൂറോപ്പിൽ നിന്നു പുറത്താക്കുവാനും യൂറോപ്യൻതുക്കിയെ തമ്മിൽ വിഭജിക്കുവാനുമാണ് ലീഗിൻെറ ഗൂഢമായ തീരുമാനം. പരസ്യമായി ലീഗു പ്രസ്താവിച്ചതു 1878-ലെ ബർലിൻ വിധിപ്രകാരം നടത്തേണ്ടുന്ന രക്ഷാവ്യവസ്ഥകറം തുക്കി നിറവേററീട്ടില്ലെന്നായിരുന്നു. അതു വാസ്തവമായിരുന്നില്ല. തുക്കിയിൽ 1909-മുതൽ പാർലിമെണ്ടുഭരണം സ്ഥാപിച്ചിരിക്കയും ക്രിസ്തീയരേയും, യഹൂദരേയും സാധാരണയിലധികം ഉദ്യോഗങ്ങളിൽ ചേക്കയും ചെയ്തിരുന്നു. ലീഗുരാഷ്ട്രങ്ങ

ളിലെ മുസ്ലിംപ്രജകളുടെ അവശതകഠം ലീഗുകാർ നിവാരണം ചെയ്യാതെ തുക്കിയുടെ പേരിൽ കുററാരോപണംചെയ്തു് അവക്ക തുക്കിയോടുണ്ടായിരുന്ന ബദ്ധവൈരം നിമിത്തമായിരുന്നു. തിരമാലകഠംപോലെ ഒന്നിനൊന്നു പിന്നിലായി തുക്കികഠം കയറി പിടിച്ച യൂറോപ്പിലെ സ്ഥലം വടക്ക വിയന്നാവരെയും പതിനാറാം നൂററാണ്ടിൽ വ്യാപിച്ചിരുന്നതിലധികഭാഗത്തേയും ക്രിസ്തീയരാഷ്ട്രങ്ങഠം കൃത്രിമമായി 20-ാംനൂററാണ്ടിന്നു മുമ്പുതന്നെ പിടിച്ചുപററിയിരുന്നു. 1912-ൽ തുക്കിക്ക ബാഠംക്കാനിൽ അൽബേനിയാ, ത്രെയിസ്സ്, മാസിഡോണിയ എന്നീ രാജ്യങ്ങഠം മാത്രമേ അവശേഷിച്ചിരുന്നുള്ളു. ഇവയേയും വിഴുങ്ങുവാനായിരുന്നു ലീഗിൻെറ പുറപ്പാട്.

ഈ ദുരുദ്ദേശത്തിൻെറ അടിയിൽ മറവിലായി ബ്രിട്ടൻെറ സ്വാതന്ത്ര്യനിയന്ത്രണവും കാണാം. തുക്കിസുൽത്താൻ ബലഹീനനാണെന്നും കോൺസ്ററാൻറിനോപഠം, ഡാർഡനൽസ്സ് മുതലായ സൂത്രസ്ഥലങ്ങളിൽ റഷ്യ കണ്ണുവെച്ചിരിക്കയാണെന്നും ആസ്ത്രീയൻസാമ്രാജ്യം എയിജിയൻ കടൽവരെ നീണ്ടുകിട്ടുവാൻ ആശിക്കുന്നുണ്ടെന്നും ബ്രിട്ടൻ നല്ലപോലെ അറിഞ്ഞു. മഹൽശക്തികഠംക്ക ബ്രിട്ടനോട്ട് അടുപ്പമുണ്ടായിരുന്നില്ലെന്നു വ്യക്തമായിരുന്നു. 1907-ൽ റഷ്യയും ഫ്രാൻസും തമ്മിൽ ഒരു ദ്വികക്ഷിസഖ്യവും അടുത്തുതന്നെ ജർമ്മനിയും, ഇററലിയും, ആസ്ത്രിയയും തമ്മിൽ ഒരു ത്രികക്ഷിസഖ്യവും ചെയ്തിരുന്നു. ജമ്മനിയും തുക്കിയും തമ്മിൽ സ്വകാര്യകരാറുകഠം നടന്നിട്ടുണ്ടായിരുന്നുവെന്നു മാത്രമല്ല, ബർലിൻ-ബാഗ്ദാദ് റെയിൽപണി ഏഷ്യാ മൈനറിൽ

ജർമ്മനി ജാഗ്രതയോടെ നടത്തിവരികയും ചെയ്തിരുന്നു. ഈ സംഗതികളാൽത്തിട്ട് ബ്രിട്ടൻ ഉള്ളിൽക്കൂടി ബാൾക്കാൻ ലീഗിന്നു ഒരു പിൻബലം കൊടുക്കയൊണു് ചെയ്തതു്. ആസ്ത്രീയയുടെയും, റഷ്യയുടെയും, ജർമ്മനിയുടെയും അഭിലാഷങ്ങൾക്കു് തടസ്ഥമുണ്ടാകണമെങ്കിൽ ബാൾകാൻതുർക്കി ലീഗ് രാഷ്ട്രങ്ങളുടെയിടയിൽ വിഭജിച്ചു ലയിച്ചുപോകണം. ഇങ്ങിനെ വന്നുകൂടാനായിരുന്നു ബ്രിട്ടന്റെ പരിശ്രമം.

ലീഗ്മെമ്പർമാർ മുന്നറിവുകൊടുക്കാതെ തുർക്കിരാജ്യത്തെ ആക്രമിച്ചു. 1912 ഒക്ടോബർ 12-ാംനു- മൊൺടനീഗ്രൊ പട്ടാളം അതിരുകടന്നു തുർക്കിസംസ്ഥാനത്തിൽ പ്രവേശിച്ചു. ഇതിന്നു രണ്ടുദിവസം മുമ്പെ മഹൽശക്തികൾ കൂടിആലോചിച്ചു സുൽത്താന്നു് ഒരെഴുത്തയച്ചിരുന്നു. യുദ്ധംകൂടാതെ കാര്യംതീരേണമെങ്കിൽ തുർക്കിസുൽത്താന്റെ ബാൾക്കാൻപ്രജകൾക്കു് സ്വീകാര്യമായ ഭരണപരിഷ്കാരം ഉടൻ ചെയ്യേണമെന്നു് ആ കത്തിൽ നിഷ്കർഷിച്ചു. ഗ്രീസ്സും, സർബിയയും, ബൽഗേറിയയും യോജിച്ച രീതിയിൽ മറെറാരു കത്തു സുൽത്താന്നയച്ചു. ഈ കത്തു തുർക്കിയെ പോരിന്നു വിളിക്കുന്നതിന്നു സമമായിരുന്നു. മറുപടിക്കു കാത്തുനില്ക്കാതെ ലീഗുകാർ യുദ്ധമാരംഭിച്ചു. യുദ്ധത്തിൽ ചേരുന്നതിന്നു മുമ്പായി തുർക്കി ട്രിപ്പൊളിയായെ ഇററാലിക്കു വിട്ടുകൊടുത്തു് ഇററലിയുമായി സമാധാനമുണ്ടാക്കി. ഇതിലിടക്കു മൊൺടനീഗ്രൊ പട്ടാളം അൽബേനിയയിൽ പ്രവേശിച്ചു് അഡ്രിയാററിക്കു് ഉൾക്കടൽവരെയുള്ള സ്ഥലം അവരുടെ അധീനത്തിലുറപ്പിച്ചു. ബൾഗേറിയയുമായുണ്ടായ യുദ്ധത്തിൽ തുർക്കി പരാജിതനായി. തുർക്കിസേനാപതി നാസിം

പാഷ കോൺസ്റ്റാൻറിനോപ്പിൾ മാർഗ്ഗത്തിലേക്ക പട്ടാള ത്തെ തിരിക്കേണ്ടിവന്നു. ബൾഗേറിയക്കാർ അഡ്രിയാനോ പ്പിൾ വളഞ്ഞു. ഒക്ടോബർ 22-ാംനു-മുതൽ 25-ാംനു-വരെയു ണ്ടായ യുദ്ധത്തിൽ തുക്കികളുടെയിടയിൽ 50000 പേർ മുറിയേല്ക്കപ്പെടുകയോ മൃതിപ്പെടുകയൊ ചെയ്തു. സർബി യൻ പട്ടാളം മാസിഡോണിയയെ ആക്രമിച്ചു. തുക്കിസേ നാപതി സുക്രിപാഷ മോണാസ്റ്ററിലേക്ക ഓടി. സർബിയ ആ പട്ടണം വളഞ്ഞു 4500 പേരെ തടവുകാരാക്കി. ഗ്രീസ്സ് സിലോണിക്കയെ ആക്രമിച്ചു് 20000 തുക്കികളെ തടവുകാ രാക്കി. തുക്കിക്ക സുമാർ രണ്ടുലക്ഷം ഭടന്മാർ നഷ്ടപ്പെട്ടു. ഇതിനുപുറമെ 500 പീരങ്കികളും ഒരു ലക്ഷം റൈഫളുകളും മററു യുദ്ധസാമഗ്രികളും ശത്രുക്കളുടെ കൈവശത്തിലായി. ലീഗുകാക്ക 80000 പേർ മാത്രമെ നഷ്ടപ്പെട്ടിരുന്നുള്ളു. നവമ്പർ മാസാവസാനത്തിൽ യുദ്ധം തുടന്നുപോകുവാൻ സുൽത്താന്നു ധൈര്യമുണ്ടായില്ല. സുൽത്താൻ ഒരു താല്ക്കാ ലികസന്ധിക്കാവശ്യപ്പെട്ടു. ഈ സന്ധികരാറിൽ ഗ്രീസ്സ് ഒപ്പിട്ടില്ല. ഡിസമ്പർ 16-ാംനു- ലീഗ്മെമ്പർമാരുടെ പ്രതിനിധികൾ ലണ്ടനിൽ സമ്മേളിച്ചു. സന്ധിസഭയുടെ തീർപ്പു്, അഡ്രിയാനോപ്പിളും ലീഗുകാർ പിടിച്ചടക്കിയ സ്ഥല ങ്ങളും ലീഗുകാക്ക് കൊടുക്കേണമെന്നായിരുന്നു. തുക്കിഗവ ൎമ്മണ്ട് ലണ്ടൻതീർപ്പിനെ സ്വീകരിക്കുവാൻ തീരുമാനിച്ചു.

**രണ്ടാം ബാൾക്കൻ യുദ്ധം**— ലണ്ടൻ സന്ധിയാലോ ചന നടക്കുമ്പോഴായിരുന്നു അൻവർ പാഷയും, കമാൽ ബെഗ്ഗും ട്രിപ്പോളിയിൽനിന്നു തുക്കിയിൽ മടങ്ങിയെത്തി യതു്. കമാൽ ബെഗ് ഫ്രാൻസിൽക്കൂടി കരമാർഗ്ഗമായാണു്

തൻെറ ജന്മസ്ഥലമായ സിലോണിക്കയിൽ വന്നുചേൎന്നതു്. തൻെറ മാതാവും കുഡുംബവും സിലോണിക്ക വിട്ടു ജീവരക്ഷക്കായോടിപ്പോയ വിവരം അറിഞ്ഞു് അന്വേഷിച്ചു് അവരെ രക്ഷപ്പെടുത്തി. ബൾഗേറിയയുമായി ഗവൎമ്മെണ്ടു ചെയ്ത നിന്ദാവഹമായ താല്ക്കാലികസന്ധിയെപ്പററി കേട്ടു് അൻവരും കമാലും ക്രുദ്ധിതരായി. കാരണം, വലിയ തുക്കി സേനകൾ അദ്രിയാനോപളിലും, സ്കൂട്ടാറിയിലും ശത്രുക്കളാൽ നിരോധിക്കപ്പെട്ടിരുന്നു. സന്ധിയിൽ അവരുടെ രക്ഷക്കായി യാതൊരു നിബന്ധനകളും ചെയ്തിരുന്നില്ല. ഇമ്മാതിരി ഒരു സന്ധി സ്വീകരിച്ചതു് മന്ത്രിമാരുടെ ഭീരുത്വവും അഭിമാനക്കുറവും കൊണ്ടല്ലാതെയാവാൻ തരമില്ലെന്നും തുക്കിയുടെ തോൽവിക്കു കാരണം മന്ത്രിസഭയുടെ ബലഹീനതയും സേനാനായകൻെറ പോരായ്മയും ആണെന്നും അവൎക്കു ബോദ്ധ്യമായി. അൻവരും പട്ടാളികളും രാജധാനിയിൽച്ചെന്നു സൈന്യാധിപനായ നാസിംപാഷയെ വധിച്ചു, 1908-ലെ വിപ്ലവത്തിൽ ഒരു നായകനായ മുഹമ്മദ് ഷെവ്കൊട്ടു് പാഷയെ പ്രധാനമന്ത്രിയായി നിശ്ചയിച്ചു, പഴയ മന്ത്രിമാരെ പിരിച്ചുവിട്ടു. അൻവർബെഗ് സൎവ്വസൈന്യാധിപത്യം വഹിച്ചു് കമാൽ ബെഗിനെ ഗാലിപ്പോലി സൈന്യാധിപനാക്കി ഒരു പട്ടാളത്തെ അദ്രിയാനോപളിനെ രക്ഷിക്കുവാനയച്ചു.

ലണ്ടൻസന്ധിപ്രകാരം പിടിച്ചടക്കിയ നാടുകൾ വിഭജിക്കുന്ന കാൎയ്യത്തിൽ ഗ്രീസ്സും സർബിയയും യോജിച്ചില്ല. ലീഗിൻെറയിടയിൽ ഭിന്നിപ്പുണ്ടായതു് അൻവർ ഗവൎമ്മെണ്ടിന്നു ഗുണകരമായി. ലണ്ടൻകരാറിന്നു മറപടിയായി,

തുർക്കിയുടെ ബാൾക്കാൻരാജ്യങ്ങൾ ആർക്കും തുർക്കി വിട്ടുകൊടുക്കയില്ലെന്നും ആർക്കും തുർക്കി കീഴടങ്ങുകയില്ലെന്നും യുദ്ധം തുടർന്നുകൊണ്ടുതന്നെ പോകുമെന്നും അൻവർ ഗവർമ്മെണ്ട് എഴുതി അയച്ചു. അൻവർ ധീരതയോടെ സമരംചെയ്തു. അഡ്രിയാനോപ്പിൾ വീണ്ടെടുത്തു. അപ്പോഴേക്ക് ആസ്ത്രിയയും റഷ്യയും ചില നൊണ്ടിന്യായങ്ങൾ പറഞ്ഞു യുദ്ധത്തിലേർപ്പെടുവാൻ ഒരുങ്ങുന്നുണ്ടെന്ന് അൻവറിന്നറിവായി; കഴുകളെപ്പോലെ ആസ്ത്രിയയും റഷ്യയും തുർക്കി ശവമാകുന്നതിനെ കാത്തിരിക്കയായിരുന്നു. സർബ്ബിയ പിടിച്ചടക്കിയ ആൽബേനിയ ആസ്ത്രിയക്കു വേണം. സർബ്ബിയയെയും സ്ലാവു് വർഗ്ഗക്കാരുടെയും രക്ഷാർത്ഥം എന്ന വ്യാജേന സാറും യുദ്ധത്തിന്നൊരുങ്ങി. യുദ്ധം തുടർന്നുപോകുന്നതു് ആപല്ക്കരമാണെന്നു അൻവറിന്നു തോന്നി. 1913 മെയി മാസത്തിൽ അൻവർ ഗവർമ്മെണ്ടു് പ്രതിനിധികൾ ലണ്ടനിൽ സന്ധിസമ്മേളനത്തിൽ ചേർന്നു. സ്ഥിതിഗതികൾ മാറിയതിനാൽ യുദ്ധം അവസാനിപ്പിക്കുകയാണു് നല്ലതെന്നു ബ്രിട്ടനും ബോദ്ധ്യമായി. പുതിയ തീർപ്പുപ്രകാരം തുർക്കിസാമ്രാജ്യത്തിന്റെ വടക്കെ അതിരു് കരിങ്കടൽ സമീപത്തുള്ള മിഡിയാ എന്ന സ്ഥലത്തുനിന്നു പടിഞ്ഞാറു് എയിജിയൻ സമുദ്രതീരത്തുള്ള സെൻട്രൽ ഇബ്രിജ് (Central Ibrige) വരെ കിടക്കുന്ന ഒരു നേർവരയായി സങ്കല്പിച്ചു. ഈ അതിരിന്നുള്ളിൽ അഡ്രിയാനോപ്പിൾ ഉൾപ്പെടും.

## 4. തുർക്കിയും ലോകമഹായുദ്ധവും.

**ലോകമഹായുദ്ധം (1914–8).**—1914-ൽ ലോകമഹാ

No: 4426

യുദ്ധം പൊട്ടിപ്പുറപ്പെട്ടതു് ആസ്ത്രിയ ചക്രവൎത്തിയുടെ മകൻ ആൎച്ച്ഡ്യൂക്ക് ചാൎലസിനെ സൎബിയയിൽവെച്ചു് ഒരു രാജദ്രോഹി വെടിവെച്ചു കൊന്നതുനിമിത്തമാണു്. അസ്ത്രിയയും സൎബിയയും തമ്മിൽ സൌന്ദൎയ്യത്തിരക്ക മുമ്പുതന്നെയുണ്ടായിരുന്നു. യഥാൎത്ഥകാരണം യൂറോപ്പിലെ മഹൽശക്തികൾ തമ്മിൽ കുറേക്കാലമായുണ്ടായ സ്പൎദ്ധയും മത്സരവുമാണു്. സൂൎയ്യാസ്തമനം ഒരിക്കലും ഉണ്ടാകാതിരിക്കത്തക്കവണ്ണം സൎവ്വഭൂഖണ്ഡങ്ങളിലും ബ്രിട്ടന്നു സ്ഥലങ്ങളുണ്ടല്ലോ. ബ്രിട്ടീഷ് സാമ്രാജ്യത്തെപ്പോലെ ഒരു മഹാസാമ്രാജ്യം ജൎമ്മനിക്കും സ്ഥാപിക്കണമെന്ന മനോരാജ്യം വളരെ സംവത്സരങ്ങൾക്കു മുമ്പായിത്തന്നെ ജൎമ്മൻ കൈസരിലും ഉദിച്ചുവന്നിരുന്നു. 1870-ലെ ഫ്രാങ്കോജൎമ്മൻ യുദ്ധത്തിൽ ജൎമ്മനിയുടെനാടായ ആൽസസ്സ് ലോറെയിൽ ഫ്രാൻസ് പിടിച്ചടക്കിയതിനാൽ അതു് മടക്കിക്കിട്ടേണമെന്ന മോഹവും, ഫ്രാൻസിനോടു പ്രതികാരംചെയ്യണമെന്ന ദുർബുദ്ധിയും കൈസൎക്കുണ്ടായിരുന്നു. ജൎമ്മനിയുടെ ആന്തരം ഗ്രഹിച്ചതിനാലാണു് ഫ്രാൻസു റഷ്യയോടു 1907-ൽ സഖ്യം ചെയ്തതു്. കൈസരുടെ പ്രേരണയാൽ ആസ്ത്രിയ സൎബിയയെ പോരിന്നു വിളിക്കുകയും യുദ്ധം ആരംഭിക്കയും ചെയ്തു. ഇതിന്നു മുമ്പായിത്തന്നെ ജൎമ്മനി യുദ്ധസംരംഭങ്ങൾ പൂൎത്തിയാക്കിയിരുന്നു. ജൎമ്മൻകാർ നൂതനയുദ്ധശാസ്ത്രങ്ങളിലും മററും പുരോഗമിച്ചിട്ടുണ്ടെന്നും പട്ടാളങ്ങളെപുതിയ രീതിയിൽ പരിശീലനം ചെയ്യിപ്പിച്ചിട്ടുണ്ടെന്നും, പന്ത്രണ്ടും പതിനഞ്ചും നാഴിക ദൂരത്തിൽ ഉണ്ടകളയക്കുന്ന ഗംഭീര പീരങ്കിത്തോക്കുകൾ ഉണ്ടാക്കി ഒരുക്കിവെച്ചിട്ടുണ്ടെന്നും അധി

കം ജനങ്ങളേയും ബോമ്പുകളേയും വഹിച്ചുകൊണ്ടു പോകുവാൻ പ്രാപ്തിയുള്ള വലിയവലിയ സെപ്പലിൻ വിമാനങ്ങൾ, പുതിയരീതിയിലുള്ള മുങ്ങിക്കപ്പലുകൾ മുതലായവയും നിർമ്മിച്ചിട്ടുണ്ടെന്നും ലോകം അക്കാലം അറിഞ്ഞിരുന്നു. ഇവയൊക്കെയാണു് ജർമ്മനിയെ യുദ്ധത്തിന്നു പ്രേരിപ്പിച്ച സംഗതികൾ.

**തുർക്കി-ജർമ്മനിസംഖ്യം**— ബ്രിട്ടീഷ് വ്യാപാരത്തിന്നു തടസ്ഥമാക്കുവാനും ബ്രിട്ടന്റെ ഇന്ത്യയിലേക്കുള്ള മാർഗ്ഗവും സൂയസ്തോടും അറബിക്കടലും ജർമ്മനിയുടെ അധീനത്തിൽ വരുത്തുവാനും ഒരു സൂത്രം തുർക്കിയെ ജർമ്മനിയുടെ അധീനത്തിലാക്കുകയാണു്. ഈ ഉദ്ദേശം മറവിൽവെച്ചു ലോകവ്യാപാരത്തിനെന്ന വ്യാജേന കാലേക്കൂട്ടിത്തന്നെ തുർക്കിസുൽത്താനെയും അൻവർ പാഷയേയും സ്വാധീനപ്പെടുത്തി ബർലിൻ-ബാഗ്ദാദ് റെയിൽപാത പണികൾ ജർമ്മനി നിർമ്മിച്ചുകൊണ്ടു വന്നിരുന്നു. ബാൾക്കൻ യുദ്ധകാലത്തുതന്നെ തുർക്കിപട്ടാളങ്ങളെ പരിശീലനം ചെയ്യിക്കേണ്ടുന്ന ഭാരം ജർമ്മനി ഏറ്റെടുത്തിരുന്നു. ഇങ്ങിനെയുള്ള പരിതഃസ്ഥിതികൾ തുർക്കിയെ ജർമ്മനിയോടടുപ്പിച്ചു. തുർക്കികൾക്കു ബ്രിട്ടനിൽ വിശ്വാസമുണ്ടായിരുന്നില്ല. തുർക്കിയെ യൂറോപ്പിൽനിന്നോടിക്കേണമെന്ന ആഗ്രഹം ബ്രിട്ടന്നു ഒരുവിധത്തിലും റഷ്യക്കു മറ്റൊരുവിധത്തിലും ഉണ്ടായിരുന്ന രഹസ്യം തുർക്കിയിൽ സർവ്വത്ര അറിവായിട്ടുണ്ടായിരുന്നു. യുദ്ധാരംഭത്തിൽ തുർക്കി ജർമ്മനിയുടെ പക്ഷത്തിൽ ചേർന്നിരുന്നില്ലെങ്കിലും 1915 ജനുവരിയിൽ ബ്രിട്ടന്റെ പുതിയ ഐക്യകക്ഷിക്കെതിരായി തുർക്കി സമരം പ്രഖ്യാപിച്ചു.

തുൎക്കി ജൎമ്മനിക്കനുകൂലമായി യുദ്ധത്തിൽ ചേൎന്നതു അൻവർപാഷയുടെ പരിശ്രമംകൊണ്ടായിരുന്നു. മുസ്താഫാ കമാൽ ഇതിന്നു വിരോധിയായിരുന്നു. തുൎക്കി യുദ്ധത്തിൽ ചേരരുതെന്നും തുൎക്കിപട്ടാളങ്ങളുടെ ജൎമ്മൻകാരുടെ കീഴിലുള്ള പരിശീലനം തുടൎന്നുപോകരുതെന്നും, ജൎമ്മൻകാർ തുൎക്കിമന്ത്രിസഭയുമായി അടുത്തു ബന്ധിച്ചാൽ തുൎക്കിയുടെ ഉള്ളുകള്ളിയും വീഴ്ചകളും വിദേശിയൎക്കറിവാനിടവരുമെന്നും മററും കമാൽബെഗ് ശക്തിമത്തായി വാദിച്ചുനോക്കി. എന്നുമാത്രമല്ല പട്ടാളത്തെ നവീനരീതിയിൽ നടത്തുവാൻ വൈദഗ്ദ്ധ്യമുള്ള നായകന്മാർ തുൎക്കിയിലുണ്ടായിരിക്കെ ജൎമ്മൻകാൎക്കു പട്ടാളത്തെ നയിക്കുവാൻ പൂൎണ്ണാധികാരം കൊടുക്കുന്നതു ഭോഷത്വവും ഭീരുത്വവുമാണെന്നു മുസ്താഫാ കമാൽ പറഞ്ഞു തനിക്കുതന്നെ നവീനരീതിയിൽ യുദ്ധം നടത്തുവാൻ പ്രാപ്തിയുണ്ടെന്നു മുസ്താഫാ കമാലിന്നു പൂൎണ്ണവിശ്വാസം ഉണ്ടാകാതെയിരുന്നില്ല. അൻവർപാഷയുടെ നൈരാശ്യംകൊണ്ട് മുസ്താഫാ മന്ത്രിസഭയിൽ ഒരു മെമ്പറൊ ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥനൊ ആയിരുന്നില്ല. യുദ്ധത്തിൽ ജൎമ്മനിക്കു വിജയം ലഭിക്കുവാനുള്ള ചിഹ്നങ്ങൾ കാണാനില്ലെന്നും ജൎമ്മനിജയിച്ചാൽ തുൎക്കി ജൎമ്മനിക്കടിമയാകുമെന്നും, തോററാൽ തുൎക്കി സൎവ്വ നഷ്ടങ്ങളും സഹിക്കേണ്ടിവരുമെന്നും കമാൽ പറകയുണ്ടായി. എന്നാൽ മുസ്താഫയുടെ വാക്കു് അന്നു ശോഭിച്ചില്ല.

**തുൎക്കിക്കെതിരായ സ്വകാൎയ്യസന്ധികൾ—** ബ്രിട്ടനും, റഷ്യയുമായും ബ്രിട്ടനും ഇററലിയുമായും ഓരോ സ്വകാൎയ്യസന്ധി കരാർചെയ്തു. ആദ്യത്തെ സന്ധിപ്രകാരം തുൎക്കിക്കു

പരാജയം വന്നാൽ റഷ്യക്ക കോൺസ്റ്റാൻറിനോപ്പൾ കൊടുക്കവാനും മറേറതുപ്രകാരം ഇററലിക്ക സ്മിർണ്ണയും പരിസരങ്ങളും കൊടുക്കവാനും ബ്രിട്ടൻ തീരുമാനിച്ചു. ഈ സഹായികളെ ബ്രിട്ടൻ വഞ്ചിക്കയാണ് പിന്നീടു ചെയ്തത്. ഇററലിക്ക സ്മിർണ്ണയും കിട്ടിയില്ല, റഷ്യക്ക കോൺസ്റ്റാൻറിനോപ്പളും ലഭിച്ചില്ല. ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ജാപ്പാൻ, ഹോളണ്ട്, ബൽജിയം, ഇററലി, അമേരിക്ക (U. S. A.) ഐക്യകക്ഷിയെന്നും, ജർമ്മനി, ആസ്ത്രിയ, തുക്കി മദ്ധ്യയൂറോപ്പുകക്ഷിയെന്നും പേരായി നാലുവർഷം സമരംചെയ്തു.

**ഗാലിപ്പോലി യുദ്ധം**— 1914-ൽ മഹായുദ്ധമാരംഭിച്ചപ്പോൾ അൻവർപാഷയുടെ നിയന്ത്രണത്താൽ മുസ്തഫാ കമാലിനെ തുക്കിപ്രതിനിധി എന്ന നിലയിൽ ബൾഗേറിയാ തലസ്ഥാനമായ സോഫിയായിലേക്ക മിലിററി അററാച്ചിയായി അയച്ചു. പിന്നീടു ജർമ്മൻ-തുക്കിസഖ്യം പൂർത്തിയാക്കിയശേഷം മാത്രമെ മുസ്തഫയെ സോഫിയായിൽനിന്ന മടക്കി വിളിപ്പിച്ചുള്ളു. തുക്കി ജർമ്മൻസഖ്യം അറിവായ ഉടനെ ബ്രിട്ടീഷ് പടക്കപ്പലുകൾ സൈന്യങ്ങളെ തെക്കെ ഗാലിപ്പോലിയിലിറക്കവാൻ ശ്രമിച്ചു. ഡാർഡനൽസ്സിൽ ഉറപ്പിച്ചിരുന്ന തുക്കിപീരങ്കികൾ ബ്രിട്ടീഷ് കപ്പലുകളെ നശിപ്പിച്ചു. പിന്നീടു ബ്രിട്ടൻ സൈന്യങ്ങളെ ഇറക്കിയത് ഡാർഡനൽസ്സിൽനിന്ന ദൂരെയുള്ള ഒരു ഉൾക്കടൽ പ്രദേശത്താണ്. ഗാലിപ്പൊലിയിലെ തുക്കിപ്പട്ടാളത്തെ നയിച്ചത് ജർമ്മൻ ജനറൽ ലിമൺ വോൺ സാണ്ടേർസ് (Limon Von Sanders) ആയിരുന്നു. ബ്രിട്ടീഷ് സേനാനാ

കൻ ജനറൽ ബർഡ്‌വുഡ് ഐക്യകക്ഷി സൈന്യങ്ങളെ നയിച്ചു. ആദ്യം ബ്രിട്ടീഷ്‌കാൎക്കു വിജയമുണ്ടായി; ഐക്യകക്ഷി പട്ടാളം ഉൾനാട്ടിൽ പ്രവേശിച്ചു. പല തോൽവികൾ നിമിത്തം സാണ്ടർസിന്നു മുസ്തഫാ കമാലിൻെറ സഹായം തേടാതെ നിവൃത്തിവന്നില്ല. മുസ്ററഫാ കമാലിനെ ഒരു സേനാധിപനാക്കി. എന്നാൽ സാണ്ടർസിൻെറ സൈന്യനിയന്ത്രണത്തിൽ പല വീഴ്ചകളും കമാൽ കണ്ടറിഞ്ഞതിനാൽ തനിക്കു പൂൎണ്ണഅധികാരം കിട്ടേണമെന്നാവശ്യപ്പെട്ടുകയും അപ്രകാരം അധികാരം പ്രവൎത്തിക്കുവാൻ അദ്ദേഹത്തിന്നു സ്വാതന്ത്ര്യം കിട്ടുകയുംചെയ്തു. മുസ്തഫാ കമാൽ ഇങ്ങിനെ ഗാലിപ്പോലി സേനകളുടെ സൎവ്വസൈന്യാധിപനായി. കമാൽ ഒരു പട്ടാളത്തെ ഡാർഡനൽസ്സിലേക്കുള്ള മാൎഗ്ഗത്തിന്നു് ഒരു ഭാഗമായ കോജാ ചെൻമൊൺ ടെയിപ്പ് (Koja Chennon Tepe) മലമ്പുറത്തിലേക്കയച്ചു; അവിടെ ആ സൈന്യം പാളയം ഉറപ്പിച്ചു. കമാൽ വിചാരിച്ചപോലെതന്നെ ബർഡ്‌വുഡ് ഈ മാൎഗ്ഗത്തിലാണു് ഐക്യകക്ഷിയെ നയിച്ചതു്. ഇവിടെ ബർഡ്‌വുഡിന്നു വളരെ നഷ്ടവും വലിയ പരാജയവുമുണ്ടായി; സൈന്യത്തിൽ അധികംപേർ നശിക്കുകയുംചെയ്തു. ജയഘോഷത്തോടെ മുസ്ററഫാ കമാൽ ബ്രിട്ടീഷ്‌പട്ടാളത്തെ അവർ കപ്പലിറങ്ങിയ കടൽതീരത്തേക്കുതന്നെ ഓടിച്ചു. ബ്രിട്ടന്നു ഗാലിപ്പോലിയിൽ ആകെ ഒരു ലക്ഷത്തിലധികം ഭടന്മാർ നശിച്ചു. ജനറൽ ബർഡ്‌വുഡ് കമാലിനെപ്പററി പുകഴ്ത്തിക്കൊണ്ടു് ബ്രിട്ടീഷ് കാബിനററിന്നു വിവരം അറിയിച്ചു. ബ്രിട്ടീഷുദ്യോഗസ്ഥന്മാർ മുസ്ററഫാ കമാലിനെ

ഒരു വീരധീരോദാത്തനായി കരുതിവന്നു. മുസ്ററാഫാ കമാലിന്റെ ആവേശജനകമായ നിൎദ്ദേശങ്ങളും, നെപ്പോളിയൻ യുദ്ധരംഗത്തിൽവെച്ച് ചെയ്തുവന്നപോലെ ശത്രുക്കൾക്ക മൎമ്മഭേദകവും, അനുയായികൾക്ക് ഉദ്വേഗജനകവുമായ ചെറുപ്രസംഗങ്ങളും സ്വമാതൃകയുമാണ് തുൎക്കികളുടെയിടയിൽ ധൈൎയ്യവും സഹനശക്തിയും ഉളവാക്കിയതു്. ഐക്യകക്ഷിയുടെ യുദ്ധസംരംഭങ്ങൾ ബഹുഗംഭീരമായിരുന്നുവെന്നു ഓൎക്കണം. ആയുധക്കോപ്പുകൾ, ടാങ്കുകൾ, വിമാനങ്ങൾ മുതലായവയിലും സാമ്പത്തികകാൎയ്യത്തിലും ഐക്യകക്ഷി തുൎക്കിയേക്കാൾ ഉന്നതപദവിയിലായിട്ടും അവർ വളരെ നാശങ്ങളോടെ, ഓടിപ്പോകേണ്ടിവന്നതു്, മുസ്ററാഫാ കമാലിന്റെ യുദ്ധവൈദഗ്ദ്ധ്യവും തുൎക്കികളുടെ ധീരതയും നിമിത്തമാണ്. സൂക്ഷ്മത്തിൽ ബ്രിട്ടീഷുകാർ വലിയ യുദ്ധപരാക്രമികളല്ല. ഇന്ത്യയിലെ പോൎക്കളങ്ങളിൽ ബ്രിട്ടന്നു വിജയങ്ങൾ നേടിക്കൊടുത്തതു് ഇന്ത്യൻ പട്ടാളങ്ങളാണ്. പടിഞ്ഞാറെ യുദ്ധരംഗത്തിൽ ബ്രിട്ടീഷുദ്വീപുകളെ രക്ഷിച്ചതു് ഇന്ത്യൻ പട്ടാളങ്ങളായിരുന്നുവെന്നു ലോകൎക്കറിയാം. ഗാലിപ്പോലിയിലെ പരിപൂൎണ്ണവിജയത്തിൻ ഫലമായി സുൽത്താൻ, മുസ്തഫാ കമാലിന്നു് "പാഷാ" സ്ഥാനം നല്കി.

**ഇറാക്ക്–സിറിയാ യുദ്ധം—** തെക്കെ തുൎക്കിസാമ്രാജ്യത്തിൽ ജനറൽ ഫാൾക്കെയിൻ ആയിരുന്നു തുൎക്കിപട്ടാളങ്ങളെ നയിച്ചതു്. ആദ്യം തുൎക്കികൾ ബ്രിട്ടീഷുപട്ടാളത്തെ മെസൊപ്പൊട്ടേമിയയിൽനിന്നു് ഓടിച്ചുവെങ്കിലും ജൎമ്മൻ സേനാപതിയുടെ പോരായ്മകൊണ്ടു് തുൎക്കിക്ക വളരെ പരാജയങ്ങൾ വന്നുകൂടി. ഫാൾക്കെയിൻ പട്ടാളങ്ങളെ പിൻ

വലിച്ചു. മുസ്തഫാ കമാൽ ഡാർഡനൽസ്സ രക്ഷിച്ചശേഷം കോൺസ്റ്റാൻറിനോപ്പിളിലേക്ക മടങ്ങിവന്നപ്പോൾ അദ്ദേഹത്തെ ഈ രംഗത്തിൽ അയച്ചിരുന്നുവെങ്കിൽ അവിടേയും തുൎക്കിക്ക വിജയമുണ്ടാകുമായിരുന്നു. പക്ഷെ അൻവർ പാഷയുടെ ചരടുവലിയാൽ കമാൽ പാഷക്കു മന്ത്രിസഭയിൽ ഒരു സ്ഥാനവും കിട്ടിയില്ലെന്നു മാത്രമല്ല, കമാൽപാഷയെ കോൺസ്റ്റാൻറിനോപ്പളിൽ വിട്ടേച്ചാൽ ഗവൎമ്മെണ്ടു അദ്ദേഹത്തിൻെറ സ്വാധീനത്തിലകപ്പെട്ടുപോയേക്കാമെന്ന് ശങ്കിച്ചിട്ട്, ഈ ഗാലിപ്പൊലി ഡാർഡനൽസ്സ വീരകാക്കസസ്സ് യുദ്ധരംഗത്തിലേക്കയച്ചു. അവിടെ പട്ടാളത്തിന്നുവേണ്ടുന്ന എല്ലാ പടക്കോപ്പുകളും, ഭക്ഷണസാധനങ്ങളും മുറിയേററവരേയും രോഗികളേയും ചികിത്സിക്കുവാൻ വേണ്ടുന്ന മരുന്നുകളും, സാമാനങ്ങളും ഡോക്ടർമാരും ഉണ്ടായിരുന്നില്ല. ഉദ്യോഗസ്ഥന്മാരുടെയിടയിൽ വലിയ കൈക്കൂലിയും നടന്നിരുന്നു. കമാൽപാഷ കാക്കസസ്സിലെത്തിയ ഉടനെ ഇത്തരം വീഴ്ചകളെ മന്ത്രിസഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടും യാതൊരു ഫലവുമുണ്ടായില്ല. തുൎക്കിസേനക്ക കമാൽ വരുന്നതിന്നു മുമ്പായി പല പരാജയങ്ങൾ ഉണ്ടായിട്ടും കാക്കസസ്സിൽ മുഖ്യപട്ടണമായ ബാക്കു എന്ന മണ്ണെണ്ണ കേന്ദ്രസ്ഥലം അദ്ദേഹം പിടിച്ചടക്കി. റഷ്യ പരാജിതയായതു് റഷ്യയിലെ സോഷ്യലിസ്ററ് വിപ്ലവമാണെന്നു പറയാതിരിക്കുവാൻ തരമില്ല. ഏതായാലും കമാൽപാഷ കോൺസ്ററാൻറിനോപ്പിളിലേക്ക മടങ്ങി എത്തിയപ്പോൾ സുൽത്താൻ അദ്ദേഹത്തെ ബഹുമാനിച്ചു സമ്മാനങ്ങൾ കൊടുത്തു.

കമാൽപാഷയെ അൻവർപാഷയുടെ സ്ഥാനത്തേക്കു വെക്കുവാൻ ചില ഗൂഢാലോചനകൾ ഉണ്ടായിരുന്നു. ഗൂഢാലോചന നടന്നതു കമാൽ കാക്കസസ്സിലായിരുന്ന സമയത്താണു്. ഗൂഢസംഘത്തെപ്പററി വിവരം ഗവർമ്മെണ്ടിന്നു കിട്ടിയപ്പോൾ അതിൻെറ നാഥനായ ജമാലിനെ പിടിച്ചു തൂക്കിക്കൊന്നിരുന്നു. അങ്ങിനെയുള്ള യത്നങ്ങൾ കൊണ്ടാണു് കമാലിൻെറ അനുയായികൾക്കു തലഉയൎത്താൻ സാധിക്കാഞ്ഞതു്. അൻവർപാഷ പേരിന്നു പട്ടാളങ്ങളുടെ സേനാപതിയാണെങ്കിലും ജർമ്മൻകാർതന്നെയായിരുന്നു സിറിയാബാഗ്ദാദ് യുദ്ധം നടത്തിവന്നതു്. ഈ രംഗത്തിലെ അപജയങ്ങൾനിമിത്തം കമാൽപാഷയെ അവിടേക്കയക്കണമെന്നു മേധാവികൾക്കു് അഭിപ്രായമുണ്ടായി. അൻവർപാഷയുടെ കല്പന കമാൽപാഷ നിരസിക്കുമെന്നുറപ്പുണ്ടായതിനാൽ സുൽത്താൻ അദ്ദേഹത്തെ വിളിച്ചു നേരിട്ടു കല്പനകൊടുത്തു. അതുപ്രകാരം കമാൽപാഷ ഏഴാംപട്ടാളത്തിൻെറ സേനാധിപനായി ഈ രംഗത്തിൽ ചെന്നു. ഫാൾക്കെയിനിൻെറ പരാജയസാഗതി കമാൽപാഷക്കു മനസ്സിലായതിനാൽ, ഗാലിപ്പോലിയിൽ വാദിച്ചപോലെ സൎവ്വാധികാരം തനിക്കു കിട്ടിയാൽ മാത്രമെ യുദ്ധത്തെ നയിക്കയുള്ളു എന്ന വിവരം ജനാൽ സാണ്ടർസിനെ അറിയിച്ചു; എന്നുമാത്രമല്ല ഫാൾക്കെയിനിൻെറ യുദ്ധനയത്തെയും സൂത്രത്തെയുംപററി നിരൂപണംചെയ്തുകൊണ്ടു് പല ന്യൂനതകളെയും ചൂണ്ടിക്കാണിച്ചു. ശത്രുസൈന്യങ്ങൾ കിഴക്കു കേന്ദ്രീകരിക്കുമെന്നു് ധരിച്ചു വലിയ പട്ടാളത്തെ അവിടെ നിൎത്തിയതു തെററാണെന്നും ശത്രുക്കൾ പടിഞ്ഞാറുള്ള ജോർ

ഡൻനദീതീരത്തിൽ കൂടിയായിരിക്കും പുരോഗമനം ചെയ്യുക എന്നും സാണ്ടർസിന്നു എഴുതി അറിയിച്ചു. രാജ്യത്തിലെ നിമ്നോന്നതസ്ഥലങ്ങളും യുദ്ധത്തിന്നുതകുന്ന മാൎഗ്ഗങ്ങളും കമാൽ പാഷക്കു ഗ്രാഹ്യമായിരുന്നപോലെ വിദേശീയ ജൎമ്മൻകാൎക്കു മനസ്സിലായിരുന്നില്ല. കമാൽപാഷയുടെ വാദമൊന്നും ശോഭിക്കാത്തതിനാൽ അദ്ദേഹം കോൺസ്റ്റാൻറിനോപ്പളിലേക്കു മടങ്ങിപ്പോയി. അധികം താമസിയാതെ അദ്ദേഹം ഉപസുൽത്താൻെറ അംഗരക്ഷകന്മാരുടെകൂടെ പടിഞ്ഞാറെ യുദ്ധരംഗം സന്ദൎശിക്കുവാൻ പോകേണ്ടിവന്നു. പിന്നീട്ടു 1918-ലെ സന്ധിക്കു രണ്ടുമാസം മുമ്പെ സിറിയായിൽ "തട്ടുക്കിർ ഗുരുക്കളെ" എന്ന ഫലം വന്നപ്പോൾ സൎവ്വാധികാരത്തോടുകൂടി കമാൽ ഈ രംഗത്തിലേക്കു വന്നു പക്ഷെ, ഇതു വൈകിപ്പോയിരുന്നു. തുൎക്കിയുടെ വലിയ സൈന്യം കിഴക്കു പാളയം കെട്ടി താമസിക്കയും ചെറുസൈന്യങ്ങൾ പലേടങ്ങളിലും ചിതറിപ്പോകയുംചെയ്തിരുന്നു. കമാൽപാഷ പറഞ്ഞതുപോലെതന്നെ ഐക്യസൈന്യങ്ങൾ ജോർഡൻ നദീതീരത്തു സമ്മേളിച്ചു ഡെമസ്കസ്സിലേക്കു പുറപ്പെട്ടിരുന്നു. അതുകൊണ്ടു പട്ടാളങ്ങളെ ഡെമസ്കസ്സിന്നു വടക്കുള്ള ആലപ്പോയിലേക്കു പിൻവലിക്കാനേ കമാൽപാഷക്കു നിവൃത്തിയുണ്ടായുള്ളു. മെസൊപൊട്ടേമിയ പിടിച്ചു മുന്നോട്ടുവന്ന മൈസൂർ സാപ്പർസ് പട്ടാളത്തേയും ജൊഡ്പൂർ പട്ടാളത്തേയും ആലപ്പൊ മാൎഗ്ഗത്തിൽവെച്ചു കമാൽ തോല്പിച്ചു. അപ്പോഴേക്കും (1918) യൂറോപ്പിലെ പടിഞ്ഞാറെ യുദ്ധരംഗത്തിൽ ജൎമ്മനിക്കു പരാജയം വന്നുവെന്നു മാത്രമല്ല ഐക്യകക്ഷിയുടെ കടൽബന്ധാവസ്ഥ് നിമിത്തം ജൎമ്മനിക്കു

ആഹാരസാധനങ്ങൾ കിട്ടാതെയും ആയി. ജർമ്മൻ സാമ്പത്തികകാര്യങ്ങളും വളരെ മോശമായതിനാൽ ജർമ്മൻകാരെ തുർക്കിയിൽനിന്നു മടക്കിവിളിച്ചു. വിജയികളായ ഐക്യകക്ഷി ഗാലിപ്പോലിയിൽ വീണ്ടും പ്രവേശിച്ചു. ഈ സ്ഥിതിയിൽ സുൽത്താൻ ഒരു താല്ക്കാലികസന്ധിക്കാവശ്യപ്പെട്ടു. 1918 സപ്തംബർമാസത്തിൽ മുദ്രോസിൽവെച്ചു തല്ക്കാലസന്ധിയുണ്ടായി.

## 5. യുവകമാൽ

**യുവകമാൽ**— കമാൽ സ്വാതന്ത്ര്യബുദ്ധിയും ധൈര്യവുമുള്ള ഒരു ഭടനായതുകൊണ്ടു തന്റെ മേധാവികളോടു ഭവിഷ്യത്തു ചിന്തിയാതെ—മുഖസ്തുതികൂടാതെ—കാര്യം തുറന്നു പറയും. കമാൽ ബൾഗേറിയാ മിലിട്ടറി അററാച്ചിയായിരുന്നതുകൊണ്ടു ജനറൽ സാണ്ടർസ് അദ്ദേഹത്തോടു ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. "ബൾഗേറിയ യുദ്ധത്തിൽ ചേരുമോ? ജർമ്മൻകാരുടെവിജയങ്ങൾനിമിത്തം ബൾഗേറിയ അന്ധാളിച്ചിട്ടില്ലേ? ജർമ്മൻകാർ വിജയികളായിത്തീരുമെന്നു ബൾഗേറിയ വിശ്വസിക്കുന്നില്ലേ?" ഈ ചോദ്യങ്ങൾക്കു മുസ്തഫാ കമാൽ പറഞ്ഞ രസിക്കാത്ത ഒരേ ഒരുത്തരം "ഇല്ല" എന്നും ബൾഗേറിയയുടെ ഈ അഭിപ്രായം ന്യായീകരിക്കാമോ? എന്ന മറെറാരു ചോദ്യത്തിനു "ന്യായീകരിക്കാം" എന്നും ആയിരുന്നു. എന്നാൽ ഈ ഉത്തരങ്ങൾ കൊടുത്തതു കമാലിനെ ഡാർഡനൽസ്സിലെ ഒരു സേനാപതിയായി സാണ്ടർസ് നിശ്ചയിച്ച ഉടനെ തന്നെയാണ് എന്നോർക്കണം. കമാലിന്റെ കൂസലില്ലാത്ത

സ്വാതന്ത്ര്യമനഃസ്ഥിതിയും മനോദാർഢ്യവുമാണ് ഈ മാതിരി ഉത്തരങ്ങളെ പുറത്തേക്കു തള്ളിവിട്ടതു്.

ഗാലിപ്പൊലിയിൽ ഒരു സേനാനായകൻ മാത്രമായപ്പോഴും തൻെറ മേധാവിയായ സാണ്ടേർസ് യുദ്ധനടത്തിപ്പിൽ വരുത്തിയ വീഴ്ചകളെ ചൂണ്ടിക്കാണിച്ചു സർവ്വാധികാരം തനിക്കു കിട്ടേണമെന്നു നിഷ്കർഷിച്ചതും, കോൺസ്റ്റാൻറിനോപ്പളിനെ രക്ഷിച്ചതും കമാലിൻെറ ഹൃദയദാർഢ്യവും ആത്മവിശ്വാസവുമാണ്. ഇപ്രകാരം ധൈര്യപൂർവ്വം ജർമ്മൻ പട്ടാളഭരണത്തെപ്പററി ആക്ഷേപിച്ചതിനാൽ ഉദ്യോഗസ്ഥന്മാർക്കുള്ള വെറുപ്പിനെ കമാൽ അഗണ്യമാക്കി; എന്നു മാത്രമല്ല ജർമ്മൻ മേധാവിത്വത്തിൽ തുർക്കിക്കു വിജയം ലഭിക്കുമെന്ന വിശ്വാസം അബദ്ധമാണെന്നും ഈ വിശ്വാസം നിമിത്തം താൻ ഒരു ലഹളക്കാരനാണെന്ന നിലയിൽ തന്നെ തള്ളിക്കളയുവാൻ കമ്മററി ശ്രമിക്കയാണെന്നും കമാൽ പറകയുണ്ടായി. പട്ടാളകമ്മററി കമാലിനെ ഇതു സംബന്ധിച്ചു ശിക്ഷിക്കുവാൻ മന്ത്രിസഭയോടാവശ്യപ്പെട്ടപ്പോഴും കമാലിന്നുണ്ടായ സമാധാനം, അൻവർപാഷ സാരമില്ലെന്നും സുൽത്താൻെറ അധികാരം നിലനില്ക്കുന്ന കാലത്തോളം അൻവൎക്ക് അധികാരം കരസ്ഥമാക്കുവാൻ സാധിക്കയില്ലെന്നുമായിരുന്നു.

കമാൽപാഷ ഒരു മുഖസ്തുതിക്കാരനായിരുന്നില്ലെന്നതിന്നു വേറെയും ദൃഷ്ടാന്തങ്ങളുണ്ട്. മുഖസ്തുതി കേൾപ്പാനും അദ്ദേഹത്തിന്നാഗ്രഹമുണ്ടായിരുന്നില്ല. ഒരിക്കൽ പട്ടാള ഉദ്യോഗസ്ഥന്മാർ വന്നുചേന്ന ഒരു പാനീയവിശ്രമസ്ഥലത്തു വെച്ചു്, സുൽത്താൻെറ മന്ത്രിയായ ജമാൽപാഷ (Djemal

Pasha) സ്വരാജ്യസ്നേഹികളിൽ അഗ്രഗണ്യനാണെന്നു ഒരു ആഫീസർ പറഞ്ഞപ്പോൾ, കമാൽ പറഞ്ഞതു് "ആരെയും സ്തുതിക്കുന്നതിലൊ സ്തുതിപാടി പ്രവർത്തിക്കുന്നതിലൊ അല്ല മാഹാത്മ്യം കിടക്കുന്നതു്. സ്വരാജ്യഗുണത്തിന്നുതകുന്ന സത്യാദർശത്തെ ആരാഞ്ഞറിഞ്ഞു നിരന്തരം പ്രവർത്തിക്കുന്നതിലാണു് സ്വരാജ്യസ്നേഹം സ്ഥിതിചെയ്യുന്നതു്" എന്നായിരുന്നു. ഇങ്ങിനെയുള്ള മനഃസ്ഥിതി കമാലിന്നുണ്ടായതുകൊണ്ടു സ്തുതിചെയ്തു് ഉന്നതസ്ഥിതിയിൽ എത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ല. മഹായുദ്ധം തുടങ്ങിയതിൽപിന്നെ അൻവർപാഷ ഉത്തരവാദിത്വമുള്ള ഒരു ജോലിയും കമാൽപാഷക്കു കൊടുക്കാത്തതു കമാലിനെ ഭയപ്പെട്ടതുകൊണ്ടുതന്നെയാണു്.

ഒരു സന്ദർഭത്തിൽ ഒരു മാന്യൻ കമാൽപാഷയെ നെപ്പോളിയനോടു സാദൃശ്യപ്പെടുത്തി പറഞ്ഞപ്പോൾ, കമാൽ പറയുന്നു; "നിങ്ങൾ എന്നെ ബഹുമാനിക്കുന്നുവെങ്കിൽ എന്നെ തുർക്കിയിലെ "മുസ്ററാഫാ കമാൽ" എന്നു വിളിക്കുക. (ജനങ്ങൾ അദ്ദേഹത്തെ "വിജയിയായ പാഷ" എന്നാണു് വിളിച്ചുവന്നതു്.) വിജയി എന്നും പാഷ എന്നും പറയുന്ന വിനയസ്തുതിക്കു പഴയ ചരിത്രത്തിലെ സ്ഥാനമുള്ളു. ഒരു ഭടന്റെ മുറ വാൾകൊണ്ടു വെട്ടുവാനും വധിപ്പാനും വെട്ടുമ്പോൾ വധിക്കപ്പെടുവാനുമാണെന്നു് ഒരു കവി പറയുന്നു."

കമാൽ ഉന്നതസ്ഥിതിയിൽ വന്നപ്പോൾ അനുയായികളുമായി ഒരു സംഭാഷണത്തിൽ പറഞ്ഞതു്, "രണ്ടു മുസ്തഫാ കമാൽ ഉണ്ടു്. ഒന്നു സ്ഥൂലമായ ഈ ദേഹമാണു്.

അതു നശിച്ചുപോകുന്നു. മറെറാരു മുസ്തഫാ കമാൽ ഉണ്ടെങ്കിലും അതിനെപ്പററി "അഹം" എന്നു പറയാൻ പാടില്ല. ഈ രണ്ടാമത്തെ മുസ്തഫാ കമാലിൻെറ രൂപം ഞാൻ വഹിക്കുന്നില്ല. ഉൾരാജ്യത്തെല്ലാം പുതിയ ആദർശത്തെ പ്രചരിപ്പിക്കുകയും സംരക്ഷിക്കുകയുംചെയ്യുന്ന നിങ്ങളാണ് ആ കമാൽപാഷയെ പ്രതിനിധീകരിക്കുന്നത്. നിങ്ങളുടെ മനോരാജ്യങ്ങളെ സഫലമാക്കുകയാണ് ഈ രണ്ടാം കമാൽപാഷ ചെയ്യുന്നത്. ഈ മനോരാജ്യങ്ങൾ ഫലപ്രദമായുറച്ചുകിട്ടാനാണ് എൻെറ ജീവദശയെ ഞാൻ വിനിയോഗിക്കുന്നതു്."

സിറിയാ-ബാഗ്ദാദ് യുദ്ധരംഗത്തിൽ അൻവർപാഷ സാറക്കാന എന്ന സ്ഥലത്തുവെച്ചുണ്ടായ യുദ്ധത്തിൽ പരാജിതനായി കോൺസ്റ്റാൻറിനോപ്പളിൽ മടങ്ങിവന്നപ്പോൾ കമാലിനെ 19-ാംപട്ടാളത്തിൻെറ അധിപനായി നിശ്ചയിച്ചിട്ടുണ്ടെന്നും കമാൽ ഉടനെ സിറിയ-ബാഗ്ദാദ് രംഗത്തിൽ പോകേണമെന്നും അറിവുകൊടുത്തു. സൂക്ഷ്മത്തിൽ അങ്ങിനെയൊരു പട്ടാളം അവിടെ ഉണ്ടായിരുന്നില്ലെന്നു ജനറൽ സാണ്ടേർസ് പറഞ്ഞിട്ടാണ് കമാൽ അറിഞ്ഞതു്. ഈ ചതിവു പിണഞ്ഞതിനെപ്പററി ആക്ഷേപിക്കാതെ ജനറലും കമാലുമായുണ്ടായ അഭിമുഖസംഭാഷണത്തിൽ കമാലിൻെറ യുദ്ധനയസാമർത്ഥ്യം ജനറൽ ഗ്രഹിച്ചതിനാലാണ് പിന്നീട്ടു കമാൽ ഗാലിപ്പൊലിയിൽ സർവ്വാധിപനായ സേനാപതിയായതും ലോകവിശ്രുതനായതും.

കമാൽപാഷയെ ഏഴാംപട്ടാളസൈന്യാധിപനായി ബാഗ്ദാദിലയച്ചപ്പോൾ കൈക്കൂലികൊണ്ടു കമാലിൻെറ

ഹൃദയം വശീകരിക്കാമെന്നു ഫാൾക്കെയിൻ തെററായി ധരിച്ചു്, ഒരു പെട്ടി നിറയെ സ്വർണ്ണനാണ്യങ്ങൾ കമാലിന്നയച്ചു. പാഷ അതിന്നൊരു രശീതി കൊടുത്തു പണപ്പെട്ടി ആലപ്പോയിലെ ആഫീസിലേക്കയച്ചു. ഫാൾക്കെയിന്നുമായി യോജിക്കാത്തതിനാൽ കമാൽ ഉദ്യോഗം രാജിവെച്ചു് ഫാൾക്കെയിൻ സമ്മാനമായി തന്ന സ്വർണ്ണം ഒന്നും തൊടാതെ ജനറൽ ആലിസ്സാവിൻ മുഖാന്തരം മടക്കി അയച്ചു്, കോൺസ്റ്റാൻറിനോപ്പിളിലേക്കു മടങ്ങിപ്പോയി. സ്വത്തായി തൻെറ കുതിരകളല്ലാതെ മറെറാന്നുമില്ലാഞ്ഞതിനാൽ ജമാൽപാഷയോടു കുറെ പവൻ കടംവാങ്ങിയാണു് കമാൽ തലസ്ഥാനത്തേക്കു മടങ്ങിയതു്. സ്വർണ്ണത്തിന്നുവേണ്ടി തൻെറ ന്യായമായ ആദർശത്തെ ബലികഴിക്കയില്ലെന്നു് ഇതു തെളിയിക്കുന്നു.

ഉപസുൽത്താൻ വഹിയുദീൻ പടിഞ്ഞാറെ ഫ്രാങ്കൊ-ബെൽജിയൻ യുദ്ധരംഗം സന്ദർശിക്കുവാൻ പോയപ്പോൾ കമാൽപാഷയും കൂടെയുണ്ടായിരുന്നു. വഹിയുദീനും പരിവാരങ്ങൾക്കും സ്പാ എന്ന സ്ഥലത്തു കൈസരും ജനറൽ ഹിണ്ടൻബർഗ്ഗും ജനറൽ ലൂഡൻഡോർഫും സ്വീകരണം നല്കി (1917 ഡിസംബർ 17-ാംനു). കൈസർ, കമാൽപാഷയുടെ കൈപിടിച്ചു കുലുക്കിക്കൊണ്ടു "അനാഫോട്ടയിൽ വിജയം നേടിയ മഹാൻ" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു ഹാർദ്ദമായി സ്വീകരിച്ചു. "നിങ്ങൾതന്നെയല്ലെ പതിനാറാംപട്ടാളം നടത്തി അനഫോട്ടയിൽ വിജയം നേടിയതു്?" എന്ന ചോദ്യത്തിന്നു "അതെ ഉൽകൃഷ്ടനായ അങ്ങുന്നെ" (Yaor Excellency) എന്നു മാത്രമായിരുന്നു കമാൽപാഷ

യുടെ ഉത്തരം. തന്നെപ്പററി സ്തുത്യർഹമായി കമാൽ പറ ഞ്ഞ അവസാനത്തെ പ്രശംസാവാക്ക് ഇതായിരുന്നെന്നു ഒരു ചരിത്രകാരൻ രേഖപ്പെടുത്തുന്നു.

പടിഞ്ഞാറെ യുദ്ധരംഗത്തിൽ സേനാപതിയായിരു ന്ന ലൂഡർഡോർഫുമായി ഉപസുൽത്താൻ അഭിമുഖസംഭാ ഷണം ചെയ്യുമ്പോൾ മുസ്തഫാ കമാൽപാഷ സേനാപതി യോടു ഇങ്ങിനെ ചോദിച്ചു:—"ഈ ആക്രമണം വിജയമാ കുന്നതായാൽ നിങ്ങളുടെ പിന്നത്തെ പ്ലാക്ക് എന്താണ്?" ഉപസുൽത്താൻെറ അകമ്പടിയിലെ ഒരു അംഗം ഇങ്ങിനെ അലക്ഷ്യമായി സംഭാഷണത്തിലേപ്പെട്ടതിനാൽ ലൂഡർ ഡോർഫ് നൊമ്പരന്നുപോയി. കമാലിൻെറ മുഖത്തു തുറി ച്ചുനോക്കിക്കൊണ്ടു സേനാപതി ഇപ്രകാരം മറുപടി പറ ഞ്ഞു:—"പിന്നീടുണ്ടാകുന്ന സംഭവങ്ങളെ ആശ്രയിച്ചായി രിക്കും പിന്നത്തെ പ്രവൎത്തനം". കമാൽ ഈ ഉത്തരംകൊ ണ്ടു സമാധാനിച്ചില്ല. സംഭവങ്ങളെ കാത്തിരിക്കേണ്ടുന്ന ആവശ്യമില്ലെന്നും ആക്രമണം വിജയമാകുന്നതായാൽ അ തുണ്ടാക്കിത്തീൎക്കുന്ന തഞ്ചത്തെ കാത്തിരിക്കുന്നതു അനാവ ശ്യമാണെന്നും ഈ ആക്രമം ഒരു രംഗത്തിലേതു മാത്രമാ ണെന്നോൎക്കേണ്ടതാണെന്നും പറഞ്ഞു. ലൂഡൻ ഡോർഫ് കമാലിനെ വീണ്ടും തുറിച്ചുനോക്കി; പക്ഷെ യാതൊരുത്ത രവും പറഞ്ഞില്ല. കമാൽ പറഞ്ഞതിൻെറ സാരം ലൂഡൻ ഡോർഫ് ഒരു ലക്ഷ്യമില്ലാതെയാണ് ആക്രമണം തുടങ്ങി യതെന്നാണ്.

കൈസരും സൎവ്വസൈന്യാധിപതി ഹിണ്ടൻബൎഗ്ഗും ജൎമ്മൻകക്ഷി യുദ്ധത്തിൽ ജയിക്കുമെന്ന ഒരു വിശ്വാസം

ഉപസുൽത്താനിൽ ജനിപ്പിക്കുവാൻ പരിശ്രമിക്കുന്ന അവ സരത്തിൽ അവരുടെ വാക്കു വിശ്വസിക്കുന്നുവോ എന്നു കമാൽപാഷ രഹസ്യത്തിൽ ഉപസുൽത്താനോടു ചോദിച്ചു. ഇല്ല എന്നു പറഞ്ഞപ്പോൾ "വിടില്ല, ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കു. കൈസറിന്നു രസിക്കയില്ല അദ്ദേഹത്തിന്നു ഒടുവിൽ ഒരു കാര്യം മനസ്സിലാകും. പരമാൎത്ഥം കാണുന്ന ആളുകൾ തുർക്കിയിലുണ്ടെന്നു കൈസൎക്കു തോന്നും" എന്നിങ്ങിനെ പറഞ്ഞു.

യുദ്ധമന്ത്രിയായൊ സൎവ്വതുർക്കിസൈന്യാധിപനായൊ തന്നെ നിയമിക്കാത്തതുകൊണ്ടു കമാൽപാഷ വളരെ നിരാശപ്പെട്ടിരുന്നു. പടിഞ്ഞാറെ യുദ്ധരംഗത്തിലേക്കുള്ള മാൎഗ്ഗത്തിലെ ത്രെയിസ്ഹോട്ടലിൽവെച്ചു കമാലും വഹിയുദീനുമായി ഉണ്ടായ ഒരു സംഭാഷണത്തിൽ ജർമ്മനിയിലെ രാജകുമാരന്മാർ പട്ടാളാധിപരായിരിക്കുന്ന സ്ഥിതിക്കു വഹിയുദീന്നു് എന്തുകൊണ്ടു് ഒരു പട്ടാളത്തിന്റെയും നായകത്വം ഗവർമ്മെണ്ടു കൊടുത്തില്ലെന്നും, എന്തുകൊണ്ടു വഹിയുദീൻ അങ്ങിനെയുള്ള ഉദ്യോഗത്തിന്നാവശ്യപ്പെട്ടില്ലെന്നും കമാൽ ചോദിച്ചു. വമ്പിച്ച ഒരു പട്ടാളത്തിന്റെ അധിപനായി വഹിയുദീനെ നിശ്ചയിക്കുന്ന പക്ഷം പട്ടാളക്കമ്മററിയുടെ തലവനായി താൻ പ്രവൎത്തിച്ചു വഹിയുദ്ദീനെ സഹായിക്കാമെന്നും പറഞ്ഞു. വഹിയുദ്ദീൻ അൻവരെ ഭയപ്പെട്ടിരിക്കയാണെന്നും സുൽത്താൻ ചാരന്മാരെക്കൊണ്ടു വഹിയുദീനിന്റെ പ്രവൎത്തനങ്ങളെ ഉററുനോക്കിപ്പിച്ചുവരുന്നുണ്ടെന്നും കമാലിന്നു അറിവുണ്ടായിരുന്നു. കമാലിൽ വിശ്വാസമുണ്ടെന്നു കാണിക്കുവാനുംകൂടി വഹിയുദീനു ധൈൎയ്യമുണ്ടായില്ല.

വഹിയുദീൻ ഹൃദയം തുറന്നുകൊടുത്തില്ല. പടിഞ്ഞാറെ രംഗസന്ദൎശനം കഴിഞ്ഞു കോൺസ്റ്റാൻറിനോപളിൽ തിരിച്ചെത്തിയ ശേഷം റക്ക (Kidney) ത്തിനുള്ള രോഗംനിമിത്തം കമാൽ വിയന്നായിലേക്കു ചികിത്സക്കായി പോയി. രണ്ടു മാസത്തിന്നു ശേഷം 1918 ജൂലായിമാസത്തിൽ സുൽത്താൻ അന്തരിച്ചുവെന്നും വഹിയുദീൻ, മുഹമ്മദ് ആറാമൻ എന്ന നാമധേയത്തിൽ, സുൽത്താനായിത്തീൎന്നിരിക്കുന്നുവെന്നും കമാൽ വിയന്നായിൽനിന്നറിഞ്ഞു. സാവകാശത്തിൽ കമാൽപാഷ കോൺസ്റ്റാൻറിനോപളിൽ വന്നു പുതിയ സുൽത്താനുമായുണ്ടായ അഭിമുഖസംഭാഷണത്തിൽ കമാൽ നിരാശപ്പെടുകയാണു് ചെയ്തതു്. എന്നാൽ കമാലിന്റെ ദേശനന്മാസ്ഥന്നിരുന്നു. ജൎമ്മൻകാരുടെ യുദ്ധനിയന്ത്രണത്തിൽ സിറിയാ-ബാഗ്ദാദിൽ തുടരെത്തുടരെ തുൎക്കികൾ തോൽവി പററിയതിനാൽ തുൎക്കിയിൽ ക്ഷോഭമുണ്ടായി. അതു നിമിത്തം കമാൽപാഷയെ ഈ രംഗത്തിൽ സൎവ്വസൈന്യാധിപതിയായി നിശ്ചയിക്കപ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ യുദ്ധവൈദഗ്ദ്ധ്യം പൂൎണ്ണമായി പ്രകടിപ്പിക്കുന്നതിന്നു മുമ്പായി അൻവരുടെ പ്രേരണയാൽ സുൽത്താൻ മുഡ്രോസ് സന്ധിചെയ്തു യുദ്ധം തല്ക്കാലം നിറുത്തി.

## 6. കമാൽപാഷ ഗവൎമ്മേണ്ടിനെ എതിൎക്കുന്നു.

**സുൽത്താൻ ബ്രിട്ടന്നു വഴങ്ങുന്നു**—മുഹമ്മദ് ആറാമൻ ഐക്യകക്ഷിയോടു താല്ക്കാലിക മുഡ്രോസ് സന്ധിയിലെ

പ്പെട്ടതു സ്വയരക്ഷക്ക മാത്രമായിരുന്നു. ഏഷ്യാ മൈനർ അല്ലെങ്കിൽ അനാട്ടോളിയയിൽ സിറിയാ, ഇറാക്ക്, അറേബ്യാ മുതലായവ ശത്രുക്കളുടെ കൈവശമായിത്തീൎന്നതിന്നു പുറമെ ടെബിസൊണ്ടിൽ ബ്രിട്ടീഷ് പട്ടാളം താവളം ഉറപ്പിക്കുകയും ബ്രിട്ടൻ, ഇററലി ഫ്രാൻസ്, ഗ്രീസ്സ് ഇവയുടെ പട്ടാളങ്ങൾ ഡാർഡനൽസ്സ്, സിലോണിക്കാ എന്നീ സ്ഥലങ്ങളെ കൈവശപ്പെടുത്തുകയും ചെയ്തിരുന്നു. മുഡ്രാസ് സന്ധിയനുസരിച്ചു ബ്രിട്ടീഷ് പട്ടാളം കോൺസ്റ്റാൻറിനോപ്പളിലും പ്രവേശിച്ചു കഴിഞ്ഞിരുന്നു. ഈ സ്ഥിതിക്കു സുൽത്താന്നു ബ്രിട്ടൻെറ ഇഷ്ടത്തിന്നു വഴങ്ങാതെ നിവൃത്തിവന്നില്ല. സുൽത്താൻ സന്ധിയിലൊപ്പിട്ടു കൊടുത്തശേഷം അധികം താമസിയാതെ സന്ധിയിൽ പറയാത്ത ചില അവകാശങ്ങളെ സ്ഥാപിക്കുവാൻ വേണ്ടി ആലപ്പോവിന്നടുത്തുള്ള അലക്സെണ്ട്റാ തുറമുഖം കൈവശപ്പെടുത്തുവാൻ ബ്രിട്ടൻ ഒരുക്കങ്ങൾ ചെയ്തു. ആ സ്ഥലം കൈവശമാക്കിയാൽ കപ്പൽമാൎഗ്ഗമായി സൈന്യങ്ങളേയും പടക്കോപ്പുകളേയും അനാട്ടോളിയയിൽ എളുപ്പത്തിൽ ഇറക്കുമതിചെയ്വാൻ ഇംഗ്ലീഷ്കാൎക്കു സൌകൎയ്യമുണ്ടായിത്തീരും; ഈ ദുരുദ്ദേശത്തെ മറവിൽ വെച്ചുകൊണ്ടു ടെബിസോണ്ടിലെ പട്ടാളത്തിന്നു ആഹാരദ്രവ്യങ്ങൾ ഇറക്കുമതി ചെയ്യേണ്ടതിന്നായി ഈ തുറമുഖത്തു കപ്പലടുപ്പിക്കുവാൻ സുൽത്താനോടു സമ്മതം വാങ്ങി. കമാൽപാഷക്കു ബ്രിട്ടൻെറ ദുർബ്ബുദ്ധി മനസ്സിലായി. ബ്രിട്ടന്നു അലക്സണ്ട്റെയിൽ പ്രവേശിക്കുവാൻ സമ്മതം കൊടുക്കരുതെന്നു കമാൽ പ്രധാനമന്ത്രി ഇസ്സററ് പാഷയോടപേക്ഷിക്കയും ബ്രിട്ടീഷ്കാരെ അവിടെ ഇറക്കു

വാൻ താൻ സമ്മതിക്കയില്ലെന്നു അറിയിക്കയും ചെയ്തു. മണ്ണെണ്ണകൾക്കു കേന്ദ്രമായ മോസ്സൂൾ ബ്രിട്ടനുവേണമെന്നാണ് മറെറാരു വാദം; ഇതിനേയും കമാൽ എതിത്തു.

**ഇസ്സററ് പാഷയുടെ രാജി**— സുൽത്താനു അൻവർ പാഷയുടെയും പഴയ പ്രധാനമന്ത്രി തലാ അത്തിൻെറയും നേരെ ഉപരാജാവായ കാലത്തുതന്നെ വിരോധമുണ്ടായിരുന്നുവെങ്കിലും ജീവരക്ഷാത്ഥം മാത്രമായിരുന്നു അൻവർകക്ഷിക്കു വിരോധമായി ഒന്നുംതന്നെ പ്രവത്തിക്കാതിരുന്നതു്. തുക്കിയെ ജമ്മനിക്കു സഹായമായി യുദ്ധത്തിലേപ്പെടുത്തിയതിന്നും തുക്കിക്കു അന്ത്യത്തിലുണ്ടായ പരാജയത്തിന്നും ഉത്തരവാദികൾ അൻവർകക്ഷിയായിരുന്നതുകൊണ്ടു തുക്കിയിൽ ഈ സമയത്തു പ്രക്ഷോഭമുണ്ടായി. അതേസമയത്തു ബ്രിട്ടീഷ്മേധാവികൾ അൻവരേയും തലാ അത്തിനേയും പിടിച്ചു ബന്തോവസ്തിൽ വെക്കാനും അനട്ടോളിയയിലെ തുക്കിപട്ടാളങ്ങളെ പിരിച്ചുവിടുവാനും യുദ്ധം സമാപിക്കുവാനും സുൽത്താനോടാവശ്യപ്പെട്ടു. ഇസ്സററ്പാഷ അൻവർകക്ഷിക്കും കമാലിന്നും സ്നേഹഭാജനമായിരുന്നുവെങ്കിലും കമാലിൻെറ അപേക്ഷയെ നിറവേററാതെ സുൽത്താൻ കല്പിച്ചപ്രകാരം പട്ടാളത്തെ പിരിച്ചുവിടുവാൻ കമാലിനു കല്പനകൊടുത്തു. അൻവർപാഷയോടുണ്ടായ സ്നേഹം നിമിത്തം അൻവരെയും തലാ അത്തിനെയും പിടിക്കുവാൻ കല്പന കൊടുക്കുന്നതിന്നു പകരം ഇസ്സററുപാഷ മന്ത്രിസ്ഥാനം രാജിവെച്ചു. കമാൽപാഷ മന്ത്രിയുടെ കല്പന നിരസിച്ചു പട്ടാളത്തെ പിരിച്ചുവിട്ടില്ല. ഉദ്യോഗം

രാജിവെക്കുന്നതിന്നു മുമ്പായി ഇസ്സററുപാഷ കമാലിനെ അനട്ടോളിയയിലെ പോലീസ്പട്ടാളത്തിന്റെ ഇൻസ്പെക്ടർ ജനറലായി നിശ്ചയിച്ചിരുന്നു.

**ട്യൂഫിക്ക് പാഷ—** ഇസ്സാറിന്റെ സ്ഥാനത്തു സുൽത്താൻ പ്രധാനമന്ത്രിയായി ട്യൂഫിക്ക്പാഷയെ നിയമിച്ചു. കമാൽപാഷ പാർലിമെണ്ടു നേതാക്കന്മാരുമായി സംഭാഷണം ചെയ്തതിൽ കമാലിന്റെ ന്യായങ്ങൾ ശരിയാണെന്ന് അവർ സമ്മതിക്കുകയും ട്യൂഫിക്കുപാഷയിൽ അവിശ്വാസം പാസ്സാക്കാമെന്നു പറയുകയും ചെയ്തു. ബ്രിട്ടീഷ് ഏജണ്ടുമാരുടെ കാപടനിയന്ത്രണത്തിന്നു വിധേയമായി തുക്കി ബ്രിട്ടന്നടിമയായിപ്പോകാതെ ഇരിക്കേണമെങ്കിൽ ട്യൂഫിക്കുപാഷയെ മന്ത്രിസ്ഥാനത്തിൽനിന്നു നീക്കേണമെന്നാണ് കമാൽപാഷ നിഷ്കർഷിച്ചതു്. മന്ത്രിമാരിൽ കമാലിന്നനുകൂലമായി പലരുമുണ്ടായിരുന്നു. സിറിയാ-ബാഗ്ദാദ് യുദ്ധരംഗത്തിൽ സഹപ്രവത്തകന്മാരായ ഇസ്മത്തുപാഷ (ഇസ്മത്ത ഇന്നോവാ എന്ന പേരാൽ അറിയപ്പെടുന്ന ഇന്നത്തെ പ്രധാനമന്ത്രി)യും ഫെവ്സിയും മന്ത്രിമാരായിരുന്നു. അഭ്യന്തരമന്ത്രി ഫെത്തിയും നാവികമന്ത്രി റാഫും കമാൽപാഷയുടെ സ്നേഹിതന്മാരായിരുന്നു. എന്നാൽ കമാൽപാഷ പ്രതീക്ഷിച്ചപോലെ ട്യൂഫിക്ക്പാഷക്കെതിരായി അവിശ്വാസപ്രമേയം പാസ്സായില്ല.

**മുസ്തഫാ കമാൽ സ്വാതന്ത്ര്യസമരത്തിലിറങ്ങുന്നു—** കമാൽപാഷ ബ്രിട്ടനേയും വെള്ളക്കാരേയും വിശ്വസിച്ചിരുന്നില്ല. അവർ ന്യായമായ സമാധാനസന്ധി ഉണ്ടാക്കയില്ലെന്നു കമാലിന്നു ദൃഢമായുറപ്പായിരുന്നു. സ്വാത്ഥം

മുൻനിൎത്തി തുൎക്കിയെ ചൂഷണംചെയ്തു് അടിമയാക്കുവാനാണ് ബ്രിട്ടന്റെ ഉദ്യമമെന്നു കമാലിന്നു നല്ലപോലെ അറിയാമായിരുന്നു. യു. എസ്സ്. എ. പ്രസിഡണ്ടിന്റെ പതിനാലു ഇനങ്ങളെപ്പറ്റി മുസ്തഫാക്കു പുച്ഛമാണുണ്ടായതു്; "സൈന്യങ്ങൾക്കൊ മാനമൎയ്യാദകൾക്കൊ അല്ലാതെ യാതൊരു പ്രമാണത്തിന്നും ഒരു രാജ്യത്തിന്റെ അതിരിനെ രക്ഷിക്കുവാൻ സാധിക്കയില്ലെന്നു് സാധു വിൽസൻ ഗ്രഹിക്കുന്നില്ലേ?" എന്നാണു് കമാൽപാഷ ചോദിച്ചതു്. കമാൽ പറഞ്ഞതു് ഇന്നു് ഫലിച്ചില്ലേ? ജൎമ്മനി അതിരുകടന്നു് റൈൻപ്രദേശം കരസ്ഥമാക്കിയില്ലേ? ആസ്ത്രീയയെ ജൎമ്മൻ സംസ്ഥാനമാക്കിയില്ലേ? മഞ്ചൂക്കൊ ജാപ്പാന്റേതായിത്തീൎന്നില്ലേ?

തുൎക്കി ശവമാകുമ്പോൾ ഫ്രാൻസും ഇററലിയും അതിന്റെ ഓരോ ഭാഗം കൊത്തിത്തിന്നാൻ കാത്തിരിക്കയാണെന്നും, ബ്രിട്ടൻ തുൎക്കിയുടെ ബദ്ധശത്രുവാണെന്നും സുൽത്താൻ മനസ്സിലാക്കിയില്ല. ബ്രിട്ടീഷ് രാഷ്ട്രീയതന്ത്രവും സ്വൎണ്ണവിതരണവും അനട്ടോളിയയിൽ ടെബിസാണ്ടിലും ബാൾക്കാനിൽ ത്രെയിസ്സിലും തുൎക്കിസുൽത്താന്റെ കോയ്മക്കെതിരായ അന്തരീക്ഷം ഉണ്ടാക്കുന്നുവെന്നും, ബ്രിട്ടൻ അൎമിന്യക്കാൎക്കും ഖർദ്ദകാൎക്കും (Khurdo) പൂൎണ്ണസ്വാതന്ത്ര്യം കൊടുക്കാമെന്നു് വാഗ്ദത്തം ചെയ്തിരിക്കുന്നുവെന്നും, അവരെ തുൎക്കിസാമ്രാജ്യത്തിൽനിന്നു് ഭിന്നിപ്പിക്കുവാൻ പ്രചാരവേല ചെയ്യുന്നുണ്ടെന്നും കമാൽപാഷക്കു് അറിവുകിട്ടി. സുൽത്താൻ താല്ക്കാലികസന്ധി സ്വീകരിച്ചതിനാൽ ബ്രിട്ടൻ മുസ്തഫാ കമാലിനെ തൃണവല്ക്കരിച്ചിരുന്നതേയുള്ളു. സമാധാനകാൎയ്യത്തിൽ ലോകം ശ്രദ്ധപതിപ്പിച്ചിരുന്ന സമയം

ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയിഡ് ജോർജ്ജ് പറഞ്ഞതു്, "തുക്കിയെ തനിയെ വിട്ടുകളയുക. തുക്കി തനിയെതന്നെ ഭിന്നമായി ചിതറിപ്പോകും; നമുക്കപ്പോൾ തുക്കിയെ വിഭജിക്കാം" എന്നായിരുന്നു. സ്ഥിതിഗതികൾ ഇത്തരത്തിലിരിക്കെ തുക്കി സ്വതന്ത്ര്യയാകേണമെങ്കിൽ അനോട്ടൂളയിലെ സൈന്യങ്ങളെ പിരിച്ചുവിടുകയല്ല, ഗംഭീരമായി ശ്രുപീകരിക്കയാണു് വേണ്ടതെന്നു് കമാൽ തീരുമാനിച്ചു.

**കമാൽപാഷ പട്ടാളത്തെ ശ്രുപീകരിക്കുന്നു—** മന്ത്രിസഭയിലെ ചില മെമ്പർമാർ തന്നെപ്പോലെതന്നെ തുക്കി ജനതയുടെ രാജ്യസ്നേഹത്തിലും ശക്തിയിലും വിശ്വസിക്കുന്നുണ്ടെന്നു് കമാലിന്നു മനസ്സിലായി. പത്തു പന്ത്രണ്ടു ഗ്രുഢസംഘങ്ങളെ ശ്രുപീകരിച്ചു കോൺസ്റ്റാൻറിനോപ്പിളിലെ ആയുധശേഖരശാലകളിലുണ്ടായ ആയുധങ്ങളേയും വെടിക്കോപ്പുകളേയും സ്വകാര്യത്തിൽ ശേഖരിച്ചു ഗ്രുഢസംഘങ്ങൾ മുഖാന്തരം അനോട്ടൂളയയിലെ പട്ടാളങ്ങളെ പരിഷ്കരിച്ചു് ബ്രിട്ടീഷുദ്യോഗസ്ഥന്മാർ ബന്ധനരാക്കിയ തുക്കികളെ വിമുക്തരാക്കുവാൻ പരിശ്രമിച്ചു. വിവരങ്ങൾ ബ്രിട്ടീഷുദ്യോഗസ്ഥന്മാക്ക് കിട്ടിയതിനാൽ, കമാൽപാഷയെ പിടിച്ചു ബ്രിട്ടീഷുകാരെ ഏല്പിക്കുവാൻ ബ്രിട്ടീഷുമേധാവികൾ സുൽത്താനോടാവശ്യപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിളിൽ ഹാജരാകുവാൻ സുൽത്താൻ കമാലിന്നു കല്പന അയച്ചു. അതിന്നു മറുപടിയായി കമാൽപാഷ കമ്പിമാർഗ്ഗമായി സുൽത്താനെ അറിയിച്ചതു്—"സുൽത്താൻ കോൺസ്റ്റാൻറിനോപ്പിൾ വിട്ടു് അനട്ടോളിയയിൽ വന്നു തുക്കികളെ വിദേശശത്രുക്കളുടെ നേരെ നയിക്കുക. തുക്കിദേശീയജനത സ്വത

ന്ത്രരാകുന്നതുവരെക്കും ഞാൻ ഇവിടെതന്നെ ഇരിക്കും" എന്നായിരുന്നു. സുൽത്താൻ കമാലിനെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടു. ഇതിന്നുമുമ്പുതന്നെ ഗ്രീക്കുപട്ടാളങ്ങൾ സ്മിർണ്ണയിൽ വന്നിറങ്ങി സമരം തുടങ്ങിയിരുന്നു. ഗ്രീക്കുകാർ തുർക്കികളുടെ പൂർവ്വികവൈരികളും, വലിയ ക്രൂരന്മാരും, പകയുള്ളവരുമായിരുന്നു. സിലോണിക്കയിൽ അവരുടെ പട്ടാളം തമ്പടിച്ചു പാക്കുന്നുണ്ടായിരുന്നു. കമാൽപാഷയുടെ ഗംഭീരപ്രസംഗങ്ങൾ തുർക്കികളെ ഉണർത്തി മഹൽശക്തികൾക്കെതിരായ സമരത്തിലേക്കു തിരിച്ചു.

**കമാൽപാഷ ജനങ്ങളെ നയിക്കുന്നു**— കമാൽപാഷയെ ഉദ്യോഗത്തിൽനിന്ന് പിരിച്ചുവിട്ടതുകൊണ്ട് തന്റെ പോലീസ് മേലധികാരത്വം നഷ്ടമായിപ്പോയെങ്കിലും അതിന്നുമുമ്പെതന്നെ ഒരു ദീർഘദശിയെന്ന നിലയിൽ പോലീസ് ഡിപ്പാർട്ട്മെൻറിനെ ഉപയോഗിച്ചു പട്ടാളങ്ങളെ രൂപീകരിക്കേണ്ടുന്ന ചട്ടങ്ങളെല്ലാം കമാൽ നിറവേററിയിരുന്നു. കമാൽപാഷക്കു മന്ത്രിപദവിയോ, സൈന്യമേധാവിത്വമൊ ലഭിച്ചിരുന്നില്ലെങ്കിലും അദ്ദേഹം വളരെ ബഹുമതികൾ നേടിയ ഒരു യുദ്ധവീരനാണെന്ന് തുർക്കികളുടെയിടയിൽ പക്ഷാന്തരമുണ്ടായിരുന്നില്ല. തുർക്കികളുടെ ഇടയിലൊന്നുവേണ്ട ലോകരുടെ ഇടയിൽ ബഹുവിദഗ്ദ്ധനായ ഒരു യോദ്ധാവായിട്ടാണ് അദ്ദേഹത്തെ ഗണിച്ചുവന്നതു്. "ഡാർഡനൽസ്സ രക്ഷിച്ച ധീരൻ", "ബാക്കു പിടിച്ച സൈന്യാധിപൻ", "അനാഫാട്ടാ വീരൻ" എന്നീ പേരുകൾ നേടിയ കമാൽപാഷയോടു തുർക്കികൾക്ക് സഹജമായ ഭക്തിയും ബഹുമാനവുമുണ്ടായിരുന്നു. ഇന്നത്തെ തുർക്കി റിപ്പബ്ളിക്കിൽ

മന്ത്രിമാരായ ഇസ്മാറും, ഫെവ്സിയും കമാലിൻെറ സ്നേഹിതന്മാരായിരുന്നു. സേനാനായകന്മാരേയും സഹായികളേയും വിളിച്ചുകൂട്ടി കമാൽ നിർദ്ദേശിച്ചതാണിതു്—"നാം ഗവർമ്മെണ്ടു് കക്ഷിയിൽനിന്നു വിട്ടുപിരിയേണ്ട ഘട്ടത്തിലെത്തിയിരിക്കുന്നു. തുക്കി പുരോഗമനം ചെയ്യേണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ നാം നമ്മെത്തന്നെ ആശ്രയിക്കണം. നമുക്കു വലിയ അപകടങ്ങളെ നേരിടേണ്ടിവരും; വളരെ ത്യാഗങ്ങൾ ചെയ്യേണ്ടിവരും; മുന്നോട്ടുപോകുവാൻ തുടങ്ങിയാൽ ആരും പട്ടാളം വിട്ടോടിപ്പോകരുതു്; ആരും പിന്നോട്ടു് നോക്കുകയോ പരിതപിക്കുകയോ ചെയ്യരുതു്.... നിങ്ങൾതന്നെ തീച്ചപ്പെടുത്തി നിങ്ങളുടെ നേതാവിനെ തിരഞ്ഞെടുക്കണം. വിജയത്തിന്നാത്മാവായി ഒരു കാൎയ്യമുണ്ടു്; നിങ്ങൾക്കു നേതാവായി ഒരാൾ ഉണ്ടായിരിക്കണം. ഒരാൾ ഈ സ്വാതന്ത്ര്യപ്രസ്ഥാനത്തെ നടത്തണം; ഒരാൾ മാത്രമെ പാടുള്ളു. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുന്നതായാൽ, എനിക്കു വന്നുകൂടുന്ന വിധിയിൽ നിങ്ങൾ പങ്കുകൊള്ളേണ്ടിവരും; ഞാൻ ഒരു പട്ടാള ഉദ്യോഗസ്ഥനല്ല; നിസ്സംശയമായി ഗവർമ്മേണ്ടു് എന്നെ ഒരു ലഹളക്കാരനായി പ്രഖ്യാപിക്കും. ഞാൻ ഒരു ദൃഢനിശ്ചയം നിങ്ങളോടാവശ്യപ്പെടുന്നു. നിങ്ങളുടെ പട്ടാളനായകൻ എന്നപോലെ, ചോദ്യംകൂടാതെ എൻെറ കല്പന നിങ്ങൾ അനുസരിക്കണം. നിങ്ങൾ അപ്രകാരം ചെയ്യുമെന്നു് എനിക്കു ഉറപ്പുതരണം" സഭാംഗങ്ങളെല്ലാം സൎവ്വസമ്മതമായി സമരം തുടരുവാനും മേല്പറഞ്ഞ നിശ്ചയം അനുസരിക്കുവാനും ഉടനെ തീരുമാനിച്ചു. മുസ്തഫാ കമാലിനെ സൎവ്വസൈന്യാധിപനായി

വരിച്ചു. കമാൽപാഷ ആവശ്യപ്പെട്ട ചട്ടങ്ങൾ സ്വീകരിച്ചുകൊണ്ടു മറെറാരു തിട്ടവും അവർ ആവശ്യപ്പെട്ടു. അതു സുൽത്താന്നു ദൂഷ്യമായിത്തീരുന്ന യാതൊന്നും കമാൽപാഷ ചെയ്യരുതെന്നായിരുന്നു. അപ്രകാരം ചെയ്യാമെന്നു പാഷ ഉറപ്പുകൊടുത്തു. സുൽത്താൻ ശത്രുക്കളുടെ അധീനത്തിലായതിനാൽ, സുൽത്താൻെറ ഉപദേഷ്ടാക്കന്മാരോടും, വിദേശീയതന്ത്രജ്ഞന്മാരോടും പൊരുതേണമെന്നു സഭ തീരുമാനിച്ചു. തുക്കിയെ ഒരു പൂണ്ണസ്വാതന്ത്ര്യരാജ്യമാക്കിത്തീപ്പാൻ ഒരുങ്ങി.

ഗ്രീക്കുകാരുടെ ആക്രമണം—ബ്രിട്ടീഷ് പട്ടാളം കോൺസ്റ്റാൻറിനോപലിൽ പാളയം ഉറപ്പിച്ചിരിക്കകൊണ്ടു സുൽത്താൻ ബ്രിട്ടൻെറ ആധിപത്യത്തിലാണെന്ന വാസ്തവം കമാൽ ജനങ്ങളെ ധരിപ്പിച്ചു. കമാൽകക്ഷി മുദ്രോസ് സന്ധിക്കെതിരായി സേനകളെ രൂപീകരിച്ചതിനാൽ ഐക്യകക്ഷി ഗ്രീസ്സിനെ പ്രോത്സാഹിപ്പിച്ചു. ഗ്രീസ്സു തുക്കിക്കെതിരായി സേനകളെ രൂപീകരിച്ചു. മഹായുദ്ധകാലത്തു യുദ്ധസാമഗ്രികളും കപ്പലുകളും നിമ്മാണംചെയ്തു കോടീശ്വരനായ സഹോറോഫ് ഗ്രീസ്സിന്നു ധനസഹായംചെയ്തു. സഹോറോഫും ഗ്രീക്കമന്ത്രി വെനസുലയും ലോയിഡ് ജോർജ്ജിനെ സന്ദശിച്ചതിൻെറ ഫലമായി ഇംഗ്ലണ്ടും, ഫ്രാൻസും, യു. എസ്സ്. എയും പടക്കപ്പലുകൾ സഹായിച്ചു ഗ്രീക്കപട്ടാളങ്ങളെ അനട്ടോളിയയിൽ സ്മിണ്ണയിൽ ഇറക്കിവിട്ടു. ഗ്രീക്കുകാക്കു സ്മിണ്ണക്കു ഒരു അവകാശമുണ്ടു്. വിൽസൻെറ നിശ്ചയപ്രകാരം സ്മിണ്ണ ഗ്രീക്കിന്നു കിട്ടേണ്ടതാണ്. പക്ഷെ മഹായുദ്ധാരംഭത്തിൽ ഉണ്ടായ സ്വകാര്യകരാർപ്രകാരം ഇററലിക്കു

സ്മിർണ്ണയും, ഗ്രീസ്സിന്നു സിലോണിക്കയും കൊടുക്കുവാനും ഏഷ്യാ മൈനർ ബ്രിട്ടനും ഫ്രാൻസും പങ്കിട്ടെടുക്കുവാനുമായിരുന്നു നിശ്ചയം. ഈ നിശ്ചയത്തിന്നു തടസ്ഥമായിരുന്നു വിൽസൻെറ പതിനാലു ഇനങ്ങൾ. അപ്രകാരം അതതുരാജ്യങ്ങൾ അതതുരാജ്യങ്ങളിലെ നിവാസികൾതന്നെ ഭരിച്ചുകൊള്ളേണമെന്നാണല്ലൊ. അതുകൊണ്ടു ഇററലിക്കു സ്മിർണ്ണക്കവകാശമുണ്ടായിരുന്നില്ല. സ്മിർണ്ണയിൽ തുർക്കികളെക്കാൾ അധികം നിവാസികൾ ഗ്രീക്കുകാരായിരുന്നു. ഗ്രീക്കുകാർ സ്മിർണ്ണയിലെ ആബാലവൃദ്ധം തുർക്കികളെ കൊന്നൊടുക്കുവാൻ തുടങ്ങി. സുൽത്താന്നു അവിടെ പട്ടാളത്തെ അയക്കാതെ നിവൃത്തിവന്നില്ല. പട്ടാളാധിപൻ റാഫ് പിന്നീടു കമാൽ പാഷയുടെ ഭാഗംചേർന്നു. ഐക്യകക്ഷി സ്വകാര്യസന്ധി ലംഘിച്ചു് ഇററലിയെ വഞ്ചിച്ചു. അതതുരാജ്യം അതതുരാജ്യക്കാർ ഭരിച്ചുകൊള്ളേണമെന്ന വകുപ്പു ഖണ്ഡിച്ചു തുർക്കിയെ ഇംഗ്ലണ്ടും ഫ്രാൻസും ഭാഗിക്കാനാണ് മോഹം. ഇക്കാലം വെള്ളക്കാരുടെ വാക്കിനൊ സന്ധിക്കൊ വിലയുണ്ടൊ?

**അനട്ടോളിയയിൽ കമാലിസ്റ്റ് ഗവമ്മേണ്ടു്**—കമാൽ പാഷ ചിന്താപരവശനായിത്തീർന്നു, കാരണം, സുൽത്താൻ ബലഹീനനായിരിക്കുന്നു; ഗ്രീക്കുകാർ സ്മിർണ്ണയിൽ ആക്രമണം തുടങ്ങിയിരിക്കുന്നു; ബ്രിട്ടൻെറ സ്വർണ്ണവിതരണം നിമിത്തം ഖർദ്ദുവർഗ്ഗക്കാർ ദേശീയത്വത്തോടു ലഹളക്കു പ്രേരിതരായിത്തീർന്നിരിക്കുന്നു; അർമീന്യായിലെ ജനങ്ങൾ സ്വയംഭരണം സ്ഥാപിച്ചിരിക്കുന്നു. ഈ സ്ഥിതിയിൽ സുൽത്താൻസ്ഥാനവും കോൺസ്റ്റാൻറിനോപ്പിൾ ഗവർമ്മെണ്ടും അവസാനിക്കേണമെന്നു കമാൽപാഷ തീരുമാനിച്ചു. "തു

ക്കിയെ വിദേശീയാധിപത്യത്തിൽനിന്നും വിദേശീയരാഷ്ട്ര ങ്ങളുടെ ഇടപെടലിൽനിന്നും രക്ഷിക്കണം; യൂറോപ്പിൻെറ ജീവഹസ്തങ്ങളിൽ നിന്നും, സുൽത്താൻെറ ശവപ്രായമായ ഹ സ്തങ്ങളിൽ നിന്നും തുക്കിയെ ഉദ്ധരിക്കണം; തുക്കിസുൽത്താൻ പാദിഷയാണ്-കാലീഫാണ്-പരിശുദ്ധനാണ് എന്ന മനഃസ്ഥിതിയും സുൽത്താനോടുള്ള രാജഭക്തിയും, കാലി ഫോടുള്ള ദൈവഭക്തിയും നശിപ്പിക്കണം; ജനങ്ങൾ തി രഞ്ഞെടുത്തതും, ജനങ്ങൾക്കു ബോദ്ധ്യമായതും, രാജധർമ്മം പ്രതിക്ഷിക്കുന്നതുമായ ഒരു പാർലിമെണ്ടു സ്ഥാപിക്ക ണം" എന്നിങ്ങിനെ കമാൽ തീരുമാനിച്ചു. ഈ അഭിലാഷ ങ്ങൾ സാദ്ധ്യമാകേണമെങ്കിൽ ഭരണകേന്ദ്രം കോൺസ്റ്റാൻറി നോപളിൽനിന്നു മാററി അനട്ടോളിയയിൽ സ്ഥാപിക്കണം. ഭരണം കോൺസ്റ്റാൻറിനോപളിൽ തുടൻ്നുപോയാൽ യൂറോ പ്യൻപട്ടാളങ്ങളുടെ ഭീകരപ്രവൃത്തികൾ മെമ്പർമാരുടെ സ്വാതന്ത്ര്യചിന്തക്കു ഹാനി വരുത്തുമെന്നും, നേരെ മറിച്ച് അനട്ടോളിയയിൽ ഗവർമ്മേണ്ടുകേന്ദ്രം സ്ഥിതിചെയ്യുന്നതാ യാൽ ബ്രിട്ടൻെറ കക്ഷികളെ അവഗണിക്കുന്നതിനും തുക്കി യിലെ യാഥാസ്ഥിതികന്മാരെ ഒന്നാമക്കുന്നതിന്നും സാധിക്കു ന്നതായിരിക്കുമെന്നും കമാൽപാഷക്കു തോന്നി.

എറിസുമിൽ ഒമ്പതാംപട്ടാളത്തിൻെറ അധിപനും മുമ്പു കാക്കസ്സ് യുദ്ധത്തിൽ പേരെടുത്തവനുമായ കിയാ സിംകാരാബക്കിർപാഷയും, അങ്കോറയയിൽ ഇരുപതാം പട്ടാളത്തിൻെറ അധിപനായ ആലിഫുആദ് പാഷയും കമാൽപാഷയും സ്വാതന്ത്ര്യസമരത്തിന്നനുകൂലികളായി; എന്നാൽ അനട്ടോളിയയിൽ ഒരു താല്ക്കാലികഗവർമ്മേണ്ടു

സ്ഥാപിക്കുന്നതിന്നു ഇവർ അനുകൂലികളായിരുന്നില്ല. കമാൽപാഷ ഇവരോടും കക്ഷികാരോടും ഏതാണ്ടിപ്രകാരം ഒരു ചെറുപ്രസംഗം ചെയ്തു—"ജനകീയഭരണത്തിൽ രാജ്യാധികാരം ലയിക്കുന്നു. ഏതുഭടനും ഏതു രാജ്യതന്ത്രജ്ഞനും ജനകീയഭരണത്തെ ആദരിക്കുകയും അതിന്നു വിധേയരാകുകയും വേണം. വിദേശീയരാഷ്ട്രങ്ങൾ ഇസ്താംബൂളിൽ അധികാരം പ്രവൎത്തിക്കുന്ന കാലത്തോളം ജനകീയകല്പനകൾ അവിടെനിന്നു പുറപ്പെടുകയില്ല. തുൎക്കിയിലെ സൎവ്വപ്രദേശങ്ങളിൽനിന്നും ന്യായമായ വിധത്തിൽ ജനകീയപ്രതിനിധികളെ തിരഞ്ഞെടുക്കണം. ജനപ്രതിനിധിസഭ അനടോളിയയിൽ സമ്മേളിക്കണം; അങ്ങിനെയുള്ള സഭയിൽ രാജ്യാധികാരം കിടക്കുന്നു എന്നതു് നിൎവ്വിവാദമാണ്."

**സിവാസ് കോൺഗ്രസ്സ്**— തുൎക്കിജനതയുടെ ഒരു കോൺഗ്രസ്സ് അങ്കാറക്കടുത്തുള്ള സിവാസ് എന്ന പട്ടണത്തിൽ സമ്മേളിക്കുവാൻ വേണ്ടി മുസ്തഫാ കമാൽപാഷ താഴെ പറയുംപ്രകാരം ഒരു വിജ്ഞാപനം പരസ്യമാക്കി—"രാജ്യം അപകടത്തിന്നാസന്നമായിരിക്കുന്നു. കേന്ദ്രഗവമ്മെണ്ടിന്നു ജോലികൾ നടത്തുവാൻ കെല്പില്ലാതെ വന്നിരിക്കുന്നു. ജനതയുടെ മനോദാർഢ്യത്തിന്നും ശക്തിക്കും മാത്രമെ സ്വാതന്ത്ര്യം രക്ഷിക്കുവാൻ സാധിക്കയുള്ളൂ. സിവാസിൽ ഒരു കോൺഗ്രസ്സ് സമ്മേളിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അവിടെവെച്ചു സ്വാതന്ത്ര്യലബ്ധിക്കായി വേണ്ടുന്ന ധനകാൎയ്യങ്ങളെപ്പററിയും ആലോചിക്കുന്നതാണ്. ഓരോ സംസ്ഥാനത്തിൽനിന്നും മുമ്മൂന്നു പ്രതിനിധികളെ ജനങ്ങൾ തിരഞ്ഞെടുത്തു് അയക്കണം."

എറിസറോമിലെ ജനങ്ങൾ കോൺഗ്രസ്സിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന്നു മുമ്പായി ഒരു കമ്മിററി രൂപീകരിക്കയും കോൺഗ്രസ്സിൽ അവതരിപ്പിക്കുവാൻ ചില പ്രമേയങ്ങളെ പാസ്സാക്കുകയും ചെയ്തു. മുസ്തഫാ കമാൽ പാഷയെ പ്രതിനിധിയായി തിരഞ്ഞെടുത്തു. സിവാസിൽ കോൺഗ്രസ്സ് സമ്മേളിക്കുവാൻ പോകുന്ന വിവരം ബ്രിട്ടീഷുകാരും സുൽത്താനും അറിഞ്ഞപ്പോൾ കമാൽപാഷയേയും ഡെലിഗേററുമാരേയും ബന്ധോവസ്തിൽ വെക്കുവാൻ എറിസാറോമിലെ പട്ടാളാധിപനായ കായാസിം കാരാബെക്കീർ പാഷക്കു അടിയന്തരകല്പന വന്നു. താല്ക്കാലികഗവർമ്മേണ്ടു് അനട്ടോളിയയിൽ സ്ഥാപിക്കുന്നതിന്നു് അദ്ദേഹം പ്രതികൂലമായി വാദിച്ച ഒരു ഘട്ടത്തിൽ കമാൽപാഷയുടെ നിർദ്ദേശപ്രകാരം കോൺഗ്രസ്സ് ജനകീയഭരണം സ്ഥാപിക്കുന്നപക്ഷം അതിന്റെ കല്പനകൾ വിധേയമായി പ്രവർത്തിക്കുമെന്നു് കിയാസിം കാരാബക്കീർപാഷയോടു വാഗ്ദത്തം ചെയ്തിരുന്നു. മാലാട്ടു് സംസ്ഥാനഗവർണ്ണർക്കും സുൽത്താൻ ഒരു കല്പന അയച്ചിരുന്നു. കാലിഫിന്റെ വാക്കു ശിരസാ വഹിച്ചു നടത്തുവാനൊരുക്കമുള്ള ഖർഡുവർഗ്ഗക്കാരുടെ ഒരു പട്ടാളം രൂപീകരിക്കുവാനും, സിവാസിൽ വന്നുചേരുന്ന ഡെലിഗേററുമാരെ പിടിക്കുവാനുമാണു് കല്പന. ഈ സ്വകാര്യകല്പന കമാൽപാഷയുടെ കൈവശം കിട്ടി. ഇതിനെ ആസ്പദമാക്കി കമാൽപാഷ ചെയ്ത ഒരു പ്രസംഗം തുർക്കികളുടെയിടയിൽ സുൽത്താന്റെ നേരെയും മന്ത്രിമാരുടെ നേരെയും വെറുപ്പും വിദ്വേഷവുമുളവാക്കി ദേശീയശക്തിയെ വർദ്ധിപ്പിച്ചു.

**പ്രമേയങ്ങളും ദേശീയകരാറും**—1919 ജൂലായി 23-ാംനു കോൺഗ്രസ്സ് സിവാസിൽ സമ്മേളിച്ചു. കമാൽപാഷയുടെ നായകത്വത്തിൽ സുൽത്താനിൽ രാജഭക്തി പ്രദശിപ്പിച്ചുകൊണ്ടു ഒരു കമ്പി സുൽത്താനയച്ചു. സുൽത്താൻെറ ഭരണവും കാലീഫധികാരവും കോൺഗ്രസ്സ് സംരക്ഷിക്കുന്നതാണെന്നു കാണിക്കുന്ന ഒരു പ്രമേയവും പാസ്സാക്കി. താല്ക്കാലിക ഗവർമ്മെണ്ടു എന്നതിന്നു പകരം പ്രമേയത്തിൽ പ്രസ്താവിച്ചതു പരിശുദ്ധമായ കാൎയ്യങ്ങളെ സംരക്ഷിക്കാനുള്ള ഒരു പ്രജായത്തസഭ എന്നാണ്. ജനങ്ങളുടെ രാഷ്ട്രീയാഭിലാഷങ്ങളെ പ്രതിനിധീകരിക്കുന്നതും നടത്തുന്നതുമായ ഒരു സഭയെ വിളിച്ചുകൂട്ടുവാനും കോൺഗ്രസ്സ് തീരുമാനിച്ചു. മാലാട്ടുഗവൎണ്ണൎക്കെതിരായി ഒരു പട്ടാളത്തെ നയിക്കുവാനും ഖർഡുവൎഗ്ഗക്കാരുമായി സമരംചെയ്യാനും കമാൽപാഷയെ അധികാരപ്പെടുത്തി. ശത്രുക്കളോടു പൊരുതുവാനും തുൎക്കിരാഷ്ട്രത്തിൻെറ സ്വാതന്ത്ര്യരക്ഷക്കായി വിദേശീയരുമായി സുൽത്താൻ ചെയ്ത താല്ക്കാലിക സന്ധിയിൽ എന്തെല്ലാം മാററങ്ങൾ വരുത്തേണമെന്നും, എന്തെല്ലാം പുതിയ വകുപ്പുകൾ ചേൎക്കണമെന്നും കോൺഗ്രസ്സ് നിശ്ചയിച്ചു; അതിന്നായി ഒരു ദേശീയകരാറുണ്ടാക്കേണമെന്നും തീൎച്ചയാക്കി. കോൺഗ്രസ്സ് ഒരു പ്രവൎത്തകക്കമ്മിററിയെ രൂപീകരിച്ചു; അതിൽ കമാൽപാഷയെ പ്രസിഡണ്ടാക്കി. സുൽത്താൻെറ പ്രധാനമന്ത്രിയായ ഡാമാഫെറീദിനെ പിരിച്ചുവിടുവാൻ കോൺഗ്രസ്സ് സുൽത്താനോടാവശ്യപ്പെട്ടു. കാരണം, ഈ മന്ത്രിയായിരുന്നു ഖർഡുവൎഗ്ഗക്കാരോടു കോൺഗ്രസ്സിനെ എതിൎത്തു നശിപ്പിക്കുവാൻ

കല്പന കൊടുത്തത്. സിവാസ് കോൺഗ്രസ്സിൻെറ പ്ര ക്ഷോഭണങ്ങളും പ്രമേയങ്ങളും സുൽത്താനെ അസ്വാസ്ഥ്യപ്പെടുത്തി. ഡാമാഫെറീദിനെ പിരിച്ചുവിട്ടു. കോൺഗ്രസ്സ് നിർദ്ദേശപ്രകാരം പാർലിമെണ്ടു സഭയേയും പിരിച്ചുവിട്ടു പുതിയ സഭയെ വിളിച്ചുകൂട്ടുവാൻ സുൽത്താൻ സമ്മതിച്ചു.

## 7 നവതുൎക്കി സ്വാതന്ത്ര്യപ്രസ്ഥാനം

1919 ഒക്ടോബർ മാസത്തിൽ മുസ്തഫാ കമാൽപാഷയുടെ ചിന്തയെ കവൎന്നതു് ജനപ്രതിനിധിസഭാ രൂപീകരണവിഷയമാണ്. ജനപ്രതിനിധിസഭയിൽ ദേശീയകക്ഷിക്കു ഭൂരിപക്ഷം ലഭിക്കുമെന്നതിന്നു കമാൽപാഷക്കു സന്ദേഹമുണ്ടായിരുന്നില്ല. വിദേശിയരോടുള്ള വെറുപ്പുതന്നെ തിരഞ്ഞെടുപ്പു വിജയപ്രദമാക്കുമെന്നു പാഷയ്ക്കുറപ്പുണ്ടായി. ദേശീയകക്ഷിക്കു വോട്ടു കൊടുക്കുന്നതിന്നു സൎവ്വൎക്കും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണെന്നു് ഇസ്താംബൂൾ പ്രതിനിധിയായ സാലിയാഹ്പാഷയും സമ്മതിച്ചു. വോട്ടവകാശം നിരസിക്കപ്പെട്ടതു അൻവർപാഷയുടെ ഐക്യപുരോഗമന കക്ഷിക്കു മാത്രമായിരുന്നു. ഇതിൽ ഇസ്താംബൂൾ ഗവർമ്മേണ്ടും യോജിച്ചു. ഗവർമ്മേണ്ടുകക്ഷിയും കമാൽപാഷയും വേറെയും ചില കാൎയ്യങ്ങളിൽ അടുത്തുവന്നു. നിവൃത്തിയില്ലാത്ത ഘട്ടത്തിൽ അറേബിയരാജ്യത്തെ വിദേശീയൎക്കു വിട്ടുകൊടുക്കുവാനും, മഹായുദ്ധത്തിന്നു മുമ്പു തുൎക്കിസാമ്രാജ്യത്തിലുൾപ്പെട്ട മററു സ്ഥലങ്ങളെല്ലാം തുൎക്കിയുടേതുതന്നെ ആയിരിക്കേണമെന്നും, തുൎക്കിസാമ്രാജ്യത്തിൽ വിദേശീയാ

ധിപത്യം തീരെ ഉണ്ടായിരിക്കരുതെന്നും, വിദേശകോയ്മ കഠംക്കനുവദിച്ച കാപ്പിട്ടുലേഷൻ വ്യവസ്ഥകഠം വേരോടെ പറിച്ചെറിയണമെന്നും കമാൽപാഷ അഭിപ്രായപ്പെട്ടു ഗവർമ്മേണ്ടുകക്ഷി ഈ അഭിപ്രായത്തെ സ്വീകരിച്ചു. ഈ സ്ഥിതിയിൽ സുൽത്താൻസ്ഥാനവും കാലീഫ്സ്ഥാനവും നിലനിർത്തണമെന്ന വിഷയത്തിൽ കമാൽ വിരോധഭാവം കാണിച്ചില്ല.

നിയമസഭയുടെ കേന്ദ്രം അനട്ടോളിയയിലായിരിക്കേണമെന്നും ഇസ്താംബൂളിൽ ആയിരിക്കുവാൻ പാടില്ലെന്നും കമാൽപാഷ വാദിച്ചു. അനട്ടോളിയയിൽ സഭ സമ്മേളിക്കുന്നതായാൽ പല അനത്ഥങ്ങഠം ഉണ്ടായേക്കുമെന്നു സുൽത്താൻകക്ഷി പറഞ്ഞു. ബ്രിട്ടനും ഐക്യകക്ഷിയും ഇസ്താംബൂഠം ഗ്രീസ്സിന്നു കൊടുത്തുകളയുമെന്നു അവർ ശങ്കിച്ചു. ഇസ്താംബൂളിൽ സഭ കൂടുന്നതായാൽ സഭാമെമ്പർമാരെ ബ്രിട്ടനും കക്ഷിയും ഭയപ്പെടുത്തുമെന്നും, സ്വാതന്ത്ര്യത്തോടെ സഭാനടവടികഠം നടത്തുവാൻ അവർ സമ്മതിക്കയില്ലെന്നും മെമ്പർമാരെത്തന്നെ പിടിച്ചു തടവിലാക്കി സഭയെ പിരിച്ചുവിടുമെന്നും കമാൽപാഷ സൂചിപ്പിച്ചു

**പാർലിമെണ്ടു് എവിടെ സമ്മേളിക്കണം?**— അനട്ടോളിയയിൽ സഭ സമ്മേളിക്കണമെന്ന പ്രശ്നത്തിൽ പ്രതിനിധികളുടെ ഇടയിൽ ഭിന്നാഭിപ്രായമാണുണ്ടായതു്. സുൽത്താൻെറ അനുമതിയോടുകൂടി പാർലിമെണ്ടിനെ വിളിച്ചുകൂട്ടുന്നതിന്നു് ഒരു പ്രാധാന്യവും ബഹുമതിയും ഭൂരിപക്ഷം കല്പിച്ചു; എന്നുമാത്രമല്ല, സുൽത്താൻ സഭയെ വിളിച്ചുകൂട്ടുന്നതാണ് ന്യായമെന്നും അവർ വാദിച്ചു. അതു

ൂകൊണ്ടു ഭൂരിപക്ഷത്തിന്നു വിധേയമായി ഇസ്തംബൂളിൽ പാർലിമെണ്ടുസഭ ചേരുന്നതിനെ കമാൽപാഷ അനുകൂലിക്കേണ്ടിവന്നു. പ്രതിനിധികൾ അനട്ടോളിയാ വിടുന്നതിന്നു മുമ്പായി അങ്കോറയിൽ വന്നുചേൎന്നു. കമാൽപാഷയുടെ സ്നേഹിതനും, സുൽത്താന്റെ വിശ്വസ്തനും, ഒരു പട്ടാള ഉദ്യോഗസ്ഥനുമായ റാഫ് ബെഗും ഈ സമ്മേളനത്തിൽ പങ്കുകൊണ്ടിരുന്നു. ഗവൎമ്മെണ്ട് സ്വീകരിക്കേണ്ടുന്ന സന്ധികരാർ കോൺഗ്രസ്സ് തീരുമാനിച്ച ദേശീയകരാർപ്രകാരമായിരിക്കേണമെന്നു ഒരിക്കൽക്കൂടി സഭ ആവൎത്തിച്ചു. പക്ഷെ കമാൽപാഷ ഇസ്തംബൂളിൽ പ്രത്യക്ഷമായില്ല

**പാൎലിമെണ്ടു ഇസ്തംബൂളിൽ സമ്മേളിക്കുന്നു**—1920 ജനവരി 28-ാംനു- പുതിയ പാർലിമെണ്ടു ഇസ്തംബൂളിൽ സമ്മേളിച്ചു. മേൽപറഞ്ഞ ദേശീയസന്ധി കരാർ സ്വീകരിച്ചു. സന്ധിനിശ്ചയങ്ങൾ എഴുതിയുണ്ടാക്കിയതു കമാൽപാഷതന്നെയായിരുന്നു. അതിൽ ആറു വകുപ്പുകളുണ്ടു; അവയിൽ മുഖ്യമായവ:—"സിറിയാ, ഇറാക്ക്, അറേബിയ എന്നീ രാജ്യങ്ങളിലെ നിവാസികൾക്കു സ്വയംഭരണംസ്ഥാപിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതേപ്രകാരം തുൎക്കിയിലെ ജനതക്കും ഒരു പൂൎണ്ണസ്വാതന്ത്ര്യഗവൎമ്മെണ്ടിനെ രൂപീകരിക്കുവാനും, നടത്തുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കണം. അനട്ടോളിയയിലെ ന്യൂനപക്ഷങ്ങളായ ഗ്രീക്കുകാൎക്കും അർമിന്യക്കാൎക്കും ഉള്ള പൌരാവകാശങ്ങളും, അർമിന്യായിലും സ്മിൎണ്ണയിലും ഉള്ള ന്യൂനപക്ഷങ്ങളായ തുൎക്കികൾക്കുള്ള പൌരാവകാശങ്ങളും തുല്യരീതിയിൽ ക്രമപ്പെടുത്തണം. വിദേശകാൎയ്യങ്ങൾ തുൎക്കിസുൽത്താനിൽനി

ന്ന് അന്യായമായി കൈവശമാക്കിയ കാപ്പിട്ടുലേഷൻവ്യവസ്ഥകൾ റദ്ദാക്കണം. ബ്രിട്ടന്നും ഫ്രാൻസിന്നും തുക്കിയിൽ അനുവദിച്ച പ്രത്യേകാവകാശങ്ങൾ തടയണം. ആറാംവകുപ്പിൽ പൂണ്ണസ്വാതന്ത്ര്യഗവമ്മെണ്ടിന്നടിസ്ഥാനമായ മൌലികതത്വങ്ങൾ പ്രതിപാദിച്ചിട്ടുണ്ടു്. അതുപ്രകാരം ആധുനികകാലത്തെ പരിഷ്കരിച്ചരീതിയിലുള്ള ഒരുഭരണം സ്ഥാപിക്കണം; അങ്ങിനെയുള്ള ഭരണത്തിൻകീഴിൽ ദേശീയപുരോഗമനത്തിന്നും, സാമ്പത്തികോന്നതിക്കും ഉതകുന്ന വ്യവസ്ഥകൾ ഉണ്ടായിരിക്കണം. നീതിന്യായം, സാമ്പത്തികം മുതലായവയിൽ അഭിവൃദ്ധിയുണ്ടാവുന്നതിന്നുള്ള തടസ്ഥങ്ങളെല്ലാം ഒരടിക്കു നീക്കിക്കളയണമെന്നും ഈ വകുപ്പിൽ ചേത്തിട്ടുണ്ടു്. ഇപ്രകാരമുള്ള ദേശീയസന്ധിനിശ്ചയങ്ങൾ ബ്രിട്ടൻെറയും ഫ്രാൻസിൻെറയും തുക്കിസംബന്ധമായ അഭിലാഷങ്ങളെ തകക്കുന്നതിന്നു് പുറമെ സുൽത്താൻ ഗവർമ്മെണ്ടു് ശവപ്പെട്ടിക്കു് ഒരാണിയുംകൂടി അടിക്കയാണു് ചെയ്തതു്. ദേശീയസന്ധികരാറിൽ ഇസ്താംബൂൾ അവിഭാജ്യമായി തുക്കിരാഷ്ട്രത്തിലുൾപ്പെടണമെന്നും, സുൽത്താൻെറ അധികാരമാഹാത്മ്യത്തിന്നു ഹാനി വരുത്തുവാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ടെങ്കിലും, സുൽത്താൻെറ സിംഹാസനത്തിന്നു രക്ഷയുണ്ടെന്നു പറയാതിരുന്നതുകൊണ്ടു സുൽത്താൻ ബ്രിട്ടൻെറ ബന്ധുവായിത്തന്നെ നിന്നു. ബ്രിട്ടൻ തന്നെ രക്ഷിക്കുമെന്നാണു് സുൽത്താൻ വിശ്വസിച്ചുവന്നതു്. അതുനിമിത്തം സുൽത്താൻ രാജ്യവഞ്ചകനാണെന്നു നാട്ടുകാർ വിശ്വസിച്ചു. ബുദ്ധിമാന്ദ്യം നിമിത്തം സുൽത്താൻ സൂക്ഷ്മത്തിൽ ബ്രിട്ടൻെറ തടവുകാരനാണെന്ന

സ്ഥിതി അദ്ദേഹത്തിന്ന മനസ്സിലായില്ല.

**ബ്രിട്ടനും ഐക്യകക്ഷിയും അനട്ടോളിയയെ എതിക്കുന്നു**— പാർലിമെണ്ടു ദേശീയസന്ധിനിശ്ചയങ്ങൾ പാസ്സാക്കിയതുനിമിത്തം ഫ്രഞ്ചുപട്ടാളം സിറിയായിൽനിന്നു മുന്നാട്ടാക്രമം തുടങ്ങി. ആറാഴ്ചകളളിൽ ബ്രിട്ടീഷുപട്ടാളം ഇസ്താംബൂളിൽ പ്രവേശിച്ചു. പടിഞ്ഞാറെ അനട്ടോളിയ ഐക്യകക്ഷികൾ വിട്ടുകൊടുക്കവാനും, ഗ്രീക്കപട്ടാളത്തിൻെറ പുരോഗമനം തടസ്ഥപ്പെടുത്താതിരിക്കവാനും ബ്രിട്ടൻ തുക്കിയോടാവശ്യപ്പെട്ടു. ബ്രിട്ടൻെറ ആജ്ഞ അനുസരിക്കുന്നതായാൽ ഇസ്താംബൂൾ തുക്കിക്ക വിട്ടുകൊടുക്കുന്നതാണെന്നും ഗവമ്മെണ്ടിനെ അറിയിച്ചു. അതിന്നു കമാൽപാഷ കൊടുത്ത മറുപടി—"മേലാൽ ഇസ്താംബൂൾ പ്രശ്നമല്ല തുക്കികളുളതു് തുക്കിരാജ്യം മുഴുവനെയാണു്'' എന്നായിരുന്നു. അങ്കോറയിലുണ്ടായിരുന്ന ബ്രിട്ടീഷ്പ്രതിനിധികളെ ബ്രിട്ടൻ പിൻവലിച്ചു. ബ്രിട്ടീഷ്കാരെയും മററു യൂറോപ്യന്മാരെയും രക്ഷയിൽ തുറമുഖങ്ങളിലേക്ക കൂട്ടികൊണ്ടുപോകവാനും രാജ്യം വിട്ടുപോകുവാൻ അവക്ക സ്വാതന്ത്ര്യംകൊടുക്കവാനും കമാൽപാഷ ഉദ്യോഗസ്ഥന്മാക്ക കല്പനകൊടുത്തു. ബ്രിട്ടൻ ഇതിന്നുനന്ദി പ്രകടിപ്പിക്കുന്നതിന്നുപകരം ഇസ്താംബൂൾ പ്രതിനിധികളിൽ നാഥന്മാരായ നാല്പതുപേരെ പിടിച്ചു തടവുകാരായി മാൾട്ടായിലേക്കയച്ചു. മററുളള പ്രതിനിധികൾ ഇസ്താംബൂൾ വിട്ടു അനട്ടോളിയായിൽ രക്ഷപ്രാപിച്ചു. ഇതുനിമിത്തം ദേശീയശക്തി വദ്ധിച്ചു. പാർലിമെണ്ടിനെ അങ്കോറയിൽ സ്ഥാപിക്കവാൻ കമാൽ തീരുമാനിച്ചു.

**അഭ്യന്തരലഹള**— ദേശീയപ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ ബ്രിട്ടീഷധിപന്മാർ ആവശ്യപ്പെട്ടപ്രാരം കാലീഫ് കമാൽപാഷയേയും മററു ചില നേതാക്കന്മാരെയും പള്ളിയിൽനിന്നു പുറത്താക്കി. അവരെ വധിക്കുന്നവർക്കു ചില സമ്മാനങ്ങൾ കൊടുക്കാമെന്നു സുൽത്താൻ വിളംബരപ്പെടുത്തി. ദേശീയരെ മർദ്ദിക്കുവാനായി കാലീഫ്പട്ടാളം എന്ന നാമധേയത്തിൽ പുതിയ ഒരു പട്ടാളത്തെ രൂപീകരിക്കുവാൻ വേണ്ടി സുൽത്താൻ ഇമാംമാരെയും മൌലവിമാരെയും അനട്ടോളിയയിലെ ഗ്രാമങ്ങളിലേക്കയച്ചു. മലനിവാസികളും മതഭ്രാന്തന്മാരുമായ ഖർദ്ധുവർഗ്ഗക്കാരെ ശേഖരിച്ചു ദേശീയപട്ടാളത്തേയും ദേശീയരേയും നശിപ്പിക്കുവാൻ ഗവർമ്മേണ്ടു കല്പന പരസ്യപ്പെടുത്തി, സുൽത്താന്റെ കല്പന പ്രകാരം ഇസ്തംബൂളിൽ സ്ഥാപിക്കപ്പെട്ട പട്ടാളക്കോടതി കമാൽപാഷയേയും വേറെ ആറു നേതാക്കന്മാരെയും വധിക്കുവാൻ കല്പിച്ചു. ബെക്കീർസാമി, ആലിഫുയാദ, ഡോക്ടർ ആദനാം ശ്രുതിപ്പെട്ട വിദുഷിയും, പത്രലേഖകിയുമായ ഹാലിദി ഈദിബ് ഇവരിൽ ഉൾപ്പെട്ടിരുന്നു. ഇവരൊക്കെയായിരുന്നു കമാൽകക്ഷിയിൽ ചേൎന്ന് അങ്കോറ പാർലിമെണ്ടു സ്ഥാപിക്കുവാൻ ആലോചന ചെയ്തതു്.

**പാർലിമെണ്ടു അങ്കോറയിൽ സമ്മേളിക്കുന്നു**— അങ്കോറയിൽ പുതിയ ഗവർമ്മേണ്ടു രൂപീകരിക്കുന്നതിന്നും പുതിയ പാർലിമെണ്ടു സമ്മേളിക്കുന്നതിന്നും മുമ്പായി നേതാക്കന്മാർ പലമാതിരി ഭരണക്രമത്തെപ്പററി ആലോചന ചെയ്തു. യാഥാസ്ഥിതികകക്ഷി, മിതവാദികക്ഷി, ഉല്പതിഷ്ണു കക്ഷി എന്നീ കക്ഷികളെ പ്രതിനിധീകരിക്കുന്ന ലണ്ടൻ

ടൈംസ്, മാഞ്ചസ്റ്റർ ഗാർഡിയൻ, ഡെയിലി ഹെറാംഡ് എന്നീ പത്രങ്ങൾ കമാൽപാഷയും നേതാക്കന്മാരും വായിക്കപതിവുണ്ടായിരുന്നു. ബ്രിട്ടീഷ്കക്ഷികളുടെ അഭിപ്രായഗതികളെപ്പററി വായിച്ചറിയുന്ന സമ്പ്രദായം നിമിത്തം യൂറോപ്പിലെ രാഷ്ട്രീയരീതിയിൽ ഭരണം ക്രമപ്പെടുത്തുവാൻ മിതവാദിയായ ജലാലുദീൻ അഭിപ്രായപ്പെട്ടപ്പോൾ കമാൽ അതിനെ ഖണ്ഡിച്ചു് പറഞ്ഞതു്,—"എന്തിന്നു നാം ലോകത്തിൽ കാണുന്ന ഭരണരീതിയെ അനുകരിക്കണം? നമുക്കെന്തുകൊണ്ടു് നമ്മുടെ രാജ്യത്തിന്നു പററിയ വിധത്തിലുള്ള ഭരണം സ്ഥാപിച്ചുകൂടാ?" എന്നായിരുന്നു. "ജനാവലിയാണ് രാജാവു്; ജനതയിലാണ് രാജ്യഭരണാധികാരം കിടക്കുന്നതു്; ജനാവലിയുടെ അധികാരത്തിന്ന് ഉപരിയായി മറെറാരധികാരവുമില്ല." ഈ ചുരുങ്ങിയ വാക്കിലാണ് കമാൽപാഷയുടെ രാജ്യഭരണസാരം നിക്ഷിപ്തമായിട്ടുള്ളതു്.

ഭരണക്രമത്തെപ്പററി ആലോചന ചെയ്തവരിൽ കമാൽപാഷയുടെ മുഖ്യസഹപ്രവത്തകന്മാർ ഇസ്മററ് പാഷയും, ജലാലുദീൻ അറീഫും, ബേക്കർസാമിയും, ആലിഫുയാദ്പാഷയും, ഹാലിദി ഈദിബും ആയിരുന്നു. പിന്നീട്ട സ്ഥാപിക്കപ്പെട്ട റിപ്പബ്ളിക്കിൽ ഇസ്മററു പ്രധാധമന്ത്രിയും, ജലാലുദീൻ അസംബ്ളി പ്രസിഡണ്ടും ബക്കിർസാമി വിദേശമന്ത്രിയും ആയിത്തീന്നിട്ടുണ്ടു്.

**മഹാദേശീയ അസംബ്ളി**— കമാൽപാഷയേയും നേതാക്കന്മാരെയും വധിക്കുവാനുള്ള വിളംബരം അങ്കോറയിൽ എത്തിയതിൻെറ പിറേറദിവസം പാർലിമെണ്ടു് അങ്കോറയിൽ സമ്മേളിച്ചു; അതിനെ മഹാദേശീയ അസംബ്ലി

എന്നു വിളിച്ചുവന്നു. മഹാദേശീയ ആസംബ്ളി നിയമാനുസരണം സ്ഥാപിക്കപ്പെട്ടതാണെന്നും, അതു താല്ക്കാലിക ഗവർമ്മേണ്ടാണെന്നും, കമാൽപാഷ അതിൻെറ പ്രസിഡണ്ടാണെന്നും പ്രഖ്യാപിച്ചു. ബ്രിട്ടീഷാധിപത്യത്തിൽ അധഃപതിച്ചുപോയ കോൺസ്റ്റാൻറിനോപ്പിൾ ഗവർമ്മേണ്ടിനെ തിരസ്കരിച്ചുകൊണ്ടു് സ്ഥാപിക്കപ്പെട്ട അങ്കോറ ഗവർമ്മേണ്ടു് അധികാരം നടത്തിത്തുടങ്ങി.

**അങ്കോറാ ഗവർമ്മേണ്ടു്**—മുസ്തഫാ കമാൽപാഷയുടെ പ്രസിഡണ്ടെന്ന നിലയിൽ ആദ്യത്തെ പ്രസ്താവന ഇപ്രകാരമായിരുന്നു:— "മഹാദേശീയ അസംബ്ളിയുടെ കല്പനപ്രകാരം ഞാൻ പ്രസ്താവിക്കുന്നു, തുക്കിജനതയുടേയും തുക്കിരാജ്യത്തിൻേറയും സാക്ഷാൽ ഗുണത്തിന്നും, സുഖത്തിന്നും, ജീവരക്ഷക്കുംവേണ്ടി തുക്കിരാജ്യത്തിൻെറ അതിത്തികളിൽ പ്രവത്തിക്കുവാനാണു് അങ്കോറാ ഗവമ്മണ്ടു് സ്ഥാപിതമായതു്. ദുഷ്യകരവും അസാദ്ധ്യവുമായ ഒരു സ്ഥിതിയിലേക്കു് തുക്കിജനതയെ നയിക്കുവാനല്ല ഞങ്ങളുടെ ഉദ്ദേശം. ഇതരനാഗരികലോകത്തോടു് മയ്യാദയോടും, ദയയോടും, സൌഹാർദ്ദത്തോടും പെരുമാറുവാനാണു് ഞങ്ങൾ ഉദ്ദേശിക്കുന്നതു്; അതേ നയംതന്നെ ഞങ്ങൾ വിദേശിയരിൽനിന്നും പ്രതീക്ഷിക്കുന്നു."

**ശത്രുക്കൾ**— കമാലിസ്റ്റിന്നെതിരായി ശത്രുക്കൾ നാലുപുറത്തും നിറയുന്നു. ഗ്രീക്കുകാർ സ്മിർണ്ണയിൽ ജയഘോഷത്തോടെ മുന്നോട്ടുപോകുന്നു; അർമിന്യക്കാർ കിഴക്കുഭാഗത്തുനിന്നെതിരിടുന്നു; അങ്കോറക്കു തെക്കും കിഴക്കും ഖർദ്ദുകാരുടെ കൊലകളും കൊള്ളകളും നടക്കുന്നു. ഇസ്താംബൂ

ളിൽനിന്നു കാലീഫ്പട്ടാളം അനട്ടോളിയയിലിറങ്ങി പൊരുതുന്നു. ഒരു ബ്രിട്ടീഷ്പട്ടാളം വടക്കെകരയിൽ പ്രവേശിച്ചിരിക്കുന്നു. ഒരു ശത്രുപട്ടാളം അങ്കോറക്കിരുപതുനാഴിക സമീപത്തെത്തിയിരിക്കുന്നു. കമാലിസ്റ്റ്കാർ ക്രൂരതരമായി വധിക്കപ്പെടുന്നു. ബ്രെബിസോണ്ട്, കോണിയാ മുതലായ ചില സ്ഥലങ്ങൾ അങ്കോറിയാ ഗവൎമ്മെണ്ടിനെ അംഗീകരിച്ചതു നിഷേധിക്കുന്നു. പട്ടണങ്ങൾ ഓരോന്നോരോന്നായി ശത്രുക്കളുടെ ആധീനത്തിലകപ്പെടുന്നു. ഈ വക വൎത്തമാനങ്ങൾ കമാൽപാഷ കേട്ടുകൊണ്ടിരുന്നുവെങ്കിലും തുക്കി ദേശീയജനതയിൽ പൂൎണ്ണവിശ്വാസവും അവസാനം വിജയം പ്രാപിക്കുമെന്ന മനോധൈൎയ്യവും അദ്ദേഹത്തിന്നുണ്ടായിരുന്നു.

**കമാൽപാഷയുടെ ബുദ്ധിവിശേഷത—** കമാൽപാഷയുടെ സംഭാഷണങ്ങൾ അദ്ദേഹത്തിൻെറ ഭാവനാശക്തി, മനോദാർഢ്യം, ബുദ്ധികൂൎമ്മത, സ്ഥൈൎയ്യം, ഫലിതമനോരഥം, മനോസ്വാതന്ത്ര്യം, രാജ്യസ്നേഹം മുതലായ ഗുണങ്ങളെ തെളിയിക്കുന്നു.

ദേശീയസൈന്യം യുദ്ധത്തിൽ തോററുപോയാൽ താനെന്തു ചെയ്യുമെന്ന് ഒരു അമേരിക്കൻ ചിന്തകൻ ചോദിച്ചപ്പോൾ കമാൽ ഇപ്രകാരമാണ് ഉത്തരം പറഞ്ഞതു്—"ഒരു ദേശീയമനഃസ്ഥിതി തികഞ്ഞ ജനത സ്വാതന്ത്ര്യത്തിന്നുവേണ്ടി എന്തു ത്യാഗവും, വേണ്ടിവന്നാൽ ജീവനെപ്പോലും ബലികഴിക്കയും ചെയ്യുന്നതായാൽ തോൽവി ഒരിക്കലും ഉണ്ടാകയില്ല. അവക്കു തോൽവിയുണ്ടായെന്നു ധരിക്കയാണെങ്കിൽ അവർ ജീവച്ഛവദേശീയർ എന്നൎത്ഥം."

തുൎക്കിയെ ലാളിച്ചു രക്ഷചെയ്യുന്ന ഒരു മഹാനെന്ന ഭാവത്തിൽ ബ്രിട്ടീഷ് വിദേശമന്ത്രി ഗ്രെയിപ്രഭു തന്റെ പ്രസംഗത്തിൽ അങ്കോറാഗവൎമ്മേണ്ടിനെപ്പററി പുച്ഛമായി പ്രസ്താവിച്ചതു കമാൽപാഷ വായിച്ചുകേട്ടപ്പോഠം കോപവികാരസമേതം പറഞ്ഞതിപ്രകാരമാണു്— "തുൎക്കികളായ ഞങ്ങളും ബ്രിട്ടീഷ്കാരെപ്പോലെ സാത്വികന്മാരാണെന്നു ബ്രിട്ടനറിയാറാകും; അവർ നമ്മെ തങ്ങളുടെ സമന്മാരായി പെരുമാറുവാൻ സംഗതി തീൎച്ചയായും വരും. നാം ഒരിക്കലും അവൎക്കു തല കുനിക്കയില്ല. ഞങ്ങഠം ഒരാഠം മാത്രമായി ശേഷിച്ചാലും ഞങ്ങഠം അവരുടെ നാഗരികമൎയ്യാദകൊണ്ടു തന്നെ അവരുടെ തലകഠം ഉടക്കുന്നതുവരെ അവരെ എതിൎക്കും."

ഫ്രഞ്ച് റിപ്പബ്ളിക്ക് പ്രസിഡണ്ട്, മുസ്തഫാ കമാലിനൊഴുതിയ ഒരു കത്തിന്നു്, മഹാദേശീയ അസംബ്ളി പ്രസിഡണ്ടെന്ന നിലയിൽ കമാൽ അയച്ച മറുപടി ഇപ്രകാരമാണു്— "തുൎക്കിയുടെ തലസ്ഥാനം വിദേശിയരുടെ കൈവശത്തിലിരിക്കുന്ന കാലത്തോളം അങ്കോറയിൽ സ്ഥാപിതമായ മഹാദേശീയ അസംബ്ളി തുൎക്കിയുടെ കാൎയ്യങ്ങഠം നടത്തിക്കൊണ്ടുതന്നെയിരിക്കും .... .... ഇസ്താംബൂളും, സുൽത്താൻ ഗവൎമ്മേണ്ടും ശത്രുക്കളുടെ അധീനത്തിലിരിക്കുന്നതുകൊണ്ടു് ഇസ്താംബൂളിൽനിന്നു പുറപ്പെടുന്ന കല്പനകഠം സാധുവാകയില്ല. തുൎക്കിജനതയുടെ അവകാശങ്ങളെ ഗവൎമ്മേണ്ടു ഖണ്ഡിച്ചിരിക്കയാണു്. തുൎക്കിജനത ഒരു സ്വതന്ത്രരാഷ്ട്രം മാൎഗ്ഗമായി തങ്ങളുടെ അവകാശങ്ങളെ രക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. ന്യായവും മാനവുമായ ഒരു

ഉടമ്പടി ചെയ്യാൻ ജനത ആഗ്രഹിക്കുന്നു. ജനതയുടെ വിശ്വാസയോഗ്യമായ പ്രതിനിധികൾ മുഖാന്തരം മാത്രമേ തുർക്കി സന്ധിചെയ്യുകയുള്ളു".

ഒരു ഫ്രഞ്ച് പ്രതിനിധിയോട് കമാൽ പറഞ്ഞതാണ്—"നിങ്ങൾ സിറിയയും അറേബിയയും എടുത്തുകൊൾക; തുർക്കിയിൽനിന്നു നിങ്ങൾ കൈകൾ നീക്കുക. ഓരോ ജനതക്കും അവരുടെ നാട്ടിൽ സ്വതന്ത്രരായിരിക്കുവാൻ അവകാശമുണ്ട്. ഞങ്ങളുടെ രാജ്യത്തിലുൾപ്പെടാത്ത ഒരിഞ്ചു ജാസ്തിയും ഞങ്ങൾക്കു വേണ്ട; ഒരിഞ്ചു കുറക്കുവാനും ഞങ്ങൾ സമ്മതിക്കയില്ല."

## 8. സെവർസ് സന്ധിയും യുദ്ധവും.

തുർക്കിയും വിദേശിയരുമായുണ്ടായ സമരം നിലക്കുന്നതിനു മുമ്പായിത്തന്നെ ബ്രിട്ടനും, ഫ്രാൻസും, അമേരിക്കയും മററും, പ്രതിനിധികളെ ഫ്രാൻസിൽ സെവർസ് എന്നസ്ഥലത്ത് സന്ധിവ്യവസ്ഥകൾ നിജപ്പെടുത്തുവാൻ അയച്ചിരുന്നു. അവർ അവിടെ സമ്മേളിച്ചു തുർക്കിയെ അവഗണിച്ചു സന്ധിയിലെ ഇനങ്ങൾ ആലോചിച്ചുവന്നു (1920 ഡിസമ്പർ). പ്രതിനിധിസഭയിൽ ബ്രിട്ടീഷുപ്രധാനമന്ത്രി ലോയിഡ് ജോർജ്ജും, പ്രസിഡണ്ട് വിൽസനും, ഫ്രഞ്ച് മന്ത്രി ക്ലമൻസോയും, സുൽത്താൻെറ പ്രതിനിധികളും അഞ്ഞൂറിൽപരം പത്രപ്രതിനിധികളുമുണ്ടായിരുന്നു. ദേവന്മാരെപ്പോലെ ഭാവിഭവിഷ്യത്തുക്കൾ നല്ലപോലെ അറിയുന്ന ഭാവത്തിൽ അങ്കോറാ ഗവമ്മെണ്ടിനെയും കമാൽപാഷ

യേയും തൃണീകരിച്ച് ഭാവിയെ സൃഷ്ടിക്കാനുള്ള പദ്ധതികളു തീരുമാനിക്കുകയും അവയെ നിറവേററുവാനായി ഗംഭീര മായ കല്പനകൾ പുറപ്പെടുവിക്കുകയും ചെയ്തു. "തുക്കിയിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്നു" എന്നു സഭയിലെ ഒരു മെമ്പർ സന്ധിആലോചനസമയത്തു പറഞ്ഞപ്പോൾ മററു ള്ള ചില പ്രതിനിധികൾ ശുണ്ഠിയോടെ പറഞ്ഞത് "ഇ തെന്തൊരു കഥയാണ്? മഹായുദ്ധത്തിൽ തുക്കി പരാജി തയായിരിക്കുന്നു. തുക്കി അവസാനിച്ചുകഴിഞ്ഞു" എന്നാ യിരുന്നു. ഇങ്ങിനെ തുക്കിയെ വകവെക്കാതെ, മുസ്തഫാ കമാൽപാഷയെ പുല്ലുപോലെ കരുതി സെവർസ് സന്ധി നിശ്ചയങ്ങൾ പരസ്യപ്പെടുത്തി. ഈ സന്ധിതീപ്പ് തുക്കി യുടെ മരണവിധിയായിരുന്നു. പക്ഷെ വിധി ആക്കും നട ത്തുവാൻ കഴിഞ്ഞില്ലെന്നു ഗ്രന്ഥം വായിച്ചുപോകുമ്പോൾ വായനക്കാക്ക് ബോദ്ധ്യമാകും.

**സന്ധിവ്യവസ്ഥകൾ**—സന്ധിപ്രകാരം സ്മിർണ്ണ ഒഴിച്ച് ബാക്കിയുള്ള അനട്ടോളിയ തുക്കികൾക്ക് വിട്ടുകൊടുത്തിരി ക്കുന്നു. എന്നാൽ തുക്കികളുടെ ജീവിതകാര്യങ്ങളെല്ലാം മേ ലന്വേഷണത്തിന്നു പാത്രീഭവിക്കണം. തുക്കിഗവമ്മേണ്ടി ൻെറ വരവുചിലവു കണക്കുകൾ സൂക്ഷ്മതയോടെ പരിശോ ധിച്ച് നടത്തിപ്പിക്കണം. തുക്കിപട്ടാളത്തെ പിരിച്ചുവിടു വാനും ഒരു വളണ്ടിയർപട്ടാളത്തേയും ജൻഡാറം പോലി സിനേയും രൂപീകരിക്കുവാനുംവേണ്ടി ഒരു കമ്മീഷനെ ഏ പ്പെടുത്തണം. നികുതി, ചുങ്കം, വനകാവലാളികൾ, പോ ലീസ് മുതലായവ ഈ കമ്മീഷൻെറ അധികാരത്തിൻകീഴി ലായിരിക്കണം. പേരിന്നുമാത്രം തുക്കിസുൽത്താന്നു ഭരണാ

ധികാരമുണ്ടെന്നല്ലാതെ, സന്ധിനിശ്ചയങ്ങൾ തുക്കിയെ അടിമശൃംഖലയിൽ ബന്ധിച്ചിരിക്കുന്നുവെന്ന് ആക്കും അനുമാനിക്കാവുന്നതാണ്. ഇങ്ങിനെയുള്ള ഒരു സന്ധി സദ്ധ്യമാക്കേണ്ടതിന്നുവേണ്ടിയാണ് ബ്രിട്ടൻ യുദ്ധസന്നാഹമായ ഒരു വെറും പിട്ടു കാട്ടിയതും ഗ്രീക്കുകാരെക്കൊണ്ട് സ്മിർണ്ണയിൽ ആക്രമണം നടത്തിപ്പിച്ചതും. ഭയംനിമിത്തമാണ് സ്വാതന്ത്ര്യബോധമില്ലാത്ത സുൽത്താനും തന്റെ പ്രതിനിധികളും സന്ധിയെ അംഗീകരിച്ചതു്. ഈ അടിമത്വം കമാൽപാഷക്കു ഒരിക്കലും പൊറുത്തുകൂടാത്തതായിരുന്നു. തുക്കിയെ ഇന്ത്യയെപ്പോലെ അടിമശൃംഖലയിൽ അകപ്പെടുത്തുവാൻ സാധിക്കുമെന്നായിരുന്നു ബ്രിട്ടൻ വിചാരിച്ചുപോന്നതു്.

**അനട്ടോളിയയിലെ പ്രക്ഷോഭം—** സന്ധിവ്യവസ്ഥകൾ അനട്ടോളിയയിൽ ഊർജ്ജിതമായ പ്രക്ഷോഭണങ്ങൾ ഉളവാക്കി. ദേശീയകക്ഷിബലം പതിന്മടങ്ങു വർദ്ധിച്ചു. എത്രയോ പന്ത്രണ്ട് നൂററാണ്ടോളം ഭരണകർത്തൃത്വം വഹിച്ചുവന്ന തുക്കികൾ ഒരിക്കലും അടിമകളായിരിക്കയില്ലെന്ന് ബ്രിട്ടീഷുകാക്ക് അവരുടെ ദുരാഗ്രഹംനിമിത്തം തോന്നിയില്ല. തുക്കികളുടെ ഇടയിലുണ്ടായ സ്പർദ്ധയും, സ്വാർത്ഥമത്സരങ്ങളും ഉടനടി അവസാനിച്ചു. തുക്കികൾ കമാൽപാഷയെ നേതാവായി വരിച്ചു. തങ്ങളെ കമാലിസ്റ്റ്കാരെന്ന് വിളിച്ചുവന്നു. കമാലിസ്ററുകാർ കാലീഫ് പട്ടാളത്തെ തകർത്തു; സന്ധിവ്യവസ്ഥകളെ അംഗീകരിക്കുവാൻ സുൽത്താനെ പ്രേരിപ്പിച്ച രാജ്യവഞ്ചകന്മാരുടെ നേരെ പ്രതിക്രിയ ചെയ്യുമെന്ന് കമാലിസ്ററുകാർ സത്യംചെയ്തു.

**ബ്രിട്ടൻെറ ധാർഷ്ട്യം—**

1918-ലെ വർസെയിൽ സന്ധിപ്രകാരം ജമ്മൻസാമ്രാജ്യത്തിലെ ഒരു വലിയഭാഗം ഐക്യകക്ഷിയിലെ ചിലക്ക് ഭാഗിച്ചുകൊടുക്കുവാനും, ജമ്മൻകാരെ നിരായുധരാക്കുവാനും, കൊടുത്താൽ തീരാത്ത ഋണഭാരം ജമ്മനിയുടെമേൽ ചുമത്തുവാനും സാധിച്ചതിനാലുണ്ടായ ഗർവ്വംനിമിത്തം മതിമറന്ന ബ്രിട്ടനും ഫ്രാൻസും, തുക്കിയെ തങ്ങളിൽ ക്രമേണ വിഭജിക്കുവാൻ സെവർസ് സന്ധികൊണ്ട് സാധിക്കുമെന്നായിരുന്നു അവരുടെ മനോരാജ്യം. പ്രസിഡണ്ട് വിൽസൻെറ കണ്ണിൽ പൊടിയിടാനാണ് വെർസെയിൽസ് സന്ധിയിൽ അതതുരാജ്യം അതതുരാജ്യക്കാൎക്ക പൂൎണ്ണസ്വാതന്ത്ര്യത്തോടെ ഭരിക്കുവാൻ വിട്ടുകൊടുക്കേണമെന്ന് നിശ്ചയിച്ചത്. അങ്ങിനെ തീരുമാനിച്ചതിൻെറ ഒരു രഹസ്യം പരിപൂൎണ്ണദേശീയമനഃസ്ഥിതി പ്രാപിച്ച ഒരു യൂറോപ്യൻ രാജ്യക്കാരെയും ഒരു വിദേശീയകോയ്മക്കു സമാധാനത്തോടെ ഭരിക്കുവാൻ സാധിക്കയില്ലെന്നതാണ്, തുക്കിയെ സംബന്ധിച്ച് ഈ തത്വം വിസ്മരിക്കയാണ് ചെയ്തത്. തുക്കികൾ രാജ്യസ്നേഹംനിമിത്തം പരിപൂൎണ്ണദേശീയതത്വത്തിലെത്തിയിരുന്നുവെന്ന് വെള്ളക്കാൎക്ക് മനസ്സിലായിരുന്നില്ല. ഭീകരപ്രവൃത്തികൾകൊണ്ടും ഭള്ളുകൾകൊണ്ടും തുക്കിയെ കരസ്ഥമാക്കാമെന്നായിരുന്നു ബ്രിട്ടനും ഫ്രാൻസും ധരിച്ചത്. ലോകമഹായുദ്ധം അവസാനിച്ചശേഷം 1919-ൽ റഷ്യയെ സോഷ്യലിസ്റ്റധീനത്തിൽനിന്നുദ്ധരിക്കുവാൻവേണ്ടി മുതലാളികോയ്മകൾ ഒരുങ്ങിയപ്പോൾ ബ്രിട്ടനിലെയും ഫ്രാൻസിലെയും ജനങ്ങൾ അതിന്നൊരുക്കമില്ലാഞ്ഞത് ബ്രിട്ടീഷുഗവ

മെന്റും ഫ്രഞ്ചുഗവമ്മേണ്ടും നല്ലപോലെ അറിഞ്ഞിരുന്നു. വീണ്ടും ഒരു യുദ്ധമുണ്ടാകുന്നപക്ഷം റഷ്യ തുൎക്കിക്കു സഹായിയായിത്തീരുമെന്നും അവർ ശങ്കിക്കാതിരുന്നില്ല. യുദ്ധം കൂടാതെ രാജ്യതന്ത്രജ്ഞന്മാരെ നയോപായങ്ങൾ നിറഞ്ഞ ഒരു സന്ധിവ്യവസ്ഥകൊണ്ടു തുൎക്കിയെ ഈ കോയ്മകളുടെ അധീനത്തിൽ വരുത്തിക്കളയാമെന്നും അവർ വിചാരിച്ചു. ഇററലിയിൽ ഒരു സോഷ്യലിസ്റ്റ് വിപ്ലവമുണ്ടായതിനാലും, ഫ്രാൻസിന്നു ജമ്മൻഅതിര് കാത്തുരക്ഷിക്കേണ്ടതുകൊണ്ടും ബ്രിട്ടീഷ്സാമ്രാജ്യത്തിന് അയർലണ്ടിലും ഈജിപ്റ്റിലും കലാപങ്ങൾ വന്നുകൂടിയതിനാലും, മഹായുദ്ധത്തിന്ന് ഇന്ത്യക്കു കൊടുത്ത വാഗ്ദാനങ്ങൾ നിറവേററുന്നതിന്നു പകരം ഇന്ത്യയിൽ മട്ടനങ്ങൾ നടത്തിയതിനാലും തുൎക്കിയോടു യുദ്ധമുണ്ടാകുന്ന പക്ഷം ഈ കോയ്മകൾ പിൻമാറേണ്ടിവരുമെന്നും അവർ നല്ലപോലെ ഗ്രഹിച്ചിരുന്നു. ഐക്യകക്ഷിയിൽ ഗ്രീസ്സു മാത്രമെ തുൎക്കിയോടു യുദ്ധത്തിന്ന് സന്നദ്ധയായുള്ളു. കോൺസ്റ്റാൻറിനോപ്പൾ ഗ്രീസ്സിന്നു കിട്ടണമെന്ന മോഹവും, ഒരു ഗ്രീക്കുസാമ്രാജ്യം സ്ഥാപിക്കണമെന്ന മോഹവും ഗ്രീസ്സിന്നുണ്ടായിരുന്നു. അതുകൊണ്ടു സെവർസ് സന്ധിക്കു മുമ്പെതന്നെ, മുദ്രോസ് താല്ക്കാലികസന്ധിയെ കമാൽപാഷയും കക്ഷിയും സ്വീകരിക്കാത്തതിനാൽ, ബ്രിട്ടനും ഫ്രാൻസും ഗ്രീസ്സിനെ സഹായിച്ചു ഗ്രീക്കുപട്ടാളങ്ങളെ സ്മിൎണ്ണയിൽ കടത്തിവിട്ടിരുന്നു. യുദ്ധം ഇങ്ങിനെ തുടൎന്നു പോകുമ്പോൾ സന്ധിവ്യവസ്ഥകൾക്കു തുൎക്കിജനത അംഗീകരിക്കുമെന്നാണ് ബ്രിട്ടൻ തെററിദ്ധരിച്ചത്.

**ഗ്രീസ്സിൻെറ ആരംഭശ്ശൂരത്വം**—ഗ്രീക്കുകാരുടെ സ്മിൎണ്ണ

ആക്രമണത്തെപ്പററി വേറെ ഒരുവശത്തു വിവരിച്ചിട്ടുണ്ടല്ലൊ. കമാലിനും കക്ഷിക്കും വളരെ തടസ്ഥങ്ങൾ നേരിട്ടതിനാൽ ഗ്രീക്കപട്ടാളത്തെ എതിരിടുവാൻ അവക്കു ആദ്യം സാധിച്ചിരുന്നില്ല. ഗ്രീക്കുകാർ സ്മിൎണ്ണ കൈവശമാക്കിയശേഷം അനഃട്ടോളിയയിലെ ഉൾനാട്ടിലെ റെയിൽപാതവരെയുള്ള സ്ഥലങ്ങൾ കൈവശപ്പെടുത്തി. ബാൾക്കാനിലെ ഗ്രീക്കപട്ടാളം അദ്രിയാനോപൾ പിടിച്ചു കോൺസ്റ്റാൻറിനോപളിന്നു സമീപം താവളമുറപ്പിച്ചു.

**സമാധാനത്തിനുള്ള ശ്രമം കമാൽ തടയുന്നു— തുൎക്കി**കളുടെയിടയിലെ ഒരു കക്ഷി യുദ്ധം അവസാനിപ്പിക്കേണമെന്നും, ശത്രുക്കളോടു സന്ധിയാകേണമെന്നും ആവശ്യപ്പെട്ടു. ദേശീയക്കുവേണ്ടി ആദ്യം പൊരുതി കാലീഫ് പട്ടാളത്തെ ഓടിച്ച ദേശീയക്കെതിരായി പട്ടാളത്തെ നിയോഗിച്ചു. ഈ സ്ഥിതിനിമിത്തം അങ്കോറക്കുട്ടത്തു സമ്മേളിച്ച മഹാദേശീയ അസംബ്ളി സന്ധിചെയ്യണമെന്നാവശ്യപ്പെട്ടു. കമാൽ സഭയിൽ പ്രവേശിച്ചു മെമ്പർമാരുമായി വാദപ്രതിവാദം നടത്തി ആവേശജനകമായ ഒരു പ്രസംഗംചെയ്തു. "തോൽവിക്കു സുൽത്താനാണ് ഉത്തരവാദി. ബ്രിട്ടന്റെ ആജ്ഞപ്രകാരം സുൽത്താൻ ഇസ്താംബൂളിലെ പട്ടാളത്തെ പിരിച്ചുവിട്ട് ആയുധങ്ങൾ ശത്രുക്കൾക്കു വിട്ടുകൊടുത്തു. സുൽത്താന്റെ അനുയായികൾ അനട്ടോളിയയിൽ അത്യന്തരലഹളകളുണ്ടാക്കി. നിങ്ങൾ സമാധാനിക്കണം; പട്ടാളങ്ങളെ ക്രമപ്പെടുത്തുവാൻ എനിക്കു സമയം തരണം. നിങ്ങൾ തുൎക്കികളാണ്; ഇന്നലെവരെ നമ്മുടെ പ്രജകളും അടിമകളുമായ ഗ്രീക്കുകാരുടെ മുമ്പിൽ

നിങ്ങൾ മുട്ടുകുത്തി ഇഴയുമോ? എനിക്കതു വിശ്വസിക്കു വാൻ തരമില്ല. സർവ്വരും യോജിച്ചു പ്രവർത്തിക്കുക; എന്നാൽ വിജയം നമുക്കുള്ളതാണ്". പ്രസംഗം കേട്ടതിൻെറ ശേഷം ദേശീയ അസംബ്ളി കമാൽപാഷയുടെ ആജ്ഞ അനുസരിച്ചു.

കമാൽ ആലിഫ്യാദ് പാഷയെ നീക്കി, പകരം തൻെറ വലംകയ്യായ ഇസ്മാറ് പാഷയെ സേനാധിപതിയായി നിശ്ചയിച്ചു. ആലിഫ്യാദിനെ അങ്കോറാ പ്രതിനിധിയായി മോസ്കോവിലേക്കയച്ചു. സ്ഥിതിഗതികൾ ഇങ്ങിനെയിരിക്കെ, ഇസ്താംബൂൾ ഗവൺമെണ്ടിനെയും അങ്കോറാ ഗവൺമെണ്ടിനെയും യോജിപ്പിക്കുവാനും, ശത്രുക്കളോടു സമാധാനഉടമ്പടി ചെയ്യാനുംവേണ്ടി സുൽത്താൻ തൻെറ മന്ത്രി ഇസ്സാറ്പാഷയെ അങ്കോറയിലേക്കയച്ചു. കമാൽപാഷ തൽക്കാലം മന്ത്രിയേയും പരിവാരങ്ങളേയും ബഹുമാനപൂർവ്വമായി ബന്ധനത്തിൽ വെച്ചു. സ്ഥിതിഗതികൾ അനുകൂലമായപ്പോൾ അവരെ ജയിലിൽനിന്നു വിട്ടു.

**തുർക്കിവിജയങ്ങൾ—സക്കേറിയാ യുദ്ധം.** ഇസ്മറുപാഷ ഗ്രീക്കുകാരെ ഇനഇനഓ എന്ന സ്ഥലത്തുവെച്ചു പരാജിതരാക്കി. കിയാസിം കാരാബക്കീർപാഷ അർമിന്യക്കാരേയും തോല്പിച്ചോടിച്ചു. ഗ്രീക്കുകാർ വീണ്ടും ആക്രമം തുടങ്ങുവാൻ മുന്നോട്ടുകയറിയെങ്കിലും, ഇസ്മറുപാഷ പിന്നോട്ടു പോകേണ്ടിവന്നെങ്കിലും അവസാനം തുർക്കികൾക്കാണ് വിജയമുണ്ടായതു്. തുടരെത്തുടരെ വിജയം കമാൽപാഷക്കുണ്ടായതു് 1921 ആഗസ്റ്റ്മാസം തുടങ്ങിയാണ്. ഈ ആണ്ടിൽ ഒക്ടോബർ 5-ാംനു- അങ്കോറാ പാർലിമെണ്ടു

"ബാഷ് കൊമാണ്ടർ" എന്ന സ്ഥാനം കമാൽപാഷക്കു കൊടുത്തു. അതുപ്രകാരം പട്ടാളകാര്യത്തിലും യുദ്ധനടത്തിപ്പിലും, ഭരണവിഷയത്തിലും കമാൽപാഷ മൂന്നു മാസക്കാലത്തേക്കു സർവ്വാധികാരിയായി.

കമാൽപാഷ നയിച്ച പട്ടാളം ഗ്രീക്കപട്ടാളത്തിന്റെ 25 ശതാംശം മാത്രമായിരുന്നു. കുതിരപ്പുറത്തുനിന്നു പോർക്കളത്തിൽ വീണു ബോധരഹിതനായതിനാൽ കമാൽപാഷയെ അങ്കോറയിലേക്കു വഹിച്ചുകൊണ്ടുപോയി. ഒരു ദിവസത്തെ വിശ്രമത്തിന്നുശേഷം പാഷ വീണ്ടും പോർക്കളത്തിൽ വന്നു. കമാൽപാഷയുടെ യുദ്ധവൈദഗ്ദ്ധ്യം, ധീരത, ആവേശജനകമായ പ്രസംഗം എന്നിവ മുമ്പൊരിക്കലും ഇത്ര വിജയകരമായി പ്രദർശിപ്പിച്ചിട്ടില്ലെന്നു ഒരു ചരിത്രകാരൻ പറയുന്നു. പട്ടാളത്തിലെ ലഘുകാര്യങ്ങളും, സേനാപതികളുടെ പ്രാപ്തിയും കമാൽപാഷ ഗ്രഹിച്ചിരുന്നു. ഈ യുദ്ധമുണ്ടായതു സക്കറിയാ നദീതീരത്തുവെച്ചാണ്. ഈ യുദ്ധത്തിൽ ഗ്രീക്കുകാർക്കു വലിയ തോൽവിയും നഷ്ടവും പററി. തല പൊന്തിച്ചു നടക്കുവാൻ പോരാത്തവരായി. ഈ യുദ്ധത്തിൽ തുർക്കിസ്ത്രീകൾ മൂടുപടം നീക്കി മുന്നോട്ടു വന്നു ഭടന്മാർക്കു വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്തിട്ടുണ്ട്. വിജയം നിമിത്തം മഹാദേശീയ അസംബ്ളി "ഘാസി" എന്ന സ്ഥാനം കമാൽപാഷക്കു നല്കി.

**ഫ്റാൻസും ഇററലിയും അങ്കോറാഗവർമ്മേണ്ടിനെ അംഗീകരിക്കുന്നു.** കമാൽപാഷ ദേശീയാദർശത്തെ ഒരിക്കൽകൂടി വ്യക്തമാക്കി. അതു് ഏതാണ്ടിപ്രകാരമാണ്—"മഹാദേശീയസഭയുടെ ഉദ്ദേശം സമാധാനമാണ്; യുദ്ധമല്ല.

സമാധാനത്തിന്നു യാതൊരു തടസ്ഥവുമില്ലെന്നാണ് എന്റെ അഭിപ്രായം. ഞങ്ങളുടെ ന്യായമായ അവകാശങ്ങളെല്ലാം വിട്ടൊഴിപ്പിക്കുവാൻ ഗ്രീക്കുകാൎക്കു സാധിക്കുമെന്നു വിചാരിക്കുന്നെങ്കിൽ അതു അബദ്ധമാണ്. ഞങ്ങളുടെ രാജ്യത്തെ നശിപ്പിക്കുവാൻ പരിശ്രമിക്കുന്നവരിൽനിന്നു അതിനെ രക്ഷിക്കുവാനായി ഞങ്ങൾ തടുത്തുനില്ക്കുകയാണ് ചെയ്യുന്നതു്. ഇതു ഞങ്ങൾ സ്വതവെ ചെയ്യേണ്ടതാണ്. ഞങ്ങളുടെ ഈ ദേശാഭിമാനത്തെ സൎവരും ന്യായീകരിക്കും. ഞങ്ങൾ ഒരൊററ ശത്രുഗ്രീക്കുകാരനും തുൎക്കിയിൽ ഇടംകൊടുക്കുകയില്ല."

സക്കറിയായുദ്ധം ലോകത്തിന്റെ കണ്ണു തുറപ്പിച്ചു. സൎവ്വതലസ്ഥാനനഗരങ്ങളിൽനിന്നും കമാലിന്നു അഭിനന്ദനങ്ങൾ കമാലിന്നു വന്നുതുടങ്ങി. ഫ്രാൻസ് അങ്കോറാ ഗവൎമ്മെണ്ടിനെ അംഗീകരിച്ചു; ഇസ്തംബൂൾ ഗവൎമ്മെണ്ടു ഒരു വെറും ഛായ മാത്രമാണെന്നു ഫ്രാൻസിന്നു ബോദ്ധ്യമായി. ഫ്രാൻസും അങ്കോറാ ഗവൎമ്മെണ്ടുമായി സന്ധി ഉണ്ടാകുകയും ഫ്രഞ്ചുപട്ടാളം സിലിഷ്യ വിട്ടൊഴിഞ്ഞുപോകയും ചെയ്തു. അതുനിമിത്തം എൺപതിനായിരം തുൎക്കിഭടന്മാൎക്കു തെക്കെ യുദ്ധരംഗം വിട്ടുവരാനും ഗ്രീക്കുകാരോടു സമരംചെയ്യാനും സാധിച്ചു; എന്നുമാത്രമല്ല; ഫ്രാൻസ് നാല്പതിനായിരം ഭടന്മാൎക്കു വേണ്ടുന്ന ആയുധക്കോപ്പുകളും തുൎക്കികൾക്കു കൊടുത്തു. ബ്രിട്ടന്നു് ഇതു നെഞ്ഞത്തു ശരം ഏററപോലെയായി. ബ്രിട്ടന്റെ സഖ്യത്തിൽനിന്നു ഫ്രാൻസ് ഒഴിഞ്ഞുമാറി. സോവിയററു റഷ്യ അങ്കോറക്കു ധനസഹായവും ആയുധങ്ങളും എത്തിച്ചുകൊടുത്തു. ഇററലിയും

തുർക്കിയും തമ്മിൽ സഖ്യംചെയ്തു. അധികം താമസിയാതെ പേർസിയയും, അഫ്ഘാനിസ്ഥാനും, തുർക്കിയും തമ്മിൽ സഖ്യമുണ്ടായി.

**അങ്കോറ പാർലിമെണ്ടിലെ വാദപ്രതിവാദം—** സക്കേറിയാ യുദ്ധവിജയത്തിന്നുശേഷം ശത്രുക്കളോടു സമാധാനമാകേണമെന്നു പാർലിമെണ്ടിലെ യാഥാസ്ഥിതികന്മാരും മിതവാദികളും അഭിപ്രായപ്പെട്ടു. എന്നാൽ കമാൽപാഷയെ മൂന്നു മാസത്തേക്കു സർവ്വാധിപതിയായി നിയമിച്ചു സ്ഥിതിക്കു യുദ്ധം തുടൎന്നുപോകേണമെന്നോ, അവസാനിപ്പിക്കേണമെന്നൊ തീരുമാനിക്കേണ്ടുന്ന അധികാരം കമാൽ പാഷക്കുള്ളതായിരുന്നു. അതുകൊണ്ടു ശത്രുക്കളുമായി സന്ധിചെയ്യുന്നതിന്നു മുമ്പായി പ്രസിഡണ്ടിന്റെ അധികാരം ക്ലിപ്തപ്പെടുത്തണമെന്നും, രാജകീയഭരണം സ്ഥാപിക്കേണമെന്നും ചിലർ വാദിച്ചു. ഫ്രാൻസിലെപ്പോലെ റിപ്പബ്ലിക്ക് സ്ഥാപിക്കേണ്ടതാണെന്നു ചിലരും, പഴയരീതിയിൽ ജീവിതം നയിക്കാനുള്ള ഭരണമാണ് വേണ്ടതെന്നു മററു ചിലരും വാദിച്ചു. യഥാസ്ഥിതികന്മാർ കമാൽപാഷയുടെ വനിതാസ്വാതന്ത്ര്യശ്രമത്തെ തടയേണമെന്നു നിഷ്കൎഷിച്ചു. മതനിയമങ്ങളെ ക്രമപ്പെടുത്തുവാൻ പാർലിമെണ്ടു നിയമിച്ച കൊമിസാർ എഴുതിയ ഒരു വിജ്ഞാപനത്തിൽ വനിതാസ്വാതന്ത്ര്യത്തെ ഖണ്ഡിച്ചു ഇപ്രകാരം എഴുതിയിരുന്നു. "മുസ്ലീമിങ്ങൾ എന്നു ഘോഷിക്കുന്ന ഒരുക്കൂട്ടർ ഗവർമ്മെണ്ടിനോടു യോജിച്ച് വിദേശീയാക്രമികളോടു യുദ്ധം ചെയ്യുന്നതിന്നു പകരം മാനമര്യാദ ലംഘിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നു. സ്ത്രീകൾ വിദേശീയരുടെ സന്നിധിയിൽ മൂടുപടം

നീക്കി അഭിമുഖമായി നില്ക്കുന്നു; വിദേശിയരുടെകൂടെ മേശക്കിരുന്നു ഭക്ഷണം കഴിക്കുന്നു. പറയാൻ ലജ്ജാവഹമായ കാര്യം—സ്വകാര്യഭവനത്തിൽവെച്ച് വിദേശിയരുടെ കൂടെ അവർ നൃത്തംചെയ്യുന്നു."

കമാൽപാഷ വനിതാസ്വാതന്ത്ര്യകാര്യത്തെപ്പററി ന്യായങ്ങൾ പറഞ്ഞുമടുത്തു, കൊമിസാരുടെ മുമ്പിൽ ഖുറാൻ മേശക്കു വിലങ്ങനെ എറിഞ്ഞിങ്ങിനെപറഞ്ഞു:-"ഖുറാൻ ആയിരം സംവത്സരം മുമ്പെയുള്ള കാലത്തിന്നു പററിയതാണ്." കാലത്തിന്നനുസരിച്ച സമുദായപരിഷ്കാരം ചെയ്വാൻ ഒരുങ്ങാത്തതിനാൽ കൊമിസാർ ഉദ്യോഗം രാജിവെക്കേണ്ടിവന്നു. രാജികൊണ്ടു ചിലേടങ്ങളിൽ നടന്നുവന്ന വനിതാപരിഷ്കാരങ്ങൾക്കു ഹാനി വന്നില്ല. സ്ത്രീകൾ മൂടുപടം നീക്കി മുഖത്തു പൌഡർ ഇട്ടു. പരിഷ്കരിച്ച ഉടുപ്പുകൾ ധരിച്ചു പരസ്യമായി നൃത്തങ്ങൾകൂടി ചെയ്തുവന്നു.

റോഫ്ബെഗ് ഭരണപരിഷ്കാരാർത്ഥം ഒരു ബിൽ പാർലിമെണ്ടിൽ അവതരിപ്പിച്ചു. മഹാദേശീയ അസംബ്ലി പ്രസിഡണ്ടിൻെറ അധികാരത്തിന്ന് ഒരു പരിധി നിർമ്മിക്കേണമെന്നും മന്ത്രിമാർ പ്രസിഡെണ്ടിന്നല്ല ഉത്തരവാദികളാകേണ്ടതെന്നും, നേരെ മറിച്ച് അവർ സഭക്കു ഉത്തരവാദികളാകേണമെന്നും, പാർലിമെണ്ടിനെയും മന്ത്രിമാരെയും അന്യോന്യം ഘടിപ്പിക്കുന്ന ഒരു ചരടെന്ന സ്ഥിതിയിൽ മാത്രമെ പ്രസിഡണ്ടിന്നു അധികാരങ്ങളുണ്ടാവാൻ പാടുള്ളുവെന്നും, സൂക്ഷ്മത്തിൽ അധികാരം മന്ത്രിസഭയിൽ ലയിക്കേണമെന്നും ഈ ബില്ലിൽ കാണിച്ചു. മന്ത്രിമാർ പാർലിമെണ്ടിന്നുത്തരവാദികളാകണമെന്നു ബില്ലിൽ

പറഞ്ഞിരുന്നവസ്ഥക്ക്, ബിൽ തന്റെ അധികാരത്തിന്ന് ഉടവു വരുത്തുമെന്നു മാത്രമല്ല; എതിരാളികളായ അൻവർകക്ഷിക്കു ഉയൎന്നുവരുവാൻ ഇതൊരു മാൎഗ്ഗമായിത്തീരുമെന്നും കമാൽപാഷക്കു മനസ്സിലായി. അധികാരം വിട്ടുകൊടുക്കുന്നതിൽ കമാൽപാഷ എതിരായിരുന്നതിനാൽ ബില്ലിന്നെതിരായി അദ്ദേഹം സാരഗൎഭമായ ഒരു പ്രസംഗം ചെയ്തു. അതിലെ ഒരു ഭാഗം ഉദ്ധരിക്കാം:— "ഈ ബില്ലിന്റെ ഉദ്ദേശം യൂറോപ്യരുടെ കണ്ണിൽ പൊടിയിടലാണ്. യൂറോപ്പുകാർ നമ്മെപ്പററി അന്യായമായി അടിസ്ഥാനരഹിതമായി പ്രചരിപ്പിക്കുന്ന ഒരാക്ഷേപം, നാം ക്രിസ്തീയരെ മൎദ്ദിക്കുന്നുവെന്നാണ്. യൂറോപ്പുകാർ നമ്മെ ശത്രുക്കളായി വീക്ഷിക്കുന്നു; നമ്മുടെ ദേശീയസഭാംഗങ്ങൾ വെറും വിവാദികളാണെന്നവർ ആക്ഷേപിക്കുന്നു." ഐക്യപുരോഗമനകക്ഷിയുടെ ശ്രമം ഗവൎമ്മേണ്ടിനെ ഒരു കൂട്ടുകെട്ടിന്റെ അധീനത്തിലാക്കുവാനാണെന്നു കമാൽ വിവരിച്ചു കാണിച്ചശേഷം പ്രസംഗം തുടൎന്നതിപ്രകാരമാണ്:— "ഈ ബിൽ വിദേശിയരിൽനിന്നുത്ഭവിച്ചതാണ്. അന്തരിച്ച സുൽത്താൻ വേറെ ഒരാളായിരുന്നെങ്കിൽ തുൎക്കിജനതയ്ക്കുപകാരമായി പ്രവൎത്തിച്ച അപ്രാപ്തന്മാരെയെല്ലാം അടിച്ചോടിച്ചുകളയുമായിരുന്നു. രാജ്യവഞ്ചകനായ സുൽത്താന്റെ അധികാരം ഇനിയും കുറക്കണം. താൻ ജനങ്ങളുടെ ആശ്രിതനാണെന്നു സുൽത്താൻ പഠിക്കണം. എന്റെ ഉദ്ദേശം, യൂറോപ്യരുടെ കണ്ണിൽ പൊടിയിടാനല്ല; തുൎക്കിജനതക്കു ശുശ്രൂഷ ചെയ്തു പ്രവൎത്തിക്കുവാനാണ്." കമാൽപാഷയുടെ അഭിപ്രായത്തിന്നനുസരിച്ചു ബില്ലിനെപ്പററി ആലോചിക്കുവാൻ

ഒരു കമ്മററിയെ രൂപീകരിച്ചു.

കമാൽപാഷക്കെതിരായി പല ബഹളങ്ങളുണ്ടായിട്ടും ഭൂരിപക്ഷാഭിപ്രായപ്രകാരം അദ്ദേഹം വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടുകയും മൂന്നു മാസത്തേക്ക് അദ്ദേഹത്തിന്നു നല്കിയ സർവ്വാധികാരം വീണ്ടും പുതുതാക്കപ്പെട്ടുകയും ചെയ്തു. അതു നിമിത്തം റോഫ്ബെഗും റഫാറ്പാഷയും അവരുടെ കൊമിസാർ അല്ലെങ്കിൽ, ഡിപ്പാർട്ടുമെണ്ടു തലവനെന്ന മന്ത്രിസ്ഥാനം രാജിവെച്ചു രാജികൊടുത്തവർക്കു പകരം പ്രസിഡണ്ടും മററുള്ള കൊമിസാർമാരും കൂടിയാലോചിച്ചു വേറെ ചിലരെ തിരഞ്ഞെടുക്കേണ്ടതാണെന്നു കമാൽപാഷ അഭിപ്രായപ്പെട്ടു. പക്ഷെ ഭൂരിപക്ഷം ഈ പ്രമേയത്തിന്നെതിരായി വോട്ടു ചെയ്കയാൽ ദേശീയസഭതന്നെ കൊമിസാർമാരെ തിരഞ്ഞെടുത്തു. അപ്രകാരം റോഫ് ബെഗ് പ്രധാനമന്ത്രിയായി. പുതിയ മന്ത്രിസഭയിലെ അഞ്ചുപേർ കമാൽപാഷക്കു പ്രതികൂലികളായ ഐക്യപുനരാഗമനകക്ഷിയിൽ പെട്ടവരായിരുന്നു

കമാൽപാഷയുടെ ശ്രദ്ധ ഇതുനിമിത്തം വോട്ടർമാരിൽ പതിഞ്ഞു. തനിക്കനുകൂലമായ ഒരു കക്ഷിയെ അവരിൽനിന്നു രൂപീകരിക്കേണമെന്നു തിച്ചയാക്കി. കൊക്കേഷ്യയിൽ ഒരു സേനയുടെ അധിപനായുണ്ടായിരുന്ന അൻവർപാഷയുമായി കത്തിടവാട്ടുകൾ നടത്തി വോട്ടർമാരുടെ ഇടയിൽ പ്രചാരവേല ചെയ്തു. സ്ഥിതിഗതികൾ അനുകൂലമായ്വന്നപ്പോൾ പുതിയ തിരഞ്ഞെടുപ്പു നടത്തി. പുതിയ പാർലിമെണ്ടു സഭയിൽ കമാൽപാഷക്കനുകൂലമായ ഭൂരിപക്ഷം ലഭിച്ചു.

പുതിയ മഹാദേശീയസഭയിൽ ചിലർ അസൂയാപരവശരായി തങ്ങളുടെ അവകാശങ്ങളെപ്പററി വാദിച്ചപ്പോൾ കമാൽപാഷ അവരോടാവത്തിച്ചു പറഞ്ഞതിപ്രകാരമാണ്. "മഹാദേശീയ അസംബ്ളി ജനാവലിയുടെ അവതാരമാണെന്നു ഗ്രഹിക്കണം; അതിലെ സവ്വ അധികാരവും ജനതയുടേതാണ്; ജനാധികാരത്തിന്നു പുറമെ മറെറാരവകാശവും അധികാരവുമില്ല."

പൂൎണ്ണമായി ഒരു വിഷയത്തിൽ മനസ്സിരുത്തുവാനും, അതിനെപ്പററിയുള്ള സവ്വ വിവരവും ക്ഷണത്തിൽ ഗ്രഹിക്കുവാനും, തരംതിരിച്ചു ഇഷ്ടാനുസരണം സദസ്യരുടെ മുമ്പിൽ ഒരു തപ്പുകൂടാതെ വിസ്തരിച്ച് പറയുവാനും, പ്രധാന സംഭവങ്ങളെപ്പററി മറവിൽവെക്കാതെ അഭിപ്രായം തുറന്നു പറവാനും, സദസ്യരുടെയിടയിൽ ആവേശം ജനിപ്പിക്കുവാനും കമാൽപാഷക്കു സാധിക്കും. അതുകൊണ്ടു ലഘുകാൎയ്യത്തിന്നു വേണ്ടിയും കമാൽ സഭയിൽ ഹാജരാകുകയും, വാദിക്കുകയും, സഭയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക സാധാരണ പതിവാണ്. തന്റെ വാദത്തെ വല്ലവരും വിമൎശനം ചെയ്താൽ ചിലപ്പോൾ കുപിതനായിത്തീരാറുമുണ്ട്. ഒരിക്കൽ രാഷ്ട്രീയനേതാക്കന്മാരെ വല്ലാതെ ശകാരിച്ചു പറഞ്ഞതിപ്രകാരമാണ്:— "ജനകീയഭരണം എന്നു വെച്ചാൽ അനേകം ആളുകളുടേയും, ബുദ്ധികെട്ടവരുടേയും, വിഡ്ഢികളുടേയും ഭരണമാണ്; എന്നാൽ ശുഭഭരണം ഒരാളുടെ സവ്വാധിപത്യഭരണമാണ്."

വിദുഷി ഹാലിദാബ് ഈദിനോടു— "മേൽ വാക്കിൽ നിന്നു നിങ്ങൾ എന്തു ധരിക്കുന്നു?" എന്നു കമാൽ ചോദി

ച്ചപ്പോൾ, വിദൂഷി, തനിക്കതിന്റെ പൊരുൾ മനസ്സിലായിട്ടില്ലെന്നു പറഞ്ഞു. കമാൽപാഷയുടെ ഭാവം പകൎന്നു ക്രുദ്ധനായി ഇപ്രകാരം പറഞ്ഞു:— "ഞാൻ വിചാരിക്കുന്ന അൎത്ഥം പറയാം. ഞാൻ കല്പിക്കുന്നതൊക്കെ ഞാൻ ഇഷ്ടപ്പെട്ടപോലെ സൎവ്വരും ചെയ്യേണമെന്നാണു് ഞാൻ പറഞ്ഞതിന്റെ അൎത്ഥം. ആരുടെ ഉപദേശവും ആരുടെ വിമൎശനവും എനിക്കു വേണ്ട; എനിക്കു തോന്നിയപോലെ ഞാൻ ചെയ്യും; ചോദ്യം ചെയ്യാതെ സൎവ്വരും നിങ്ങളും കൂടി ഞാൻ പറയുംപ്രകാരം ചെയ്യണം."

ഇങ്ങിനെയുള്ള സൎവ്വാധികാരമാണു് കമാൽപാഷയുടെ ലക്ഷ്യം. നേതൃത്വം കാംക്ഷിക്കുന്ന പ്രസംഗികന്മാരുടെ സൎവ്വസമ്മതമായ ആദൎശങ്ങളേയും സദാചാരങ്ങളേയും പററി ഇപ്രകാരം കമാൽപാഷ വിമൎശിച്ചു— "സദാചാരങ്ങൾ കപടഹൃദയന്മാരുടെ പുറംമോടിയും, ആദൎശങ്ങൾ അവരുടെ വായിൽനിന്നു പുറപ്പെടുന്ന പൊടിക്കയ്യുമാണു്."

ഇസ്താംബൂൾ ഗവൎമ്മെണ്ടിന്നെതിരായ ഒരു മനഃസ്ഥിതി ജനങ്ങളിലുണ്ടാക്കിത്തീൎക്കുവാൻ കമാലിന്നു എങ്ങിനെ സാധിച്ചുവൊ അതേപ്രകാരംതന്നെ അദ്ദേഹത്തിന്നു മഹാദേശീയ അസംബ്ലിയേയും തന്റെ ഉദ്ദേശലക്ഷ്യത്തിലേക്കു തിരിക്കുവാൻ സാധിച്ചു.

**ഗ്രീക്കുപട്ടാളത്തെ അനട്ടോളിയയിൽനിന്നു പുറത്താക്കുന്നു** —കമാൽപാഷ ഗ്രീക്കുകാരെ അനട്ടോളിയയിൽനിന്നു യൂറോപ്പിലേക്കോടിക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്തു. അതിലിടക്കു് അങ്കോറാ വിദേശികോമിസറായ യൂസുഫ് കമാലിനെ ലണ്ടനിലേക്കയച്ചു. ബ്രിട്ടീഷ് ഗവൎമ്മേണ്ടു യൂസുഫി

നെ സ്വീകരിച്ചില്ലെന്നു മാത്രമല്ല, ഒരു മന്ത്രിയുംകൂടി അദ്ദേഹത്തിന്നു ഒരു കൂടിക്കാഴ്ച അനുവദിച്ചില്ല. അതുകൊണ്ടു കൊമിസർ "എതിക്കുക" എന്ന ഒരു കമ്പി കമാൽപാഷക്കയച്ചു; കമാൽപാഷ പട്ടാളത്തെ അണിനിരത്തി "ഭടന്മാരേ! നിങ്ങളുടെ ഇനിയത്തെ ലാക്ക് മദ്ധ്യധരണ്യാഴിയാണ്" എന്നു കല്പിച്ചു. നെപ്പോളിയനെപ്പോലെ അനുയായികളുടെ ഹൃദയങ്ങളെ സ്പർശിച്ചു സ്വാധീനപ്പെടുത്തുന്ന വാക്ചാതുര്യവും, കുറഞ്ഞ വാക്കുകൾകൊണ്ടു പട്ടാളത്തെ സധൈര്യം മുന്നോട്ടു നടത്തുവാനുള്ള പ്രത്യേകവൈഭവവും കമാൽപാഷക്കുണ്ടായതുകൊണ്ടു്, തുക്കിസേനകൾ മൂന്നാഴ്ചക്കിടയിൽ ഗ്രീക്കുകാരെ അനവധി കഷ്ടനഷ്ടങ്ങളോടുകൂടി ഓടിച്ചു, സ്മിർണ്ണ പിടിച്ചു അനട്ടോളിയയെ സ്വതന്ത്ര്യയാക്കി. ഗ്രീക്കുസൈന്യാധിപന്മാരെ തടവുകാരാക്കിയെങ്കിലും ബഹുമാനപൂർവ്വമാണു് കമാൽ അവരോടു സംഭാഷണം നടത്തിയതു്. സംഭാഷണശേഷം കമാൽ അഭിപ്രായപ്പെട്ടതു്, ഗ്രീക്കുകാർ തന്നോടു പൊരുതുവാൻ അയോഗ്യരാണ് എന്നത്രെ.

**ബ്രിട്ടനും ഗ്രീസ്സും തുക്കിരാജ്യം വിട്ടൊഴിയുന്നു**—അനട്ടോളിയയിൽനിന്നു കപ്പൽ കയറിപ്പോയ ഗ്രീക്കുകാർ ബാൾക്കാനിൽ , ത്രെയിസ്സിൽ പ്രവേശിച്ചു, കോൺസ്റ്റാൻറിനോപളിൻെറ നേരെ പുറപ്പെട്ടു. കമാൽപാഷക്കു പടക്കപ്പലുകളുമില്ല; ഡാർഡനൽസ്സിൽകൂടി പോകുവാൻ കമാലിൻെറ പട്ടാളത്തെ ബ്രിട്ടീഷ്പട്ടാളം അനുവദിക്കയുമില്ല. അതുകൊണ്ടു് അങ്കോറയിലെ ഒരുകക്ഷി, ഗ്രീക്കുകാരെ ത്രെയിസ്സിൽനിന്നു ഗ്രീസ്സിലേക്കു ഓടിക്കേണമെന്നും, മറെറാരു

കക്ഷി ബ്രിട്ടനുമായി സന്ധി ചെയ്യേണമെന്നും അഭിപ്രായ പ്പെട്ടു. കമാൽപാഷ രണ്ടഭിപ്രായവും സ്വീകരിച്ചില്ല. ബ്രിട്ടനോട് സമാധാനത്തിന്നാവശ്യപ്പെടുന്നത് ബലഹീന തയാണെന്നും, ബ്രിട്ടനോട് സമരംചെയ്തു ഗ്രീക്കുകാരെ ത്രെ യിസ്സിൽനിന്നോടിച്ചുകളയാമെന്നത് വെറും ഭള്ളു മാത്രമാ ണെന്നും കമാലിന്നു തോന്നി. ബ്രിട്ടന്നു ധാരാളം ആയുധ ക്കോപ്പുകളുണ്ടെങ്കിലും, ബ്രിട്ടീഷുജനത യുദ്ധത്തിന്നൊരുക്ക മായിരുന്നില്ലെന്നും, ഇസ്താംബൂളിൽ ബ്രിട്ടീഷ് പട്ടാളമുണ്ടെ ങ്കിലും ബ്രിട്ടൻ വീണ്ടും യുദ്ധം ചെയ്യുമെന്നുപറയുന്നതു വെറും ഭള്ളാണെന്നും ഫ്രഞ്ചുകാരും ഇററലിക്കാരും, റഷ്യക്കാരും കമാൽപാഷയെ ധരിപ്പിച്ചിരുന്നു. സമരം തുടരുന്നതാ യാൽ സോവിയററു റഷ്യ തുർക്കിയെ സഹായിക്കുമെന്നു ഒരു ഭയം ബ്രിട്ടന്നുണ്ടായിരുന്നു. ബ്രിട്ടനോട് സന്ധിക്കാവശ്യ പ്പെടുന്നതായാൽ കമാൽ ഇച്ഛിക്കുംപ്രകാരം ഒരു സന്ധി ലഭിക്കയില്ലെന്നു കമാൽ ഗ്രഹിച്ചിരുന്നതുകൊണ്ട് തുർക്കിക്കു വേണ്ടുന്ന അവകാശങ്ങൾ ബ്രിട്ടനിൽനിന്നു ബലമായി കര സ്ഥമാക്കേണമെന്ന് കമാൽ തീരുമാനിച്ചു. കോൺസ്റ്റാൻറി നോപളിലെ ബ്രിട്ടീഷ് പട്ടാളതാവളം കടന്നുപോകുവാ നായി രണ്ടായിരം ഭടന്മാരുള്ള ഒരു കുതിരപ്പട്ടാളത്തിന്നു കല്പനകൊടുത്തു. ഈ കുതിരച്ചേകവരെ ബ്രിട്ടീഷ്സേന തടഞ്ഞുനിർത്തി മടക്കി അയച്ചു; അതിൻെറശേഷം ഒരു കാലാൾപട്ടാളത്തെ അയച്ചു. തോക്കിൻെറ ചട്ട മുമ്പിലും അതിൻെറ വായ പിന്നോട്ടുംമടക്കി സമാധാനപരമായി ബ്രി ട്ടീഷ് പാളയം കടന്നുപോകുവാനാണു് കമാലിൻെറ കല്പന. ഒരു തോക്കു തുർക്കികളുടെയിടയിൽനിന്നോ, ബ്രിട്ടീഷ് പ

ട്ടാളത്തിൻെറയിടയിൽനിന്നോ പൊട്ടിപ്പോയിരുന്നെങ്കിൽ ഒരു മഹായുദ്ധമകററുന്നതിന്നസാദ്ധ്യമായിത്തീരുമായിരുന്നു. കോൺസ്റ്റാൻറിനോപ്പിൾ മാഗ്ഗത്തിൽക്കൂടിയാണ് തുക്കിസേന ത്രെയിസ്സിൽ പ്രവേശിക്കേണ്ടതു്. കല്പനപ്രകാരം കമാലിൻെറ ചെറിയ സേന മുന്നോട്ടുപോയി. മാഗ്ഗത്തിലെ ബ്രിട്ടീഷ് മുള്ളുവേലിക്കടുത്തപ്പോൾ, ഒരു ബ്രിട്ടീഷ് കുതിരച്ചേവക ഉദ്യോഗസ്ഥൻ കുതിച്ചുവന്നു തുക്കിസേനാധിപനെ കണ്ടു്, ബ്രിട്ടൻ സന്ധിക്കാവശ്യപ്പെട്ടിട്ടുണ്ടെന്നും, അതുകൊണ്ടു് പട്ടാളം തല്ക്കാലം അവിടെ നിറുത്തണമെന്നും പറഞ്ഞു. ഒരു ലോകമഹായുദ്ധം ഒഴിക്കുവാൻ ബ്രിട്ടനും ഐക്യകക്ഷികളും ഗ്രീക്കുപട്ടാളത്തെ ത്രെയിസിൽനിന്നു പിൻവലിപ്പിച്ചുവെന്നു മാത്രമല്ല, തുക്കിയുമായി സമാധാനസന്ധിചെയ്തു ലോസെയിൻസന്ധിയിൽ ചില മാററങ്ങൾ വരുത്തി (10-ാം അദ്ധ്യായം നോക്കുക). ബ്രിട്ടൻ ഡാർഡനൽസ്സിലേയും ഇസ്താംബൂളിലേയും ബ്രിട്ടീഷുപട്ടാളങ്ങളെ പിൻവലിച്ചു. സ്മിർണ്ണയിലെ ഗ്രീക്കുനിവാസികളും ഗ്രീസ്സിലെ തുക്കികളും ഒത്തുമാറി. ഇങ്ങിനെ മുസ്തഫാ കമാൽ തുക്കിരാജ്യത്തെ വീണ്ടെടുത്തു. തുക്കിയിൽ ഒരു കമാൽപാഷ ജനിച്ചിരുന്നില്ലെങ്കിൽ തുക്കിരാജ്യം, വെള്ളക്കാരുടെയിടയിൽ വിഭജിച്ചുപോകുകയൊ, തുക്കിസുൽത്താൻ ഇന്ത്യയിലെ രാജാക്കന്മാരെപ്പോലെ ബ്രിട്ടൻെറ കീഴിൽ ഒരടിമരാജാവായിത്തീരുകയൊ ചെയ്യുമായിരുന്നു.

## 9. സുൽത്താൻഭരണത്തിൻെറ അസ്തമനവും കമാൽപാഷയുടെ വിവാഹവും.

**കമാലിൻെറ ലക്ഷ്യം—** കമാൽ പാഷയുടെ അഭിലാഷം, തുക്കിയെ ഒരു പരിപൂണ്ണസ്വാതന്ത്ര്യരാജ്യമാക്കിത്തീക്കാനാണ്. ഈ ഉദ്ദേശസാഫല്യത്തിന്നു തടസ്ഥമായ സുൽത്താൻെറ രാജസ്ഥാനവും കാലീഫ്സ്ഥാനവും ശൂന്യമാക്കേണ്ടതിലേക്കു തൻെറ ബുദ്ധിയെ സമ്പൂണ്ണമായി വിനിയോഗിക്കുവാൻ കമാൽപാഷ തീരുമാനിച്ചു. തുക്കിയെ ഒരു സാമ്രാജ്യമാക്കുവാനൊ മുസ്ലിംലോകത്തിന്നധിപയാക്കി വെക്കുവാനൊ കമാൽ ആഗ്രഹിച്ചിരുന്നില്ല.

മുസ്ലിംലോകത്തെ യൂറോപ്പിലെ സാമ്രാജ്യാധികാരികളിൽനിന്ന് വിമുക്തമാക്കേണമെന്ന ചിലർ ആവശ്യപ്പെട്ടപ്പോൾ കമാൽ പറഞ്ഞതു്—"മുസ്ലിം സാമ്രാജ്യം സ്ഥാപിക്കയല്ല തുക്കികൾക്കായി ഒരു സ്വാതന്ത്ര്യരാജ്യം സ്ഥാപിക്കാനാണ് എൻെറ ഉദ്യമം" എന്നായിരുന്നു. 'അഫ്ഘാനിസ്ഥാൻ, പേർസ്യ മുതലായ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ ബ്രിട്ടീഷുസാമ്രാജ്യം ഞെരുക്കിയിരിക്കകൊണ്ടു് കമാൽപാഷയുടെ സഹായം ഈ രാജ്യങ്ങൾ ആവശ്യപ്പെട്ടപ്പോൾ കമാൽ അവരോടിപ്രകാരം പറഞ്ഞു:—"നമ്മുടെ മുസ്ലിം സഹോദരന്മാർ സ്വാതന്ത്ര്യത്തോടെ ജീവിതം നയിക്കുന്നതു കാണുവാൻ ഞങ്ങളെല്ലാം ആഗ്രഹിക്കുന്നു; അങ്ങിനെയുള്ള ആശംസകൾ പുറമെ ഞങ്ങൾക്കു് യാതൊന്നും ചെയ്യാൻ സാധിക്കുന്നതല്ല."

മുസ്തഫാ കമാലിന്റെ സ്വാതന്ത്ര്യലക്ഷ്യം അദ്ദേഹത്തിന്റെ പാർലിമെണ്ട് പ്രസംഗത്തിൽനിന്നുദ്ധരിക്കാം. 'ഞാൻ സൎവ്വമുസ്ലിംസംഘത്തിൽ വിശ്വസിക്കുന്നില്ല; സൎവ്വതുൎക്കിസംഘത്തിലും എനിക്കു വിശ്വാസമില്ല. നമ്മളിൽ ഓരോരുത്തനും അവനവന്റെ ആദൎശങ്ങളെ അംഗീകരിക്കുവാൻ അവകാശമുണ്ട്; പക്ഷെ, ഗവൎമ്മേണ്ടിനു വാസ്തവങ്ങളെ ആസ്പദമാക്കിയ സ്ഥിരനയാനയങ്ങൾ ഉണ്ടായിരിക്കണം; ഗവൎമ്മേണ്ട് നിലനിന്നുവരികയും വേണം. ഗവൎമ്മേണ്ടിന്നു് ഒരു ലാക്കു മാത്രമെ പാടുള്ളു; അതു് രാജ്യത്തിന്നു് സ്വതവേയുള്ള അതിൎത്തിക്കുള്ളിൽ ജീവിക്കുന്ന ജനങ്ങളുടെ ദേശീയസ്വാതന്ത്ര്യത്തെ രക്ഷിക്കുക എന്നതാണു്. നമ്മുടെ വികാരജനകമായ അഭിപ്രായമൊ സ്വപ്നരൂപമായ ആദൎശമോ ഗവൎമ്മേണ്ടുനയത്തെ മാററിത്തിരിക്കരുതു്. നമ്മുടെ മനോരാജ്യങ്ങളേയും മൃഗതൃഷ്ണകളേയും ദൂരീകരിക്കു; അവനിമിത്തം നമുക്കു ബഹു നഷ്ടകഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്”

തുൎക്കിയിൽ ചെന്ന ഒരു സോവിയററു യുക്രേനിയന്റ നിവേദകസംഘത്തിന്റെ ജനറൽ പടിഞ്ഞാറൻരാജ്യങ്ങളിലെ മൎദ്ദകരും മൎദ്ദിതരും എന്ന വിഷയത്തെപ്പററി ഒരു സുദീൎഘമായ പ്രസംഗം ചെയ്തതിൽ, മൎദ്ദിതന്മാരെ വിമുക്തരാക്കേണ്ടതിലേക്കു റഷ്യയോടു യോജിച്ചു പ്രവൎത്തിക്കുവാൻ തുൎക്കിയെ ക്ഷണിക്കയുണ്ടായി. കമാൽപാഷ അതുകേട്ടപ്പോൾ നിവേദകസംഘത്തോട് ഇങ്ങിനെ പറഞ്ഞു:—“മൎദ്ദിക്കുന്നവരും മൎദ്ദിതരും ഇല്ല; മൎദ്ദനത്തിനു വഴിപ്പെടുന്നവർ മാത്രമേയുള്ളു. അക്കൂട്ടത്തിൽ തുൎക്കികളെ ഗണിച്ചുകൂടാ; തുൎക്കികൾക്കു തങ്ങളെ നോക്കിനടത്തുവാൻ സാധിക്കും.

മററുള്ളവരും അങ്ങിനെ ചെയ്യട്ടെ"

**സുൽത്താൻരാജസ്ഥാനത്തിൻെറ ഉന്മൂലനം**—ലോസേയിൻപട്ടണത്തിൽ യൂറോപ്പിലെ മഹൽശക്തികളുടെ പ്രതിനിധികൾ സമ്മേളിച്ച് തുക്കിയുമായി ചെയ്യേണ്ടുന്ന സന്ധിവ്യവസ്ഥകൾ നിർമ്മിക്കുന്നു. തുക്കിയുടെ പ്രതിനിധികളെ അയക്കുവാൻ മഹാശക്തികൾ സുൽത്താനോടാവശ്യപ്പെടുന്നു. അങ്കോറഗവമ്മെണ്ടു് പ്രതിനിധികളേയും ക്ഷണിക്കുവാൻ മഹൽശക്തികൾ സുൽത്താനെ അധികാരപ്പെടുത്തുന്നു. സുൽത്താൻ പ്രതിനിധികളെ അയക്കുന്നു എന്ന വിവരം കേട്ടപ്പോൾ, ദേശീയ അസംബ്ലിയും നേതാക്കന്മാരും ക്രുദ്ധരാകുന്നു. രണ്ടു ഗവമ്മെണ്ടുകളും യോജിച്ചു പ്രവത്തിക്കുന്നതു ശുഭമായിരിക്കുമെന്നു കരുതി സുൽത്താനെ നിയമപരിധിയിലുള്ള ഒരു രാജാവാക്കിത്തീക്കുവാൻ റോഫ് ബെഗ് പരിശ്രമിക്കുന്നു. സുൽത്താൻെറ പ്രധാനമന്ത്രി ട്യൂഫിക്ക്പാഷ, മഹൽശക്തികൾ തീരുമാനിക്കുന്ന സന്ധിവ്യവസ്ഥകളെ സ്വീകരിക്കേണമെന്നു വാദിക്കുന്നു. മഹാദേശീയ അസംബ്ളി സമ്മേളിക്കുന്നു. സുൽത്താൻ രാജ്യവഞ്ചകനാണെന്നും; സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കേണമെന്നും നിയമപരിധിയിലധികാരംകൊടുത്തു സുൽത്താൻെറ മരുമകനെ സുൽത്താനാക്കി വെക്കേണമെന്നും, കമാൽപാഷയെ പ്രധാനമന്ത്രിയാക്കി വെക്കേണമെന്നും ഭൂരിപക്ഷം അഭിപ്രായപ്പെടുന്നു.

കമാൽപാഷ ഇങ്ങിനെയുള്ള ഒരവസരം കാത്തിരിക്കയായിരുന്നു. സുൽത്താൻെറ രാഷ്ട്രപതിസ്ഥാനവും, മതാധിപസ്ഥാനവും വേർപ്പെടുത്തി, സുൽത്താൻരാജസ്ഥാനം

അവസാനിപ്പിക്കേണമെന്നും, മേലാൽ തുക്കിയിൽ ഒരു സുൽത്താനും ഉണ്ടായിരിക്കരുതെന്നും കാണിക്കുന്ന ഒരു പ്രമേയം കമാൽപാഷ സഭയിൽ അവതരിപ്പിച്ചു. പ്രമേയത്തെ എണ്ണൂറു മെമ്പർമാർ അനുകൂലിച്ചുവെങ്കിലും, ഒരു ഭേദഗതി പ്രകാരം നിയമജ്ഞന്മാരും മതപുരോഹിതന്മാരും ചേർന്ന ഒരു കമ്മിററിയുടെ മുമ്പിൽ ഈ കാര്യം ആലോചനക്കു വിഷയമായി. കമ്മിററി മെമ്പർമാർ ഖുറാനിലെയും പരമ്പരയായി ഉപയോഗിച്ചുവന്ന നിയമപുസ്തകങ്ങളിലെയും നിയമസമ്പ്രദായങ്ങളെപ്പററി ആലോചനകൾ തുടങ്ങി. ഒടുവിൽ സുൽത്താനെയും കലീഫിനെയും വെവ്വേറെയാക്കി രണ്ടുവ്യക്തികളെ നിയമിക്കുന്നതു നിയമവിരോധമാണെന്നു കമ്മിററി അഭിപ്രായപ്പെട്ടു. കമാൽപാഷ ആലോചനമുറിയുടെ ഒരററത്തുനിന്നു മൌലവിമാരുടെ വാദപ്രതിവാദങ്ങൾ കേട്ടുകൊണ്ടിരുന്നു. പെട്ടെന്നു കമാൽപാഷ കമ്മിററിസഭയിൽ കടന്നുചെന്നു ഗംഭീരസ്വരത്തിൽ താഴെ പറയുംപ്രകാരം മുൻകരുതൽ കൊടുത്തു—"മാന്യരെ! രാജ്യാധികാരം സ്വതവെ ഒരാളുടെവശം വന്നുചേരുന്നില്ല. ഒട്ടോമൻ സുൽത്താൻ ജനങ്ങളിൽനിന്നു ബലാല്ക്കാരമായി രാജ്യാധികാരം കൈവശപ്പെടുത്തി; ഇന്നു ബലാല്ക്കാരമായിത്തന്നെ ജനങ്ങൾ ആ അധികാരം സുൽത്താനിൽനിന്നു വീണ്ടെടുത്തിരിക്കുന്നു. ഇതിൽ നിയമഭാഗം ചിന്തിക്കേണ്ടതില്ല; സുൽത്താൻെറ രാജസ്ഥാനം കാലീഫ്സ്ഥാനത്തിൽനിന്നു വേർപ്പെടുത്തണം; രാജസ്ഥാനം നാസ്തിയാകണം; നിങ്ങൾ അനുകൂലിച്ചാലും അനുകൂലം നിഷേധിച്ചാലും സുൽത്താൻ അസ്തമിക്കും; ഈ ബഹളത്തിൽ ചിലരുടെ തല

കൾ തെറിക്കുമെന്നേയുള്ളൂ."

• കമ്മററിയുടെ അദ്ധ്യക്ഷൻ എഴുന്നീററുനിന്നു ഇപ്രകാരം പറഞ്ഞു—"നാം ആലോചിച്ചു തീച്ചപ്പെടുത്തിയ മാഗ്ഗത്തിൽനിന്നു വ്യത്യസ്തപ്പെട്ട രീതിയിൽ മറെറാരു പ്രശ്നത്തെ ആധാരമാക്കി "ഫ്ലാസി" കാൎയ്യം വിശദീകരിച്ചിരിക്കുന്നു. നാം അതു സ്വീകരിക്കുക; സുൽത്താൻരാജസ്ഥാനത്തേയും അതുസംബന്ധിച്ച സ്ഥാപനങ്ങളെയും അവസാനിപ്പിക്കുക." ഈ അഭിപ്രായം കമ്മിററി സ്വീകരിക്കുകയും പ്രമേയരൂപത്തിൽ അസംബ്ളിയുടെ ആലോചനക്കു വരികയും ചെയ്തു. പ്രമേയത്തെ സഭ അനുകൂലിക്കുമെന്ന വിശ്വാസം കമാലിന്നുണ്ടായിരുന്നില്ല. പ്രമേയാലോചനസമയം കമാൽപാഷയുടെ അനുയായികളിൽ ചിലർ തോക്കുധാരികളായി സഭയിലുണ്ടായിരുന്നു. കമാൽപാഷ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു്, "പ്രമേയം സൎവ്വസമ്മതമായി പാസ്സാകുമെന്നു കരുതുന്നു" എന്നുച്ചത്തിൽ പറഞ്ഞു. "അതെ" "അതെ" എന്നു പലരും തോക്കുകൾ ഉയത്തിപ്പിടിച്ചു നിലവിളിച്ചു സമ്മതിച്ചു. സൎവ്വസമ്മതമായി പ്രമേയം പാസ്സായിരിക്കുന്നുവെന്നും, സൎവ്വസമ്മതമായി സുൽത്താൻരാജസ്ഥാനം അവസാനിച്ചിരിക്കുന്നുവെന്നും കമാൽപാഷ ഉച്ചസ്വരത്തിൽ പ്രസ്താവിച്ചു. അഞ്ചു ദിവസത്തിന്നുശേഷം റഫററ്പാഷ കോൺസ്റ്റാൻറിനോപൾ ഏറെറടുത്തു. സുൽത്താൻ രാജ്യംവിട്ടോടി, തൻെറ സ്വന്തം ധനവും പെട്ടികളുമെടുപ്പിച്ചു ഒരു ഇംഗ്ലീഷ്പടക്കപ്പലിൽ രക്ഷപ്രാപിച്ചു. വഹിയുദീനിൻെറ മരുമകൻ അബ്ദുൾ മജീദിനെ കലീഫാക്കീട്ടുണ്ടെന്നു കമാൽപാഷ വിളംബരപ്പെടുത്തി.

**കമാൽ പാഷയുടെ വിവാഹം.**—തുക്കിയെ സ്വതന്ത്ര്യയാക്കാനുള്ള ഉദ്യമം കമാൽപാഷയുടെ ശ്രദ്ധയെ മുഴുവനെ ആകർഷിച്ചതിനാൽ വിവാഹകാര്യത്തിൽ കമാലിന്നു അലസഭാവമാണുണ്ടായത്. മച്ചുനിച്ചി ഫക്രി അദ്ദേഹത്തെ ഹൃദയപൂർവ്വം സ്നേഹിച്ചിരുന്നു. രോഗശയ്യയിൽ കിടന്നകാലം അദ്ദേഹത്തെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിച്ചതും ഫക്രിയായിരുന്നു. ചാൻകയാൻ എന്ന ഭവനത്തിൽ കമാൽ താമസിച്ചിരുന്ന കാലത്തു്, ഫക്രി ഗൃഹത്തിന്നധിപയുമായിരുന്നു. എന്നാൽ കമാൽപാഷയുടെ ഹൃദയംകവൎന്ന യുവതി സ്മിൎണ്ണയിലെ ഒരു ധനികനായ കപ്പലുടമസ്ഥന്റെ മകളായ ലെത്തിഫ് ഹനാൻ ആയിരുന്നു. ഈ വ്യാപാരിക്കു തുക്കി-ഗ്രീസ്സ് യുദ്ധത്തിൽ വളരെ നഷ്ടങ്ങൾ പററിയിരുന്നു. ഗ്രീക്കുകാർ തുക്കിയിൽ നിന്നോടിപ്പോയശേഷം ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക, ഇററലി മുതലായ രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ഗൌരവമായി കമാൽപാഷയുമായി അഭിമുഖസംഭാഷണങ്ങൾ ചെയ്തുവന്ന സമയം, മൂടുപടമില്ലാതെ പരിഷ്കൃത യൂറോപ്യൻ ഉടുപ്പിൽ ലത്തീഫ് ഹനാൻ കാവൽക്കാരന്റെ അനുമതികൂടാതെ, കാവല്ക്കാരന്റെ തടയലിനെ തിരസ്കരിച്ചുകൊണ്ടു് കമാൽപാഷയുടെ സന്നിധിയിൽ പ്രവേശിച്ചു. ഈ ആക്രമം കമാൽപാഷയിൽ ക്രോധം ജനിപ്പിച്ചുവെങ്കിലും, യുവതിയുടെ പ്രൌഢഭാവവും മധുരവാക്കുകളും കമാലിനെ ശാന്തനാക്കി. പാഷയേയും ഉദ്യോഗസ്ഥന്മാരെയും തന്റെ വസതിയിലേക്കു ക്ഷണിക്കുവാനാണു് ലത്തീഫ് വന്നതെന്നറിഞ്ഞു കമാൽ ക്ഷണനം സ്വീകരിച്ചു. യുവതി നല്ല സൌഭാഗ്യവതിയും പരിജ്ഞാനമു

ള്ളവളുമായിരുന്നു. പരിഷ്കൃതസമ്പ്രദായത്തിലും, മുഖശ്രീ വരുത്തുന്നതിലും, സ്വാതന്ത്ര്യചിന്തയിലും സ്ത്രീകൾക്കുണ്ടാകുന്ന പുരോഗമനം കമാൽപാഷയ്ക്കു സന്തോഷകരമാണ്. കമാൽ യുവതിയുടെ വീട്ടിൽ അതിഥിയായി വസിച്ചു. എന്നാൽ യുവതിയുടെ ഉദ്ദേശം കമാൽപാഷയെ ഭർത്താവായി വരിക്കണമെന്നായിരുന്നു. അതുകൊണ്ടു പാഷയുടെ അന്യായമായ കാമവികാരത്തിന്നു വിധേയയാവാൻ യുവതി ഒരുങ്ങിയില്ല. ഒരുദിവസം രാത്രി കമാൽപാഷ ലത്തീഫിനെ പിടിച്ചാലിംഗനംചെയ്തു ചുംബിച്ചുകൊണ്ടു തന്റെ മുറിയിലേക്കു എടുത്തുകൊണ്ടുപോയി. എന്നാൽ യുവതി ക്രോധസമേതം എഴുനീററുനിന്നു, "ഞാൻ നിങ്ങളെ സ്നേഹിക്കുന്നുവെന്നു നിങ്ങൾ ഗ്രഹിക്കുന്നില്ലേ; നിങ്ങൾ എന്നെ വിവാഹം ചെയ്യുവിൻ. എന്നാൽ ഞാൻ നിങ്ങളുടേതാണ്; അല്ലാതെ ഒരു വിധത്തിലും ഞാൻ വഴങ്ങുകയില്ല" എന്നു പറഞ്ഞു. അതിന്നുത്തരമായി, "വിവാഹം എന്നു വെച്ചാൽ എന്ത്? അർത്ഥമില്ലാത്ത കുറെ വാക്കുകൾ! വാക്കുകളൊ, വൃത്തികെട്ട താടിയും നീട്ടിയ ഒരു കാതിയാരിൽനിന്നു 'പുറപ്പെട്ടുന്നവ!! ഇതു വലിയ കാര്യമാണോ? തുർക്കിയിൽ വേണ്ടുന്ന കാര്യങ്ങൾ പൂർത്തിയാകുന്നവരെ ഞാൻ വിവാഹം കഴിക്കയില്ലെന്നു ശപഥം ചെയ്തിരിക്കുന്നു. എനിക്കു നിന്നെ വേണം, ഇപ്പോൾതന്നെ വേണം" എന്നു കമാൽ വികാരപരവശനായി പറഞ്ഞു. "ഞാനും ശപഥം ചെയ്തിട്ടുണ്ട്. എന്നെ വിവാഹംചെയ്യുന്ന മനുഷ്യനെയല്ലാതെ മറെറാരു പുരുഷനേയും ഞാൻ സ്വീകരിക്കുന്നതല്ല. നിങ്ങൾ നിങ്ങളുടെ ശപഥത്തെ കരുതുന്നപോലെതന്നെ ഞാൻ

എൻെറ സത്യത്തേയും വിലമതിക്കുന്നു." കമാൽ കപടിത്തനായെങ്കിലും തൽക്ഷണം യുവതിയെ വിട്ടേച്ച് അവിടെ നിന്നു ചാടിപ്പോയി, കുറേക്കാലം പട്ടാളത്തിൽ കഴിച്ചശേഷം സ്മിർണ്ണയിൽ പെട്ടെന്നു വന്നു ലത്തീഫോടു വിവാഹത്തിന്നൊരുങ്ങിക്കൊൾവാൻ ആവശ്യപ്പെട്ടു. പിറേറദിവസം ബദ്ധപ്പെട്ടു ലെത്തീഫിനെ കൂട്ടി തെരുവിലേക്കു പുറപ്പെട്ടു. പള്ളിയിലേക്കുപോകുന്ന ഒരു കാതിയാരെക്കൊണ്ടു തെരുവിൽവെച്ചുതന്നെ വിവാഹകർമ്മം ചെയ്യിപ്പിച്ചു. വൈകുന്നേരം ഭാര്യയും ഭർത്താവുമെന്ന നിലയിൽ പരസ്യമായി കാറിൽ കയറി നഗരപ്രദിക്ഷണംചെയ്തു, ലെത്തീഫിനെ തൻ ഭാര്യയായി അംഗീകരിച്ചിരിക്കുന്നുവെന്നു പ്രസിദ്ധപ്പെടുത്തി.

ലെത്തീഫ് ഫ്രാൻസിൽവെച്ചാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. അവർ യൂറോപ്യരുടെ രീതിയിൽ വസ്ത്രം ധരിച്ചു മൂടുപടമില്ലാതെ പുരുഷന്മാരുമായി നൃത്തങ്ങൾ ചെയ്തു ശീലിച്ചിരുന്നു. വിവേകബുദ്ധിയും, സ്വതന്ത്രചിന്തയും, സംസ്കാരവും തികഞ്ഞ ഒരു യുവതിയായിരുന്നു ലത്തീഫ്. തുർക്കികളുടെയിടയിൽ ഇതേമാതിരി വനിതകളെ കാണണമെന്നാണ് കമാൽപാഷയുടെ സ്വപ്നം. യൂറോപ്യൻ വീഞ്ഞുകുടിച്ചു്, യൂറോപ്യൻസമ്പ്രദായത്തിൽ സംഭാഷണം ചെയ്യുന്നതിൽ ലത്തീഫിന്നു നല്ല സാമർത്ഥ്യമുണ്ടായിരുന്നു. കമാൽപാഷയുടെ കടലാസ്സുകൾ വായിച്ചു തർജ്ജമ ചെയ്യുന്നതിലും, രാഷ്ട്രകാര്യങ്ങൾ ആലോചന നടത്തുന്നതിലും ലത്തീഫ് വിദഗ്ദ്ധത കാണിച്ചു. ലത്തീഫിൻെറ വിവാഹസമയം ഫക്രി യൂറോപ്പിലെ ഒരു ആസ്പത്രിയിൽ രോഗിയാ

യി കിടക്കയായതിരുന്നു. ഫക്രി അങ്കോറയിൽ വന്നപ്പോഠം, താൻ ഒരു കാലം രാജ്ഞിയെപ്പോലെ ഭരിച്ചിരുന്ന ചാൻകയാൻ ഭവനത്തിൽ പ്രവേശനം കിട്ടിയില്ല. വ്യസനാക്രാന്തയായ ഫക്രി ഒരു തോക്കുകൊണ്ടു തന്നെത്താൻ ആത്മഹത്യ ചെയ്തു.

കമാൽപാഷയും ലത്തീഫ് ഹനാനും യോജിപ്പിൽ മൂന്നു വർഷമെ ഉണ്ടായിരുന്നുള്ളു. ഗംഭീരശത്രുക്കളെ തോല്പിച്ചു തുർക്കിയെ സ്വതന്ത്രപ്പെടുത്തിയ ആ വീരപുരുഷൻ വധൂചിത്താനുവർത്തിയായി ഭരിക്കുന്നതിന്നു പകരം ഭരണീയനായിത്തീർന്നു. ഇതു നിമിത്തമുണ്ടായ ഗൃഹച്ഛിദ്രം നിമിത്തം കമാൽ വധുവിനെ ഉപേക്ഷിക്കേണ്ടിവന്നതാണെന്നു ഒരു ഐതിഹ്യമുണ്ട്.

## 10 കമാൽപാഷ റിപ്പബ്ളിക്ക് സ്ഥാപിക്കുന്നു.

**ജനകീയകക്ഷി രൂപീകരിക്കപ്പെടുന്നു**—1922-23-ലെ ഹേമന്തകാലത്തു ലോസെയിനിലെ സമാധാനസഭ സന്ധിനിബന്ധനകളെപ്പററി ആലോചിക്കയായിരുന്നു. ഇക്കാലം മഹാദേശീയ അസംബ്ളിയെ പ്രബലപ്പെടുത്തേണ്ടതിന്നായി നവമായ ഒരു ദേശീയകക്ഷിയെ രൂപീകരിക്കുവാൻ കമാൽ തീർച്ചപ്പെടുത്തി. ഭരണാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണെന്നു കമാൽ പലവുരു ജനങ്ങളെ ധരിപ്പിച്ചിരുന്നു. എന്നാൽ ബഹുജനങ്ങളുടെ ആശയങ്ങഠം ഒരേ ഒരു വ്യക്തിയിൽക്കൂടിയെ ബഹിർഗ്ഗമിക്കയുള്ളു. രാജ്യം അടക്കിയവ

ന്നെന്ന നിലയിൽ കമാൽപാഷക്കു ഒരു സർവ്വാധിപതിയാകുവാൻ എളുപ്പമാണ്. പക്ഷെ പട്ടാളബലത്തെ രാഷ്ട്രീയകാര്യത്തിൽ വിനിയോഗിക്കുന്നതു തൻെറ ആന്തരത്തിന്നനുയോജ്യമല്ലാത്തതുകൊണ്ടു പാർലിമെണ്ടു മുഖേന തന്നെ സർവ്വാധിപത്യം കരസ്ഥമാക്കാൻ കമാൽ മനസ്സുകൊണ്ടുറപ്പിച്ചു.

1919-ൽ അതതുദേശത്തിലെ ശത്രുക്കളെ എതിർത്തുനില്ക്കുവാനായി കമാൽ രൂപീകരിച്ചിരുന്ന കമ്മററികൾ രാജ്യം മുഴുവനെ പടൎന്നുപിടിച്ചു് ഒരു ഗംഭീരദേശീയസ്ഥാപനമായിത്തീൎന്നതും, അവർ ഗ്രീക്കുകാരെയും ഐക്യകക്ഷികളെയും പരാജിതരാക്കിയതും, അവർ ഒരു പട്ടാളസ്ഥാപനമായിത്തീൎന്നതും കമാലിന്നു അനുഭവമാണ്. രാജ്യസ്നേഹമാണ് കമ്മററികളെ പ്രബലപ്പെടുത്തിയതു്. അവയിൽ കമാൽ പുതുജീവൻ അങ്കുരിപ്പിച്ചു് അവയെ ജനകീയകക്ഷിയാക്കി മാററി. റഷ്യയിലെ കമ്യൂണിസ്റ്റ് കക്ഷിയും, ഇററലിയിലെ ഫാസിസ്റ്റ് കക്ഷിയും പ്രബലമായതു് അവ രാഷ്ട്രീയ ജനകീയകക്ഷികളായതുകൊണ്ടാണ്. കമാൽ ജനകീയകക്ഷി നേതാക്കന്മാൎക്കു ഉദ്യോഗങ്ങളും, കമ്മററികൾക്കു പ്രത്യേകാവകാശങ്ങളും നല്കി. ഒരു ഗ്രാമത്തിലെ കമ്മററിക്കു് അതിലെ മേയർ, കാളി, സ്കൂൾമാസ്റ്റർ, പോലീസധിപതി, തപ്പാൽമാസ്റ്റർ, ശിപായി മുതലായ സർവ്വ ഉദ്യോഗസ്ഥന്മാരെയും നിയമിക്കാൻ അധികാരം കൊടുത്തു. കമ്മററികളെ പാഷക്കു നേരിട്ടു ഉത്തരവാദികളാക്കി. കമാൽ ഗ്രാമങ്ങളിൽചെന്നു തനിക്കനുകൂലമായ ഒരന്തരീക്ഷം ജനങ്ങളുടെയും വോട്ടർമാരുടെയും ഇടയിലുണ്ടാക്കിത്തീൎത്തു. ആദ്ദേഹ

ത്തിന്റെ പ്രസംഗരീതി ഏതാണ്ടിപ്രകാരമായിരുന്നു:—
"നിങ്ങളുടെ കമ്മററി സംഘങ്ങളെ നിലനിർത്തി ശക്തിപ്പെടുത്തുക; ശത്രുക്കൾ നാടു വിട്ടുപോയെങ്കിലും യുദ്ധം നിലച്ചിട്ടില്ല; നാട്ടിൽ രാജ്യവഞ്ചകന്മാർ നിറഞ്ഞിട്ടുണ്ട്; നിങ്ങളുടെ സംഘത്തെ വിപുലമാക്കുക; എനിക്കു പിൻബലം തരിക; എന്നെ അനുസരിക്കുക. യോജിച്ചാൽ നമുക്കു നവതുർക്കിയെ സൃഷ്ടിക്കാം; നിങ്ങളുടെ രക്തംചൊരിഞ്ഞു വീണ്ടെടുത്ത തുർക്കിയെ അകത്തും പുറത്തുമുള്ള ശത്രുക്കളിൽനിന്നു രക്ഷിക്കുവാൻ പര്യാപ്തമാകുംവണ്ണം ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ സംഘത്തെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കും; നിങ്ങൾ ജനങ്ങളുടെ കക്ഷിയാണ്; സ്വാതന്ത്ര്യപ്രിയരായ റിപ്പബ്ലിക്കന്മാരെ ചേർത്ത് അതിനെ ഒരു വലിയ കക്ഷിയാക്കി മാററുക, തുർക്കിജനതയായ നിങ്ങളാണ് രാജ്യത്തെ ഭരിക്കേണ്ടത്."

കമാൽപാഷയുടെ പ്രസംഗങ്ങളും പ്രചാരവേലകളും കൃഷിക്കാരെയും സ്വാധീനപ്പെടുത്തി, ജനകീയകക്ഷി ഒരു പ്രബലപ്പെട്ട സ്ഥാപനമായിത്തീർന്നു. കമാൽ മഹാദേശീയ അസംബ്ളിയെ പിരിച്ചുവിട്ടു, രണ്ടാമത്തെ അസംബ്ളി മെമ്പർമാരുടെ തിരഞ്ഞെടുപ്പു 1923 ജൂൺ-ജൂലായി മാസത്തിൽ നടത്തി. സഭയിൽ ജനകീയകക്ഷി ഒരു വലിയ ഭൂരിപക്ഷമായിത്തീർന്നു.

**മർദ്ദനനിയമങ്ങൾ**—പുതിയ പാർലിമെണ്ടു ഒരു ഓർഡിനൻസ് പാസ്സാക്കി. അതുപ്രകാരം ദേശീയ അസംബ്ളി മെമ്പർമാരെ അറസ്റ്റ്ചെയ്യാൻ പാടില്ല എന്ന നിയമം റദ്ദാക്കുകയും, പ്രസംഗസ്വാതന്ത്ര്യം ക്രമപ്പെടുത്തു

വാൻ പോലീസ്സിന്നധികാരം കൊടുക്കയും, പത്രങ്ങളിലെ ലേഖനങ്ങൾ പരസ്യപ്പെടുത്തുന്നതിന്നു മുമ്പായി പരിശോധിക്കുവാൻ ഉദ്യോഗസ്ഥന്മാരെ നിയമിക്കയുംചെയ്തു. സുൽത്താനെ നാട്ടിൽനിന്നു പുറത്താക്കിയതിനെപ്പററിയൊ, തുക്കിയിൽ ഒരു സുൽത്താൻ വേണ്ടെന്നുവെച്ചതിനെപ്പററിയൊ, കലീഫിന്നു സുൽത്താൻെറ അധികാരങ്ങൾ നടത്താമെന്നതിനെപ്പററിയൊ വാദിക്കുന്ന പ്രസംഗങ്ങളും ലേഖനങ്ങളും കുററകരമാക്കി.

**പുതിയ സന്ധി**— സന്ധിവ്യവസ്ഥകൾ ചെയ്യുവാൻ കമാൽപാഷ ചില നിർദ്ദേശങ്ങളോടുകൂടി ഇസ്മററ്പാഷയെ ലോസെയിനിലേക്കയച്ചു. ഒരുകാലം ഇന്ത്യാ വൈസ്രോയിയായിരുന്ന കർസൻ പ്രഭുവായിരുന്നു, ലോസെയിൻ സമിതിയിൽ ബ്രിട്ടൻെറ സവ്വാധികാരിയായ പ്രതിനിധി. പ്രഭു ഇസ്മററിൻെറ വാദത്തെ തൃണവല്ഗണിച്ചു, "ബ്രിട്ടൻ തീരുമാനിച്ച സന്ധിനിബന്ധനകളെ സ്വീകരിച്ചുകൊൾക" എന്ന മട്ടിൽ ഇസ്മററുമായി സംസാരിച്ച്, ബ്രിട്ടനിലേക്കു മടങ്ങിപ്പോയി. കമാൽപാഷ തീരുമാനിച്ച ഇനങ്ങൾ സന്ധിസമിതിക്കു സ്വീകാൎയ്യമല്ലാത്തതിനാൽ ഇസ്മററ് അങ്കോറയിലേക്കും മടങ്ങി. അദ്ദേഹത്തെ അങ്കോറയിൽ സ്വീകരിപ്പാൻ പ്രധാനമന്ത്രി റോഫ് ഒരേർപ്പാടും ചെയ്യാഞ്ഞതിനാൽ, കമാൽപാഷ റോഫിനോടു സമാധാനം ചോദിച്ചു. പ്രധാനമന്ത്രി ഇസ്മററിനെ എതിരേല്ക്കേണ്ടുന്ന ആവശ്യമില്ലെന്നും, അസംബ്ലിയുടേയൊ മന്ത്രിസഭയുടേയൊ കല്പനപ്രകാരമല്ല ഇസ്മററു സന്ധിക്കുപോയതെന്നും റോഫ് മറുപടി പറഞ്ഞു. റോഫും മററു ചില

മന്ത്രിമാരും മന്ത്രിസ്ഥാനം രാജിവെച്ചു, ഇസ്മററിന്നെതിരായി ഒരു അവിശ്വാസപ്രമേയം അസംബ്ളിയിൽ അവതരിപ്പിച്ചു. കമാൽപാഷ പ്രമേയത്തെ തള്ളി, ശക്തിമത്തായി ബ്രിട്ടൻെറ അഹങ്കാരനയത്തെപ്പററി ആക്ഷേപിച്ചു. വേണ്ടിവന്നാൽ തുക്കി വീണ്ടും യുദ്ധം ചെയ്യുമെന്നും, സ്വാതന്ത്ര്യമില്ലാത്ത ജീവിതം തുക്കികൾക്കാവശ്യമില്ലെന്നും ഉജ്ജ്വലിച്ച് പ്രസംഗിക്കുകയും, ഐക്യകക്ഷിയുടേയും, പ്രത്യേച്ച ബ്രിട്ടൻെറയും മൂഷണപരമായ ദുഷിച്ച സാമ്രാജ്യമനഃസ്ഥിതിയെപ്പററി കഠിനമായി വിമശിക്കയും ചെയ്തു. അല്പദിവസങ്ങൾക്കശേഷം ഇസ്മററിനെ വീണ്ടും ലോസെയിൻസന്ധി സമതിയിൽ തുക്കിക്കുവേണ്ടി വാദിക്കുവാനയച്ചു. അപ്പോഴേക്കു സ്ഥിതിഗതികൾ മാറിയിരുന്നു. ഫ്രാൻസിന്ന് ഏതു വിധത്തിലെങ്കിലും തുക്കിയുമായി സമാധാനമാകേണമെന്ന കാംക്ഷയുണ്ടായി. ഫ്രാൻസും തുക്കിയും വളരെക്കാലമായി ധനസംബന്ധമായി ഇടവാടിൽ ബന്ധപ്പെട്ടതിനാൽ തുക്കിയുമായി ഒരു സന്ധി ഫ്രാൻസിന്ന് അവശ്യം ആവശ്യമായിരുന്നു. ഫ്രഞ്ച് പത്രങ്ങൾ ബ്രിട്ടനെ വല്ലാതെ ആക്ഷേപിച്ചു. ഇംഗ്ലണ്ടിലെ ഡെയിലി മെയിൽ, സൺഡെ ഡസ്പാച്ച് മുതലായ പത്രങ്ങൾ, കർസൻപ്രഭു തുക്കിയുമായി സമാധാനം ചെയ്യാത്തതിനെ സംബന്ധിച്ച് ഗവമ്മേണ്ടിനെ ശകാരിച്ചു. ഇതേസമയത്തു ഹങ്കേറിയാ പ്രധാനമന്ത്രി അങ്കോറയിൽചെന്ന് കമാൽപാഷയെ കാണുകയുണ്ടായി. സുൽത്താൻഭരണം തുക്കിയിൽ നാസ്തിയായിട്ടും അതിൻെറ നിഴലിനെ പിടിച്ചുകൊണ്ടു് വാദിക്കുന്ന ബ്രിട്ടനെപ്പററി കമാൽപാഷ വളരെ നിന്ദ്യമായ പ്രസ്താവ

നകരം നടത്തി. ഈ പ്രാവശ്യം കമാൽ പാഷയുടെ വ്യവസ്ഥകളെ സന്ധിയിൽ ചേർപ്പിക്കുവാൻ ഇസ്മററിന്നു സാധിച്ചു.

പുതിയ സന്ധിപ്രകാരം ബ്രിട്ടൻ പട്ടാളത്തെ കോൺസ്റ്റാൻറിനോപളിൽനിന്നു പിൻവലിച്ചു; ഇസ്താംബൂളും ഡാർഡനൽസ്സും ഉൾപ്പെടെയുള്ള മാർമോറാ ഉൾക്കടലോര സ്ഥലങ്ങൾ തുർക്കിയുടേതായി സ്ഥിരപ്പെടുത്തി സിറിയാ പാലസ്തീന, ഇറാക്ക് മുതലായ രാജ്യങ്ങളെ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും മാൻഡേട്ടറി ആധിപത്യത്തിൽ ചില നിശ്ചയങ്ങൾപ്രകാരം വെയ്ക്കപ്പെട്ടു; തുർക്കിരാജ്യത്തിന്നു പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചു. അതായതു്, തുർക്കിദേശീയകരാറിൽ നിജപ്പെടുത്തിയ കാര്യങ്ങളെല്ലാം സന്ധിപ്രകാരം തുർക്കിക്കു സാദ്ധ്യമായി. ഫ്രഞ്ചുകാർക്കും ബ്രിട്ടീഷുകാർക്കും തുർക്കിസുൽത്താൻ അന്യായമായി അനുവദിച്ചുകൊടുത്ത കാപ്പിട്ടുലേഷൻ അവകാശങ്ങൾ സന്ധിപ്രകാരം അവർക്കു നഷ്ടമായി. ഇതു നിമിത്തം വെള്ളക്കാർക്കു തുർക്കിയെ ചൂഷണം ചെയ്യുന്നതസാദ്ധ്യമായി. അവർ പൊടിയുംമുട്ടി തങ്ങളുടെ നാട്ടിലേക്കു മടങ്ങേണ്ടിവന്നു; എന്നാൽ ഒരു കാര്യത്തിൽ തുർക്കിക്കു വലിയ ദൂഷ്യം പററീട്ടുണ്ടു്. സമൃദ്ധമായി മണ്ണെണ്ണ കിനിയുന്ന ഖനികളുള്ള മൊസൂൾ പട്ടണം ബ്രിട്ടന്നു കൊടുക്കേണ്ടിവന്നു

ഒന്നാം മഹാദേശീയസഭ ദേശീയകരാർ നിർമ്മിച്ചു സുൽത്താൻ ഭരണത്തെ ശൂന്യമാക്കി; രണ്ടാം ദേശീയസഭ തുർക്കിക്കഭിമാനകരമായ സന്ധിയുണ്ടാക്കി തുർക്കിയെ ബ്രിട്ടന്റെ പിടിയിൽനിന്നു വിമുക്തയാക്കി.

**കമാൽ റിപ്പബ്ളിക്ക് സ്ഥാപിക്കുന്നു**— ഇസ്മാറ് പാഷ ലോസെയിനിൽനിന്നു വിജയിയായി മടങ്ങിവന്നതിനാൽ കമാൽപാഷ തുക്കിയിൽ മാത്രമല്ല ലോകമാസകലം പ്രശംസക്കർഹനായി. ഇസ്മാറ് സന്ധിക്കുപോകുമ്പോൾ ജയഘോഷത്തോടെ മടങ്ങിവരുമെന്ന് അസംബ്ളി സ്വപ്നേപി വിചാരിച്ചിരുന്നില്ല. അസംബ്ളിയുടെ അധികാരംകൂടാതെ കമാൽപാഷ ഇസ്മാറിനെ സന്ധിക്കയച്ചതു് ഒരു വലിയ അബദ്ധമായിട്ടായിരുന്നു നേതാക്കന്മാർ കരുതിയതു്. കമാൽപാഷയെ സർവ്വാധിപതിയാക്കുവാൻ അസംബ്ളിക്കിഷ്ടമുണ്ടായിരുന്നില്ലെങ്കിലും കമാലിന്നു സഭയിൽ പൂൎണ്ണസ്വാധീനമുണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. സർവ്വാധികാരം അസംബ്ളിയിലാണ് സ്ഥിതിചെയ്യുന്നതെന്ന സാധാരണവിശ്വാസത്തെ കമാൽ ഒരിക്കലും ഖണ്ഡിച്ചിരുന്നില്ല. തുക്കിയെ ന്യായമായ മാർഗ്ഗത്തിൽക്കൂടി നയിക്കണമെങ്കിൽ സർവ്വാധിപത്യം തന്നിൽ ലയിക്കേണമെന്നു കമാൽ തീരുമാനിച്ചുവെങ്കിലും തനിക്കങ്ങിനെ ഒരു മോഹമുണ്ടെന്ന് ജനകീയകക്ഷിയെ അറിയിച്ചിരുന്നില്ല; ജനകീയകക്ഷിക്ക് അതു് സമ്മതമാകുമായിരുന്നില്ല. കമാൽപാഷ ദേശീയസഭാ പ്രസിഡണ്ടായിരിക്കെ ഒരു കക്ഷിയുടെയും തലവനായിരിക്കുന്നതുചിതമല്ലെന്നും, പ്രസിഡണ്ട് നിഷ്പക്ഷപാതിയായിരിക്കേണമെന്നും, ഒരു കക്ഷിയിലും ഭാഗഭാക്കാകരുതെന്നും ചില സഭാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഏതാണ്ട് ഇംഗ്ലീഷ് പാർലിമെണ്ടിലെ സ്പീക്കരുടെ നിലയാണ് പ്രസിഡണ്ടു കൈക്കൊള്ളേണ്ടതെന്നായിരുന്നു അവരുടെ വാദം. ചില മെമ്പർമാർ ഒരു നിവേദകസംഘമായി ചേർന്നു കമാ

ലിനെ ചെന്നുകണ്ടു്, പാഷാ രാഷ്ട്രപതിയായ സ്ഥിതിക്കു ജനകീയകക്ഷിയുടെ പ്രസിഡണ്ടായിരിക്കുന്നതു് ന്യായവിരുദ്ധമാണെന്നു് ആക്ഷേപിച്ചു. കമാൽ അവരുടെ നേരെ തിരിഞ്ഞു ഇപ്രകാരം പറഞ്ഞു— "ഞാൻ നിങ്ങളുടെ അഭിപ്രായത്തോടു് യോജിക്കുന്നില്ല! രാഷ്ട്രീയകക്ഷിയുടെ ഒന്നിൻെറ നേതൃത്വത്തെപ്പററി നിങ്ങൾ പ്രസ്താവിക്കുന്നു. ഈ രാജ്യത്തു് ഒരു രാഷ്ട്രീയകക്ഷി മാത്രമെ ഈ പരിതഃസ്ഥിതിയിൽ ഉണ്ടാവാൻ പാടുള്ളു. യോജിപ്പു് അത്യാവശ്യമാണു്; മത്സരകക്ഷികളൊ മത്സരപ്രമാണങ്ങളൊ ഇപ്പോൾ പാടില്ല. ഞാൻ ജനകീയകക്ഷിയുടേയും രാഷ്ട്രത്തിൻെറയും അധിപതിയായിരിക്കുന്നതു് എനിക്കഭിമാനമാണു്." ഈയൊരുപദേശം ഇന്ത്യയിലെ ഹിന്തുക്കളും മുസ്ലിമീങ്ങളും സ്വീകരിച്ചു് ഒരു കക്ഷിയായി പെരുമാറുന്നതു് എത്ര ഉചിതമായിരിക്കും.

ഈ വാക്കുകൾ മഹാദേശീയ അസംബ്ളിയെ വെല്ലുവിളിക്കുന്നതിനു് സമമായിട്ടാണു് കമാൽപാഷയുടെ വിരോധികൾ കരുതിയതു്. പട്ടാളപാഷമാരായിരുന്ന നാലു മഹാന്മാർ,—കിയാസിം കാരാബക്കിർ, റഫാറു്, ആലിഫുയാദ്, ന്യൂറസിൻ—ഇവരും വേറെ രണ്ടുപേരും മന്ത്രിസ്ഥാനം രാജിവെച്ചു. എന്നാൽ കമാലിനെ അനുഗമിച്ചുകൊണ്ടു് ഇസ്മാറ് പാഷയും, ഫെവ്സിയും മററും പ്രവത്തിച്ചുവന്നു. അസംബ്ളിയിലെ ചില നേതാക്കന്മാർ കമാൽപാഷക്കു സർവ്വാധിപത്യംകൊടുക്കുന്നതിൽ വിരോധികളായിരുന്നതുകൊണ്ടു് മന്ത്രിമാരെ പിരിച്ചുവിടുവാനും, ആ സ്ഥാനങ്ങളിലേക്കു് വീണ്ടും തിരഞ്ഞെടുപ്പു് നടത്തിക്കുവാനും കമാൽ തീച്ചയാക്കി.

സന്ധി തുൎക്കിക്കു വിജയകരമാക്കിത്തീൎത്തതു കമാൽപാഷ മാത്രമാണെന്ന വൎത്തമാനം രാജ്യംമുഴുവനെ മുഴങ്ങിയ കാലമായതുകൊണ്ടു പുതിയ തിരഞ്ഞെടുപ്പിൽ തനിക്കു കൈ ചെലുത്തുവാൻ മാൎഗ്ഗമുണ്ടെന്നു കമാലിന്നുറപ്പുണ്ടായി. തുൎക്കി രാഷ്ട്രത്തെ റിപ്പബ്ളിക്കായി മാറേറണ്ടുന്നതിന്നും തഞ്ചം വന്നുകൂടീട്ടുണ്ടെന്നു സ്ഥിതിഗതികൾകൊണ്ടു പാഷക്കു മനസ്സിലായി.

കമാൽപാഷ അസംബ്ളിയിൽ പ്രവേശിച്ചു്, ചട്ടങ്ങൾ പരിഷ്കരിക്കാത്തതുകൊണ്ടുള്ള ദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടിപ്രകാരം പ്രസംഗിച്ചു—"നിലവിലുള്ള ചട്ടപ്രകാരം മന്ത്രിമാർ അസംബ്ളിക്കുത്തരവാദികളാണു്; അവർ മെമ്പർമാരുടെ വിമൎശനങ്ങൾക്കു പാത്രീഭവിക്കുന്നു; അവരുടെ ഭരണസൂത്രങ്ങളേയും പദ്ധതികളേയും മെമ്പർമാർ കഠിനമായി എതിൎക്കുന്നു. മന്ത്രിമാരുടെ പ്രവൎത്തനങ്ങളിൽ അസംബ്ളി കൈചെലുത്തുന്നതായാൽ അവൎക്കു രാജ്യംഭരിക്കുവാൻ സാദ്ധ്യമല്ല; അതുകൊണ്ടു മന്ത്രിമാർ ഒന്നായി രാജിവെച്ചു വീണ്ടും തിരഞ്ഞെടുപ്പിന്നു വിധേയരായിരിക്കേണ്ടതും, സൎവ്വസമ്മതരായവരെ മന്ത്രിമാരായി തിരഞ്ഞെടുക്കേണ്ടതുമാണു്." അതനുസരിച്ചു മന്ത്രിമാർ ഉടനെ രാജിവെച്ചു. ആരാരെ മന്ത്രിമാരായി തിരഞ്ഞെടുക്കേണമെന്നായി പിന്നത്തെ അസംബ്ളി പ്രശ്നം. തിരഞ്ഞെടുപ്പുകുഴപ്പത്തിൽ മെമ്പർമാർ തമ്മിൽ അടിയും പിടിയുമായി. മുൻകൂട്ടി ഗൂഢമായി ചട്ടംചെയ്തപ്രകാരം ഒരു മെമ്പർ എഴുന്നീറ്റുനിന്നു കമാൽപാഷയെവിളിച്ചു കലഹം തീൎപ്പിക്കുന്നതായിരിക്കും ഉത്തമമെന്നഭിപ്രായപ്പെട്ടു. ഇതി

ന്നിടയിൽ പാഷയും ഇസ്മററും ഒരു ബിൽ എഴുതിയുണ്ടാക്കി തുൎക്കിയെ റിപ്പബ്ളിക്കാക്കി മാററുവാൻ അതിൽ വ്യവസ്ഥകൾ ചെയ്തു. തമ്മിലുള്ള തൎക്കം തീൎക്കുവാൻ അസംബ്ളി കമാൽപാഷയെ ക്ഷണിച്ചു; അക്കാൎയ്യത്തിൽ പ്രവേശിക്കുവാൻ തനിക്കിഷ്ടമില്ലെന്ന ഭാവം കമാൽ നടിച്ചു; വീണ്ടും അസംബ്ളി അപേക്ഷിക്കയാൽ, തന്റെ അന്ത്യതീൎപ്പുകൾ അസംബ്ളി തൎക്കമെന്യേ സ്വീകരിക്കുമെന്നു വാഗ്ദത്തംചെയ്യുന്നതായാൽ വഴക്കു തീൎക്കുവാൻ താൻ പരിശ്രമിക്കാമെന്നു പറഞ്ഞു. അസംബ്ളി അതുപ്രകാരം വാഗ്ദത്തംചെയ്തു ശേഷം കമാൽ അസംബ്ളിയിൽ പ്രവേശിച്ചു. ഇപ്രകാരം പറഞ്ഞു—"പ്രയാസം നേരിടുമ്പോൾ അധികാരം ഏറെറടുക്കുവാൻ നിങ്ങൾ എന്നെ തിരക്കുന്നു; പ്രയാസം നിങ്ങൾ തന്നെ ഉണ്ടാക്കിത്തീൎത്തതാണു്; ശിഥിലമായ പ്രയാസം കൊണ്ടല്ല ബുദ്ധിമുട്ടിയ സ്ഥിതി വന്നുകൂടിയതു്; ഭരണഘടനയിലെ മൌലികമായ അബദ്ധങ്ങൾ നിമിത്തമാണു്. നിയമങ്ങളെ രൂപീകരിക്കുന്നതിന്നു മാത്രമല്ല, അവയെ നടപ്പിൽ വരുത്തുന്നതിന്നുള്ള അധികാരങ്ങൾകൂടി അസംബ്ളിയിൽ സ്ഥാപിച്ചിരിക്കുന്നതാണു് അബദ്ധം. മന്ത്രിസഭയുടെ ഓരോ തീരുമാനത്തിന്മേലും വോട്ടുചെയ്വാനും, ഗവൎമ്മെണ്ടാപ്പീസ്കാൎയ്യങ്ങളിലും, മന്ത്രിമാർ നടത്തിക്കുന്ന പ്രവൃത്തികളിലും കൈചെലുത്തുവാനും നിങ്ങൾക്കവകാശമുണ്ടെന്നു നിങ്ങൾ ധരിക്കയും പ്രവൎത്തിക്കയും ചെയ്യുന്നു. ഇങ്ങിനെയുള്ള സ്ഥിതിയിൽ മന്ത്രിമാൎക്കു ഭരണം ഏറെറടുക്കുവാനസാദ്ധ്യമാണെന്നു നിങ്ങൾ ധരിക്കണം. ഇപ്രകാരമുള്ള ഒരു ഗവൎമ്മേണ്ടു് ഗവൎമ്മേണ്ടല്ല; താറുമാറായ ഒരു

സ്ഥാപനം മാത്രമാണ്. നാം ഈ താറുമാറായ ചട്ടത്തെ മാററണം; തുക്കിഗവമ്മെണ്ട് ഒരു റിപ്പബ്ളിക്കായി പരിണമിക്കണം" ഇതാണ് എൻെറ തീപ്പ്.

കമാൽപാഷയുടെ തീപ്പ് സ്വീകരിക്കാതെയിരിക്കുവാൻ നിവൃത്തിയില്ലാത്ത ഈ ഘട്ടത്തിൽ ഇസ്മാറ്പാഷ അസംബ്ളിയിൽ ബിൽ അവതരിപ്പിക്കുകയും, അറുപതു ശതമാനം വോട്ടുകൾ അതിന്നു ലഭിക്കുകയും ചെയ്തു. ബിൽ പ്രകാരം കമാൽപാഷ കാബിനററു പ്രസിഡണ്ടും, അസംബ്ളി പ്രസിഡണ്ടുമായിത്തീരുകയും കമാൽ മന്ത്രിസഭയെ രൂപീകരിക്കയും ചെയ്തു. ബിൽപാസ്സായതിൻെറ പിറെറ ദിവസം 101 കതിനവെടി പൊട്ടിച്ചു, തുക്കിയെ റിപ്പബ്ളിക്കാക്കി മാററിയിരിക്കുന്നുവെന്നു വിളംബരപ്പെടുത്തി. കമാൽ സവ്വസൈന്യാധിപനായതിനാലും, മന്ത്രിസഭയുടെയും പാർലിമെണ്ടിൻെറയും പ്രസിഡണ്ടായ അവസ്ഥകളം നിയമപ്രകാരം സവ്വാധിപതിയല്ലെങ്കിലും സൂക്ഷ്മത്തിൽ സവ്വാധികാരം നടത്തിവന്നു.

## 11 കിലാഫത്ത് അവസാനിപ്പിക്കുന്നു

റിപ്പബ്ളിക്ക് നിലനില്ക്കണമെങ്കിൽ മതാധിപത്യത്തെ തുക്കിയിൽനിന്നു വേരോടെ പറിച്ചുനീക്കണമെന്നും, രാഷ്ട്രത്തെ ആ വിഷയത്തിൽനിന്നു വിമുക്തമാക്കേണമെന്നും കമാൽ പറകയുണ്ടായി. "തുക്കിയുടെ പുരോഗമനത്തിന്നു

തടസ്ഥമായി നില്ക്കുന്നതു കാലീഫാണു്; കിലാഫത്തെ നീക്കംചെയ്യാതെ മതവുമായുള്ള ബന്ധത്തിൽനിന്നു സംപൂർണ്ണമായി തുർക്കിയെ വേർപെടുത്തുവാൻ സാധിക്കയില്ല; കലീഫും മതവും മുസ്ലിമീങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു; ഇതാണു് രാഷ്ട്രീയോന്നതിക്കു തടസ്ഥം .... .... ഏതാണ്ടു് അഞ്ഞൂറു സംവത്സരങ്ങളായി ... ... ഒന്നിനുംകൊള്ളരുതാത്ത അലസന്മാരായ ഉലേമാതലമുറകൾ ഖുറാനിൽനിന്നു വ്യാഖ്യാനിച്ചുണ്ടാക്കിയ സിവിൽ നിയമങ്ങളും ക്രിമിനൽ നിയമങ്ങളും തുർക്കിയിൽ നടപ്പാക്കിയിരിക്കുന്നു ... ... ഏതുമാതിരി ഭരണമാണു് വേണ്ടതെന്നു് അവർ രൂപീകരിച്ചിട്ടുണ്ടു്. ഓരോ വ്യക്തിയുടെ ജീവിതകർമ്മങ്ങൾ, അവന്റെ ആഹാരം, അവൻ ഉറങ്ങേണ്ടുന്ന സമയം, എഴുനീല്ക്കേണ്ടുന്ന സമയം, സ്ത്രീകളുടെ പ്രസവകാലത്തു പേററിച്ചി ചെയ്യേണ്ടുന്ന സാധാരണജോലികൾ, ശിശുക്കളുടെ എഴുത്തും പഠിപ്പും, തുർക്കികളുടെ ആചാരങ്ങൾ, ചിന്തകൾ, സ്വഭാവങ്ങൾ മുതലായവയെ ഉലേമാഗ്രന്ഥങ്ങൾ ക്ലിപ്തപ്പെടുത്തീട്ടുണ്ടു്............ ഇസ്ലാംമതം മരുഭൂമിയിലെ വർഗ്ഗങ്ങളെ ഭരിക്കുവാൻ പററിയതായിരിക്കും; സംസ്കരിച്ചുവരുന്ന ആധുനികരാഷ്ട്രത്തിന്നു പാറുകയില്ല ............... ദൈവവെളിച്ചമായ സുവിശേഷം, ഉലേമാക്കാരം, പുരോഹിതന്മാരും, ദുഷിച്ച രാജാക്കന്മാരും പ്രജകളെ ബന്ധിക്കുവാൻ ഉപയോഗപ്പെടുത്തിയ ഒരു ശൃംഖല മാത്രമാണു്.......... തന്റെ ഭരണത്തിന്നു മതസഹായം ആവശ്യപ്പെടുന്ന ഒരു രാജാവു് ബലഹീനനാണു്; ഒരു ബലഹീനനും ഭരണകർത്താവായിരിക്കരുതു് ............ ജനങ്ങളുടെ ജീവിതത്തിനു്

വേണ്ടുന്ന പദാൎത്ഥങ്ങൾ പുരോഹിതന്മാർ അനുഭവിക്കുന്നു; ഉലേമാക്കളെ പള്ളിയിൽനിന്നും ആശ്രമങ്ങളിൽനിന്നും പുറത്താക്കണം. അവരും ദേഹാദ്ധ്വാനം ചെയ്തു രാജ്യം പുഷ്ടിയാക്കണം." എന്നിവയാണ് കമാൽപാഷയുടെ സച്ചിന്തകൾ. മൂന്നുനാലു ശതാബ്ദം മുമ്പെ യൂറോപ്പിലെ ക്രിസ്തീയപള്ളിയിലെ സമ്പത്തുവരവുകൾ പരോപകാരാൎത്ഥം ചെലവു ചെയ്യുന്നതിലേക്കു ചരിത്രപ്രസിദ്ധമായ മാററങ്ങളുണ്ടായി. ഹിന്ദുക്ഷേത്രങ്ങളിൽ ഇപ്രകാരം ഒരു പരിവൎത്തനം എപ്പൊഴാണ് ജനങ്ങൾ ഉണ്ടാക്കിത്തീൎക്കുക?

മൂഢവിശ്വാസത്തോടു കമാൽപാഷ മല്ലിടുന്ന ഭാഗം ഓൎക്കുമ്പോൾ മഹാകവി സേർ മുഹമ്മദ് ഇക്ബാൽ തന്റെ മൈ ഹിഡൻ വൂണ്ട്സ് (My Hidden Wourds) എന്ന കവിതയിൽ പറഞ്ഞ ചില വരികളെ ഉദ്ധരിക്കാതിരിക്കുവാൻ എന്റെ മനസ്സു സമ്മതിക്കുന്നില്ല. അദ്ദേഹം പറയുന്നു:—

"Bigotry has made its home on the soil
of my country
I am that storm which shall wreck
this house"

മഹാകവിയുടെ മനോവേദന നമ്മുടെ നാട്ടിലുള്ള മൂഢവിശ്വാസങ്ങളെപ്പററിയാണ്. മൂഢവിശ്വാസം നമ്മുടെ നാട്ടിൽ അതിന്നായി ഭവനം പണിതിട്ടുണ്ട്; അതിനെ നശിപ്പിക്കണമെന്നാണ് മഹാകവി ആശിക്കുന്നത്. ഇങ്ങിനെയുള്ള ആദൎശത്തെ നിറവേററുവാനാണ് ഉല്പതിഷ്ണുക്കളിൽ അഗ്രഗണ്യനായ കമാൽ പാഷയുടെ ഭഗീരഥപ്രയത്നം.

**കിലാഫത്ത് സമരം—** മതാധിപത്യത്തെ എങ്ങിനെ എതിക്കും? എങ്ങിനെ കാലീഫിനെ ആ സ്ഥാനത്തിൽ നിന്ന് പുറത്താക്കും? എങ്ങിനെ ആ സ്ഥാനം ഇല്ലാതാക്കും? ഇതാണു് കമാൽപാഷയുടെ പ്രശ്നം. തുക്കികറം മതഭ്രാന്തന്മാരാണു്; കമാൽപാഷക്കെതിരായി ബഹള മുണ്ടാക്കിത്തീക്കുവാൻ ഉലേമാക്കൾക്കു സാധിക്കും; അതു കൊണ്ടു് കിലാഫത്തിനെ നശിപ്പിക്കേണ്ടതിനെപ്പററി കമാൽ തുറന്നുപറഞ്ഞില്ല. മതാധീനത്തിൽനിന്ന് തുക്കിയെ ഉദ്ധരിക്കുവാനുള്ള തൻെറ നിശ്ചയത്തെപ്പററി ജനകീയ കക്ഷിയെ കമാൽ അറിയിച്ചിട്ടുണ്ടു്; അതിനെ നിറവേററുവാൻ അദ്ദേഹം തഞ്ചം നോക്കിനിന്നു.

കമാൽപാഷ മതത്തെ രാഷ്ട്രത്തിൽനിന്നകററുവാൻ ആശിക്കുന്നുണ്ടെന്ന വത്തമാനം നാട്ടിൽ പരന്നിരുന്നു. അബ്ദുൾ മജീദ് കാലീഫ്സ്ഥാനം ആരോഹണംചെയ്ത അവസരത്തിൽ പതിവായി ചെയ്തുവന്ന എല്ലാ ചടങ്ങുകളോടുംകൂടി ആഘോഷിക്കുന്നതിനെ കമാൽ എതിത്തു. കിലാഫത്തിനെപ്പററിയും, കാലീഫിൻെറ അധികാരത്തെ പററിയും അസംബ്ളിയിൽ വാദപ്രതിവാദം തുടങ്ങിയപ്പോൾ കാലീഫിന്നു രാഷ്ട്രീയകാര്യത്തിൽ ഒരു സ്ഥാനവും അധികാരവുമില്ലെന്നു് കമാൽപാഷ ഖണ്ഡിച്ചുപറഞ്ഞുകൊണ്ടു് സംവാദത്തെ അവസാനിപ്പിച്ചു.

അബ്ദുൾ മജീദ് അധികം അലവൻസിന്നാവശ്യപ്പെട്ടപ്പോൾ കമാൽ എഴുതി അയച്ചതിപ്രകാരമാണു്—"കാലീഫ് എന്ന സ്ഥാനം ചരിത്രത്തിലെ ഒരു അവശിഷ്ടം മാത്രമാണു്; കാലീഫ്സ്ഥാനം നിലനില്ക്കുവാൻ യാതൊരു

ന്യായവുമില്ല. എൻെറ ഒരു സിക്രട്ടരിക്കു നിങ്ങൾ അധികം അലവൻസിന്നു എഴുതിയതു നിങ്ങളുടെ അഹംഭാവമാണ്."

മുഹമ്മദ് നബിയുടെ സ്ഥാനമാനരീതി കാലീഫ് നടത്തരുതെന്നു കമാൽപാഷ നിയോഗിച്ചിരുന്നു. അതു വകവെക്കാതെ നബി ചെയ്തുവന്നപ്രകാരം കുതിരപ്പട്ടാള അകമ്പടിയോടുകൂടി വെള്ളക്കുതിരപ്പുറത്തു കയറി ആഡംബരത്തോടെ കാലീഫ് സവാരി ചെയ്യുകയും, പതിനാലു വിലയേറിയ യൂനിഫോറം ധരിച്ച തണ്ടയാന്മാർ കാലീഫിനെ ഒട്ടോമൻ ചക്രവത്തിയുടെ തോണിയിൽ നബിയെപ്പോലെ തുഴഞ്ഞുകൊണ്ടു പോകുകയും ചെയ്തിരുന്നു. വിദേശരാഷ്ട്രപ്രതിനിധികൾ, ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ, ഗവർമ്മെണ്ടിൻെറ നേരെ തൃപ്തികേടുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ മുതലായവർക്കു കാലീഫ് എന്ന നിലയിൽ അബ്ദുൾമജീദ് സ്വീകരണം കൊടുത്തുവരികയും ചെയ്തിരുന്നു. ആദ്നാൻ, റെഫാററ്, കിയാസിം കാരാബക്കീർ മുതലായ നേതാക്കന്മാർ, കാലീഫിൻെറ നിയമപരിധിയിൽ വാഴുന്ന ഒരു സുൽത്താനാക്കി സ്ഥിരപ്പെടുത്തുവാൻവേണ്ടി ശ്രദ്ധാലോചനകൾ ചെയ്തു. ഇങ്ങിനെയുള്ള പരിശ്രമങ്ങളെ അടിച്ചമക്കുവാനുള്ള തഞ്ചം കമാൽപാഷക്കു വന്നുകൂടി.

**ആഗാഘാൻെറ കത്ത്**—വടക്കെ ഇന്ത്യയിലെ ഒരു മുസ്ലിം നേതാവായ ആഗാഘാനും, പെൻഷൻ ജസ്റ്റീസ് ആമീർ ആലിയും ഇന്ത്യാ മുസ്ലിമിങ്ങളുടെ വകയായി ഇസ്താംബൂൾ വർത്തമാനപത്രങ്ങളിൽ ഒരു കത്തു പരസ്യംചെയ്തു. കത്തിലെ താല്പര്യം കാലീഫധികാരത്തേയും ആ സ്ഥാപന

ത്തേയും പദവിയേയും തുൎക്കികൾ ബഹുമാനിച്ചു കാത്തുരക്ഷി
ക്കേണമെന്നാണ്. അങ്കോറാ ഗവൎമ്മേണ്ടിന്നയച്ച ആ
കത്തിന്റെ പകൎപ്പു പത്രങ്ങളിൽ പരസ്യമായതിന്റെ ശേ
ഷമാണ് പ്രധാനമന്ത്രി ഇസ്മാറു്പാഷക്കു കിട്ടിയതു്. ക
മാൽപാഷയുടെ അഭീഷ്ടസാദ്ധ്യത്തിന്നു് ഇതൊരവസരമായി
ആഗാഘാന്റെ ചരിത്രം കമാൽപാഷ പരസ്യമാക്കി.
മുസ്ലിമീങ്ങളിൽനിന്നു ദുൎവ്വിശ്വാസത്താൽ പിരിഞ്ഞുപോയ
ഇസ്മയാലി എന്ന ഒരു ലഘുഭിന്നകക്ഷിയുടെ നേതാവാണ്
ആഗാഘാൻ എന്നും, ഇംഗ്ലണ്ടിൽ സ്ഥിരതാമസക്കാരനാ
ണെന്നും, ഇംഗ്ലീഷ് കുതിരപ്പന്തയത്തിൽ ലയിച്ചുകൊണ്ടു ഇം
ഗ്ലീഷ് ഉടുപ്പുകളും സമ്പ്രദായങ്ങളും അനുകരിച്ചു്, ഇംഗ്ലീഷ്
രാഷ്ട്രനേതാക്കന്മാരുടെയും വിദേശീയമന്ത്രിമാരുടെയും ഇ
ടയിൽ കടന്നു പ്രാധാന്യം ലഭിക്കാൻ പരിശ്രമിക്കുന്ന ഒരു
സ്വാൎത്ഥിയാണെന്നും, ലോകമഹായുദ്ധകാലത്തു ബ്രിട്ടീഷു
കാർ ചില കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി അദ്ദേഹം ഇന്ത്യൻ
മുസ്ലിമീങ്ങളുടെ നേതാവാണെന്നു പ്രഖ്യാപിച്ചതാണെന്നും,
പാശ്ചാത്യരാജ്യങ്ങളിൽ തുൎക്കികൾ നടത്തിവന്ന പ്രചാര
വേലക്കും സുൽത്താന്നും എതിരായി അദ്ദേഹത്തെ ബ്രിട്ടൻ
ഒന്നു പൊന്തിച്ചുവെച്ചതാണെന്നും, ആഗാഘാൻ ബ്രിട്ട
ന്റെ ഒരു ഏജണ്ടുമാത്രമാണെന്നും മററും പത്രങ്ങൾമാൎഗ്ഗ
മായും മററുവിധത്തിലും കമാൽ പരസ്യമാക്കി. ഗ്രീക്കുകാ
രെ പ്രേരിപ്പിച്ചു തുൎക്കിയെ നശിപ്പിക്കുവാൻ ബ്രിട്ടന്നു് അ
സാദ്ധ്യമായതിനാൽ സൂത്രക്കാരായ ബ്രിട്ടീഷ്കാർ ഇന്ത്യൻ
മുസ്ലിമീങ്ങളേയും ആഗാഘാനെയും പാട്ടിലാക്കി കിലാ
ഫത്തിനെ സഹായിക്കുവാനും, തുൎക്കികളെ രണ്ടു കക്ഷി

കളാക്കി ഭിന്നിപ്പിക്കുവാനും ശ്രമിക്കയാണെന്നും കമാൽപാഷ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

അസംബ്ളി മെമ്പർമാർ വാസ്തവം ഗ്രഹിച്ചപ്പോൾ ക്രോധപരവശരായി, റിപ്പബ്ളിക്കിന്നെതിരായി പ്രവർത്തിക്കുന്ന ദ്രോഹികളെ വധശിക്ഷയിലുൾപ്പെടുത്തുവാൻ ഒരു നിയമം പാസ്സാക്കി, വാദപ്രതിവാദത്തിൽ, കാലിഫിൻെറ മതാധിപത്യം തുർക്കിരാഷ്ട്രത്തിന്നു കൂടുതൽ ബഹുമാനമുണ്ടാക്കുന്നെന്നു ഒരു മെമ്പർ സംസാരിച്ചപ്പോൾ, കമാൽ പാഷ ഇപ്രകാരം മറുപടി പറഞ്ഞു;—"കാലിഫിന്നും ഇസ്ലാംമതത്തിന്നും, പുരോഹിതന്മാക്കും, അപ്രകാരമുള്ള മൃഗപ്രായമായവൎക്കുംവേണ്ടിയല്ലേ പല നൂററാണ്ടുകാലത്തോളം കൃഷികന്മാർ യുദ്ധംചെയ്തു മൃതിപ്പെട്ടതു്! .... .... തുർക്കികൾ തുർക്കിയെപ്പററിത്തന്നെ ശ്രദ്ധിക്കേണ്ടുന്ന സമയം വന്നിരിക്കുന്നു; ഇന്ത്യക്കാരെയും അറബികളെയും വിസ്മരിക്കേണ്ടുന്ന സമയവും അവരുമായുള്ള സംബന്ധത്തിൽനിന്നു വേർപെടേണ്ടുന്ന സ്ഥിതിയും, ഇസ്ലാംമതത്തിൻെറ നേതൃത്വം വിട്ടൊഴിയേണ്ടുന്ന ഘട്ടവും തുർക്കികൾ വന്നു കഴിഞ്ഞിരിക്കുന്നു; തുർക്കിയുടെ കാൎയ്യം നോക്കിനടത്തുന്നതിൽതന്നെ തുർക്കികൾ ധാരാളം ജോലികളുണ്ടു്; കിലാഫത്തു പല നൂററാണ്ടുകളായി നമ്മുടെ രക്തം വലിച്ചെടുക്കുകയാൽ നാം രക്തവിഹീനരായിത്തീൎന്നിരിക്കുന്നു."

**മറ്റനങ്ങൾ.**—പ്രസ്തുത കഞ്ഞു പരസ്യംചെയ്തു മൂന്നു പത്രാധിപന്മാരെയും പുതിയ നിയമത്തിന്നനുസരിച്ചു കോടതി വിസ്തരിച്ചു്, അവർ കുതന്ത്രക്കാരായ ചില ബ്രിട്ടീഷുകാരുടെ ഏജണ്ടുമാരാണെന്നും, രാജ്യവഞ്ചകന്മാരാണെ

നും ലോകക്ക് തെളിയിച്ചുകൊടുത്തു. പത്രാധിപന്മാർ ബന്ധനസ്ഥരാകാതെ വിട്ടയക്കപ്പെട്ടുവെങ്കിലും കാലീഫി ൻെറ പല ഏജണ്ടുമാരും കോടതിവിധിപ്രകാരം തൂക്കി ക്കൊല്ലപ്പെട്ടു.

**കാലീഫിനെ നാടുകടത്തുന്നു.—** കാലീഫിന്നനുകൂലമാ യും പ്രതികൂലമായും ബഹളങ്ങൾ നാട്ടിൽ നടന്നു; അസം ബ്ളിയിൽവെച്ചു ഒരു മെമ്പർ കിലാഫത്തുവാദം ന്യായീക രിച്ചുകൊണ്ടു സംസാരിച്ചു; അതേരാത്രിത്തന്നെ അയാൾ വ ധിക്കപ്പെട്ടു. മതഡിപ്പാർട്ടുമെണ്ടിലെ മന്ത്രിയായ ഒരു കൊമി സാർ കിലാഫത്തിന്നനുകൂലമായി പ്രസംഗിച്ചതറിഞ്ഞ പ്പോൾ കമാൽപാഷ അദ്ദേഹത്തെ വിളിച്ചു ശകാരിച്ചു. എ ന്നാൽ കമാൽ വിവേകസമേതം പ്രവൎത്തിച്ചു പട്ടാളത്തിൻെറ ഭാവം സ്പൎശിച്ചുകൊണ്ടേയിരുന്നു. കിലാഫത്തുസ്ഥാനം താൻ സ്വീകരിക്കേണമെന്നഭ്യൎത്ഥിച്ച ഒരു നിവേദകസംഘത്തോടു കമാൽപാഷ ഇപ്രകാരം പറഞ്ഞു:— "എന്നോടു കാലീഫാ യിരിക്കുവാൻ ആവശ്യപ്പെടുന്ന നിങ്ങൾക്കു എൻെറ കല്പ നകളെ നടത്തിച്ചുവരുവാൻതക്ക പ്രാപ്തിയുണ്ടോ? ഇല്ലാത്ത പക്ഷം ഞാൻ ചിരിക്ക പാത്രമായിത്തീരും."

കിലാഫത്ത് തുക്കിയെ ബലപ്പെടുത്തിയിരിക്കുന്നു എ ന്നു വിശ്വസിച്ചുവന്ന മെമ്പർമാൎക്കു ഇസ്മററു മുഖാന്തരം കമാൽ അയച്ച മറുപടി ഇതാണ്— "അന്യമുസ്ലിമീങ്ങൾ നമ്മെ സഹായിച്ചിട്ടുണ്ടെങ്കിലും, സഹായിക്കുവാൻ ആശി ക്കുന്നുണ്ടെങ്കിലും, അതു തുക്കിയിൽ കാലീഫുള്ളതുകൊണ്ടല്ല; കിലാഫത്തു ബലഹീനവും നിൎജ്ജീവവുമായ ഒരേപ്പാടായതു കൊണ്ടാണ്. നമ്മെ അവർ സഹായിക്കുന്നതിൻെറ രഹ

സ്യം തുൎക്കികളായ നാം ബലവാന്മാരായിത്തീൎന്നതുകൊണ്ടാണ്."

കമാൽപാഷയുടെ പ്രചാരവേല ഫലപ്രദമാവുമ്പോഠം ജനങ്ങളും പട്ടാളവും വിദേശീയശത്രുവിന്നെതിരായും കിലാഫത്തനുഭാവികഠംക്കെതിരായും ആക്ഷേപിച്ചു തുടങ്ങി. 1924 മാൎച്ച് 3-ാംനു-മുസ്തഫാ കമാൽ അസംബ്ളിയിൽ ഒരു പ്രമേയം അവതരിപ്പിച്ചു. അതിന്റെ ഉദ്ദേശം രാഷ്ട്രത്തെ മതത്തിന്റെ പിടുത്തത്തിൽനിന്നു വേർപെടുത്തുവാനും കാലീഫിനെ തുൎക്കിയിൽനിന്നു പുറത്താക്കുവാനും ആയിരുന്നു. കമാൽ ഈ അവസരത്തിൽ ആവേശഭരിതനായി സഭയിൽ ഇങ്ങിനെ പറഞ്ഞു:—"എന്തു വിലവ്യയം വേണ്ടി വന്നാലും വേണ്ടതില്ല, റിപ്പബ്ളിക്കിനെ നിലനിൎത്തിപ്പോരണം. അതിനെ ചിലർ ഭീഷണിപ്പെടുത്തുന്നു. ഒട്ടോമൻ സാമ്രാജ്യം മതബന്ധമായ പൊള്ളിഞ്ഞ അടിസ്ഥാനത്തെ ആധാരമാക്കി പണിത ഒരു ഉന്മാദസ്ഥാപനമാണ്. നമുക്കുവേണ്ടതു്, ആധുനിക ശാസ്ത്രീയസ്വഭാവമായ ഒരു രാഷ്ട്രമാണ്. കിലാഫത്തും ഒട്ടോമൻ സാമ്രാജ്യത്തിന്റെ അവശിഷ്ടവും നശിക്കണം; പഴയ ലോകത്തിന്നു പററിയ മതപരമായ കോടതികഠംക്കും നിയമങ്ങഠംക്കും പകരം, നീതിന്യായത്തെ ആസ്പദമാക്കിയ നിയമങ്ങഠം ഉണ്ടാവണം; മതതന്ത്രികളുടെ പാഠശാലക്കു പകരം ഗവൎമ്മെണ്ടുശാലകളെ സ്ഥാപിക്കണം; രാഷ്ട്രവും മതവും വേർപെടുത്തണം; റിപ്പബ്ളിക്ക് മതവിഹീനമായ ഒരു രാഷ്ട്രമായിരിക്കണം"

ഈ പ്രമേയത്തെ അസംബ്ളി പാസ്സാക്കിയ ശേഷം, മൂന്നു ദിവസത്തിന്നുള്ളിൽ, 1924 മാൎച്ച് 5-ാംനു കാലീഫിനേയും

പരിവാരങ്ങളേയും മോട്ടോർകാറിൽ കയററി അതിത്തിയിൽ വിട്ടു. അവിടെനിന്നു കാലീഫ് സ്വിററ്സർലാണ്ടിൽ അഭയംപ്രാപിച്ചു. കുറേദിവസം കഴിഞ്ഞപ്പോൾ കാലീഫിൻെറ സംബന്ധികളേയും അനുയായികളേയും നാട്ടിൽ നിന്നു പുറത്താക്കി; ഇങ്ങിനെ തുക്കിയെ ഇസ്ലാംലോകത്തോടു ബന്ധമില്ലാത്ത ഒരു രാജ്യമാക്കിത്തീർത്തു.

**ബഹളങ്ങളും ലഹളകളും**—കാലീഫിനെ നാടുകടത്തിയതിനാൽ ഖർഡുമതഭ്രാന്തന്മാരുടെയിടയിൽ വലിയ ബഹളമുണ്ടായി; ഖർഡുകാർ കാലീഫിനെ ഒരു ദൈവമായിട്ടാണ് കരുതിവന്നത്. ബഹളം ലഹളയിൽ അവസാനിച്ചു. ലഹളക്കു വേറെയും പല സംഗതികളുണ്ടായി. ഖർഡുകാർ കൃഷിക്കാരാണു; നാട്ടിൽ വലിയ ക്ഷാമം ബാധിച്ചിരുന്നു. കൃഷിക്കു വേണ്ടുന്ന ജലസേചനമാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല; കൃഷിനാശമായിട്ടും കഠിനമായി നികുതി പിരിച്ചുവന്നിരുന്നു; യുദ്ധമില്ലാത്ത ഇക്കാലത്തും നിർബ്ബന്ധമായി യുവാക്കളെ പട്ടാളത്തിൽ ചേർത്തുകൊണ്ടേയിരുന്നു. ക്ഷാമമുണ്ടായതു കാലീഫിനെ നാടുകടത്തിയതുകൊണ്ടാണെന്നും, ധനമെല്ലാം റെയിൽവെ നിർമ്മിക്കുന്നതിലും, അങ്കോറാ പട്ടണത്തെ മഹത്താക്കുന്നതിലും ഗവമ്മെണ്ടു ദുർവ്യയം ചെയ്തതുകൊണ്ടാണെന്നും മററും വത്തമാനങ്ങൾ നാട്ടിൽ പരന്നിരുന്നു.

ഇതേസമയത്തു് ഇസ്മററ്പാഷയിൽ ഒരു അവിശ്വാസപ്രമേയം ചില മെമ്പർമാർ അസംബ്ലിയിൽ അവതരിപ്പിച്ചു. തുക്കിയിലെ ലൈറാ നാണ്യം വിലകുറഞ്ഞുപോയതും വിദേശിബാങ്കർമാർ തുക്കിവ്യാപാരികൾക്കു ധനസ

ഹായം ചെയ്യാത്തതും തുൎക്കിയിലുണ്ടായ വിപ്ലവംനിമിത്തമാണെന്നും, ഇസ്മാറ്പാഷ സാമ്പത്തികശാസ്ത്രപരിജ്ഞാനമില്ലാത്ത വ്യാപാരോന്നതിക്കുതകാത്ത നൂതനചുങ്കനിയമങ്ങളും വ്യാപാരനിയമങ്ങളും നടത്തിവന്നതുകൊണ്ട് വിദേശരാജ്യങ്ങളുമായി വ്യാപാരം നശിച്ചുവന്നതാണെന്നും മററുമാണ് ആക്ഷേപം. പ്രമേയം തള്ളിപ്പോയെങ്കിലും വലിയ ഒരുപക്ഷം അതിന്നനുകൂലമായിരുന്നു. കമാൽപാഷ അസാംബ്ലിയെ സമാധാനപ്പെടുത്തുവാൻ, ഇസ്മാറിനെനീക്കി ഫെത്തിപാഷയെ പ്രധാനമന്ത്രിയായി നിയമിച്ചു.

ഗവൎമ്മെണ്ടിനെ കഠിനമായി വിമൎശിച്ച ഒരു മെമ്പറെ കമാൽപാഷയുടെ അംഗരക്ഷാസേനാപതി രാത്രി ക്ഷണിക്കയും, പിറേറദിവസം അദ്ദേഹം മൃതനായി കാണുകയും ചെയ്തു. സേനാപതിയെ അറസ്ററുചെയ്യുന്നതിൽ കമാൽപാഷ തടസ്ഥംചെയ്തു. ഇതുകൊണ്ടും മററും പൊതുജനാഭിപ്രായം കമാലിന്നു പ്രതികൂലമായി തിരിയുന്നുവെന്നു കമാൽ കണ്ടപ്പോൾ, സേനാപതിയെ അറസ്ററുചെയ്യാൻ അനുമതി കൊടുത്തെങ്കിലും കമാൽപാഷയിൽ മുമ്പുണ്ടായിരുന്ന വിശ്വാസത്തിന്നു കോട്ടം തട്ടി.

മണ്ണെണ്ണ കേന്ദ്രമായ മൊസൂൾപട്ടണം സംബന്ധിച്ചു തുൎക്കിയും ബ്രിട്ടനുമായുള്ള ഒരു വടംവലി നടക്കുന്ന കാലത്താണ് ലഹളകൾ നടന്നതു്. ഇംഗ്ലീഷ്കാർ ധനവും ആയുധങ്ങളും ഖൎഡുനേതാക്കന്മാൎക്ക് എത്തിച്ചുകൊടുക്കുകയും ലഹളത്തലവനായ ഷെയിക്ക് സായിദിന്റെ നേതൃത്വത്തിൽ, "അങ്കോറയിലെ കാഫർ റിപ്പബ്ലിക്ക് നശിക്കട്ടെ! സുൽത്താൻ കാലിഫ് ജയിക്കട്ടെ!" എന്നാൎപ്പുവിളിയോടു

കൂടി ഖർഡുജനങ്ങൾ പടയും വെടിയും തുടങ്ങുകയും ചെയ്തു. കമാലിസ്റ്റുകാരുടെനേരെ ലഹളക്കാർ ചാടി. രണ്ടു മാസത്തിലിടക്കു ചില സംസ്ഥാനങ്ങൾ ലഹളക്കാരുടെ അധീനത്തിലായി. നബിയുടെ പച്ചക്കൊടിയും പറപ്പിച്ചു പുറപ്പെട്ട ലഹളക്കാർ റിപ്പബ്ളിക്കിന്റെ പട്ടാളങ്ങളെ തോല്പിച്ചോടിച്ചു ദിയാൻബക്കീർ എന്ന പട്ടണത്തെ ആക്രമിച്ചു.

**കമാൽ ലഹളയെ അടക്കുന്നു**—പാഷ ജനങ്ങളെ സമ്മേളിപ്പിച്ചു പറയുന്നു—"തുർക്കി അപകടത്തിലാണ്: തുർക്കിയുടെ പിൻഭാഗത്തുകൂടി ആ മഹാവിദേശി ബ്രിട്ടീഷ് പട്ടാളം ശത്രുക്കൾക്കു ധനവും ആയുധങ്ങളും എത്തിച്ചുകൊടുക്കുന്നു" എന്നും മറ്റും അടങ്ങുന്ന സാരഗർഭമായ ഉജ്ജ്വലപ്രസംഗം ജനങ്ങളെ ആവേശഭരിതരാക്കി. സ്വരാജ്യസ്നേഹമാകുന്ന ദീപത്തിൽ റിപ്പബ്ളിക്കോടുള്ള വിരോധഭാവവും രാഷ്ട്രീയപരമായ വിദ്വേഷവും, മതപരമായ സിദ്ധാന്തവും കരിഞ്ഞുപോയി. 80000ഭടന്മാരെ നയിച്ചുകൊണ്ടു കമാൽ പാഷ രണ്ടു മാസത്തിന്നകം ഖർഡിസ്റ്റാൻസംസ്ഥാനങ്ങൾ വാളുകൊണ്ടു പാഴാക്കി ലഹളക്കാരെ ഒതുക്കി, പട്ടാളക്കോടതി അനവധി ലഹളക്കാരെ തൂക്കുമരത്തിലേക്കേററി. അവരുടെ നേതാവായ ഷെയിക്ക് സായിദിന്നും മരണവിധി കല്പിച്ചു.

**കാലീഫിന്റെ ഏജണ്ടുമാരിൽ കുററാരോപണം**—മുസ്റ്റാഫാ കമാൽപാഷ അസംബ്ളിയുടെ മുമ്പാകെ റഊഫ്, കിയാസിം കരാബക്കീർ, ആലിഫയാട് മുതലായവരുടെ മേൽ കുററം ചുമത്തി, മേല്പറഞ്ഞ മൂന്നുപേർ ലഹളക്കു രണ്ടാഴ്ചമുമ്പെ അവരുടെ സേനാധിപത്യം രാജിക്കൊടുത്തുവെന്നും

അസംബ്ളിയിൽവെച്ചു ഗവർമ്മേണ്ടിനെ കഠിനമായാക്ഷേപിച്ചുവെന്നും, കിയാസിം കാരാബക്കീർ ലഹളത്തലവന് ഒരു പ്രത്യേകകത്തയച്ച് ലഹളക്കാരെ പ്രേരിപ്പിച്ചുവെന്നും ആണ് കുറ്റാരോപണം. ഇംഗ്ലണ്ട് ലഹളക്കാരെ പിന്നിൽകൂടി പ്രോത്സാഹിപ്പിച്ചുവെന്നും, മഹായുദ്ധകാലത്തു ബ്രിട്ടീഷ് ചാരന്മാരായ ലോറൻസും നോയലും ഖർദുനിവാസികളെ ലഹളക്കു പ്രേരിപ്പിച്ചുവെന്നും, സെവർസ് സന്ധിയിൽ ഖർദുകാൎക്കു പ്രത്യേകം ഒരു രാഷ്ട്രം സ്ഥാപിക്കുവാൻ ബ്രിട്ടൻ ഒരു വകുപ്പു ചേർത്തുവെന്നും കമാൽ ഈ അവസരത്തിൽ പറകയുണ്ടായി. ബ്രിട്ടന്നു മൊസൂളും മണ്ണെണ്ണഃക ണ്ട്രവും വേണമെന്നും, മൊസൂളിന്റെയും ഇറാക്കിന്റെയും താക്കോൽ ഖർദുകാരാണെന്നും, ഷെയിക്ക് സായിദിനെ സുൽത്താൻ-കാലിഫ് സ്ഥാനത്തിൽ ആരോഹണം ചെയ്യിക്കുവാൻ ഗൂഢാലോചനയുണ്ടായിട്ടുണ്ടെന്നും അസംബ്ളിയെ കമാൽ വിശദമായി ബോദ്ധ്യപ്പെടുത്തി. കമാൽപാഷ ആവശ്യപ്പെട്ടപ്രകാരം, അസംബ്ളി മെമ്പർമാരെ പോലീസ്സിന്നു അറസ്റ്റ്ചെയ്യാൻ പാടില്ലെന്ന നിയമം റദ്ദാക്കി; പത്രസ്വാതന്ത്ര്യം തല്ക്കാലത്തേക്കു തടഞ്ഞു; ഗവർമ്മേണ്ടിന്നെതിരായി പ്രസംഗിക്കുന്നതു രാജദ്രോഹകുറ്റമാക്കി. അസംബ്ളി കമാൽപാഷക്കു സർവ്വാധികാരവും കൊടുത്തുവെങ്കിലും സഭയിലെ യോഗ്യരായ ഒരു പക്ഷം മേൽപറഞ്ഞ പ്രതികളെ ശിക്ഷിപ്പിക്കുന്നതിന്നെതിരാകയാൽ അവരൊക്കെ രക്ഷപ്പെട്ടു.

**മട്ടനങ്ങൾ**— കമാൽപാഷയുടെ കുറ്റാരോപണങ്ങളും അദ്ദേഹത്തിൽ സമർപ്പിക്കപ്പെട്ട സർവ്വാധികാരവും ഒരു എ

തിർവിപ്ലവത്തിന്നു കാരണമാക്കി. കമാൽപാഷയെ കൊലചെയ്യാൻ ചാരന്മാരുണ്ടായ്വന്നു. ഒരിക്കൽ കമാൽപാഷയുടെ നേരെ ഒരു ബോമ്പു വീണു; മറെറാരു പ്രാവശ്യം എതിരാളികൾ കമാലിൻെറ ആഹാരത്തിൽ വിഷംചേർത്തു; ഭക്ഷണം കഴിച്ചതു നിമിത്തം കമാൽ ഏതാണ്ട് മരിക്കാറായെങ്കിലും പ്രാണൻ രക്ഷപ്പെട്ടു. പിന്നീടു കമാൽ ജാഗരൂകനായി, എതിർവിപ്ലവമുണ്ടാക്കിത്തീർക്കാനായി ദ്രവ്യസഹായം ചെയ്യുന്നതാരാണെന്നും മററും അറിയുവാനായി രഹസ്യപോലീസിനെയും ചാരന്മാരെയും ഏല്പിച്ചു. അൻവർപാഷയുടെയും തലാ അത്തിൻെറയും സ്നേഹിതനും, ഐക്യപുരോഗമനകക്ഷിയുടെ ഖജാൻജിയുമായിരുന്ന സിലോണിക്കാ യഹൂദനായ ജാവീദാണ് ലഹളക്കാരുടെ പിന്നിലുള്ള ശക്തിയെന്നു കമാലിന്നറിവുകിട്ടി. ബ്രിട്ടൻ, ഫ്രാൻസ് മുതലായ സമ്മിശ്രദേശീയരാഷ്ട്രങ്ങളിലെ ധനവ്യയംചെയ്യുന്ന ഉദ്യോഗസ്ഥന്മാരുമായി ജാവീദ് ബന്ധപ്പെട്ടിട്ടുണ്ടെന്നും, ജാവീദിൻെറ ബുദ്ധിവിലാസമാണ് വിപ്ലവക്കാരെ നയിക്കുന്നതെന്നും കമാലിന്നു മനസ്സിലായി. ജാവീദിനെയും കൂട്ടുകെട്ടുകാരെയും തൻെറ പിടുത്തത്തിൽ കിട്ടാഞ്ഞാൽ തൻെറ ജീവൻ അപകടത്തിലകപ്പെടുമെന്നു കരുതി, മുഖ്യപട്ടണങ്ങളിലെല്ലാം പ്രത്യേകസ്വതന്ത്രകോടതികൾ സ്ഥാപിച്ചു, ഗവൺമെണ്ടിൻെറ ശത്രുക്കളാണെന്നു ഗണിക്കപ്പെട്ടവർ അറസ്റ്റ് ചെയ്യപ്പെടുകയും, തൂക്കിക്കൊല്ലപ്പെടുകയും ചെയ്തു. എന്നാൽ പിടിക്കപ്പെട്ട കൂട്ടത്തിലുണ്ടായ ജാവീദ്, അൻവർപാഷ, തലാ അത്ത് എന്നീ ത്രിമൂർത്തികളെ അങ്കോറാ കോടതി വിസ്തരിച്ചു.

**ത്രിമൂർത്തികളുടെ കോടതിവിസ്താരം—** അൻവർപാഷ തലാ അത്ത്, ജാവീദ് എന്നിവരുടെ പേരിലുള്ള കുററംതെളിയിക്കുവാൻ തുർക്കിയുടെ 20 വർഷത്തെ ചരിത്രം കമാൽ കോടതിയിൽ ആവർത്തിക്കേണ്ടിവന്നു. അൻവർപാഷയും തലാഅത്തും ജവീദിൻെറ സഹായത്താൽ എങ്ങിനെ ഭരണകർതൃത്വം വശത്താക്കിയെന്നും, എങ്ങിനെ അവർ തങ്ങളുടെ അധികാരത്തെ ദുഷിപ്പിച്ചു ഗവർമ്മെണ്ടിനെ ദുർന്നയത്തിൽ പ്രവേശിപ്പിച്ചുവെന്നും, എങ്ങിനെ തുർക്കിയും ജർമ്മനിയുമായി സഖ്യം ഉണ്ടാക്കിയെന്നും, എങ്ങിനെ തുർക്കിയെ മഹായുദ്ധത്തിൽ വലിച്ചിട്ടുവെന്നും, അതുനിമിത്തം എന്തെല്ലാം നഷ്ടകഷ്ടങ്ങൾ തുർക്കികൾ അനുഭവിക്കേണ്ടിവന്നുവെന്നും, മഹായുദ്ധത്തിൽ തുർക്കി തോററശേഷം സുൽത്താൻ താല്ക്കാലികസന്ധി ചെയ്യുമ്പോൾ സ്വയരക്ഷക്കായി ഇവർ മൂവരും എങ്ങിനെ നാടുവിട്ടോടിപ്പോയെന്നും കമാൽ തെളിവുണ്ടാക്കി; വിജയിയായ വിദേശീയ ശത്രുക്കളോടു കമാൽ പാഷ യുദ്ധം തുടർന്നുകൊണ്ടുപോയപ്പോൾ തുർക്കിയെ പരാജയപ്പെടുത്തുവാൻ എന്തെല്ലാം പരിശ്രമങ്ങൾ ഇവർ മൂവരും ചെയ്തുവെന്നും കമാൽ വെളിപ്പെടുത്തി. വിസ്താരത്തിന്നുശേഷം കമാൽ ഔദാര്യത്തോടെ അൻവർപാഷയേയും തലാഅത്തിനേയും രക്ഷപ്പെടുത്തിയെങ്കിലും, ജാവീദിനോടു ദയ കാണിച്ചില്ല. ജാവീദിൻെറ ദ്രവ്യം വിയന്ന, പാരീസ്, ലണ്ടൻ മുതലായ സ്ഥലങ്ങളിലെ ബേങ്കുകളിൽ സൂക്ഷിക്കപ്പെട്ടുകയും പല വലിയ വ്യാപാരികൾ അവന്നു കടപ്പെട്ടിരിക്കയും ചെയ്തിരുന്നതിനാൽ, ബ്രിട്ടീഷ്ഗവർമ്മെണ്ടും ഫ്രഞ്ചുഗവർമ്മെണ്ടും ജാവീദിനെ രക്ഷപ്പെടുത്തുവാൻ വേണ്ടുന്ന

പരിശ്രമങ്ങൾ ചെയ്തുനോക്കി. ഇംഗ്ലണ്ടിലെ ബഹുലക്ഷാധിപനായ റോത്തസ് ചിലഡ് പ്രബലവായിരുന്ന പരിശ്രമികളിൽ ഒരു അഗ്രഗണ്യൻ. എന്നാൽ കമാൽപാഷ ജാവീദിനെ വിട്ടുവിച്ചില്ല; "രാജ്യവഞ്ചകനായ ഈ യഹൂദൻ, റിപ്പബ്ളിക്കിനെ നശിപ്പിക്കുവാൻ പരിശ്രമിച്ച ഈ ദുരാലോചനക്കാരൻ തൂക്കുമരത്തിൽ തന്നെ കയറണം" എന്നു കമാൽ നിഷ്കർഷിച്ചു; അങ്ങിനെ ജാവീദ് തൂക്കിക്കൊല്ലപ്പെട്ടു.

## 12 സർവ്വാധിപതിയും വിപ്ലവപരമായ നിയമപരിഷ്കാരവും

പാർലിമെണ്ടുഭരണം നടപ്പിലുള്ള ബ്രിട്ടൻ മുതലായ രാജ്യങ്ങളിൽ ഭരണാധികാരം ജനങ്ങളിൽ കിടക്കുന്നുവെന്നാണ് സങ്കല്പം. കമാൽപാഷയും റിപ്പബ്ളിക്കിനെ സ്ഥാപിക്കുമ്പോൾ പ്രസ്താവിച്ചതു്, സർവ്വാധികാരവും ജനങ്ങളിൽ നിക്ഷിപ്തമായിട്ടുണ്ടെന്നാണ്. എന്നാൽ ആ അധികാരത്തെ പ്രവൃത്തിപദ്ധതിയിൽ നിയോഗിക്കുവാനായി ഒരാളിൽ സമർപ്പിക്കേണമെന്നാണ് പലപ്പോഴും കമാൽ പാഷ പറഞ്ഞതു്. അതുപ്രകാരം കമാൽപാഷ സർവ്വാധിപതിയായി.

**സർവ്വാധിപത്യം നീതീകരിക്കാമോ?**—ജനകീയ ഭരണം നടപ്പിലുള്ള രാജ്യങ്ങളിൽ പല രാഷ്ട്രീയകക്ഷികളുണ്ടു്. ഈ കക്ഷികളിലെ ആകെയുള്ള മെമ്പർമാരുടെ എണ്ണം ജനസംഖ്യയുമായി താരതമ്യപ്പെടുത്തിയാൽ വളരെ തുച്ഛം

മാണ്. പാർലിമെണ്ടു തിരഞ്ഞെടുപ്പിൽ ഈ കക്ഷികൾ തമ്മിൽ മത്സരിച്ച് വോട്ടുകൾ തേടുന്നു. സൂക്ഷ്മത്തിൽ രാജ്യാധികാരം ജനാവലിയിലെ ഒരു രാഷ്ട്രീയകക്ഷിയിൽ —പാർലിമെണ്ടിൽ ഭൂരിപക്ഷമുള്ള കക്ഷിയിൽ—വന്നു ചേരുന്നു. പ്രജകളിൽ ഒരു രാഷ്ട്രീയകക്ഷിയിലും പങ്കെടുക്കാത്ത, അലസന്മാരായി സ്വന്തകാര്യം മാത്രം നോക്കിനടക്കുന്ന, സംഘടിക്കാത്ത ബഹുഭൂരിപക്ഷം സാമാന്യജനങ്ങളെ ഈ സംഘടിച്ച ലഘുകക്ഷി ഭരിക്കുന്നു. കക്ഷിക്കു പാർലിമെണ്ടിൽ ഭൂരിപക്ഷമുള്ള കാലത്തോളം രാജ്യത്തിലെ സർവ്വരേയും ഭരിക്കുവാൻ ഒരു ദൈവികാവകാശം കിട്ടിയപോലെ മന്ത്രിമാരിൽകൂടി കക്ഷി ഭരണകർത്തൃത്വം നടത്തുന്നു. കക്ഷി നിർമ്മിക്കുന്ന അച്ചടക്കനിബന്ധനകൾക്കു വിധേയമായി ചോദ്യമെന്യേ ബഹുഭൂരിപക്ഷം ജനങ്ങൾ ജീവിക്കുന്നു. അതുകൊണ്ടു പാർലിമെണ്ടുഭരണം ജനകീയഭരണമാണെന്നുപറയുന്നതിൽ സത്യമുണ്ടോ? പാർലിമെണ്ടിലെ വിവിധ കക്ഷികൾ തമ്മിൽ ഒരു കാര്യത്തിൽ യോജിപ്പുണ്ടു്; അവർ സ്വാർത്ഥകാര്യങ്ങളിൽ യോജിക്കുന്നു; അവരുടെ സ്വത്തിന്നും, ധനത്തിന്നും, ആദായത്തിന്നും തകരാർ പററരുതു്; അവരുടെ ചൂഷണങ്ങൾക്കു തടസ്ഥംവരുത്താതെ മന്ത്രിമാർ ഭരിക്കണം; അല്ലാത്തപക്ഷം മന്ത്രിമാർ സ്ഥാനം ഒഴിയേണ്ടിവരും. ഈ സ്ഥിതിയിൽ മന്ത്രിമാർക്കു ബഹുഭൂരിപക്ഷമായ മിണ്ടാപ്രാണികളായ ജനങ്ങൾക്കു സുഖജീവിതമുണ്ടാക്കികൊടുക്കുവാൻ സാധിക്കയില്ല; അതുകൊണ്ടു പാർലിമെണ്ടുഭരണം സാക്ഷാൽ ജനകീയഭരണമല്ല. സാമാന്യജനതക്കു സുഖജീവിതം നേടിക്കൊ

ടുക്കവാൻവേണ്ടി ആത്മത്യാഗത്തിന്നുകൂടി തെയ്യാറുള്ള നിസ്വാത്ഥിയും സത്യസന്ധനുമായ ഒരു നേതാവിനെ സവ്വാധിപതിയായി നിയമിച്ചാൽ ഈ ഉദ്ദേശം നിറവേററുവാൻ സാധിക്കും; ഇതാണ് സവ്വാധിപത്യത്തെ ന്യായീകരിക്കുന്നവരുടെ വാദം.

കമാൽപാഷയുടെ ഉദ്ദേശം തുക്കിയെ അഭിവൃദ്ധിയും നാഗരികതയും, ധനവുമുള്ള ഒരു പരിഷ്കൃതരാജ്യമാക്കിത്തീക്കണമെന്നാണ്. തുക്കിയിലെ നാഗരികസമ്പ്രദായങ്ങളിൽ ഉത്തമമായവയെ നിലനിത്തുക; അന്യരാജ്യങ്ങളിലെ ഉത്തമമായ നാഗരികമയ്യാദകഠം തുക്കിയിൽ അങ്കുരിപ്പിക്കുക; ജനങ്ങളുടെ മനഃസ്ഥിതി ഒന്നു പരിവത്തനം ചെയ്യിക്കുക; മൂഢവിശ്വാസങ്ങളെ ദൂരീകരിക്കുക; പഴയചിന്തകഠം, പൂവ്വികസമ്പ്രദായങ്ങഠം, ദുരാചാരങ്ങഠം, പൂവ്വകാലത്തോടു ബന്ധപ്പെട്ട ദുഷ്കമ്മങ്ങഠം മുതലായവയെ നിശ്ശേഷം നശിപ്പിക്കുക എന്നിവയാണ്.

**ഭരണനിയന്ത്രണപരിഷ്കാരം**— തുക്കിയിലെ സവ്വ അധികാരവും കമാൽപാഷയിൽ കേന്ദ്രീകരിച്ചു. കമാൽപാഷ അസംബ്ലി പ്രസിഡണ്ടും, ജനകീയകക്ഷി പ്രസിഡണ്ടുമായിരുന്ന സ്ഥിതിക്ക്, ഈ കക്ഷിതന്നെ ആയിരുന്നു ഗവമ്മെണ്ടും ഗവമ്മെണ്ടിനെ നിയന്ത്രിക്കുന്ന യന്ത്രവും. ഗ്രാമത്തിലെ ഒരു ശിപായിമുതൽ പ്രധാനമന്ത്രിവരെയുള്ള സവ്വ ഉദ്യോഗസ്ഥന്മാരും അധികാരസ്ഥന്മാരും ജനകീയകക്ഷി മെമ്പർമാരായിരിക്കണം. കക്ഷിയുടെ ജില്ലാകമ്മററിയും സംസ്ഥാനകമ്മററിയും ഭരണത്തിന്നുത്തരവാദപ്പെട്ടിരിക്കണം; ജില്ലാകമ്മററികഠം മുഖ്യമായ സവ്വ കായ്യങ്ങ

ളേയും സംസ്ഥാനകമ്മററിയെ അറിയിക്കയും, സംസ്ഥാനകമ്മററിയുടെ കല്പനകൾ നടത്തിക്കകയും വേണം; ഓരോ കമ്മററിയും പട്ടാള അച്ചടക്കരീതിയിൽ ജോലികൾ നടത്തണം; സർവ്വാധിപതിയുടെ കല്പനകൾ അക്ഷരംപ്രതി കമ്മററികൾ നടത്തിച്ചുവരണം.

അസംബ്ളി ഡെപ്യൂട്ടിമാരെ, അല്ലെങ്കിൽ മെമ്പർമാരെ ജനകീയകക്ഷിയിൽനിന്ന് തിരഞ്ഞെടുത്തുവന്നു. മെമ്പർമാർക്ക് ശമ്പളത്തിന്നു പുറമെ അലവൻസും, ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുള്ള അധികാരവും കൊടുത്തു. ആണ്ടിൽ നാലുമാസത്തെ കല്പന മെമ്പർമാർക്കനുഭവിക്കാം. മേലധികാരത്തിലെ കല്പന അനുസരിക്കാത്തവരെ ഉദ്യോഗത്തിൽനിന്ന് പിരിച്ചുകളയാം.

**പാർലിമെണ്ടിൽ എതിർകക്ഷി വേണമോ?—** ജനകീയഭരണരാജ്യങ്ങളിലെ പാർലിമെണ്ട് ഭരണം നടത്തുന്ന കക്ഷിയുടെ നയത്തെപ്പററിയും ഭരണദൂഷ്യങ്ങളെപ്പററിയും വിമർശിക്കുന്ന ഒരു എതിർകക്ഷിയുണ്ട്. തുർക്കി പാർലിമെണ്ടിൽ ഒരു കക്ഷി മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ കമാൽ പാഷ 1930-ൽ കുറേമാസങ്ങളോളം സുഖത്തിന്നായി ചാൻചയാനിൽ പോയി വിശ്രമിച്ചപ്പോൾ, ഇസ്മററ് പാഷാ രാജ്യകാര്യങ്ങൾക്കധിപനായി. അക്കാലം പ്രധാനമന്ത്രിയുടെ ഭരണത്തെപ്പററി വളരെ ആക്ഷേപങ്ങൾ കാമൽപാഷക്കു കിട്ടി. വിദേശമന്ത്രിയായ ഫെത്തിപാഷയും തുർക്കി അപകടപദ്ധതിയിലെത്തിയിരിക്കുന്നവെന്ന് കാണിക്കുന്ന പല വിവരങ്ങളേയും ആക്ഷേപങ്ങ

ളേയും കമാലിന്റെ ശ്രദ്ധയിൽ പെടുത്തി. നിയമപ്രകാരം ഗവൎമ്മെണ്ടിനെ ആക്ഷേപിച്ചു വിമൎശനംചെയ്യാൻ മെമ്പർമാൎക്ക പടില്ലാത്തതുകൊണ്ട് ഇസ്മേററിന്റെ ഭരണം സ്വേച്ഛാധരണമാണെന്ന് ജനങ്ങൾ ആക്ഷേപിച്ചുതുടങ്ങി. പാർലിമെണ്ടിൽ ഒരു എതിർകക്ഷിയെ രൂപീകരിക്കുവാൻ കമാൽപാഷ ഫെത്തിപാഷക്കനുവാദംകൊടുത്തു; ഈ കക്ഷിക്ക റിപ്പബ്ളിക്കൻ മിതവാദികക്ഷിയെന്ന പേരുംകൊടുത്തു. രണ്ടു കക്ഷികളും ന്യായമായവിധത്തിൽ അവരുടെ വാദങ്ങൾ പുറപ്പെടുവിക്കയല്ലാതെ, പാർലിമെണ്ട് വിട്ട് പുറത്തു വരുമ്പോഴെക്കം ഐക്യത്തിൽ പരസ്പരം വിരോധമില്ലാതെ യോജിച്ചിരിക്കേണമെന്ന് കമാൽ ഉപദേശിച്ചു. ആദ്യം സ്മിൎണ്ണയിൽ ഒരു സഭയിൽവെച്ച് ഒരു വാദപ്രതിവാദപരീക്ഷണം ചെയ്തതിൽപിന്നെ പാർലിമെണ്ടിൽ കക്ഷികൾ തമ്മിലുണ്ടായ വാദപ്രതിവാദം അടിപിടിയിൽ അവസാനിച്ചുവെന്നു മാത്രമല്ല, നാട്ടിൽ അഭ്യന്തരലഹളയുമുണ്ടായി. കമാൽപാഷ പത്രസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും നിറുത്തി പട്ടാളത്തെ വരുത്തി ലഹളയെ അടക്കി; ചില ലഹളത്തലവന്മാരെ പിടിച്ചു. മററു ചിലരെ പട്ടാളം വെടിവെച്ചു വീഴ്ത്തി. സൎവ്വാധികാരി അസംബ്ളിയെ പിരിച്ചുവിട്ടു പുതിയ തിരഞ്ഞെടുപ്പു നടത്തി 90 മെമ്പർമാരെ കൂട്ടതലായി ചേൎത്തു; അവർ വ്യാപാരികളും തൊഴിലാളികളുമായിരുന്നു. പാർലിമെണ്ടിൽ എതിർകക്ഷി വേണ്ടെന്നുവെച്ചു.

ഭരിക്കുവാൻതക്ക ത്രാണി ജനങ്ങൾക്കു സിദ്ധിക്കുന്നതുവരെക്കും റിപ്പബ്ളിക്ക് വിജയകരമായിരിക്കുവാൻ

താൻതന്നെ ഭരണം നിയന്ത്രിക്കണമെന്നു കമാൽപാഷ ഉറപ്പിച്ചു. 1932 വസന്തകാലത്തു് ഈ തീരുമാനത്തെ വിശദമാക്കി. "ഭരണനിയന്ത്രണത്തിൽ ഞാൻ എന്റെ ജനങ്ങളെ കൈപിടിച്ചു നടത്തും; കാൽതെററാതെ വഴിപിഴക്കാതെ നടക്കുവാൻ അവർ പ്രാപ്തരാകുന്നതുവരെ ഞാൻ അവരെ നയിക്കുന്നതായിരിക്കും; അതിൽപിന്നെ പററിയ പദ്ധതികൾ അവർ തിരഞ്ഞെടുത്തുകൊള്ളട്ടെ; അങ്ങിനത്തെ സ്ഥിതിയെത്തിയാൽ എന്റെ ഭാരംതീർന്നു."

പൂർണ്ണസ്വാതന്ത്ര്യത്തോടെ സ്വയംഭരണം നടക്കുന്ന രാജ്യങ്ങളിൽ വിവിധരാഷ്ട്രീയ കക്ഷികൾ ഉണ്ടായാൽ തരക്കേടില്ല. വിരുദ്ധകക്ഷികൾ അടിമരാജ്യമാകുന്ന ഇന്ത്യക്കു പററുകയില്ല. അച്ചടക്കവും, ദേശീയത്വവും, രാജ്യസ്നേഹവുമില്ലാത്ത സ്വതന്ത്രകക്ഷി; ജനകീയകക്ഷി എന്നുംമററും പേർ ധരിക്കുന്ന കക്ഷികളും നിയമസഭകളിലും പുറത്തും ഉണ്ടാകുന്നതു് വിദേശീയ ഭരണത്തെ നിലനിറുത്താനും, വിദേശിയരോടു മല്ലിടുവാൻ ഉതകുന്ന ഐക്യഅണി ഇല്ലാതാക്കാനും പററും; ഇതുതന്നെയാണ് വിദേശീയഭരണകർത്താക്കൾ ആശിക്കുന്നതും. ഇന്നു് ഇന്ത്യക്കു് ഒരേ ഒരു രാഷ്ട്രീയകക്ഷിയാണ് വേണ്ടതു്.

**വസ്ത്രപരിഷ്കാരം**— ജനങ്ങളുടെ. കോട്ടും, തൊപ്പിയും, കാൽച്ചട്ടയും യൂറോപ്യരുടെ ഉടുപ്പുപോലെ ആക്കി മാററിയാൽ തുർക്കികളുടെയിടയിൽ സ്വഭാവപരിണാമം വരുമെന്നു കമാൽപാഷ കണ്ടു. തുർക്കിത്തൊപ്പിക്കു പകരം പാശ്ചാത്യരുടെ ഹാററ് (തൊപ്പി) നടപ്പാക്കണമെന്നു കമാൽ തീരുമാനിച്ചു. തുർക്കിത്തൊപ്പിയെ ഫെസ്സ് തൊപ്പിയെന്നാണ്

പറഞ്ഞുവന്നതു്; അതിൻെറ നിറം ചുകപ്പാണു്. ഫെസ് തൊപ്പി ഒട്ടോമൻ സാമ്രാജ്യത്തിൻെറയും മുസ്ലിം മതത്തിൻെറയും ചിഹ്നമാണെന്നു ഒരു മൂഢവിശ്വാസം ജനങ്ങളുടെയിടയിലുണ്ടായിരുന്നു; ഫെസ്തൊപ്പി ധരിക്കാത്തവരെ കാഫറാണെന്ന നിലക്കു അറസ്റ്റ്ചെയ്യുന്നതും, ലഹളക്കാർ വധിക്കുന്നതും അസാധാരണയായിരുന്നില്ല. 1923-ൽ പട്ടാളം ഇസ്തംബൂളിൽ പ്രവേശിച്ചപ്പോൾ പശ്ചാത്യരീതിയിൽ ഹാററിട്ടവരെ മർദ്ദിക്കയുണ്ടായി. ഇങ്ങിനെ ഫെസ് തൊപ്പിയും മതവും ബന്ധപ്പെട്ട സ്ഥിതിക്കു, ഫെസ്തൊപ്പി മാററി പാശ്ചാത്യതൊപ്പി ജനങ്ങളെക്കൊണ്ടു് ധരിപ്പിക്കുകയെന്നതു കമാൽ പാഷയുടെ മഹാധൈര്യമായി കരുതാം. ഫെസ്തൊപ്പി നാട്ടിൽ നടപ്പാക്കിയതു്, ഒരു നൂററാണ്ടിന്നു മുമ്പുണ്ടായിരുന്ന ഒരു കാലീഫായിരുന്നു; അതുകൊണ്ടും അതിന്നു ഒരു സാന്നിദ്ധ്യമുണ്ടു്. കമാൽപാഷ ഈ പരിഷ്കാരം വരുത്താൻ പൊടുന്നനവെ ഒരു കല്പനയും പുറപ്പെടുവിച്ചില്ല. ആദ്യം തൻെറ അംഗരക്ഷാസേനയിൽ ഈ മാററം വരുത്തി; അതു അവരുടെ സമ്മതത്തോടുകൂടിയായിരുന്നു. പിന്നെ കമാൽ പട്ടാളക്കാരെ പറഞ്ഞു ധരിപ്പിച്ചു; മുഖത്തു വെയിൽ തട്ടാതിരിക്കുവാൻ ബിലാത്തിത്തൊപ്പി ഉത്തമമാണെന്നു അവൎക്കു തോന്നി; ഇങ്ങിനെ പട്ടാളത്തിലും ഹാററു നടപ്പായി. അതിൽപിന്നെ ഹാററും, ബിലാത്തിസമ്പ്രദായത്തിലുള്ള കോട്ടും, കാൽചട്ടയും, ടയ്യും, കോളറും ധരിച്ചു കമാൽപാഷ മുഖ്യപട്ടണങ്ങളിലും ഗ്രാമങ്ങളിലും ചെന്നു പ്രസംഗങ്ങൾ നടത്തി. പ്രസംഗത്തിലെ പൊരുൾ ഇതാണു്—"നാം നാഗരീകമുള്ള ജനതയായിത്തീരേണമെങ്കിൽ,

നാഗരികർ ധരിക്കുന്നമാതിരി ഉടുപ്പുകൾ ധരിക്കണം; ഫെസ്തൊപ്പി അജ്ഞാനത്തിന്റെ ചിഹ്നമാണ്'' പ്രസംഗങ്ങൾകൊണ്ടു് മൂഢവിശ്വാസം തകർക്കുവാൻ അസാദ്ധ്യമാണെന്നുകണ്ടപ്പോൾ. ബലം പ്രയോഗിക്കാൻ സർവ്വാധിപതി നിശ്ചയിച്ചു. ഫെസ്തൊപ്പി ധരിക്കുന്നതിനെ കുററകരമാക്കി ഒരു നിയമം പാസ്സാക്കി. ഈ കുററത്തിന്നു ജയിൽശിക്ഷ സാധാരണമായി; നിയമപ്രകാരം വധശിക്ഷയും കൊടുക്കാം. നിയമത്തിന്നു വിരോധമായി പ്രവർത്തിച്ച യാഥാസ്ഥിതികനേതാക്കന്മാരും ജയിൽ കയറേണ്ടിവന്നു. ഇങ്ങിനെ മട്ടനങ്ങൾ മൂഢവിശ്വാസത്തോടു മല്ലിടുകയും, തുക്കികൾ തുക്കിത്തൊപ്പി ഉപേക്ഷിക്കേണ്ടിവരികയും ചെയ്തു. ഇതേപ്രകാരംതന്നെ സ്ത്രീപുരുഷന്മാരുടെ തൂങ്ങുന്ന കാൽചട്ടയും ഉടുപ്പും മാറി പകരം പരിഷ്കൃതഉടുപ്പുകൾ തുക്കിയിൽ സാധാരണമായിത്തീർന്നു.

**മതത്തെ രാഷ്ട്രത്തിൽനിന്നു വേർതിരിക്കുന്നു**— ഭരണയന്ത്രം ന്യായമായി നടന്നുപോകുന്നതിന്നു തടസ്ഥം മതമായിരുന്നു. സർവ്വാധികാരി പറയുന്നു:— "ഗവമ്മേണ്ടുകാര്യത്തിൽ മതം അബദ്ധത്തിലുപയോഗപ്പെടുത്തിവന്നതുകൊണ്ടു് സർവ്വ ബുദ്ധിമുട്ടുകളോടും നാം എതിരിടേണ്ടിവന്നിരിക്കുന്നു; രാജ്യം ഭരിക്കുവാൻ മതസഹായത്തെ ആവശ്യപ്പെടുന്നവൻ ബലഹീനനാണ്; രാഷ്ട്രത്തെ മതത്തിൽനിന്ന് വേർപെടുത്തണം; മതം ഓരോരുത്തന്റേയും സ്വന്തകാര്യമാണ്; റിപ്പബ്ളിക്കിന്റെ കീഴിലുള്ള ഓരോ പൌരനും മതത്തെ സ്വകീയഗുണത്തിന്നായുപയോഗിച്ചുകൊള്ളട്ടെ."

മുസ്തഫാ കമാൽ മതനിഷ്ഠയെപ്പററി പുച്ഛിക്കയും പ

ള്ളിയിൽ പോകാതിരിക്കയും ചെയ്തു. പല നേതാക്കന്മാരും ഇതിനെ അനുകൂലിച്ചു. ഇംഗ്ലണ്ടിലെ അലസന്മാരും ദുർമ്മാർഗ്ഗികളുമായ പാതിരിമാർ വസിച്ചുവന്ന ആശ്രമങ്ങളേയും, അവരുടെ അധീനത്തിലുണ്ടായിരുന്ന സ്ഥലങ്ങളേയും കൈവശപ്പെടുത്തുവാനും അവരെ ആശ്രമങ്ങളിൽനിന്ന് പുറത്തേക്കു തള്ളുവാനുംവേണ്ടി ഹെൻറി എട്ടാമൻ 1535-ലും 1539-ലും ഇംഗ്ലീഷ് പാർലിമെണ്ടുമുഖേന പാസ്സാക്കിയ നിയമങ്ങൾപോലെ കമാൽപാഷയും അസംബ്ലിമുഖാന്തരം നിയമം പാസ്സാക്കി, അനേകം "തെക്കി" എന്നു പറയപ്പെടുന്ന ആശ്രമങ്ങളേയും അവയുടെ സർവ്വ സ്ഥലങ്ങളേയും ഗവർമ്മേണ്ടധീനത്തിലാക്കി, കപടഭക്തന്മാരായ ആശ്രമവാസികളെ പുറത്താക്കി.

**ആചാരപരിഷ്കാരം**— തൊപ്പി മാററിയതോടുകൂടി പഴയമാതിരി സലാംചെയ്യുന്നതു് നിർത്തി. തുക്കികൾ ഉയൎന്നപദവിയിലുള്ളവൎക്ക് സലാം ചെയ്തുവന്നതു്, നിലത്തുനിന്ന് ലേശം മണ്ണുനുള്ളിയെടുത്തു നെററിത്തും, ചുണ്ടിന്നും, നെററിക്കുംവെച്ചു ഓച്ഛാനിച്ചിട്ടായിരുന്നു. ഈ അടിമസ്വഭാവം നീക്കുവാനുണ്ടായ പുതിയ കല്പനപ്രകാരം സലാമിന്നു പകരം തൊപ്പി ഒരിഞ്ചു പൊന്തിക്കയും തലയൊന്നു കുനിക്കയും മാത്രമെ വേണ്ടിവരുന്നുള്ളു. കേരളത്തിലെ അധഃപതിച്ചവർ രണ്ടാംമുണ്ടു് കക്ഷത്തിൽ വെക്കണം; ചെരിപ്പു രികാണാത്ത സ്ഥലത്തു വെക്കണം; തലചൊറിഞ്ഞോച്ഛാനിച്ചുനില്ക്കണം; ഇങ്ങിനെയുള്ള അടിമത്വം കേരളത്തിൽ അവസാനിപ്പിക്കേണ്ടുന്ന കാലം അതിക്രമിച്ചിട്ടില്ലേ?

വനിതാസ്വാതന്ത്ര്യം— പൂർവ്വികതുർക്കിസ്ത്രീകൾ പുരുഷന്മാരോടൊപ്പം സഭകളിൽ ചേരാറുണ്ടെന്നും, മൂടുപടം ധരിക്കാറില്ലെന്നും, സ്ത്രീകൾക്കു പുരുഷന്മാർക്കുണ്ടായിരുന്ന അവകാശങ്ങളുണ്ടായിരുന്നുവെന്നും, ഭരണകാര്യങ്ങളിലും യുദ്ധങ്ങളിലും സ്ത്രീകൾ പങ്കെടുത്തിരുന്നുവെന്നും ബൈസൻടൈൻ, പെർസിയ, അറേബിയ എന്നീ രാജ്യങ്ങളിൽനിന്നു അനാചാരങ്ങൾ തുർക്കിയിൽ പ്രവേശിച്ചു്, സ്ത്രീകളെ അന്തർജ്ജനങ്ങളാക്കിയതാണെന്നും ചരിത്രം തെളിയിക്കുന്നു. ഇസ്ലാംമതം സ്ത്രീകളെ സ്വതന്ത്രരാക്കുവാൻ ശ്രമിച്ചുവെന്നതിന്നു തെളിവായി മഹമ്മദ്നബിയുടെ വാക്കുകൾ കമാൽപാഷ ഉദ്ധരിച്ചിട്ടുണ്ടു്; അവയിൽ ഒന്നിതാണ്— "സ്ത്രീകൾ പുരുഷന്മാരോടു സമമാണു് ... ... ഭാര്യയുടെ അവകാശങ്ങളെ ബഹുമാനിക്കുന്നവൻ ധന്യൻ."

വനിതാസ്വാതന്ത്ര്യത്തെ സ്ഥാപിച്ചുകിട്ടുവാൻ കമാൽപാഷയോടൊപ്പം ഭാര്യ ലത്തിഫ്ഹനാനും, സഹോദരി മെക്ക് ബൌളയും, പോറ്റുമകൾ ആഫാറും വളരെ ശ്രമിച്ചിട്ടുണ്ടു്. കമാൽപാഷ പല പ്രസംഗങ്ങളും ഈ വിഷയത്തെപ്പററി ചെയ്യുകയുണ്ടായി. അവയിൽ ചില ഭാഗങ്ങളെ ഉദ്ധരിക്കാം— "സ്ത്രീപുരുഷന്മാർ അടങ്ങിയ ഒരു സമുദായം പുരുഷന്മാരുടെ അഭിവൃദ്ധിയും സംസ്കാരവുംകൊണ്ടു മാത്രം തൃപ്തിപ്പെടുന്നതായാൽ ആ സമുദായത്തിൻെറ ബലം പകുതിയായി ചുരുങ്ങുന്നു; പുരോഗമനവും നാഗരികവും ഉണ്ടാകുവാൻ ശ്രമിക്കുന്ന ഒരു സമുദായവും ഇക്കാര്യം അമാന്തിക്കരുതു്."

"സ്ത്രീകളുടെ പ്രഥമമുറ അമ്മമാരായിരിക്കയാണെ

ങ്കിലും ഭാവിയിലെ അമ്മമാക്കു ബുദ്ധിസംസ്കാരമുണ്ടാകുന്ന തായാൽ ജനങ്ങളിൽ നാഗരികവും സാംസ്കാരവും വന്നുകൂടും."

"നാം പഠിപ്പുള്ളവരായിത്തീരുവാൻ അമ്മമാർ വളരെ പരിശ്രമിച്ചിട്ടുണ്ട്; മേലാൽ നമുക്കു വേണ്ടതു്, പഴയ ലോകത്തിൽനിന്നു വ്യത്യസ്തപ്പെട്ട മനോഭാവവും സംസ്കാരവും സിദ്ധിച്ച പുരുഷന്മാരാണ്; അങ്ങിനെയുള്ള ഒരു പരിവത്തനം ഉണ്ടാവുക ഭാവിയിലെ അമ്മമാരിൽനിന്നായിരിക്കും, തുക്കി രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെയും അഭിമാനത്തെയും സുരക്ഷിതമാക്കുവാൻ വേണ്ടുന്ന അടിസ്ഥാനവും നമ്മുടെ സ്ത്രീകളിലുണ്ട്; ഉണ്ടായിരിക്കയും ചെയ്യും"

"സ്ത്രീകൾ മൂടുപടം ധരിക്കുവാൻ നിബ്ബന്ധമാക്കിയതു നമ്മുടെ പുരുഷന്മാരുടെ ശുദ്ധതയും സൂക്ഷ്മതയുമാണ്. എന്നാൽ ഈ അനാചാരത്തെ പ്രേരിപ്പിച്ചതു്, "എൻെറതു് എൻേറതു്" എന്ന സ്വകീയചിന്തയാണ്. നമ്മുടെ സ്ത്രീകൾ നമ്മെക്കാൾ ബുദ്ധി കുറഞ്ഞവരോ, ന്യായാന്യായങ്ങൾ അറിയാത്തവരോ അല്ല; അവർ നീതിധമ്മത്തിനനുയോജ്യമായി പ്രവത്തിക്കുന്നതായാൽ, അവക്കു ദേശീയ വിജ്ഞാനമുണ്ടാകുന്നതായാൽ, "നമ്മുടേതു്, നമ്മുടേതു്" എന്ന സ്വാത്ഥചിന്ത പുരുഷന്മാക്കാവശ്യമില്ല. സ്ത്രീകൾ തങ്ങളുടെ മുഖം പരദൃഷ്ടിയിൽ വരത്തക്കവണ്ണം വെളിയിൽ വരട്ടെ; ലോകം നോക്കിക്കണ്ടറിയട്ടെ; അതിലൊന്നും ശങ്കിക്കാനില്ല. .... .... മതഭ്രാന്തും ദുസ്സാദ്ധ്യവും ആപത്തു വരും കാലം നമ്മെ രക്ഷിക്കയില്ല."

മഹാദേശീയ അസംബ്ലി പാസ്സാക്കിയ നിയമനങ്ങൾ തുക്കിമഹിളമാരെ സ്വതന്ത്രകളാക്കി. ഒന്നിലധികം സ്ത്രീ

കളെ വിവാഹം ചെയ്യുന്നതും, വെപ്പാട്ടിമാരെ വെച്ചു് വ്യഭിചരിക്കുന്നതും നിയമവിരുദ്ധമാക്കി. ഇമാമിന്റെ മുമ്പിൽ സ്ത്രീ മൂടുപടം ധരിച്ചു വിവാഹകർമ്മം നിവൃത്തിക്കുന്നതിന്നു പകരം, മൂടുപടമില്ലാതെ സിവിൽ ഉദ്യോഗസ്ഥന്റെ സന്നിധിയിൽ വധൂവരന്മാരുടെ സമ്മതപ്രകാരം വിവാഹം റജിസ്റ്റ്ചെയ്യുന്ന സമ്പ്രദായം നടപ്പിൽവരുത്തി. പുരുഷന്റെ ഇഷ്ടപ്രകാരം മൊഴികൊടുക്കുന്ന നടപ്പു നീക്കി, തക്കതായ സംഗതിക്കു മാത്രമെ വിവാഹമോചനം പാടുള്ളുവെന്നു ചട്ടം നടപ്പിലായി; പിതൃസ്വത്തിന്നു പുത്രിമാർക്കും പുത്രന്മാരെപ്പോലെ സമാവകാശം ലഭിച്ചു; മൂടുപടം ധരിച്ചു ശരീരമാസകലം മറച്ചോ, 'ഫെറെസ്' അല്ലെങ്കിൽ അർദ്ധമുഖപടംകൊണ്ടു കണ്ണുകൾ മാത്രം ഒഴിച്ചു ബാക്കി മുഖം മറച്ചോ വെളിയിൽ നടക്കുന്നതു നിയമവിരുദ്ധമാക്കി; നൃത്താലയങ്ങളിൽ നൃത്തങ്ങൾ ശീലിക്കുന്ന വനിതമാർക്കു് പ്രത്യേക അലവൻസ് കൊടുത്തു.

നൃത്തരംഗങ്ങളിൽ സ്ത്രീകൾ പ്രവേശിക്കുന്നതു് അന്യായമാണെന്നും, സ്ത്രീപുരുഷന്മാർ അന്യോന്യം വികാരങ്ങൾക്കടിമയായി സദസ്യരുടെ മുമ്പിൽവെച്ചു് നൃത്തം ചെയ്യുന്നതു് ഒരു പാപകൃത്യവും ദുഷിച്ച സമ്പ്രദായവുമാണെന്നും വിചാരിച്ചുവന്ന അക്കാലത്തെ യാഥാസ്ഥിതികന്മാരെ വകവെക്കാതെ പാശ്ചാത്യരീതിയിൽ നൃത്തവിരുന്നുകൾ കമാൽ പാഷ നടത്തിച്ചുവന്നു. ഒരിക്കൽ സ്മിർണ്ണയിൽ കമാൽ പാഷ ചേർന്നിരുന്ന ഒരു കേമമായ വിരുന്നുസദസ്സിൽ പാശ്ചാത്യരീതിയിൽ നർത്തകിമാർ നൃത്തങ്ങൾ ചെയ്തപ്പോൾ, അവരോടുകൂടി നൃത്തംചെയ്യാൻ യുവാക്കളായ

ഉദ്യോഗസ്ഥന്മാരെ കമാൽ പ്രോത്സാഹിപ്പിച്ചു. യൂനിഫോറം ധരിച്ച യുവാക്കളോടുചേൎന്നു നൃത്തംചെയ്യുന്നതിൽ യാതൊരു യുവതിയും വൈമുഖ്യം കാണിക്കരുതെന്നു കമാൽപാഷ പറയുന്നതുകേട്ടു് പല വനിതമാരും ലജ്ജാവിഹീനരായി മുന്നോട്ടു വന്നു്, യുവാക്കളുടെ കൈപിടിച്ചു് നൃത്താചെയ്തു. യാഥാസ്ഥിതികന്മാരുടെ ക്രോധം അഗണ്യമാക്കി നടീനടന്മാരെ ഉൾനാട്ടിലേയും നഗരങ്ങളിലേയും സദസ്സുകളിലേക്കയച്ചു നൃത്തസമ്പ്രദായത്തെ കമാൽ തുൎക്കിയിൽ വ്യാപരിപ്പിച്ചു.

1926-ലെ സിവിൽ നിയമങ്ങൾ പ്രസിദ്ധീകരിച്ചശേഷം സ്ത്രീവിദ്യാഭ്യാസം പരക്കയും, സ്ത്രീകൾ വ്യവസായശാലകളിൽ പ്രവൎത്തിചെയ്തുവരികയും, ക്രമേണ നിയമം, വൈദ്യം, ടൈപ്പ്റൈറ്റിങ്ങ്, ബേങ്കുജോലി, മിസ്റ്റ്റസ്സ് പ്രവൃത്തി മുതലായവ പഠിക്കയും പരിശീലിക്കയും ചെയ്തതിനാൽ, ഇന്നു് ഗവൎമ്മെണ്ടുജോലിയിലും ടൈപ്പ്റൈറ്റിങ്ങ് പ്രവൃത്തിയിലും, റെയിൽവെയിലും, ഷാപ്പുകളിലും അനവധി സ്ത്രീകൾ വേല ചെയ്യുന്നതായി കാണാം 1930-ൽ പാസ്സാക്കിയ ഒരു നിയമപ്രകാരം ജനകീയകക്ഷിയിൽ സ്ത്രീകളെ മെമ്പർമാരാക്കി ചേൎക്കയും, മുൻസിപ്പാൽ കൌൺസിലുകളിൽ മെമ്പർമാരായി തിരഞ്ഞെടുക്കുകയും ചെയ്തുവന്നു. 1935-ലെ ഒരു നിയമപ്രകാരം സ്ത്രീകളെ അസംബ്ളി മെമ്പർമാരായി തിരഞ്ഞെടുക്കുന്നതിലും സ്ത്രീകൾക്കു വോട്ടാവകാശംകൊടുത്തു 1935-ൽ 20 വനിതമാർ അസംബ്ളി മെമ്പർമാരായി തിരഞ്ഞെടുക്കപ്പെട്ടു ഇന്നു തുൎക്കിയിൽ സ്ത്രീകളുടെയിടയിൽ വളരെ നിയമജ്ഞകൾ, ഡോക്ടർമാർ, പ്രാസംഗിക

കരം, മിസ്റ്റ്രസ്സ്മാർ മുതലായവരുണ്ട്. അങ്കോറയിൽ 1935-ൽ രണ്ടു നിയമപരിജ്ഞാനമുള്ള സ്ത്രീകരം ജഡ്ജിമാരായി നിയമിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ മുസ്ലിം സഹോദരിമാർ തുർക്കിവനിതകളെ അപേക്ഷിച്ച് എത്ര പിന്നോക്കമാണ്? ഇതിന്നു ആർ ഉത്തരവാദി?

**നിയമപരിഷ്കാരം**— മുസ്ലീംമതം മാത്രമായിരുന്നു ഒട്ടോമൻ നിയമങ്ങരംക്കാസ്പദമായിരുന്നതു്. ആ പഴയ ലോകനിയമങ്ങളെ പരിഷ്കരിച്ച് ആധുനികലോകനിയമങ്ങളെ അടിസ്ഥാനമാക്കി ഒരു സമുദായത്തെ ഉദ്ധരിക്കാനാണല്ലൊ കമാൽപാഷയുടെ തീരുമാനം. നിയമങ്ങരം നടത്തിപ്പിൽ വരുത്തുന്നതിന്നുമമ്പായി അവയെ എതിർക്കരുതെന്നു പത്രാധിപന്മാരെയും, നിയമജ്ഞന്മാരെയും, മററു ബുദ്ധിമാന്മാരെയും താക്കീതു് ചെയ്തു കമാൽപാഷ ഇപ്രകാരം പറഞ്ഞു. "നവതുർക്കിവാഴ്ച പഴയ പുരാണപദ്ധതികരം മുഴുവനെ വെടിഞ്ഞിരിക്കുന്നു; ദേശീയവർഗ്ഗങ്ങളെ സംയോജിപ്പിക്കുന്നതിന്നും, നിശ്ചയമായും ദൃഢമായി സ്ഥിരീകരിക്കുന്നതിന്നും ഒരു ദേശീയമാകുന്ന പാശമുണ്ട്; ആ പാശത്തെ മതം സ്പർശിച്ചിട്ടേയില്ല. രാജ്യങ്ങരം തമ്മിലുള്ള മത്സരത്തിൽ ജീവാത്മാവായതു വിജ്ഞാനവും നാഗരികവുമാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. രാഷ്ട്രപരിവർത്തനവും, മാനസീകപരിണാമവും നിമിത്തം ഇപ്പോരം തുർക്കി ജീവാധാരമായി കരുതുന്ന വസ്തു മതമല്ല; കാലോചിതമായമനഃസ്ഥിതിയാണ്."

1926-ൽ അസംബ്ളി പല നിയമകോഡുകളേയും നിമ്മിച്ചു; പാശ്ചാത്യരാജ്യങ്ങളിലെ നിയമങ്ങളിൽനിന്നു് പല വകുപ്പുകളും തുക്കി നിയമകോഡുകളിലും ചേത്തു്. ചില ഭേദഗതികളോടുകൂടി സ്വിസ്കോഡ് പാസ്സാക്കി. അതുപ്രകാരം വിവാഹം, വിവാഹമോചനം മുതലായവയെ ക്ലിപ്തപ്പെടുത്തി, ഷാറിയറവപ്രകാരം ചില വ്യക്തികൾക്ക ലഭിച്ചിരുന്ന പ്രത്യേകാവകാശങ്ങളെ ദുബ്ബലപ്പെടുത്തി; അതുകൊണ്ടു സവ്വക്കും തുല്യാവകാശം ലഭിച്ചു. ഈ പരിഷ്കാര നിയമങ്ങൾ തുക്കിയിൽ പരമ്പരയായി ആചരിച്ചുവന്ന പല നടവടികളേയും സമ്പ്രദായങ്ങളേയും അകററി, പാശ്ചാത്യമാഗ്ഗത്തിലേക്കു കടക്കുന്ന ഒരു സോപാനമായിത്തീന്നു.

പുതുനിയമങ്ങൾ ശിശുവിവാഹത്തെ നിരോധിച്ചു; സ്ത്രീകളെ പുരുഷാധീനത്തിൽനിന്നു് സ്വതന്ത്രകളാക്കി. വിവാഹം കഴിക്കുന്നതിനുമുമ്പു വധൂവരന്മാക്കു യാതൊരു രോഗവുമില്ലെന്നു ഡോക്ടർമാർ സട്ടിഫിക്കററു കൊടുക്കണം; ജമ്മൻ, ഫ്രഞ്ചു്, ഇററലി എന്നീ രാജ്യങ്ങളിലെ കോഡുകൾ പരിശോധിച്ചു വ്യാപാരകോഡുകൾ നിമ്മിച്ചു.

**തുക്കിഭാഷ—** സവ്വത്തിലുംവെച്ചു അതിമുഖ്യമായതാണു് ഭാഷയിലുണ്ടായ വിപ്ലവം. തുക്കിഭാഷ ടാർടാർ ഭാഷയാണു്; തുക്കിഭാഷയിൽ പർസിയൻവാക്കുകളും, അറബിവാക്കുകളും നിറഞ്ഞിരുന്നു, ഭാഷയെ എഴുതുന്നതു് അറബി ലിപിയിലുമായിരുന്നു. ഭാഷയിലുള്ള അറബി- പേർസിയൻ മുതലായ വിദേശിവാക്കുകൾ നീക്കി, ശുദ്ധ തുക്കിഭാഷയാക്കുവാനും, അറബിലിപി മാററുവാനും ആയിരന്നു കമാൽപാഷയുടെ

കഴിച്ചുകൂടാത്ത ശ്രദ്ധ. ഗ്രീക്കും, ഫ്രഞ്ചും അർമീനിയാഭാഷയും നാട്ടിൽ സംസാരിക്കരുതെന്ന കല്പന പുറപ്പെട്ടുവിച്ചു; അങ്ങാടിയിൽ ഗ്രീക്കൊ ഇററാലിഭാഷയൊ സാധാരണ സംസാരിക്കാതെയായി. വിദേശിയർ തുർക്കിഭാഷ പഠിച്ചുതുടങ്ങി; തുർക്കിഭാഷ സംസാരിക്കുന്നതു് നിർബ്ബന്ധമാക്കി. പാശ്ചാത്യശാസ്ത്രങ്ങൾ ഇംഗ്ലീഷിൽ പഠിപ്പിച്ചുവന്ന മിഷ്യൻ വിദ്യാലയങ്ങളിൽ ഈ നിർബ്ബന്ധംനിമിത്തം ബുദ്ധിമുട്ടുകൾ വന്നെങ്കിലും, വിദ്യാലയങ്ങളെല്ലാം നിയമം അനുസരിക്കേണ്ടിവന്നു.

അറബി അക്ഷരത്തിന്നു പകരം ലാററിൻലിപി നിർബ്ബന്ധമാക്കേണമെന്നു് കമാൽപാഷ തീരുമാനിച്ചു. ഇങ്ങിനെ അക്ഷരം മാററുന്നതു് അസാദ്ധ്യമായിരിക്കുമെന്നു് പലരും വിശ്വസിച്ചിരുന്നു; കാരണം, തുർക്കിയിലെ സർവ്വ അച്ചടിശാലകളിലും ഉപയോഗിച്ചുവന്ന അക്ഷരങ്ങളെക്കൾ മാററണം; പുസ്തകങ്ങളൊക്കെ വീണ്ടും ലാററിൻ അക്ഷരത്തിൽ അച്ചടിക്കണം. കമാൽപാഷക്കു് ഇവയൊക്കെ സാരമായ പ്രയാസങ്ങളായിരുന്നില്ല. 1924-ൽ കോക്കസസ്സിലെ ബാക്കു എന്ന പട്ടണത്തിൽ സോവിയററു റഷ്യയുടെ ആധീനത്തിൽ അക്ഷരശാസ്ത്രവിദഗ്ദ്ധന്മാരുടെ ഒരു കോൺഗ്രസ്സ് സമ്മേളിച്ചിരുന്നു. മദ്ധ്യഏഷ്യയിലെ ടാർടാർകാർക്കുവേണ്ടി തുർക്കി ഭാഷയെ ലാററിൻലിപിയിൽ ഉദ്ധരിച്ചിരുന്നു. സർവ്വാധിപതി ഭാഷാവിദഗ്ദ്ധന്മാരെ വരുത്തി, അവർമുഖേന തുർക്കി ഭാഷയിൽ കലർന്നിരുന്ന അറബിവാക്കുകളേയും പേർസിയൻ വാക്കുകളേയും തള്ളി, അവക്കു പകരമായി ഉൾഗ്രാമങ്ങളിലെയും മലപ്രദേശങ്ങളിലേയും സംഭാഷണങ്ങളിലുള്ള തുർക്കി

വാക്കുകൾ ഭാഷയിൽ ചേത്തു. സവ്വാധികാരി ലാററിൻ ലിപി പഠിച്ചു. 1927-ൽ അസംബ്ളി ലാററിൻലിപി നിബ്ബന്ധമാക്കി.

1928-ൽ കമാൽപാഷ റിപ്പബ്ളിക്ക് പ്രസിഡണ്ടെന്ന നിലയിൽ ഇസ്തംബൂളിൽ പ്രവേശിച്ചപ്പോൾ, പ്രമാണികളേയും ഉദ്യോഗസ്ഥന്മാരേയും രാജധാനിയിലേക്ക ക്ഷണിച്ചുവരുത്തി. ചില പ്രധാനപ്പെട്ട വനിതമാരും അവിടെ സന്നിഹിതരായിരുന്നു. പ്രസംഗപീഠത്തിന്നരികെ ചുമരിൽ ഒരു കരുപ്പുപലകയും, അടുക്കെ ചോക്കുനിറച്ച ഒരു പെട്ടിയുമുണ്ടായിരുന്നു. സദസ്യരെ ക്ഷണിച്ചുവരുത്തിയതിന്റെ ഉദ്ദേശം കമാൽപാഷ വിവരിച്ചു. അറബിലിപികൊണ്ടുള്ള പ്രയാസവും ലാററിൻലിപികൊണ്ടുള്ള സൌകര്യങ്ങളും വിശദമാക്കി. ലാററിൻലിപി ഓരോന്നോരോന്നായി എഴുതി ഉച്ചരിച്ചുകാണിച്ചു; സദസ്യരിൽ ചിലരെ പ്രസംഗമണ്ഡപത്തിൽ വരുത്തി അപ്രകാരം എഴുതിപ്പിച്ചു. ഒരു ഗുരുനാഥൻ ശിശുക്കളെ പഠിപ്പിക്കുന്ന രീതിയിൽ ലാററിൻ അക്ഷരങ്ങൾ അവിടെ കൂടിയവരെ പഠിപ്പിച്ചു. സവ്വാധികാരി പല പട്ടണങ്ങളിയും ബോർഡും ചോക്കുമായി നടന്നു, ലാററിൻലിപി എഴുതി ശീലിക്കുന്നതിൽ ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. പാഷയുടെ മാതൃകാദ്ധ്യാപനം സവ്വപാനീയ വിശ്രമസ്ഥലങ്ങളിലും സാധാരണമായ്ത്തീന്നു. പിന്നീട് ഒരു നിശ്ചിതതിയ്യതിക്കുമുമ്പായി സവ്വ ഉദ്യോഗസ്ഥന്മാരും ഉദ്യോഗത്തിന്നാശിക്കുന്നവരും ലാററിൻ അക്ഷരപരീക്ഷ പാസ്സാകണമെന്ന് നിബ്ബന്ധമാക്കി. പരീക്ഷയിൽ ജയിക്കാത്തവരെ ഉദ്യോഗത്തിൽനിന്ന് പിരിക്കുമെന്നും പ്രസിദ്ധപ്പെ

ടുത്തി. ലാററിൻ എഴുത്തു തടവുകാരും പഠിക്കേണമെന്നു നിർബ്ബന്ധമാക്കി. 1929 ജൂൻ 11-ാംനു-ക്കുശേഷം എഴുത്തിലൊ അച്ചടിയിലൊ അറബിലിപി ഉപയോഗിക്കരുതെന്നും കല്പന പരസ്യമാക്കി; ഇങ്ങിനെ പത്തു മാസത്തിന്നുള്ളിൽ ദേശീയഭാഷയിൽ വലിയ മാററമുണ്ടാക്കി. അച്ചുക്കൂടങ്ങൾക്ക് ഇതുനിമിത്തം വലിയ നഷ്ടമുണ്ടായി. 1929ൽ ഒരു ഗ്രന്ഥം മാത്രമെ ലാററിൻലിപിയിൽ അച്ചടിച്ചിരുന്നുള്ളു; ഇപ്പോൾ സർവ്വ പുസ്തകങ്ങളും ലാററിൻലിപിയിൽ അച്ചടിച്ചുവരുന്നു.

ഖുറാനും പുതിയ നിയമവും തുൎക്കിഭാഷയിലാക്കി, ലാററിൻലിപിയിൽ അച്ചടിച്ചു: പള്ളികളിലെ പ്രാൎത്ഥനകൾ തുൎക്കിഭാഷയിലാക്കി; മുദ്രകളിലും നാണ്യങ്ങളിലും തുൎക്കിയുടെ കൊടിയടയാളമായി ചെന്നായരൂപം അച്ചടിച്ചു; അവയിലേയും കറൻസി നോട്ടുകളിലേയും അക്ഷരങ്ങൾ ലാററിൻ ലിപിയിലാക്കി.

നമ്മുടെ മലയാളഭാഷ പോഷിപ്പിക്കുന്നതു സംസ്കൃതവാക്കുകൾ ചേൎത്തിട്ടാണല്ലൊ. ചെറുശ്ശേരി മുതലായവരുടെ പഴയ ഗ്രന്ഥങ്ങളിലെ പല തനിമലയാളവാക്കുകളും സംഭാഷണത്തിൽനിന്നു ഒഴിഞ്ഞുപോയതുകൊണ്ടു നമുക്കു അകാരാദിയുടെ സഹായം വേണ്ടിവരുന്നു. സംസ്കൃതവാക്കുകൾക്കു പകരം ശുദ്ധമലയാളവാക്കുകൾ ആരാഞ്ഞുപയോഗിക്കുന്നതായിരിക്കും ഭാഷക്കുചിതം. ചെറുമക്കൾ, മലയിലെ കുറിച്ചിയർ മുതലായവരിൽനിന്നും, ഉൾഗ്രാമങ്ങളിലെ പരമ്പര വായ്മൊഴികളിൽനിന്നും മലയാളവാക്കുകൾ ശേഖരിക്കു

വാൻ സാധിക്കും. സാഹിത്യപരിഷത്തുകളുടെ ശ്രദ്ധ ഇതിൽ പതിയുമെന്ന് വിശ്വസിക്കട്ടെയോ?

**വിദ്യാഭ്യാസം—** ഒട്ടോമൻ സാമ്രാജ്യം നടത്തിച്ചുവന്ന മദ്രസാ പാഠശാലകൾ, മതവും മതത്തിലെ പരിശുദ്ധതത്വങ്ങളായ ഷറിയത്തും പഠിപ്പിച്ചുവന്നിരുന്നു. വളരെക്കാലം ശാസ്ത്രവും മതവും പഠിച്ചു വിരുതുനേടിയവർ മാത്രമെ "കാദി" (ന്യായാധിപതി)യായും "മുഫ്തി" (മതോപദേശകൻ) ആയും അംഗീകരിച്ചിരുന്നുള്ളു. അവർ ആധുനികശാസ്ത്രവിജ്ഞാനമില്ലാത്തവരും പഴയലോകത്തിൻെറ അടിമകളുമായിരുന്നു. അവർതന്നെയായിരുന്നു തത്വജ്ഞാനവും ചരിത്രവും സൎവ്വകലാശാലകളിൽ അദ്ധ്യയനം ചെയ്തുവന്നതു്. മുഫ്തി പറയുന്നതു് മുസ്ലിമീങ്ങൾക്കു ദൈവവാക്യമായിരുന്നു. ഇസ്ലാമികളുടെ നിത്യകൎമ്മങ്ങളും സിവിൽ നിയമങ്ങളും നീതീകരിച്ചതു് മതത്തെയൊ പരമ്പരാസമ്പ്രദായങ്ങളെയൊ മാത്രം അവലംബിച്ചായിരുന്നു. മദ്രസാപഠിപ്പും മുഫ്തികളുടെ ഉപദേശങ്ങളും ജനങ്ങളെ മതഭ്രാന്തന്മാരാക്കിത്തീൎത്തിട്ടുണ്ടു്; അതുകൊണ്ടു് പരിഷ്കാരപ്രായന്മാരായിരുന്നില്ല ജനങ്ങൾ. മദ്രസായുടെ ഉദ്ദേശം ജനങ്ങളിൽ രാജ്യസ്നേഹമൊ ദേശീയചിന്തയൊ വളൎത്താനായിരുന്നില്ല; "ഉമ്മററ്" അല്ലെങ്കിൽ "വിശ്വാസികളെ" ഉണ്ടാക്കിവിടലാണു്. അതുകൊണ്ടു് കമാൽപാഷ മതപഠനത്തെ സൎവ്വവിധ പാഠശാലകളിൽ നിന്നും നിശ്ശേഷം ദൂരീകരിച്ചു; മദ്രസാകളെ നൂതനവിദ്യാഭ്യാസത്തിന്നായി വിനിയോഗിച്ചു. സൎവ്വവിധവിദ്യാഭ്യാസവും ഇന്നു തുൎക്കിയിൽ സൌജന്യമാകുന്നു; അഞ്ചുവൎഷത്തെ പ്രാഥമികവിദ്യാഭ്യാസം

നിർബ്ബന്ധവുമാണ്. ഹൈസ്കൂളിൽ ചേരുന്നതിന്നുമുമ്പെ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാകണം; കോളെജ്‌പഠിപ്പിന്നു ഒരുതരം ഹൈസ്കൂളും, ജീവിതത്തിന്നാധാരമായ പലവിധ തൊഴിലുകൾ പഠിക്കുന്നതിന്നു മറെറാരുതരം ഹൈസ്കൂളും ഉണ്ടു്. രണ്ടിലും മൂന്നുവർഷത്തെ അദ്ധ്യയനമുണ്ടു്; സർവ്വകലാശാലകളിൽ ഗവേഷണവും, നിയമം, വൈദ്യം, യന്ത്രനിർമ്മാണം മുതലായ ഉയർന്നതരം ശാസ്ത്രങ്ങളും പഠിപ്പിക്കുന്നു. ധനമില്ലാത്ത വിദ്യാർത്ഥികൾക്കു സൌജന്യമായി ബോർഡിങ്ങ് ഹൌസിൽനിന്നു ഭക്ഷണം കിട്ടുന്നു. പെൺകുട്ടികളും ആൺകുട്ടികളും ഒരേക്ലാസ്സിൽ പഠിച്ചുവരുന്നു; അധികം വിദ്യാർത്ഥികളുണ്ടെങ്കിൽ പെൺകുട്ടികളെ വേറെക്ലാസ്സിലാക്കി പഠിപ്പിക്കുന്നു. അദ്ധ്യാപകന്മാർക്കു് അടിശിക്ഷ പ്രയോഗിക്കാൻ പാടില്ല; വിദ്യാർത്ഥികളെ ധനവാൻ, നിർദ്ധനൻ എന്നീവിധത്തിൽ വേർതിരിക്കാൻ പാടില്ലെന്നു മാത്രമല്ല, അദ്ധ്യേതാക്കളെ ആ വ്യത്യാസം അറിയിക്കരുതെന്നുകൂടി ഗവർമ്മെണ്ടു നിബന്ധനയുണ്ടു്; പഠിപ്പിന്നനുസരിച്ചു് ഒന്നാമൻ, രണ്ടാമൻ എന്ന സ്ഥാനങ്ങൾ ഒരുതരത്തിലും പാടുള്ളതല്ല. ജനകീയ വിദ്യാഭ്യാസകമ്മററിയുടെ ആധീനത്തിൽ, അക്ഷരപരിജ്ഞാനമില്ലാത്ത മുതിന്നവർക്കു് പല വീടുകളിലും വെച്ചു് പരിജ്ഞാനം ഉണ്ടാക്കിത്തീക്കുന്നുണ്ടു്; അതിന്നായി പല ഉപകരണങ്ങൾ ഉപയോഗിക്കുന്നു; മാജിക്കു് ലാൻറൺ, ചലനചിത്രങ്ങൾ, പടങ്ങൾ, പാട്ടു്, നാടകങ്ങൾ, പ്രസംഗങ്ങൾ മുതലായവയാണു് ജനങ്ങളിൽ പരിജ്ഞാനമുണ്ടാക്കുന്നതിന്നുള്ള ഉപകരണങ്ങൾ. ഫോട്ടൊ എടുക്കുന്നതും, രൂപം വരയ്ക്കുന്നതും, പ്രതിമകൾ

നിർമ്മിക്കുന്നതും ഇസ്ലാംമതത്തിന്നു വിരോധമായിട്ടും, ഇപ്പോൾ നേതാക്കന്മാരുടെ ഫോട്ടോകൾ സർവ്വവീടുകളിലും സാധാരണയാണ്. പല സ്ഥലങ്ങളിലും കമാൽപാഷയുടേയും മററുനേതാക്കന്മാരുടേയും പ്രതിമകൾ കാണാവുന്നതുമാണ്. കലാവിദ്യ, വ്യാപാരശാസ്ത്രം, ശസ്ത്രക്രിയ ചിത്രപ്പണികൾ, തയ്യൽ മുതലായവ പ്രത്യേകം ശീലിപ്പിക്കുന്ന വനിതാവിദ്യാലയങ്ങളും തുക്കിയിൽ പലേടങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. ഒരു സർവ്വകലാശാലയുടെ കേന്ദ്രം അങ്കോറയാണ്. തുക്കിയിൽ രണ്ടു വർഷംമുമ്പെ അക്ഷരപരിജ്ഞാനമുള്ളവർ 85ശതമാനമായിട്ടുണ്ട്. 1927-ൽ 8ശതമാനം മാത്രമെ അക്ഷരം അറിയുന്നവരുണ്ടായിരുന്നുള്ളു. തുക്കിയിലെ 20ലക്ഷം നിവാസികളിൽ 17 ലക്ഷംപേൎക്ക് എഴുതാനും വായിക്കാനും അറിയാം.

തൊഴിൽശാലകൾ ഏതാണ്ട് സോവിയററ് റഷ്യയിലുള്ളവപോലെയാണ്. മൂന്നുവർഷത്തെ തൊഴിൽ പരിശീലനംചെയ്ത വിദ്യാൎത്ഥികൾക്കു വാസനാബലത്തിന്നനുസരിച്ച് മേശ, കസേല, പൂട്ട് താക്കോൽ, വാച്ച്, ഹാർമ്മോണിയം, വൈദ്യുതവിളക്ക്, പാട്ടുപെട്ടി, റെക്കോഡർ, സൈക്കിൾ, മോട്ടോർകാർ, റേഡിയോ, ടെലിഫോൺ, സിനിമാ മുതലായവയുടെ അററകുററങ്ങൾ തീർക്കുവാൻ സാധിക്കും.

**സാമ്പത്തികപരിഷ്കാരം.**—വിദേശികൾക്കനുവദിച്ചു വന്ന കാപ്പിട്ടുലേഷൻ വ്യവസ്ഥകൾ നിമിത്തവും, വിദേശീയ ബേങ്കുകൾ സുൽത്താന്മാർക്കു എത്രയെങ്കിലും ധനം കൊടുത്തുവന്നതുനിമിത്തവും വിദേശികൾ തുക്കിയെ ചൂഷണംചെയ്താ

ൻ ഇടയാകുകയും വളരെക്കാലത്തോളം പട്ടുതുണി രോമത്തുണി മുതലായ സംസ്കൃതസാധനങ്ങൾ വിദേശങ്ങളിലേക്കു കയററുമതി ചെയ്തുവന്ന തുക്കി, വിദേശരാജ്യങ്ങൾക്കുവേണ്ടി അസംസ്കൃതസാധനങ്ങൾ ശേഖരിക്കുന്ന ഒരു രാജ്യമായി പരിണമിക്കുകയും, വിദേശസാമാനങ്ങളുടെ ഒരു കമ്പോളമായിത്തീരുകയും ചെയ്തിരുന്നു. ലോസെയിൻസന്ധിയിലെ ഒരു വകുപ്പുപ്രകാരം കാപ്പിട്ടുലേഷൻ റദ്ദാക്കപ്പെട്ടതിനാൽ, വിദേശബാങ്കുകളും വിദേശവ്യവസായശാലകളും പൂട്ടിപ്പോയി. 1921-ൽ കമാൽപാഷ ഒരു ലക്ഷം പവൻകൊണ്ടു ഒരു ബേങ്കു തുറപ്പിക്കുവാൻ ശ്രമിച്ചപ്പോൾ ഒരു ബേങ്കുവിദഗ്ധൻ പറഞ്ഞതു്, തുക്കികൾക്കു ബേങ്കുനടത്തുവാൻ പ്രാപ്തിയില്ലെന്നായിരുന്നു. ജനങ്ങളുടെ സാമ്പത്തികസ്ഥിതി നന്നാക്കുവാനും, സാമ്പത്തികകാര്യത്തിൽ തുക്കിയെ വിദേശരാജ്യങ്ങളോടു് തുല്യമാക്കുവാനും റിപ്പബ്ലിക്ക് പത്തുകോടി പവൻ ബേങ്കുകളിൽ മുതലിറക്കീട്ടുണ്ടു്. 1936 വരെക്കും 44 ബേങ്കുകൾ സ്ഥാപിച്ചിട്ടുണ്ടു്. തുണി, പഞ്ചസാര, കല്ക്കരി, ചെമ്പു്, ഗന്ധകം, ഗ്ലാസ്, പട്ടു് മുതലായ പല സാധനങ്ങളും നിർമ്മിക്കുവാൻ വലിയ യന്ത്രശാലകൾ പലേടങ്ങളിലും നിർമ്മിച്ചിട്ടുണ്ടു്. ഗവമ്മേണ്ടു് ലിമിററഡ് കമ്പനികൾ തുറക്കുകയും, അവയിലോരോന്നിലെയും പകുതി ഷെയറുകൾ ജനങ്ങൾക്കു വില്ക്കുകയും ചെയ്തുവരുന്നു; ഷെയർഹോൾഡർമാക്കു 8ശതമാനം ഡിവിഡണ്ടു കൊടുക്കുവാൻ ഏപ്പാടുചെയ്തിട്ടുണ്ടു്. വസ്ത്രങ്ങളെല്ലാം തുക്കിയിൽവെച്ചുതന്നെ ഉണ്ടാക്കുവാനായി ഒരു യന്ത്രശാല നിർമ്മിക്കുവാൻ ഒരു ബ്രിട്ടീഷ്കമ്പനിക്കു കരാർ കൊടുത്തിട്ടുണ്ടു്. സാമ്പത്തികോന്നതിക്കായി

രണ്ടു വ്യവസായപഞ്ചവത്സരപദ്ധതികൾ ഏപ്പെടുത്തിയിരിക്കുന്നു. ആദ്യത്തെ പദ്ധതി പൂർത്തിയാകുമ്പോഴേക്കു സർവ്വവിധ യന്ത്രങ്ങളും ഉണ്ടാക്കുവാൻ തുക്കികൾ പഠിച്ചുവരികയും അനേകം നൂതനയന്ത്രശാലകൾ തുക്കിയിൽ സ്ഥാപിതമാവുകയും ചെയ്യും. പല വ്യവസായങ്ങളും ഗവമ്മെണ്ടുതന്നെ നടത്തിക്കുന്നു. ഉപ്പ്, വെടിമരുന്ന്, പുകയില ലഹരിപദാർത്ഥങ്ങൾ മുതലായവ ഉണ്ടാക്കുന്നതിന്ന് ഗവമ്മെണ്ടിന്നുമാത്രമെ അവകാശമുള്ളു. അതുകൊണ്ട് ഉപ്പിന്നും ലഹരിപദാർത്ഥങ്ങൾക്കും വളരെ ആദായമുണ്ട്. മററു വ്യവസായങ്ങളും വ്യാപാരങ്ങളും ഗവമ്മെണ്ടും നാട്ടുകാരും നടത്തിവരുന്നുണ്ട്. കൃഷിവൎദ്ധനവിന്നും വ്യവസായോന്നതിക്കുംവേണ്ടി കൎഷക ബേങ്കുകളും, വ്യവസായബേങ്കുകളും മാരാമത്തുബേങ്കുകളും ഗവർമ്മെണ്ട് ഏപ്പെടുത്തിട്ടുണ്ട്. സർവ്വകൎഷകവേലക്കാരുടെയും കുഡുംബങ്ങൾക്കു സൌജന്യമായി കൃഷിസ്ഥലങ്ങൾ കൊടുക്കുവാൻ ഗവമ്മെണ്ട് ആലോചനചെയ്തുവരുന്നു.

**മററു വിവിധപരിഷ്കാരങ്ങൾ**—കുട്ടികളെ മദ്യപാനസ്ഥലങ്ങളിലും, നിരോധിക്കപ്പെട്ട സിനിമാപ്രദൎശനാലയങ്ങളിലും കൂട്ടിക്കൊണ്ടുപോകുവാൻ പാടില്ല. പണ്ടു ഞായറാഴ്ച ക്രിസ്ത്യാനികൾക്കും ശനിയാഴ്ച യഹൂദർക്കും ഒഴിവുദിനമായതു മാററി, സർവ്വൎക്കും വെള്ളിയാഴ്ച കല്പനയാണ്. മീററർ അളവും ഗ്രീഗൊറിയൻ പഞ്ചാംഗവും നടപ്പിലാക്കി. മുമ്പു സൂൎയ്യോദയസമയമാണ് ഘടികാരത്തിൽ 12മണിയാക്കി തുടങ്ങിയതു്; അതു മാററി 6മണിയാക്കി. തെരുവുകളിൽകൂടി ഭിക്ഷതെണ്ടി ആൎക്കും സഞ്ചരിക്കുവാൻ പാടില്ല. ഭ്രാന്തന്മാർ, അംഗവിഹീനന്മാർ മുതലായവരെ പരിഹസി

ക്കുന്നതൊ ദ്രോഹിക്കുന്നതൊ കുററകരമാക്കി; വിധവമാൎക്കും വയോധികന്മാൎക്കും പെൻഷൻ കൊടുക്കുന്നു.

**അങ്കോറാ പട്ടണം—** അങ്കോറാപട്ടണം പണിയുവാനായി 130ലക്ഷം പവൻ ചെലവുചെയ്തിട്ടുണ്ട്. ഗംഭീരമായ മന്ദിരങ്ങളും, ആഫീസ്കെട്ടിടങ്ങളും, തെരുവീഥികളും, നിരത്തുകളും ഇതിൽ നിൎമ്മിച്ചിട്ടുണ്ട്. പത്തുലക്ഷം മരങ്ങൾ വീഥികളിൽ നട്ടുനനച്ചു പൊടിപ്പിച്ചുവെങ്കിലും അവ വിചാരിച്ചപോലെ പോഷിച്ചുവന്നില്ല. മാതൃകാകൃഷിഭൂമികൾ അങ്കോറയിലുംമററും ഏൎപ്പെടുത്തീട്ടുണ്ട്. മാതൃകാകൃഷിഭൂമികൾ ജലംപോരാതെ വന്നതിനാൽ മാൎമോറാ ഉൾക്കടലിൻെറ ആകൃതിയിൽ ഒരു ഗംഭീരമായ ജലാശയം കുഴിച്ചിട്ടുണ്ട്. അതിൽനിന്ന് ഉളവാക്കിയ വിദ്യുച്ഛക്തി വ്യവസായയന്ത്രങ്ങൾ നടത്തിക്കയും, വൈദ്യുതദീപങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. തുൎക്കിയിൽ 2കോടി നിവാസികൾ ഇപ്പഴുണ്ട്. പതിനാറു വൎഷങ്ങൾക്കു മുമ്പു 20000 നിവാസികളുണ്ടായിരുന്ന അങ്കോറാപട്ടണം, ഇന്നു 130000 ജനങ്ങളുള്ള വലിയ തലസ്ഥാനമായിത്തീൎന്നിട്ടുണ്ട്. കമാൽ ആററാ തുൎക്ക് അങ്കോറയിലാണ് താമസിച്ചുവരുന്നതു്.

തുൎക്കി റിപ്പബ്ളിക്ക് സമാധാനപരമായി ഐക്യതയിൽ മററുള്ള രാഷ്ട്രങ്ങളോടു പെരുമാറിവരുന്നു. റിപ്പബ്ളിക്കിൻെറ നയം കമാൽ ആററാ തുൎക്കിൻെറ വാക്കിൽ അഭ്യന്തരസമാധാനവും ലോകസമാധാനവും ആണ്. ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ ഇററലി, ഗ്രീസ്, ബാൾക്കാൻരാജ്യങ്ങൾ, ഇറാക്ക് മുതലായവയോടു നവതുൎക്കി സമാധാന

കാരാർ ചെയ്തിട്ടുണ്ട്. ബ്രയണ്ട് കിഃല്ലാഗ് പാക്ടിലും, സർവ്വരാജ്യസംഘം കരാറിലും തുർക്കി റിപ്പബ്ളിക്ക് ഒപ്പുവെച്ചിട്ടുണ്ട്. കമാൽപാഷ "യൂറോപ്പിലെ രോഗിയായ തുർക്കിയെ" ഒരു എണ്ണപ്പെട്ട രാഷ്ട്രശക്തിയാക്കിത്തീർത്തിരിക്കുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M900 Acc. No. 4426

This book should be returned on or before the date last stamped below.

7 0 JUL 1968
3 0 MAY 1967
3 0 OCT 2013
15 MAR 2014

M9൦൦ 4426

അനന്തൻ. പി. ഉരാം

ക്രി. വാലിസ്റ്റ് തൃക്കി

KOTTAYAM PUBLIC LIBRARY

Call No. M900 Acc. No. 4426

Author [illegible]

Title [illegible]